# സഭയുടെ
# സാമൂഹിക ദർശനങ്ങൾ

**ALPHA INSTITUTE OF THEOLOGY AND SCIENCE**
Thalassery, Kerala, India - 670 101
Ph: 0490 2344727, 2343707
Web: www.alphathalassery.org, Email: alphits@gmail.com

# സഭയുടെ സാമൂഹിക ദർശനങ്ങൾ

**Title:** Social Doctrines of the Church
**Published by:** The Director, Alpha Institute, Archdiocese of Tellicherry,
Sandesa Bhavan, Tellicherry, 670 101, Kannur, Kerala
Ph: 0490 - 2344727, 2343707
**Published on:** 2015 July 28 (St. Alphonsa)

---

**Editorial Board:** Rev. Dr. Joseph Pamplany
Rev. Dr. Thomas Kochukarottu
Rev. Dr. Joseph Kakkaramattam

---

**Office Assistance:** Rev. Sr. Glorista SABS
Mr. Renjith KC
Mrs. Maneesha Shinoj
Mrs. Anitha Vijayan
Mrs. Jeshitha Vijesh
Miss. Bhavya K
**Design & Layout:** Mr. Midhun Thomas
**Printing:** Vimala Offset Press, Thalassery
**Copy Right:** © All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the publisher

# ഉള്ളടക്കം

1. സഭയുടെ സാമൂഹിക പ്രബോധനങ്ങളുടെ ചരിത്രപശ്ചാത്തലം ............... 5
2. സാമൂഹിക പ്രബോധനങ്ങളുടെ അടിസ്ഥാന തത്വങ്ങൾ ......................... 29
3. റേരും നൊവാരും: ലെയോ XIII ................................................................ 39
4. ക്വാദ്രജേസ്സിമോ അന്നോ: പീയൂസ് XI ....................................................... 49
5. ചെന്തേസ്സിമൂസ് അന്നൂസ്: ജോൺ പോൾ II ............................................ 61
6. സ്വകാര്യ സ്വത്തവകാശം ............................................................................ 73
7. തൊഴിൽ: ഒരു ക്രിസ്തീയ വിശകലനം ..................................................... 87
8. സാമൂഹിക നീതി: ഒരു വിശകലനം ........................................................... 101
9. സഭയുടെ സാമൂഹിക പ്രബോധനങ്ങളിലെ പ്രധാനപ്പെട്ട അന്തർദർശനങ്ങൾ ............................................................. 118

## ആധാര ഗ്രന്ഥങ്ങൾ


1. ഫാ. തോമസ് ചക്യത്ത്, *സഭയുടെ സാമൂഹികദർശനം ഒരു സംക്ഷിപ്ത പഠനം,* (ആലുവ: പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, 1992).
2. *സഭയുടെ സാമൂഹിക പ്രബോധനങ്ങൾ (വിവ.)* (ബാംഗളൂർ, ധർമ്മാരാം കോളേജ്, 1991).
3. ഡോ. ജോർജ്ജ് കുരുക്കൂർ, *റേരും നൊവാരും മുതൽ ചെന്തേസിമൂസ് അന്നൂസ് വരെ*, (കൊച്ചിൻ: പി.ഒ.സി, 1991).


*Published for the use of the students of Alpha Institute of Theology and Science*

# 01

## സഭയുടെ സാമൂഹിക പ്രബോധനങ്ങളുടെ ചരിത്രപശ്ചാത്തലം

വ്യാവസായിക വിപ്ലവത്തിന്റെ കാലം (1780–1850) മുതൽ മനുഷ്യരാശിയെയാകെ രോഗാതുരമാക്കിക്കൊണ്ടിരിക്കുന്ന സാമൂഹിക പ്രശ്നങ്ങൾക്ക് സഭ സാമൂഹിക പ്രബോധനങ്ങൾ വഴി ക്രൈസ്തവമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു. ആ പ്രബോധനങ്ങൾ ഉൾക്കൊള്ളുന്ന വിശ്വപ്രസിദ്ധങ്ങളായ ചാക്രികലേഖനങ്ങളുടെ വിശ്വസ്ത വിവർത്തനമാണ് ഈ സമാഹാരത്തിലുള്ളത്. സാമൂഹിക പ്രശ്നങ്ങളെപ്പറ്റിയുള്ള പ്രഥമ ചാക്രികലേഖനമായ റേരും നൊവാരും (1891) മുതൽ അടുത്തകാലത്ത് (1991) പുറപ്പെടുവിച്ച ചെന്തേസീമൂസ് അന്നൂസ് (നൂറാം വർഷം) വരെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പോൾ ആറാമൻ പാപ്പായുടെ ഒക്ടോാജേസിമാ അദ്‌വേനിയേൻസ് എന്ന ലേഖനം ഒരപ്പസ്തോലിക പ്രബോധനമാണെങ്കിലും അത് ഒരു ചാക്രികലേഖനമായിട്ടാണ് കരുതപ്പെടുന്നത് (അതിന്റെ രൂപവും ഭാവവും അക്കാര്യം വ്യക്തമാക്കുന്നുണ്ട്). തൻമൂലം

അതും ഈ സമാഹാരത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. മഹാനായ ലെയോ പതിമൂന്നാമൻ എഴുതിയ റേരും നൊവാരുമിന്റെ ശതാബ്ദിസ്മരണികയായിട്ടാണ് ഈ വിവർത്തനം പ്രസിദ്ധീകരിക്കുന്നത്.

സാമൂഹിക പ്രശ്നങ്ങളെ സംബന്ധിച്ച സഭയുടെ സാമൂഹിക പ്രബോധനങ്ങൾ ഉൾക്കൊള്ളുന്ന ഈ ചാക്രികലേഖനങ്ങളിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ്, അവയുടെ പ്രധാന്യവും പ്രസക്തിയും മനസ്സിലാക്കുവാൻ, ചാക്രികലേഖനം, പ്രബോധനാധികാരം, സാമൂഹികപ്രശ്നം, സാമൂഹികനീതി, സാമൂഹികപ്രബോധനം എന്നിവയെപ്പറ്റി ഒരു ഏകദേശജ്ഞാനം നേടുന്നതും സാമൂഹിക ചാക്രികലേഖനങ്ങളുടെ ചരിത്രപശ്ചാത്തലത്തിലേക്ക് ഒരെത്തിനോട്ടം നടത്തുന്നതും ഉപകാരപ്രദമായിരിക്കും.

## 1. ചാക്രികലേഖനം (Encyclical Letter)

കത്തോലിക്കാ സഭയുടെ പരമാധികാരി, സഭ മുഴുവനും വേണ്ടി എഴുതുന്ന അജപാലനപരമായ ഔദ്യോഗിക (formal) എഴുത്താണ് ചാക്രികലേഖനം. എല്ലായിടത്തും ചെന്നെത്തുന്ന ലേഖനം എന്നാണ് അതിന്റെ വാച്യാർത്ഥം. എൻസൈക്ലിക്കൽ എന്ന ഇംഗ്ലീഷ് പദമാണ് മലയാളത്തിൽ ചാക്രികം എന്നു വിവർത്തനം ചെയ്തിട്ടുള്ളത്. ആ പദമാകട്ടെ, മധ്യകാല ക്രൈസ്തവ ലത്തീൻ ഭാഷയിലൂടെ കടന്നുവന്ന ഒരു ഗ്രീക്ക് പദമാണ്. ഗ്രീക്കിൽ "എൻകിക്ലിക്കേ" എന്ന വാക്കിന് ചുറ്റിസഞ്ചരിക്കാനുള്ള, എല്ലായിടത്തും ചെന്നെത്തേണ്ട, ഒരു എഴുത്ത് (Circular letter) എന്നർത്ഥം [എൻ= ഉള്ളിൽ, കിക്ലോസ്=വളയം, ലത്തീനിൽ ചിർക്കുസ്, ചിർക്കുളം, ഇംഗ്ലീഷിൽ സർക്കിൾ, സംസ്കൃതത്തിലെ ചക്ര എന്ന പദവും ചര് (= ചരിക്കുക) എന്ന ധാതുവും നോക്കുക]. അങ്ങനെ, ചാക്രികലേഖനത്തെ വിശ്വലേഖനമെന്നും സാർവ്വത്രിക ലേഖനമെന്നും വിളിക്കാം.

പുരാതനകാലം മുതൽ പല മെത്രാൻമാരും തങ്ങളുടെ അജപാലനലേഖനങ്ങൾക്ക് ഈ പേര് ഉപയോഗിച്ചിരുന്നു. ഇന്നിപ്പോൾ റോമിലെ മെത്രാനായ മാർപാപ്പാ എഴുതുന്ന ലേഖനങ്ങളെ മാത്രമേ ഇപ്രകാരം വിളിക്കുന്നുള്ളൂ. മാർപാപ്പാമാരുടെ ചില സുപ്രധാന കത്തുകൾക്കു പണ്ട് അപ്പസ്തോലികലേഖനങ്ങൾ (apostolic letters, ശ്ലൈഹിക ലേഖനങ്ങൾ) എന്നു പറഞ്ഞിരുന്നു. വി. പത്രോസ്ശ്ലീഹായുടെ ഒന്നാം ലേഖനമാണ് അവയിൽ ആദ്യത്തേത്.

മുകളിൽ കൊടുത്ത നിർവചനമനുസരിച്ച് ചാക്രികലേഖനങ്ങൾക്കു നാല് സവിശേഷതകളുണ്ടായിരിക്കും.

1. സഭയുടെ പരമാധികാരിയായ മാർപാപ്പാ എഴുതിയ ഔദ്യോഗിക ലേഖനമായിരിക്കും (മെത്രാൻമാർ എഴുതുന്ന ഇടയ ലേഖനങ്ങളിൽനിന്ന് ഇവ അങ്ങനെ വ്യത്യസ്തമായിരിക്കുന്നു).

2. ഇവ ലേഖനങ്ങളായിരിക്കും (തൻമൂലം, സഭയുടെ പ്രമാണ രേഖകൾ, മാർപാപ്പാ തന്നെ എഴുതുന്ന ബ്രീഫ്, ബുൾ, കോൺസ്റ്റിറ്റ്യൂഷൻ, റെസ്ക്രിപ്റ്റ് മുതലായവയിൽനിന്ന് ഇവ വ്യത്യസ്തമാണ്).

3. സാധാരണമായി ഇവ സിദ്ധാന്തപരവും (doctrinal), ധാർമ്മികവും (moral), ശിക്ഷണപരവും (disciplinary), ആയ കാര്യങ്ങളെ സംബന്ധിച്ചുള്ളവയായിരിക്കും (അങ്ങനെ, മാർപാപ്പാ എഴുതുന്ന വ്യക്തിപരമായ കത്തുകളിൽനിന്ന് അവ വ്യത്യസ്തമാണ്).

4. സാർവത്രികസഭയെ സംബോധന ചെയ്യുന്ന ലേഖനങ്ങളാണിവ (അങ്ങനെ, ഏതെങ്കിലും ഒരു പ്രാദേശിക സഭയ്ക്കോ വ്യക്തികൾക്കോ മാർപാപ്പാ എഴുതുന്ന ഔദ്യോഗിക ലേഖനങ്ങളിൽനിന്ന് ഇവ വ്യത്യസ്തമായിരിക്കും).

നാലാം നൂറ്റാണ്ടുമുതൽ മാർപാപ്പാമാർ എഴുതുന്ന കത്തുകൾക്ക് വിഷയമനുസരിച്ച് ദെക്രേത്താ (decreta) കോൺസ്റ്റിത്തുസിയോണെസ് (constitutiones) റെസ്ക്രിപ്ത (rescripta) മൻദാത്താ (mandata) സ്തത്തൂത്ത (statuta) എന്നൊക്കെ വിളിച്ചിരുന്നു. സിക്സ്ത്തൂസ് അഞ്ചാമൻ മാർപാപ്പാ (1521–1590) 1589 ജനുവരി 22-ന് പുറപ്പെടുവിച്ച ഇമ്മെൻസാ എത്തേർണി (Immensa aeterni) എന്ന കല്പന (ബുൾ) പ്രകാരം പരിശുദ്ധ സിംഹാസനത്തിന്റെ കാര്യാലയങ്ങളെ പുനഃസംഘടിപ്പിക്കുകയും അവയുടെ കർത്തവ്യങ്ങൾ നിർവചിക്കുകയും ലേഖനങ്ങളും രേഖകളും വർഗ്ഗീകരിച്ച് ഓരോ ഇനത്തിനുമുള്ള പേര് കൃത്യമായി നിശ്ചയിക്കുകയും ചെയ്തു. അങ്ങനെ, മാർപാപ്പാ എഴുതുന്ന ലേഖനങ്ങൾ അവയുടെ സ്വഭാവമനുസരിച്ച് എട്ടായി തിരിച്ചു.

## 2. സാമൂഹിക പ്രശ്നം

വ്യാവസായിക വിപ്ലവത്തോടൊത്ത് യന്ത്രവൽക്കരണവും നഗരവൽക്കരണവുമുണ്ടായി. ഫാക്ടറികളിലെ തൊഴിലാളികൾ നിസ്സാരമായ കൂലിക്ക് അമിതമായി അദ്ധ്വാനിക്കേണ്ടിവന്നു. സ്ത്രീകളും കുട്ടികളും കഠിനാദ്ധ്വാനത്തിൽ ഏർപ്പെട്ടു. തൊഴിലാളി വിഭാഗം

ദാരിദ്ര്യത്തിന്റെയും കഷ്ടപ്പാടിന്റെയും പിടിയിലമർന്നു. അവർക്കു മാന്യമായ കൂലിയോ ജീവിതസുരക്ഷിതത്വമോ ഉണ്ടായിരുന്നില്ല. അവർ അടിമകളെപ്പോലെ കഴിയേണ്ടിവന്നു. തൊഴിലാളികളുടെ ഈ ദുരവസ്ഥയാണ് തൊഴിലാളി പ്രശ്നം അഥവാ, സാമൂഹിക പ്രശ്നം (റേ. നൊ. നമ്പർ1 കാണുക) എന്ന് ലെയോ മാർപാപ്പ യുടെ കാലത്ത് പറഞ്ഞിരുന്നത്. കാലങ്ങൾ പിന്നിട്ടപ്പോൾ ഈ സാമൂഹിക പ്രശ്നം തന്നെ ആഗോളവ്യാപകമായി. മാത്രമല്ല, മറ്റ നേകം പ്രശ്നങ്ങൾ ഉണ്ടാവുകയും ചെയ്തു. അങ്ങനെ, സാമൂഹി കപ്രശ്നം വ്യാപകവും ബഹുമുഖവുമായി.

തൊഴിലാളി - മുതലാളി ബന്ധത്തിലെന്നപോലെ ദരിദ്രരാഷ്ട്ര ങ്ങളും സമ്പന്ന രാഷ്ട്രങ്ങളും തമ്മിലുള്ള ബന്ധത്തിലും നീതി നടപ്പിലാക്കുക എന്ന പ്രശ്നമുദിച്ചു. വ്യക്തികളിൽനിന്ന് രാഷ്ട്ര ങ്ങളുടെ തലത്തിലേക്ക് ഈ പ്രശ്നം വളർന്നു. അതുകൊണ്ട്, പിൽക്കാല ചാക്രികലേഖനങ്ങളിൽ ആഗോളവ്യാപകമായ പ്രശ്ന മായി സാമൂഹികപ്രശ്നത്തെ അപഗ്രഥിക്കുന്നു. യുദ്ധം, അഭയാർത്ഥി പ്രശ്നം, വർണ്ണവിവേചനം, ലോകസമ്പത്തിന്റെ വിതരണത്തിലുള്ള അസമത്വം, നിരക്ഷരത, അവികസിതത്വം മുതലായവയെല്ലാം സാമൂ ഹികപ്രശ്നങ്ങളായി. അവ ചാക്രികലേഖനങ്ങളുടെ വിഷയങ്ങളു മായി. റേരും നൊവാരും മുതലുള്ള ചാക്രികലേഖനങ്ങളുടെ ഉള്ള ടക്കങ്ങളിൽനിന്ന് പ്രശ്നങ്ങളുടെ വൈവിദ്ധ്യവും വ്യാപ്തിയും മന സ്സിലാകും.

ഏതു സാമൂഹികപ്രശ്നവും ക്രൈസ്തവതത്ത്വങ്ങളും പ്രകൃ തിനിയമങ്ങളനുസരിച്ചു പരിഹരിക്കണമെന്നതാണ് സഭയുടെ നിലപാട്. സാമൂഹിക പ്രശ്നത്തിൽ സാമ്പത്തിക സംവിധാന ങ്ങൾക്കുള്ളിൽനിന്നുകൊണ്ട് പരിഹാരമന്വേഷിച്ചവരെയാണ് സാമൂഹികപരിഷ്കർത്താക്കൾ (Social reformers) എന്ന് വിളി ക്കുന്നത്. സാമൂഹിക വ്യവസ്ഥിതി തച്ചുടച്ച് പ്രശ്നപരിഹാരം കാണണമെന്ന് വാദിച്ചവരാണ് കമ്മ്യൂണിസ്റ്റ് സോഷ്യലിസ്റ്റുകൾ (യഥാർത്ഥ സോഷ്യലിസ്റ്റുകൾ) എന്നറിയപ്പെടുന്നത്.

## 3. സാമൂഹിക നീതി

സമൂഹം പൊതുവേ അനുഭവിക്കേണ്ട സുസ്ഥിതിയാണ് പൊതു നന്മ അഥവാ പൊതുക്ഷേമം. പൊതുനന്മയിലേക്ക് എല്ലാ മാനു ഷിക പ്രവൃത്തികളെയും നയിക്കുന്ന സദ്ഗുണമാണ് (Virtue) സാമൂഹികനീതി. മറ്റു ഗുണങ്ങളിൽനിന്ന് ഇതിനെ വ്യത്യസ്തമായി കാണാം. പക്ഷേ, പരസ്നേഹംപോലെ ഒരു പൊതു സദ്ഗുണമാ

ണത്. എല്ലാഗുണങ്ങളും ഒരു പ്രത്യേക രീതിയിൽ അതിനോടു ബന്ധപ്പെട്ടിരിക്കുന്നു. നീതി എന്ന ഗുണം അതിനോടു സവിശേഷമായി ബന്ധപ്പെട്ടിരിക്കുന്നു.

എല്ലാവർക്കും കൊടുക്കേണ്ടതു കൊടുക്കുക എന്നതാണല്ലോ നീതി. ഈ കൊടുക്കൽ സാമൂഹികതലത്തിലാകുമ്പോൾ അത് സാമൂഹികനീതിയാകും. ഓരോ വ്യക്തിയും പൊതുനന്മയെ വർദ്ധിപ്പിക്കണം. ഓരോ വ്യക്തിക്കും സമൂഹം പൊതുനന്മ പങ്കുവച്ചു കൊടുക്കുകയും വേണം. അപ്പോൾ സാമൂഹികനീതി നടപ്പിലാകും. വ്യക്തികൾക്കും സമൂഹങ്ങൾക്കും പരസ്പരം കടമകളും അവകാശങ്ങളുമുണ്ട്. ആ കടമകളുടെ നിർവഹണത്തിലൂടെയും ആ അവകാശങ്ങളുടെ അനുഭവിക്കലിലൂടെയുമാണ് സാമൂഹിക നീതി നടപ്പാക്കുന്നത്. അങ്ങനെയാണ് സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുക.

പലതരം നീതിയെപ്പറ്റി ധർമ്മശാസ്ത്രം പറയുന്നുണ്ട്. വിതരണാത്മക നീതി (Distributive justice) ക്രയവിക്രയ നീതി (Commutative justice) എന്നിവയെപ്പറ്റിയും ചാക്രികലേഖനങ്ങളിൽ കാണാം. ഒരധികാരി എല്ലാവർക്കും അർഹമായ നീതി പങ്കുവച്ചു കൊടുക്കുന്നതാണ് വിതരണാത്മകനീതി. അതിന് ഒരു ഭരണാധികാരി (രാഷ്ട്രം) അത്യാവശ്യമാണ്. കച്ചവടത്തിലെന്നപോലെ (വസ്തുക്കളുടെ കൈമാറ്റത്തിൽ എന്നപോലെ) പറഞ്ഞതുമാത്രം കൊടുക്കുക എന്ന കർശനമായ നീതിയാണ് ക്രയവിക്രയനീതി എന്നു പറയുന്നത്. പറഞ്ഞൊത്തതുമാത്രം കൊടുക്കുക. മറ്റൊന്നും ചെയ്യാൻ ഒരുവനും കടമയില്ല. മറ്റ് യാതൊരു പരിഗണനകളുമുണ്ടാകേണ്ടതില്ല. എന്നിങ്ങനെയുള്ള മനോഭാവമാണ് ക്രയവിക്രയ (കച്ചവട) നീതിയിലുള്ളത്.

സാമൂഹികനീതി എന്ന സങ്കൽപവും, പ്രയോഗവും സാമൂഹിക പ്രശ്നങ്ങളോടെയുണ്ടായതാണ്. എങ്കിലും, സെന്റ് തോമസ് അക്വീനാസ് (1225-1274) പൊതുവായ അഥവാ നൈയാമികമായ നീതി എന്ന് പറയുന്ന നീതി തന്നെയാണത് (സുമ്മാ 2a.2ae58.5). ഒരു സമൂഹത്തിൽ ഒരംശത്തിലുള്ള ഗുണം മുഴുവൻ അംശങ്ങളുടെയും ഗുണത്തിനായിരിക്കണം എന്ന് അദ്ദേഹം പ്രസ്താവിക്കുന്നു.

സഭയുടെ പ്രബോധനങ്ങളിൽ സാമൂഹികനീതി എന്ന പ്രയോഗം ആധുനികമാണ്. ഈ പ്രയോഗം കത്തോലിക്കാ എഴുത്തുകാരിലേക്കു കടത്തിക്കൊണ്ടുവന്നത് ലുയിജി തപ്പാരെല്ലി (Luigi Taparelli d Azeglio) എന്ന ഈശോസഭ വൈദികനാണ്. 1840-ൽ അദ്ദേഹം

എഴുതിയ ഒരു ഗ്രന്ഥത്തിൽ അത് പ്രയോഗിച്ചിട്ടുണ്ട്. പല യൂറോപ്യൻ എഴുത്തുകാരും അത് ഉപയോഗിച്ചുവന്നു. ഫ്രഞ്ചുകാരനായ ഏ.ജി. സെർത്തിലാങ്ങ് (A.G. Sertillanges) എന്ന വൈദികൻ പൊതുനന്മയെ സംരക്ഷിക്കാനുള്ള പൊതുനീതി അഥവാ സാമൂഹികനീതി എന്ന് 1911-ൽ ഫ്രാൻസിൽ നടന്ന സാമൂഹിക ചിന്തകരുടെ സമ്മേളനത്തിൽ (Semaines Socialis de France) പ്രസ്താവിച്ചു. അതോടെ ആ പ്രയോഗം സാധാരണമായി. നൈയാമിക നീതി എന്ന പ്രയോഗം ഉറപ്പിക്കാൻ ജർമ്മൻ ചിന്തകർ ശ്രമിച്ചിരുന്നു. ജർമ്മൻകാരനായ വെർമെർഷ് (Vermersh) എന്ന ഈശോ സഭാ വൈദികൻ 1921-ൽ നൈയാമിക നീതി അഥവാ സാമൂഹിക നീതി (Legal or Social justice ) എന്ന് പ്രയോഗിച്ചിട്ടുണ്ട്.

സഭയുടെ പ്രബോധനങ്ങളിൽ സാമൂഹികനീതി എന്ന പ്രയോഗം ആദ്യമായി നിയതാർത്ഥത്തിൽ ഉപയോഗിച്ചത് പതിനൊന്നാം പീയൂസ് (1857-1939) മാർപാപ്പയാണ്. പൊതുവും നൈയാമികവുമായ നീതി എന്ന അർത്ഥത്തിലായിരിക്കണം അദ്ദേഹം ആ വാക്കു പയോഗിച്ചത്. ബൈസന്റയിൻ ചക്രവർത്തിമാരുടെ അന്യായമായ പെരുമാറ്റങ്ങളെ ചെറുത്ത മഹാനായ ഗ്രിഗറിയെ (1502 -1585) “സാമൂഹികനീതിയുടെ നേതാവ്” എന്ന് 1909-ൽ പത്താം പീയൂസ് മാർപാപ്പ (1835-1914) വിശേഷിപ്പിക്കുകയുണ്ടായി. പതിനൊന്നാം പീയൂസ് മാർപാപ്പാ 1923-ൽ പുറപ്പെടുവിച്ച സ്തൂദിയോരും ദൂച്ചെം (പഠനങ്ങളുടെ നേതാവിനെ) എന്ന തിരുവെഴുത്തിൽ സാമൂഹികനീതി പ്രയോഗത്തിനു കൂടുതൽ സാങ്കേതികാർത്ഥം നൽകി (Studiorum Ducem AAS.15 (1923) 322] നൈയാമികമായ അഥവാ സാമൂഹികമായ നീതിയുടെ തത്ത്വങ്ങളെ വി. തോമസ് അക്വീനാസ് കൃത്യമായി ക്രോഡീകരിച്ചിട്ടുണ്ട് എന്ന് അദ്ദേഹം പ്രസ്താവിച്ചു. കാർഡിനൽ പിയേത്രോ ഗാസ്പരി (സെക്രട്ടറി ഓഫ് സ്റ്റേറ്റ്) 1928-ൽ ഫ്രാൻസിലെ എവുജിൻ ദുത്തോ (Eugene Duthoit) യ്ക്ക് എഴുതിയ കത്തിൽ എല്ലാവരുടെയും ബാഹ്യപ്രവൃത്തികളെ പൊതുനന്മയിലേക്ക് നയിക്കുന്ന ഈ ഗുണം എന്ന് സാമൂഹികനീതിയെ പരാമർശിച്ചു.

പതിനൊന്നാം പീയൂസ് മാർപാപ്പയുടെ ക്വാദ്രോജേസിമോ അന്നോ (നാൽപതാം വർഷത്തിൽ) എന്ന ചാക്രികലേഖനത്തിൽ ഈ പ്രയോഗം എട്ട് പ്രാവശ്യമുണ്ട് (ഖണ്ഡികകൾ 57,58, 71,74,88,101,110,126, എന്നിവ കാണുക). വസ്തുക്കളുടെ നീതിപൂർവ്വകമായ വിതരണത്തെപ്പറ്റി ചർച്ച ചെയ്യുമ്പോൾ സമൂഹം മുഴുവന്റെയും

നന്മയെ സംരക്ഷിക്കലാണ് അതെന്ന് അദ്ദേഹം പറയുന്നു. ക്രയവിക്രയനീതി (Commutative Justice) യെപ്പറ്റി ആ ലേഖനത്തിൽ മൂന്നിടത്ത് (ഖണ്ഡിക 47,110,137) പറഞ്ഞിട്ടുണ്ട്. പതിനൊന്നാം പീയൂസ് എഴുതിയ ദിവീനി റെദംപ്തോരീസ് (ദിവ്യരക്ഷകന്റെ) എന്ന ചാക്രികലേഖനത്തിൽ സുവ്യക്തമായ ഒരു നിർവചനമുണ്ട്. പൊതുനന്മയ്ക്ക് ആവശ്യമായതെല്ലാം ഓരോ വ്യക്തിയിൽനിന്നും ആവശ്യപ്പെടുക എന്നത് സാമൂഹിക നീതിയുടെ സത്തതന്നെയാണ് എന്ന് അദ്ദേഹം പറയുന്നു. പന്ത്രണ്ടാം പീയൂസ് പൊതുനന്മയിലേക്ക് നയിക്കാൻ എന്ന അർത്ഥത്തിലാണ് അതിനെ നിർവചിക്കുന്നത്.

വ്യാവസായിക വിപ്ലവകാലത്തും തുടർന്നും നീതിയെ സംബന്ധിച്ചുണ്ടായ ഇടുങ്ങിയ വീക്ഷണമാണ് (പ്രത്യേകിച്ച് 19-20നൂറ്റാണ്ടുകളിലെ) സാമൂഹികനീതിയെപ്പറ്റി പ്രതിപാദിക്കുവാൻ സഭയെ പ്രരിപ്പിച്ചത്. കൊടുക്കൽ വാങ്ങലുകളെപ്പറ്റി മാത്രമല്ല, പെരുമാറ്റത്തെപ്പറ്റിയും സാമൂഹികനീതിയെന്ന് പ്രയോഗിക്കാം.

### 4. സാമൂഹികപ്രബോധനം

സാമൂഹികവിഷയങ്ങളെ സംബന്ധിച്ചു സഭ നടത്തുന്ന പ്രബോധനങ്ങളാണ് സാമൂഹിക പ്രബോധനങ്ങൾ. സാമൂഹികനീതി നടപ്പിലാക്കാനുള്ള ആഹ്വാനമാണ് അതിന്റെ ഉള്ളടക്കം. സുവിശേഷതത്ത്വങ്ങളിൽ അധിഷ്ഠിതമാണത്. പ്രകൃതി നിയമങ്ങളെ മാനിക്കുന്നതുമാണ്. സാമൂഹികപ്രശ്നങ്ങളുടെ വ്യാപ്തിയനുസരിച്ച് അതു വികസിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ഒരേ ദൈവപിതാവിന്റെ മക്കളെന്ന നിലയിൽ എല്ലാവരും സാഹോദര്യത്തോടും സഹകരണത്തോടുംകൂടി കഴിയണമെന്നാണ് - പൊതുനന്മ പങ്കുവച്ചനുഭവിക്കണമെന്നാണ്-സഭ പഠിപ്പിക്കുന്നത്. സ്വകാര്യസ്വത്തവകാശം സംരക്ഷിക്കണമെന്നും അതേസമയം, അതിനു പരിധിയുണ്ടായിരിക്കണമെന്നും സഭ വ്യക്തമാക്കുന്നു. വ്യക്തി, കുടുംബം, സംഘടനകൾ (ഇടനിലസമൂഹങ്ങൾ) എന്നിവയെ രക്ഷിക്കാൻ രാഷ്ട്രത്തിന് കടമയുണ്ടെന്ന് സഭ പ്രബോധിപ്പിക്കുന്നു. രാഷ്ട്രം വ്യക്തിയുടെയും കുടുംബത്തിന്റെയും സംഘടനകളുടെയും കാര്യത്തിൽ ഇടപെടുന്നത് അവരെ സഹായിച്ചും (Subsidiary function) അവരുടെ അവകാശങ്ങളെ സംരക്ഷിച്ചും കൊണ്ടായിരിക്കണം എന്നാണ് സഭ പഠിപ്പിക്കുന്നത്. ഈ സിദ്ധാന്തത്തെയാണ് അധീനാവകാശസംരക്ഷണതത്ത്വം (Principle of subsidiarity) എന്നു പറയുന്നത്. അതിനെ സഹായ

കത്വതത്ത്വമെന്നും വിളിക്കാം. (സഹായം എന്നർത്ഥമുള്ള Subsidium) എന്ന ലത്തീൻ വാക്കിൽനിന്ന് സഹായകത്വം എന്നർത്ഥമുള്ള Subsidiaritis എന്ന വാക്കുണ്ടായി. അതിന്റെ തർജ്ജിമയാണ് ഇംഗ്ലീഷിലെ Subsidiarity എന്നത്) ഈ തത്വം (നിയമം) ആദ്യമായി നിർവചിച്ചതും ഈ വാക്ക് ആദ്യമായി പ്രയോഗിച്ചതും പതിനൊന്നാം പീയൂസ് മാർപാപ്പയാണ്. അദ്ദേഹത്തിന്റെ *ക്വാദ്രോ ജേസിമോ അന്നോ* എന്ന ചാക്രികലേഖനത്തിൽ 79-ാം ഖണ്ഡികയിൽ അത് ആദ്യമായി കാണപ്പെടുന്നു. പിൽക്കാല ചാക്രികലേഖനങ്ങളിലും അതുണ്ട്. *ചെന്തേസീമൂസ് അന്നൂസ്* എന്ന ചാക്രികലേഖനത്തിൽ അത് ഭംഗിയായി വിവരിച്ചിട്ടുണ്ട് (ഖണ്ഡിക 48.3 കാണുക).

ലോകസമ്പത്തിന്റെ സാർവത്രിക ലക്ഷ്യമാണ് സഭയുടെ സാമൂഹിക പ്രബോധനത്തിന്റെ അടിത്തറയെന്ന് ജോൺ പോൾ രണ്ടാമൻ മാർപാപ്പ എഴുതിയ ക്രിസ്തി ഫിദെലെസ് ലൈച്ചി (അല്മായ വിശ്വാസികൾ) എന്ന അപ്പസ്തോലികലേഖനത്തിലും (നമ്പർ 43.2) സൊള്ളിച്ചിത്തൂദോ റേയി സോച്യാലിസ് എന്ന ചാക്രികലേഖനത്തിലും (നമ്പർ 42.4) ഊന്നിപ്പറഞ്ഞിട്ടുണ്ട്. സ്വകാര്യസ്വത്തും വസ്തുക്കളുടെ സാർവത്രിക ലക്ഷ്യവും എന്നതാണ് ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ ചെന്തേസീമൂസ് അന്നൂസിലെ ഒരു പ്രധാന ഭാഗം തന്നെ.

വ്യക്തി സ്വാതന്ത്ര്യം, സംഘടനാസ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം തൊഴിലും മൂലധനവും തമ്മിലുണ്ടായിരിക്കേണ്ട സഹകരണം മുതലായവയെല്ലാം സഭയുടെ സാമൂഹികപ്രബോധനത്തിന്റെ വിഷയങ്ങളാണ്. ഈ സമാഹാരത്തിലെ മിക്ക ചാക്രികലേഖനങ്ങളിലും സാമൂഹികപ്രബോധനത്തെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. ലെയോ പതിമൂന്നാമന്റെ റേരും നൊവാരുമിൽ തൊഴിലാളി പ്രശ്നത്തെപ്പറ്റി തുടങ്ങിയ സാമൂഹിക പ്രബോധനം ഇന്ന് അന്താരാഷ്ട്ര പ്രശ്നങ്ങളെക്കൂടി കൈകാര്യം ചെയ്യുകയും അവയ്ക്ക് പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുന്നു.

### 5. സാമൂഹികപ്രബോധനത്തിന്റെ ചരിത്രപശ്ചാത്തലം

വ്യാവസായിക വിപ്ലവം, ഫ്രഞ്ചുവിപ്ലവം, എന്നിവയും കമ്മ്യൂണിസം, ലിബറലിസം മുതലായ ചില അപര്യാപ്ത ചിന്താഗതികളുമാണ് സഭയുടെ സാമൂഹിക പ്രബോധനത്തിന്റെ ചരിത്രപശ്ചാത്തലം.

## വ്യാവസായിക വിപ്ലവം

കുടുംബഭദ്രത, ധാർമ്മികത, അടിമത്തനിരോധനം, അന്യായപ്പലിശനിർമ്മാർജ്ജനം, യുദ്ധനിർമ്മാർജ്ജനം മുതലായ വിഷയങ്ങൾ സഭയുടെ പ്രബോധനങ്ങളിൽ പണ്ടുമുതലേ കണ്ടുമുട്ടാവുന്നതാണ്. എന്നാൽ, 18-ാം നൂറ്റാണ്ടിൽ സഭ തൊഴിലാളികളുടെ പ്രശ്നത്തിൽ ഇടപെട്ടു. വ്യാവസായിക വിപ്ലവത്തെ തുടർന്നാണ് തൊഴിലാളി പ്രശ്നമുണ്ടായത്. ചൂഷണം ചെയ്യപ്പെടുന്ന തൊഴിലാളികളുടെ ദയനീയസ്ഥിതി തന്നെയായിരുന്നു അന്ന് സാമൂഹിക പ്രശ്നം (പിൽക്കാലത്ത് അത് വ്യാപകമായിത്തീർന്നു).

ഏ.ഡി. 1750 മുതൽ 1850 വരെയുള്ള കാലഘട്ടത്തിൽ ഇംഗ്ലണ്ടിലുണ്ടായ സാമ്പത്തിക വിപ്ലവത്തെയാണ് വ്യാവസായിക വിപ്ലവമെന്ന് വിളിക്കുന്നത് (യഥാർത്ഥത്തിൽ അത് ഏ.ഡി. 1700-ൽ തുടങ്ങി). സ്ഥിരമായിരുന്ന കാർഷികവ്യവസ്ഥയിൽനിന്ന് വ്യവസായികവ്യവസ്ഥിതിയിലേക്കും കച്ചവടസമ്പ്രദായങ്ങളിൽനിന്നു ലോകവ്യാപാരസമ്പ്രദായത്തിലേക്കും ലോകജനത അന്നാണ് മാറിയത്. വ്യവസായശാലകളുടെ ഉദ്ഭവം, വ്യവസായവത്ക്കരണം, പ്രധാനമായും കടൽവഴിയുള്ള രാജ്യാന്തരവ്യാപാരത്തിന്റെ വികാസം എന്നിവ ആ വിപ്ലവത്തിന് വഴിയൊരുക്കി.

വ്യാവസായിക വിപ്ലവത്തിന്റെ പശ്ചാത്തലംകൂടി ഓർമ്മിക്കുന്നത് കൊള്ളാം. കോളണികളുടെ സ്ഥാപനമാണ് വ്യാവസായിക വിപ്ലവത്തിന് പ്രധാന കാരണമായത്. യൂറോപ്യൻ നാവികന്മാർ പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിൽ ജീവൻ പണയം വച്ചുനടത്തിയ സാഹസികയാത്രകൾ കോളണി സ്ഥാപനത്തിനു ഹേതുവായി. ഏഴാം നൂറ്റാണ്ടുവരെ ലോകത്തിലെ എല്ലാ ജനതകളും മതവിശ്വാസികളും രാജ്യാന്തരവ്യാപാരത്തിൽ ഏർപ്പെട്ടിരുന്നു. യഹൂദരും ഗ്രീക്കുകാരും അറബികളും ചൈനമുതൽ ആഫ്രിക്കവരെ കരവഴിയും കടൽവഴിയും വ്യാപാരം നടത്തിവന്നു.

ഏഴാം നൂറ്റാണ്ടിൽ അറബികൾ ഒരു പുതിയമതത്തിന്റെ അനുയായികളായി സംഘടിച്ച് മദ്ധ്യപൂർവ്വപ്രദേശങ്ങളാകെ കയ്യടക്കി. അവർ യഹൂദരെയും ക്രൈസ്തവരെയും വ്യാപാരത്തിൽനിന്നു പുറംതള്ളി. യഹൂദർക്കോ റോമാക്കാർക്കോ ഗ്രീക്കുകാർക്കോ മറ്റു യൂറോപ്യൻ ക്രൈസ്തവർക്കോ ഇന്ത്യയിലോ കിഴക്കൻ രാജ്യങ്ങളിലോ വരാൻ പറ്റാതായി. അങ്ങനെയാണ് ബി.സി. യിലുണ്ടായിരുന്നതും എല്ലാ വിഭാഗങ്ങളും നടത്തിയിരുന്നതുമായ ലോകവ്യാപാരം ഏഴാം നൂറ്റാണ്ടിൽ നിലച്ചത്. യൂറോപ്പിലുള്ളവർക്ക് അറ

ബികളുടെ ലോകവ്യാപാര കുത്തക അവസാനിപ്പിക്കാതെ നിവൃത്തിയില്ലാതെയായി. അങ്ങനെ, പോർച്ചുഗൽ, സ്പെയിൻ, ഇറ്റലി എന്നിവിടങ്ങളിലുള്ള ക്രൈസ്തവർ സുഗന്ധദ്രവ്യങ്ങളെയും ക്രൈസ്തവരെയും തേടി (കരവഴിയുള്ള യാത്ര അറബികൾ നിരോധിച്ചതുകൊണ്ട്) കടൽ വഴി ഇന്ത്യയിലേക്ക് ആഫ്രിക്ക ചുറ്റി യാത്രചെയ്തു. പുതിയ നാടുകളും ഭൂഖണ്ഡങ്ങളും കണ്ടുപിടിക്കുക, ഒറ്റപ്പെട്ടുപോയ ക്രൈസ്തവ സമൂഹങ്ങളെ കണ്ടെത്തി ബന്ധം സ്ഥാപിക്കുക, നഷ്ടപ്പെട്ട ക്രൈസ്തവകേന്ദ്രങ്ങൾക്കുപകരം പുതിയ നാടുകളിൽ ക്രൈസ്തവസമൂഹങ്ങളെ വാർത്തെടുക്കുക എന്നതൊക്കെ ആവശ്യമായിത്തീർന്നിരുന്നു. അങ്ങനെ, അവർ ജീവൻ പണയം വച്ച് കടലിലൂടെ സാഹസയാത്രകൾ തുടങ്ങുകയും പുതിയരാജ്യങ്ങളും നാടുകളും കണ്ടെത്തുകയും കോളണികൾ സ്ഥാപിക്കുകയും ചെയ്തു (1498-ൽ വാസ്കോഡിഗാമ ഇന്ത്യയിൽ വന്നു) മറ്റു യൂറോപ്യൻ രാഷ്ട്രങ്ങളും പോർച്ചുഗീസുകാരെത്തുടർന്ന് കടൽവഴി ആഫ്രിക്കയിലും തെക്കേ അമേരിക്കയിലും ഏഷ്യയിലും മറ്റും എത്തിച്ചേർന്ന് കോളണികൾ സ്ഥാപിച്ചു. ഇന്ത്യയ്ക്കു യൂറോപ്പുമായി നേരിട്ടുള്ള വ്യാപാരബന്ധം ഏഴാം നൂറ്റാണ്ടിൽ അവസാനിച്ചിരുന്നല്ലോ. അത് വീണ്ടും തുടങ്ങിയത് 16-ാം നൂറ്റാണ്ടിലാണ്.

യൂറോപ്യന്മാർ കോളനികളിൽനിന്ന് അസംസ്കൃത വസ്തുക്കൾ മാതൃരാജ്യത്തിലേക്ക് കൊണ്ടുപോവുകയും അവിടെ ഫാക്ടറികൾ സ്ഥാപിച്ച് പുതിയ വസ്തുക്കൾ നിർമ്മിച്ച് കോളനികളിൽ കൊണ്ടുപോയി വിൽക്കുകും ചെയ്തു.

അങ്ങനെ, 18-ാം നൂറ്റാണ്ടിൽ വാണിജ്യം ശക്തി പ്രാപിച്ചു. യൂറോപ്പിൽ ജൻമിത്തം അവസാനിക്കുന്നതിന് അത് കാരണമായിത്തീർന്നു. ഇംഗ്ലണ്ടിലാണല്ലോ വ്യാവസായിക വിപ്ലവം തുടങ്ങിയത്. പരുത്തി വ്യവസായമായിരുന്നു അതിന്റെ പ്രധാന കാരണം. ഇന്ത്യ, ലാറ്റിനമേരിക്ക മുതലായ രാജ്യങ്ങളിൽ സ്ഥാപിച്ച കോളനികളിലേക്കു കയറ്റി അയയ്ക്കാൻ പരുത്തി ഉത്പന്നങ്ങൾ (വസ്ത്രങ്ങൾ) വേണ്ടിവന്നു. വസ്ത്രങ്ങളുടെ ആവശ്യം (ഉപയോഗം) വർദ്ധിച്ചതോടെ യന്ത്രവൽക്കരണം ഒഴിച്ചുകൂടാനാവാത്തതായി. മരംകൊണ്ട് യന്ത്രങ്ങൾ നിർമ്മിച്ചു. വായുവും ജലവും ഉപയോഗിച്ച് യന്ത്രങ്ങൾ പ്രവർത്തിപ്പിച്ചു. ഫാക്ടറികൾ സ്ഥാപിക്കപ്പെട്ടു.1769-ൽ ജയിംസ് വാട്ട് ആവിയന്ത്രം നിർമ്മിച്ചതു വലിയൊരു സംഭവമായിത്തീർന്നു. യന്ത്രങ്ങൾ ഉണ്ടായതോടെ കൽക്കരി ഖനനവും ഇരുമ്പുരുക്കു

നിർമ്മാണവും വളർന്നു. ഇംഗ്ലണ്ട് നെയ്ത്തുവിദ്യയുടെ കേന്ദ്രമായി. 19-ാം നൂറ്റാണ്ടിൽ തീവണ്ടിയും ആവിക്കപ്പലും നിർമ്മിക്കപ്പെട്ടു. പിൽക്കാലത്തു പെട്രോളിയം കൊണ്ടും വൈദ്യുതികൊണ്ടും പ്രവർത്തിക്കുന്ന യന്ത്രങ്ങളുണ്ടായി. അങ്ങനെ, ഫാക്ടറികളുടെയും യന്ത്രങ്ങളുടെയും കടൽവഴിയുള്ള യന്ത്രവത്കൃതവ്യാപാരത്തിന്റെയും ആവിർഭാവം വലിയ വിപ്ലവം സൃഷ്ടിച്ചു. കാർഷികവിപ്ലവത്തിനുശേഷമുണ്ടായ ഏറ്റവും ശ്രദ്ധേയമായ വിപ്ലവം.

യന്ത്രവൽക്കരണവും വ്യവസായവൽക്കരണവും പെട്ടെന്ന് ലോകവ്യാപകമായി. യൂറോപ്യൻ രാഷ്ട്രങ്ങളിലും അമേരിക്ക, ജപ്പാൻ മുതലായ രാഷ്ട്രങ്ങളിലും യന്ത്രവൽകരണവും വ്യവസായവൽക്കരണവും നടന്നു. അങ്ങനെ, ലോകരാഷ്ട്രങ്ങളുടെ സമ്പദ്ഘടനയ്ക്കുതന്നെ മാറ്റം വന്നു. വ്യാവസായിക വിപ്ലവത്തിനുമുമ്പേ തന്നെ യൂറോപ്പിൽ ഒരു ബൗദ്ധികവിപ്ലവം സംഭവിച്ചിരുന്നു. യൂറോപ്പിൽ 17-ാം നൂറ്റാണ്ടിലുള്ള ശാസ്ത്രീയ കണ്ടുപിടിത്തങ്ങളും തുടർന്ന് 18-ാം നൂറ്റാണ്ടിലുണ്ടായ പ്രബുദ്ധതയും (Enlightenment, സ്വാതന്ത്ര്യവും മാനവികതാധിഷ്ഠിതവും ശാസ്ത്രീയവും യുക്തിസഹവുമായ ചിന്താഗതി) സംഭവിച്ചു. അതിനുമുമ്പേ തന്നെ യൂറോപ്പിൽ മദ്ധ്യകാലത്തുനിന്ന് ആധുനികയുഗത്തിലേക്കുള്ള മാറ്റം (14, 15, 16 നൂറ്റാണ്ടുകളിൽ) സംഭവിച്ചിരുന്നു. ഇറ്റലിയിൽ, 14-ാം നൂറ്റാണ്ടിൽ തുടങ്ങിയ സാംസ്ക്കാരികവും ബൗദ്ധികവുമായ ചിന്താവികാസമാണത്. പിന്നീട്, മറ്റു യൂറോപ്യൻ രാഷ്ട്രങ്ങളിലേക്കും അതു വ്യാപിച്ചു. ഇതാണ് നവോത്ഥാനം (Renaissance) എന്നറിയപ്പെടുന്നത്.

യന്ത്രവൽക്കരണത്തോടും നഗരവൽക്കരണത്തോടുമൊപ്പം ചൂഷണവും അത്യാഗ്രഹവും വർദ്ധിച്ചു. ധാർമ്മികതയ്ക്കു സ്ഥാനം കുറഞ്ഞു. മതത്തിന്റെ ശാസനാശബ്ദം സമ്പത്തിന്റെ ഗർജ്ജനത്തിൽ അപ്രത്യക്ഷമായി. വ്യാവസായികവിപ്ലവത്തിന്റെ കാലഘട്ടത്തിൽത്തന്നെ (1789 -1795 കാലത്ത്) സംഭവിച്ച ഫ്രഞ്ചുവിപ്ലവവും 1848-ൽ തുടങ്ങിയ കമ്മ്യൂണിസ്റ്റ് വിപ്ലവവും ലോകത്തെ പ്രക്ഷുബ്ധമാക്കി. തൊഴിലാളികളെ ചൂഷണത്തിൽ നിന്നു രക്ഷിക്കുക - സമ്പത്തു നീതിപൂർവ്വം വിതരണം ചെയ്യപ്പെടുക - എന്നത് വലിയൊരു പ്രശ്നമായിത്തീർന്നു. സാമൂഹികപ്രശ്നത്തെപ്പറ്റി പലരും ചിന്തിക്കുകയും വിവിധ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു.

## ചില തത്ത്വചിന്തകൾ

വ്യാവസായിക വിപ്ലവത്തിന്റെ കാലത്ത് സാമ്പത്തിക ശാസ്ത്രത്തിലും തത്ത്വചിന്തയിലും നിലനിന്ന ചില ചിന്താരീതികളെക്കൂടി പരിചയപ്പെടുക ഒരാവശ്യമാണ്.

### a) ലിബറലിസം (സ്വാതന്ത്ര്യതാവാദം)

സാമ്പത്തികതയുടെ മണ്ഡലത്തിൽ പൊതുവേ, സർവസ്വാതന്ത്ര്യതാവാദമാണ് അന്നു നിലവിലിരുന്നത്. ലെസെഫെയർ (laissez faire) വാദമെന്ന് ഇതിനെ വിളിക്കുന്നു. ഗവൺമെന്റിന്റെ ഇടപെടൽ ഇല്ലാതിരിക്കുമ്പോഴാണ് സാമ്പത്തിക വ്യവസ്ഥിതി ഏറ്റവും നന്നായി പ്രവർത്തിക്കുന്നത് എന്ന സിദ്ധാന്തമാണിത്. ചരിത്രപരമായി അത് മെർക്കയന്റയിലിസ (Mercatilism) ത്തോടുള്ള എതിർപ്പായിരുന്നു. ഗവൺമെന്റ് വ്യവസായത്തിലും വ്യാപാരത്തിലും നിയന്ത്രണം ഏർപ്പെടുത്തുമെന്ന വാദമാണ് മെർക്കൻടൈലിസം (ഗവൺമെന്റിനെ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയായിരുന്നു ഈ നിയന്ത്രണം). വാസ്തവത്തിൽ 18-ാം നൂറ്റാണ്ടിലെ ചില ഫ്രഞ്ചു സാമ്പത്തിക ചിന്തകരാണ് (Physiocrates) അതു ക്രോഡീകരിച്ചത്. പ്രസ്തുത ഫ്രഞ്ചു ചിന്തകരിൽ പ്രധാനി ക്വെസ്നി (Quesnay) യായിരുന്നു. സർവ്വസമ്പത്തും കൃഷിയിൽ നിന്നാണുണ്ടാകുന്നത്, നികുതി കൃഷിയെ മാത്രമേ ബാധിക്കാവൂ എന്നൊക്കെയായിരുന്നു അവരുടെ അഭിപ്രായം.

ഫ്രഞ്ചു ചിന്തകരുടെ ലെസെഫെയർ സിദ്ധാന്തം ആഡം സ്മിത്ത് (സ്കോട്ടുലണ്ടുകാരൻ, 1723- 1790) ഹെൻറി ജോർജ്ജ് മുതലായ ഇംഗ്ലീഷ് ചിന്തകരെ സ്വാധീനിച്ചു. ആഡം സ്മിത്ത് 1776-ൽ പ്രസിദ്ധീകരിച്ച "രാഷ്ട്രങ്ങളുടെ സമ്പത്തിന്റെ സ്വഭാവത്തെയും കാരണങ്ങളെയുംകുറിച്ചുള്ള ഒരന്വേഷണം" (An Inquiry into the Nature and Causes of the Wealth of Nations) എന്ന ഗ്രന്ഥത്തിൽ തന്റെ സിദ്ധാന്തം ആവിഷ്കരിച്ചു. തൊഴിലിന്റെ വിഭജനം, സാമ്പത്തിക കാര്യങ്ങളിലെ സർവസ്വാതന്ത്ര്യത, ഉത്പാദന പ്രക്രിയയിൽ നടത്തപ്പെടുന്ന അദ്ധ്വാനത്തിന്റെ ഫലമാണു മൂല്യം എന്ന സിദ്ധാന്തം മുതലായവ അദ്ദേഹത്തിന്റെ തത്ത്വങ്ങളാണ്. വ്യാപാരത്തിന്മേൽ നികുതി ഏർപ്പെടുത്തണമെന്നു വാദിക്കുന്ന മെർക്കയന്റയിലിസത്തെ അദ്ദേഹം എതിർത്തു. എന്നാൽ, സ്വാതന്ത്ര്യവ്യാപാരത്തിനു സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്നും അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്. സാമ്പത്തിക വ്യവ

സ്ഥിതിയുടെ അപഗ്രഥന കർത്താവ്, പിൽക്കാല സാമ്പത്തിക ശാസ്ത്രജ്ഞരിൽ വലിയ സ്വാധീനം ചെലുത്തിയ വ്യക്തി എന്നീ നിലകളിൽ ആഡം സ്മിത്ത് അതുല്യനാണ്.

കമ്പോള നിയമങ്ങൾ വെറും ഭൗതികനിയമം പോലെയാണന്നും, സാമ്പത്തിക കാര്യങ്ങൾ സാമൂഹിക - ധാർമ്മിക ലക്ഷ്യങ്ങളാൽ നിർണ്ണയിക്കപ്പെടുകയോ നയിക്കപ്പെടുകയോ ചെയ്യുന്നില്ലെന്നും ലെസെഫെയർ വാദികൾ വിശ്വസിച്ചു. സ്വതന്ത്രമായ കമ്പോള പ്രവർത്തനത്തിൽ ബാഹ്യ ഇടപെടൽ പാടില്ലെന്നും അത് എല്ലാവരെയും സന്തുഷ്ടരാക്കാൻ പര്യാപ്തമാണെന്നും അവർ പറഞ്ഞു. സ്വകാര്യസ്വത്തിന്റെയും കമ്പോള മത്സരത്തിന്റെയും അടിസ്ഥാനത്തിൽ വ്യക്തികളെ സ്വന്തം താത്പര്യമനുസരിച്ചു പ്രവർത്തിക്കാൻ അനുവദിക്കണമെന്നും അതു പൊതുവായ വളർച്ചയ്ക്ക് ഏറ്റവും നല്ല മാർഗ്ഗമാണെന്നും അവർ വാദിച്ചിരുന്നു.

ആവശ്യത്തിന്റെയും ലഭ്യതയുടെയും നിയമമനുസരിച്ച് വാണിജ്യത്തിൽ ഇഷ്ടംപോലെ പ്രവർത്തിക്കാമെന്നായി. തൊഴിലാളികളുടെ ദുരിതാവസ്ഥ കണ്ടില്ലന്നുവയ്ക്കാനുള്ള ഒരു മറയായി മുതലാളിമാർ ലെസഫെയർ സിദ്ധാന്തം അംഗീകരിച്ചു.

വ്യക്തിപരമായ ലെസെഫെയർ സിദ്ധാന്തം ക്ലാസിക്കൽ സാമ്പത്തികശാസ്ത്രത്തിന്റെയും രാഷ്ട്രീയ യാഥാസ്ഥിതികത്വത്തിന്റെയും തത്ത്വമായിത്തീർന്നു. താത്ത്വികമായി ഈ സിദ്ധാന്തത്തെ സ്വകാര്യ വ്യവസായങ്ങൾ ഇന്നും സോഷ്യലിസത്തിനെതിരേയുള്ള മറുമരുന്നായി അംഗീകരിക്കുന്നുണ്ട്. സ്വകാര്യലാഭമാണ് പുരോഗതിക്കുള്ള പ്രചോദനമെന്ന തത്ത്വത്തിനാണ് ഇത് ഊന്നൽ കൊടുക്കുന്നത്. 1848 മുതൽ 1875 വരെയുള്ള കാലത്ത് ഈ സിദ്ധാന്തം അപ്രതിരോധ്യമായി നിലകൊണ്ടു. സ്വകാര്യസംരംഭങ്ങളും സ്വതന്ത്രകമ്പോളങ്ങളും നിലനിന്നു.

### b) മഞ്ചെസ്റ്റർ സ്കൂൾ

19-ാം നൂറ്റാണ്ടിൽത്തന്നെ മഞ്ചെസ്റ്റർ സ്കൂൾ എന്നറിയപ്പെടുന്ന ഒരു സാമ്പത്തിക സിദ്ധാന്തവും ഉണ്ടായി. റിച്ചാർഡ് കോബ്ഡെൻ, ജോൺ ബ്രൈറ്റ് എന്നിവരായിരുന്നു അതിന്റെ പ്രണേതാക്കൾ. അതിന്റെയും പ്രധാനതത്ത്വങ്ങൾ സ്വതന്ത്രവ്യാപാരവും ലെസെഫെയർ സിദ്ധാന്തവുമായിരുന്നു.

പടിഞ്ഞാറൻ യൂറോപ്പിൽ 1500 മുതൽ വ്യാവസായിക വിപ്ലവത്തിന്റെയും ലെസെഫെയർ വാദത്തിന്റെയും ഉദയംവരെ മുൻപ

റഞ്ഞ മർക്കന്റയിലിസമാണു നിലനിന്നത്. പണമാണു സമ്പത്ത് എന്ന് അവർ കരുതി. കൂടുതൽ ഉത്പന്നങ്ങൾ നിർമ്മിച്ചു കയറ്റുമതി ചെയ്തു പണം നേടുക എന്നതായിരുന്നു അവരുടെ നയം. ഇറക്കുമതിക്കു ചുങ്കം ഏർപ്പെടുത്തിയും കോളനികളെ ചൂഷണം ചെയ്തും പണം സമ്പാദിക്കാൻ ശ്രമിച്ചു. രാഷ്ട്രനിയന്ത്രണത്തിലാണ് അതു നടന്നത്. ഇംഗ്ലണ്ടിൽ ഹെൻറി എട്ടാമൻ, എലിസബത്ത് രാജ്ഞി, ക്രോംബൽ എന്നിവരുടെ കാലത്ത് ഈ സിദ്ധാന്തം പ്രബലപ്പെട്ടിരുന്നു. ഫ്രാൻസിൽ ജീൻകോൾബർട്ട് എന്നയാളായിരുന്നു ഇതിന്റെ മുഖ്യപ്രണേതാവ്.

ഇപ്പറഞ്ഞ സിദ്ധാന്തങ്ങളൊന്നും തൊഴിലാളികളുടെ ദുരവസ്ഥയ്ക്ക് - സാമൂഹികപ്രശ്നത്തിന് - പരിഹാരമുണ്ടാക്കാൻ പരിശ്രമിച്ചില്ല.

### c) കമ്മ്യൂണിസ്റ്റ് സോഷ്യലിസം

തൊഴിലാളികളെ ചൂഷണത്തിൽനിന്ന് രക്ഷിക്കാൻ കാറൽ മാർക്സ് (1818-1883) മുന്നോട്ടുവന്നു. അദ്ദേഹം ഒരു കമ്മ്യൂണിസ്റ്റ് സോഷ്യലിസത്തിനും രൂപം കൊടുത്തു. ജർമ്മൻ തത്ത്വശാസ്ത്രവും (ഹേഗൽ, ഫിറ്റ്ച്ചെ, ഫ്യൂവർബാക് എന്നിവരുടെ) ഫ്രഞ്ചു സോഷ്യലിസവും ബ്രിട്ടീഷ് ധനതത്ത്വശാസ്ത്രവുമാണ് തന്നെ സ്വാധീനിച്ചിട്ടുള്ളതെന്ന് മാർക്സ് ആദ്യകാല കൃതികളിൽ സമ്മതിച്ചിട്ടുണ്ട്.

ഹേഗൽ ആശയതലത്തിൽ അവതരിപ്പിച്ച സംഘട്ടനത്തിന്റെ സിദ്ധാന്തം (വൈരുധ്യാധിഷ്ഠിത സിദ്ധാന്തം) മാർക്സ് സാമൂഹികതലത്തിൽ പ്രയോഗിച്ചു. ഭൗതീകവാദവും അതിനോടു കൂട്ടിച്ചേർത്തു. പ്രമേയം (ആശയം), പ്രതിപ്രമേയം, നവീനപ്രമേയം എന്നതാണ് ഹേഗലിന്റെ തത്ത്വം. ഒരാശയം അതോടൊപ്പംതന്നെ ഒരു വിരുദ്ധാശയത്തെ കൊണ്ടുവരുന്നു. അവ തമ്മിൽ സംഘട്ടനമുണ്ടാവുകയും മൂന്നാമതൊരാശയം ഉടലെടുക്കുകയും ചെയ്യുന്നു എന്നാണ് അതിന്റെ സാരം. ആശയതലത്തിലുള്ള ഈ സംഘട്ടനംപോലെ മുതലാളി തൊഴിലാളി സംഘട്ടനം വഴി മുതലാളി തൊഴിലാളികളില്ലാത്ത സമത്വസുന്ദരമായ വ്യവസ്ഥിതി (കമ്മ്യൂണിസ്റ്റ് സോഷ്യലിസം) വരുമെന്നാണ് മാർക്സ് പറഞ്ഞത്. മുതലാളികൾ തൊഴിലാളികൾ എന്ന് രണ്ടായി മനുഷ്യവംശത്തെ ഈ സിദ്ധാന്തം വിഭജിച്ചു. വർഗ്ഗങ്ങൾ പരസ്പരം സംഘട്ടനത്തിലാണെന്നും മുതലാളികളെ ഇല്ലായ്മ ചെയ്യാൻ ഏത് അക്രമ മാർഗ്ഗമുപയോഗിച്ചും വർഗ്ഗസമരം നടപ്പാക്കണമെന്നും മാർക്സ് പ്രസ്താ

വിച്ചു. വ്യക്തിസ്വാതന്ത്ര്യവും സ്വകാര്യസ്വത്തും ഉൻമൂലനം ചെയ്യുക, മതചിന്ത പിഴുതെറിയുക എന്നതൊക്കെ ഭൗതികവാദത്തിൽ അടിയുറപ്പിച്ചിട്ടുള്ള മാർക്സിസത്തിന്റെ അടിസ്ഥാനതത്ത്വങ്ങളാണ്. വാസ്തവത്തിൽ, വ്യക്തി രാഷ്ട്രത്തിന്റെ അല്ലെങ്കിൽ പാർട്ടിയുടെ അടിമ മാത്രമായിത്തീരുകയാണ് കമ്മ്യൂണിസ്റ്റ് സോഷ്യലിസത്തിൽ. എല്ലാ വളർച്ചയും പരിവർത്തനവും സംഘട്ടനത്തിലൂടേയേ സാധിക്കൂ എന്നതായിരുന്നു അദ്ദേഹത്തിന്റെ ചിന്ത.

യഹൂദപാരമ്പര്യത്തിൽ, യഹൂദവംശത്തിൽപിറന്ന് ക്രിസ്തുമതം സ്വീകരിച്ച മാതാപിതാക്കളിൽനിന്നു ജനിച്ച്, 6-ാം വയസ്സിൽ (1824-ൽ) ക്രൈസ്തവവിശ്വാസത്തിൽ, (എവാഞ്ചെലിക്കൽ എന്ന പ്രോട്ടസ്റ്റന്റു സഭയിൽ) വന്ന മാർക്സ് ഒരു നിരീശ്വരനും ഭൗതികവാദിയുമായിത്തീർന്നു. കഴിഞ്ഞ 1800 വർഷമായിട്ടും ക്രൈസ്തവസ്നേഹം ചൂഷണത്തെ അവസാനിപ്പിച്ചില്ല എന്നതായിരുന്നു അദ്ദേഹത്തിന്റെ പരാതി. മാർക്സും ഫ്രെഡറിക് ഏംഗൽസും (1820-1895) കൂടി 1840-ൽ കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ പ്രസിദ്ധീകരിച്ചു. 1840 ആയപ്പോഴേക്കും കമ്മ്യൂണിസ്റ്റ് സിദ്ധാന്തം അവർ ക്രോഡീകരിച്ചിരുന്നു. ദാസ് കാപ്പിത്തൽ (മൂലധനം) എന്ന ഗ്രന്ഥത്തിന്റെ ഒന്നാം വാല്യം 1848-ൽ പ്രസിദ്ധീകരിച്ചു (പ്രസ്തുത ഗ്രന്ഥത്തിന്റെ 2 ഉം 3 ഉം വാല്യങ്ങൾ 1858-94 കാലഘട്ടത്തിൽ ഏംഗൽസ് പ്രസിദ്ധീകരിച്ചു) കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ പ്രസിദ്ധീകരിക്കുന്നതിനു മുമ്പേ ഏംഗൽസ് The condition of the working class in England in 1844 എന്നഗ്രന്ഥം (1845) പ്രസിദ്ധീകരിച്ചിരുന്നു. പിൽക്കാലത്ത് അദ്ദേഹം Landmarks of Scientific Socialism (1878) The Origin of the Family, Private property and the State (1884) എന്നിവയും പ്രസിദ്ധീകരിച്ചു.

തൊഴിലിന് കൂലി നിശ്ചയിക്കുന്ന മുതലാളിത്തത്തെയും തൊഴിൽ ഉൽപന്നങ്ങളുടെ സ്വകാര്യകുത്തകയെയും മാർക്സിസം എതിർത്തു. 1847-ൽ ബ്രസൽസിൽ കമ്മ്യൂണിസ്റ്റ് ലീഗ് സ്ഥാപിക്കപ്പെട്ടു.

1864-ൽ കാറൽ മാർക്സ് അന്താരാഷ്ട്ര തൊഴിൽ സംഘടന സ്ഥാപിച്ചു. ഭരണം തൊഴിലാളികളിലാണു വന്നു ചേരേണ്ടതെന്ന് അദ്ദേഹം പ്രസ്താവിച്ചിരുന്നു. ഭരണം പിടിച്ചെടുക്കാൻ തൊഴിലാളികളെ അദ്ദേഹം ആഹ്വാനം ചെയ്തു.

അങ്ങനെ, വ്യാവസായികവിപ്ലവാനന്തരം കമ്മ്യൂണിസം മനുഷ്യരെ തൊഴിലാളികൾ മുതലാളികൾ എന്ന രണ്ടു വർഗ്ഗമായി തിരിച്ചു. ശത്രുതയോടെ പോരാടാൻ അവരോട് ആഹ്വാനം ചെയ്തു.

കൂലിക്കു ജോലി ചെയ്യുന്നതുതന്നെ അടിമത്തത്തിന്റെ ഭാഗമാണെന്നും തൊഴിലാളിക്ക് ഉത്പന്നത്തിന്റെ ഉടമസ്ഥതയാണ് (അല്ലെങ്കിൽ പങ്കാണ്) കിട്ടേണ്ടതെന്നും വാദിക്കുന്ന മറ്റ് ചിന്തകരും അന്നുണ്ടായിരുന്നു. ട്രെയ്ഡ് യൂണിയനുകളാണ് രാഷട്രം ഭരിക്കേണ്ടതെന്നു പഠിപ്പിക്കുന്ന സിൻഡിക്കലിസ (Syndicalism) വും ഇക്കാലത്ത് ഉദ്ഭവിച്ചു.

1917-ൽ രക്തരൂക്ഷിതമായ വിപ്ലവത്തോടെ കമ്മ്യൂണിസം റഷ്യയിൽ നടപ്പിലാക്കി. പല യൂറോപ്യൻ രാഷ്ട്രങ്ങളും കമ്മ്യൂണിസത്തിൽ ചെന്നുപെട്ടു. ശാക്തിക ചേരികളായി ലോകം വിഭജിക്കപ്പെട്ടു. ശീതസമരവും യുദ്ധഭീഷണിയും നടമാടി (ഇന്നിപ്പോൾ 75 വർഷങ്ങൾക്കുശേഷം കമ്മ്യൂണിസം ഉപയോഗശൂന്യമെന്നുകണ്ട് യൂറോപ്യൻ രാഷ്ട്രങ്ങളും റഷ്യയും അത് പരിത്യജിച്ചിരിക്കുകയാണ്). സാമൂഹിക പ്രശ്നത്തിന് കമ്മ്യൂണിസം ഒരു പരിഹാരമാർഗ്ഗമായില്ല.

## ഫ്രഞ്ചുവിപ്ലവം

ഏ.ഡി. 1789-ൽ ഫ്രാൻസിൽ നടന്ന രാഷ്ട്രീയ വിപ്ലവമാണ് ഫ്രഞ്ചു വിപ്ലവമെന്നറിയപ്പെടുന്നത്. ലോകരാഷ്ട്രങ്ങളെയെല്ലാം അതു ബാധിച്ചു. വ്യാവസായികവിപ്ലവം സാമ്പത്തിക വ്യവസ്ഥിതിയെ മാറ്റി മറിച്ചപ്പോൾ ഫ്രഞ്ചുവിപ്ലവം രാഷ്ട്രീയ വ്യവസ്ഥിതിയെ തകിടംമറിച്ചു. ഈ വിപ്ലവത്തിന്റെ കാരണങ്ങളെപ്പറ്റി ചരിത്രകാരന്മാരുടെയിടയിൽ ഏകാഭിപ്രായമില്ല. 18-ാം നൂറ്റാണ്ടിൽ തുടങ്ങിയ പ്രബുദ്ധത (Enlightenment) യുടെ ഫലമായുണ്ടായ ബുദ്ധിപ്രകർഷമാണ് ഇതിന്റെ കാരണമെന്നു ചിലർ പറയുന്നു. പീഡനാത്മകമായ ഫ്യൂഡൽ വ്യവസ്ഥിതിക്കെതിരെയുള്ള പ്രതികരണമാണെന്നു വേറെ ചിലർ പറയുന്നു. കാലഹരണപ്പെട്ട കർശനമായ സാമൂഹിക സാമ്പത്തിക വ്യവസ്ഥിതിക്കെതിരേ പുതിയ മുതലാളിമാർ നടത്തിയ ആക്രമണമാണെന്നു മറ്റു ചിലർ അഭിപ്രായപ്പെടുന്നു. പൊതു ഖജനാവിന്റെ പാപ്പരത്തമാണ് അതിന്റെ ആത്യന്തിക കാരണം. വിപ്ലവഫലമായി ഭരണാധികാരികൾ വധിക്കപ്പെട്ടു (1793-ജനുവരിയിൽ ലൂയി രാജാവിനെ വധിച്ചു) സ്വാതന്ത്ര്യം, സാഹോദര്യം, സമത്വം എന്ന മൂന്ന് ആദർശങ്ങൾക്കുവേണ്ടി തുടങ്ങിയ വിപ്ലവം അക്രമത്തിലും രക്തച്ചൊരിച്ചിലിലും ചെന്നവസാനിച്ചു. ഭീകരതയുടെ തേർവാഴ്ച നടന്നു.വിപ്ലവത്തിനു നായകത്വം വഹിച്ച റോബെസ്പീയർ തന്നെ അനുയായികളാൽ വധിക്കപ്പെട്ടു (1794) കമ്മ്യൂണിസ്റ്റ് സോഷ്യലിസംപോലെതന്നെ ഫ്രഞ്ചു വിപ്ലവവും സാമൂഹികപ്രശ്നത്തിന് പരിഹാരമായില്ല.

## ക്രൈസ്തവ പരിശ്രമങ്ങൾ: ക്രൈസ്തവ സോഷ്യലിസം

കമ്മ്യൂണിസക്കൊടുങ്കാറ്റ് ആഞ്ഞടിച്ച കാലത്ത് ക്രിസ്തുമതം നിഷ്ക്രിയമായിരുന്നില്ല. വ്യാവസായിക വിപ്ലവത്തോടൊപ്പം തന്നെ കത്തോലിക്കരിലും അകത്തോലിക്കരിലും സാമൂഹിക ചിന്ത കട ന്നുവന്നു. വ്യാവസായിക വിപ്ലവത്തിന് എത്രയോ മുമ്പ് വിൻസെന്റ് ഡിപോൾ (1576-1660) എന്ന ഫ്രഞ്ചുവൈദികൻ അടിമകളെ രക്ഷി ക്കുന്നതിനുവേണ്ടി അദ്ധ്വാനിച്ചു. ജീവകാരുണ്യപ്രവർത്തനങ്ങൾക്കു വേണ്ടി ആശുപത്രികൾ സ്ഥാപിക്കുകയും ഗ്രാമീണരുടെയിടയിൽ പ്രവർത്തിക്കുന്നതിനുംവേണ്ടി വിൻസെൻഷ്യൻ സഭ (1629-ൽ) സ്ഥാപിക്കുകയും നഗരങ്ങളിൽ ജീവകാരുണ്യ പ്രവർത്തനം നട ത്തുന്നതിനുവേണ്ടി സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി എന്ന സംഘടന സ്ഥാപിക്കുകയും ചെയ്തു. സഭാ ചരിത്രത്തിലുടനീളം സാമൂഹിക ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്തിയിരുന്നു. സാമൂഹിക തിന്മ കളെ തുടച്ചുനീക്കാൻ നിരന്തരം ശ്രമിക്കുകയും ചെയ്തിരുന്നു.

വ്യാവസായിക വ്യവസ്ഥയുടെ തിന്മകൾക്കെതിരേയുള്ള പ്രതിക രണമായി ക്രൈസ്തവ സോഷ്യലിസം ഇംഗ്ലണ്ടിലെ ആംഗ്ലിക്കൻ സഭയിൽ രൂപം കൊണ്ടു. 1848-ൽ അതൊരു പ്രസ്ഥാനമായി (കമ്മ്യൂ ണിസ്റ്റ് മാനിഫെസ്റ്റോ പ്രസിദ്ധീകരിച്ച വർഷം തന്നെ) ജെ.എം. ലഡ്‌ലോ (J.M.Ludlow,1821-1911) എഫ് ഡി മൗരിസ് (F.D. Maurice, 1805-1872) ചാൽസ് കിംഗ്സ്‌ലി (Charles Kingsely) എന്നി വരാണ് അത് സ്ഥാപിച്ചത്. തൊഴിലാളികളുടെ അഭിവൃദ്ധിക്കുവേണ്ടി അവർ പരിശ്രമിച്ചു. സാമ്പത്തിക കാര്യങ്ങളിലുള്ള സ്വതന്ത്രതാവാ ദത്തെ (Liberalism) എതിർത്തു. സംഘടന, സഹകരണം, സാഹോ ദര്യം എന്നിവയ്ക്കായി നിലകൊണ്ട അവർ സഹകരണാടിസ്ഥാന ത്തിലുള്ള തൊഴിൽശാലകൾ വേണ്ടെന്നു വാദിച്ചു. 1877-ൽ ഗിൽഡ് ഓഫ് സെന്റ് മാത്യു എന്ന സാമൂഹിക സംഘടനയും 1889-ൽ ക്രിസ്ത്യൻ സോഷ്യൽ യൂണിയൻ എന്ന സംഘടനയും സ്ഥാപിത മായി. നികുതി ചുമത്തൽവഴി സമ്പത്തിന്റെ തുല്യമായ പങ്കുവയ്ക്കൽ നടപ്പിലാക്കണമെന്ന് അവർ പ്രസ്താവിച്ചു. 1941-ലെ മാൾവേൺ പ്രഖ്യാപനത്തിൽ ക്രൈസ്തവസോഷ്യലിസ്റ്റ് ചിന്തകൾ ക്രോഡീക രിച്ചിട്ടുണ്ട്.

കത്തോലിക്കരും ക്രൈസ്തവ സോഷ്യലിസം സ്ഥാപിക്കുവാൻ ശ്രമിച്ചു. യൂറോപ്പിലെ കത്തോലിക്കാ സോഷ്യലിസം സ്ഥാപിച്ചത് ജർമ്മനിയിലെ ബിഷപ്പ് വില്യം എമ്മാനുവൽ ഫോൺ കെറ്റലർ (1811-77) ആണ്. സംഘടിതമായ ഒരു സമൂഹമുണ്ടാക്കുവാൻ അദ്ദേ

ഹവും കൂട്ടരും പരിശ്രമിച്ചു. ഓസ്ട്രിയായിലും കത്തോലിക്കാ സോഷ്യലിസമുണ്ടായി. വോഗെൽസാങ്ങ് (Baron Karl Von Vogelsang, 1818 - 90) റുഫോൾഡ് മേയർ (Rudolf Mayer) എന്നിവരാണ് അതിന്റെ സംഘാടകർ. ബൽജിയത്തിലും ഫ്രാൻസിലും കത്തോലിക്ക സോഷ്യലിസ്റ്റ് പ്രസ്ഥാനമുണ്ടായി. ഡി. മൂൺ (Comte Adrian A. de Mun, 1841-1914) ലക്കാർഡയർ (1802-1861) ഫ്രെഡറിക് ഓസാനം (1813-1853) മുതലായവർ ഫ്രാൻസിൽ ഒരു കത്തോലിക്കാ സോഷ്യലിസ്റ്റ് പ്രസ്ഥാനം തുടങ്ങി. അനേകം സംഘടനകൾ രൂപം പ്രാപിച്ചു.1833-ൽ വിൻസെന്റ് ഡി. പോൾ സൊസൈറ്റി മുതലായ സംഘടനകളും ടെക്നിക്കൽ സ്കൂളുകളും ഹോസ്റ്റലുകളും സ്ഥാപിക്കപ്പെട്ടു. പരസ്നേഹപ്രവർത്തനം മാത്രമല്ല അന്നു നടത്തിയിരുന്നത്, തൊഴിലാളികൾക്ക് നീതി ലഭിക്കാൻ വേണ്ട നടപടികളെടുക്കുക കൂടി ചെയ്തിരുന്നു.

1849-ൽ അഡോൾഫ് കോൾപിംഗ് (1813-1865) എന്ന വൈദികൻ ജർമ്മനിയിൽ ഒരു തൊഴിലാളി സംഘടന സ്ഥാപിച്ചു (ഇദ്ദേഹത്തെ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ 1991 ഒക്ടോബർ 27-ന് വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചിട്ടുണ്ട്). കോൾപിംഗ് സംഘടനയ്ക്ക് 1856 -ൽ പല രാഷ്ട്രങ്ങളിലായി ഒരു ലക്ഷം അംഗങ്ങളുണ്ടായിരുന്നു. ഇന്ന് 26 രാഷ്ട്രങ്ങളിൽ അത് സജീവമായി പ്രവർത്തിക്കുന്നുണ്ട്.

ക്രൈസ്തവ സിദ്ധാന്തങ്ങളാൽ പ്രചോദിതനായി പല വ്യവസായികളും തൊഴിലാളികൾക്കു ലാഭവിഹിതം നൽകാനും ഇൻഷുറൻസ് ഏർപ്പെടുത്താനും ഇടയായി. കൂലി സമ്പ്രദായം മാറ്റി ലാഭവിഹിതമാക്കുക എന്ന രീതിയും ചിലർ സ്വീകരിച്ചു. 1865-ൽ മെഗനെൻ (Maignen) തൊഴിലാളി മണ്ഡലം (Workers Circle) സ്ഥാപിച്ചു. ഫ്രഞ്ചുകാരനായ ലെയോൻ ഹാർമെൽ സ്വന്തം ഫാക്ടറിയിൽ സാമൂഹിക പ്രവർത്തനവും ധാർമ്മികസേവനവും നടപ്പിലാക്കി. 1884-ൽ അദ്ദേഹം തൊഴിലാളി മണ്ഡലാംഗമായി.

ഇറ്റലിയിലെ ടോണിയോള (Toniola) സ്വിറ്റ്സ്വർലണ്ടിലെ ഡെകുർട്ടിൻസ് (De Curtins) മുതലായവർ തൊഴിലാളി പ്രസ്ഥാനത്തിൽ സാമൂഹിക നിയമനിർമ്മാണം, വ്യവസായത്തിൽ രാഷ്ട്രത്തിന്റെ മിതമായ ഇടപെടൽ എന്നിവയ്ക്കായി വാദിച്ചു. അമേരിക്കയിലെ കാർഡിനൽ ഗിബൺസ് തൊഴിലാളി സംഘടനകളെ ലെയോ പതിമൂന്നാമൻ മാർപാപ്പയ്ക്ക് പരിചയപ്പെടുത്തി. തൊഴിലാളികൾക്കു വേണ്ടി തനിക്കു കഴിവുള്ളതെല്ലാം ചെയ്യുമെന്നു മാർപാപ്പ പ്രതിജ്ഞ ചെയ്തു. അമേരിക്കയിൽ 1889-ൽ ബ്ളിസ് (W.D.P.

Bliss) ക്രൈസ്തവസോഷ്യലിസ്റ്റുകളുടെ സംഘടന (Society of Christian Socialists) സ്ഥാപിച്ചു.

ഇങ്ങനെ, സഭയ്ക്കുള്ളിൽ തൊഴിലാളികൾക്കുവേണ്ടി വാദിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന വ്യക്തികളും സംഘടനകളും ധാരാളമുണ്ടായിരുന്നു (പക്ഷേ, ഇവയൊന്നും ചൂഷണം തുടച്ചു നീക്കാൻ ശക്തമായില്ല). വാസ്തവത്തിൽ, ലെയോ പതിമൂന്നാമന്റെ റേരും നൊവാരും എന്ന ചാക്രികലേഖനത്തിലുള്ളത് ഒരു പുതിയ മനോഭാവമല്ല. കത്തോലിക്കാ സോഷ്യലിസത്തിൽ വളർന്ന സിദ്ധാന്ത സമുച്ചയത്തിന്റെ സുനിശ്ചിതവും ആധികാരികവുമായ ഒരു പ്രഖ്യാപനമാണ്.

**6. ലെയോ പതിമൂന്നാമൻ: സഭയുടെ പ്രഥമ സിംഹനാദം**

സഭയുടെ സാമൂഹിക പ്രബോധനങ്ങളെപ്പറ്റി പ്രതിപാദിക്കുമ്പോൾ വിശ്വപ്രസിദ്ധമായ റേരും നൊവാരും എഴുതിയ ലെയോ പതിമൂന്നാമൻ (1810-1903) മാർപാപ്പയെപ്പറ്റി പറയാതെ തരമില്ല. അദ്ദേഹം സഭയുടെ പരമാധികാരം കയ്യേൽക്കുന്നത് 1828 ഫെബ്രുവരി 28-നാണ്. മധ്യഇറ്റലിയിലെ കുലീനവും എന്നാൽ, സാമ്പത്തികമായി ദരിദ്രവുമായ ഒരു കുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. തത്ത്വചിന്തയിലും ദൈവശാസ്ത്രത്തിലും മാത്രമല്ല, രാഷ്ട്രനിയമത്തിലും അദ്ദേഹം പാണ്ഡിത്യം നേടിയിരുന്നു.

മാർപാപ്പയാകുന്നതിനുമുമ്പ് അദ്ദേഹം സാമൂഹിക -ജീവകാരുണ്യ പ്രവർത്തനങ്ങളിൽ മുൻകൈയെടുത്തിട്ടുണ്ട്. 1837-ൽ ഇറ്റലിയിലെ കോളറബാധയുടെ കാലത്ത് അദ്ദേഹം പ്രദർശിപ്പിച്ച ധീരതയും സേവനസന്നദ്ധതയും പ്രശസ്തമാണ്. ബെനെവെന്തോയിലെയും (1838 ജനുവരി മുതൽ) പെറൂജിയയിലെയും (1841 മുതൽ) അപ്പസ്തോലിക് ഡലഗേറ്റ് എന്ന ജോലി നോക്കിയ കാലത്തും അദ്ദേഹം ജനതകളുടെ സാമ്പത്തികാഭിവൃദ്ധിക്കുവേണ്ടി റോഡുകൾ നിർമ്മിക്കുക, സേവിംഗ്സ് ബാങ്ക് തുടങ്ങുക മുതലായ കാര്യങ്ങൾ ചെയ്യുകയാൽ ജനസമൂഹങ്ങളുടെ സ്നേഹം പിടിച്ചുപറ്റി. അദ്ദേഹം ബൽജിയത്തിലെ ബ്രസ്സൽസിൽ സേവനമനുഷ്ഠിച്ച മൂന്നു വർഷക്കാലത്തേക്ക് വ്യവസായവൽകൃത യൂറോപ്പിന്റെ പ്രശ്നങ്ങളിൽ ഇടപെട്ടു. പെറൂജിയയിലായിരിക്കേ 1859 -60 കാലത്തു നടന്ന വിപ്ലവത്തിൽ സഭയ്ക്ക് ഭൗതിക വസ്തുക്കളുടെ മേലുള്ള ഉടമസ്ഥാവകാശത്തിനുവേണ്ടി വാദിച്ചു. 1876-77 കാലങ്ങളിൽ മെത്രാപ്പോലീത്ത എന്ന നിലയിൽ അദ്ദേഹം എഴുതിയ ഇടയലേഖനങ്ങളിൽ സഭ സമകാലീന സാംസ്ക്കാരിക പ്രശ്നങ്ങളിൽ ഇടപെടണമെന്ന് ഊന്നിപ്പറഞ്ഞിരുന്നത് ലോകശ്രദ്ധയ്ക്കു വിഷയമായി.

അദ്ദേഹം സഭയുടെ പരമാധികാരിയായി 25 വർഷം സേവനമനുഷ്ഠിച്ചു. പ്രബോധനങ്ങൾ, സമാരംഭങ്ങൾ, അതുല്യമായ പ്രശസ്തി എന്നിവകൊണ്ട് ആധുനികലോകത്തെ ഏറ്റവും വലിയ പാപ്പായായി.

തത്ത്വശാസ്ത്രപഠനം, മിഷൻ പ്രവർത്തനങ്ങൾ, വേർപെട്ട സഭകളുമായുള്ള അനുരഞ്ജന പരിശ്രമങ്ങൾ, ബൈബിൾ പഠനം (പ്രെവിദേന്തിസീമൂസ് ദേവൂസ്, Nov.18, 1893 എന്ന ചാക്രികലേഖനംവഴി) ഗവേഷണം (1881-ൽ വത്തിക്കാൻ ആർക്കൈവ് ഗവേഷണത്തിനു തുറന്നുകൊടുത്തു) എന്നിവയുടെ അഭിവൃദ്ധിയിൽ അദ്ദേഹം ശ്രദ്ധചെലുത്തി. രാഷ്ട്രവും സഭയും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച ക്രൈസ്തവ സിദ്ധാന്തം ഉയർത്തിപ്പിടിച്ചു. ദിയുത്തൂർണും (ജൂൺ 29,1881), ലിബർത്താസ് (ജൂൺ 20, 1888), സാപ്പിയേൻസിയ ക്രിസ്ത്യാനേ (ജനു.10,1890) എന്നീ ചാക്രികലേഖനങ്ങൾ വഴി ലിബറലിസത്തെ തള്ളിപ്പറയുകയും (ഗ്രിഗറി പതിനാറാമനും പീയൂസ് ഒമ്പതാമനും ചെയ്തതുപോലെതന്നെ) സമൂഹത്തിന്റെ പുന:ക്രമവൽക്കരണത്തെപ്പറ്റി പഠിപ്പിക്കുകയും ചെയ്തു. രാഷ്ട്രവും മതവും സ്വതന്ത്ര സ്ഥാപനങ്ങളിലായിരിക്കണമെന്ന് ഉറപ്പിച്ചു പറഞ്ഞു. ക്രൈസ്തവർ രാഷ്ട്രീയത്തിൽ പങ്കെടുക്കണമെന്നും അവർ പാർലമെന്റും പത്രപ്രവർത്തനവും പൊതുനന്മയ്ക്കായി ഉപയോഗിക്കാൻ ശ്രമിക്കണമെന്നും ഉദ്ബോധിപ്പിച്ചു.

സാമൂഹികപ്രശ്നങ്ങൾ അദ്ദേഹത്തിന്റെ ചാക്രികലേഖനങ്ങൾക്കു വിഷയമായി. ക്വോദ് അപ്പസ്തോലിച്ചി മൂണെരിസ് (ഡി.28,1878) എന്ന ചാക്രികലേഖനത്തിൽ സോഷ്യലിസത്തെ തള്ളിപ്പറഞ്ഞു. ആർക്കാനും ദിവിനസാപ്പിയേൻസിയ (Arcanum divinae Spaientiae) (ഫെ.10,1880) എന്ന ചാക്രികലേഖനം വഴി കുടുംബത്തെപ്പറ്റിയുള്ള ക്രൈസ്തവധാരണ ഉറപ്പിച്ചു പറഞ്ഞു. റേരും നൊവാരും (മെയ് 15,1891) ആണ് ഏറ്റവും ശ്രദ്ധേയമായ ചാക്രികലേഖനം. അതിലൂടെ സോഷ്യലിസത്തെയും സാമ്പത്തിക സ്വതന്ത്രതാവാദ (Liberalism) ത്തെയും തള്ളിപ്പറഞ്ഞു. ജർമ്മനിയിലെ ഫ്രീബർഗിലുണ്ടായിരുന്ന സംഘടന സാമൂഹികപ്രശ്നങ്ങളെപ്പറ്റി നടത്തിയ പഠനങ്ങളിൽനിന്നാണ് അതിനുള്ള പ്രചോദനം ലഭിച്ചത്. കമ്മ്യൂണിസത്തിന്റെ അപര്യാപ്തതയും സാമൂഹികപ്രശ്നം പരിഹരിക്കുന്നതിനു ക്രിസ്തുമതത്തിന്റെ ആവശ്യകതയും അദ്ദേഹം ഊന്നിപ്പറഞ്ഞു. ആ ചാക്രികലേഖനം ക്രിസ്റ്റ്യൻ സോഷ്യൽ മൂവ്മെന്റിനു പ്രചോദനമരുളി. ബൽജിയത്തിലും ഫ്രാൻസിലും ഇറ്റലിയിലും ക്രൈസ്തവ

ജനായത്ത ഭരണക്രമങ്ങൾ രൂപംകൊണ്ടു. ഗ്രാവെസ് ദേ കൊമ്മൂണിറേ [Graves de Communi re (ജനു.18,1901)] എന്ന ചാക്രികലേഖനം ക്രൈസ്തവജനായത്ത ഭരണം എന്ന ആശയം സ്വീകരിച്ചു. "ജനങ്ങൾക്കുവേണ്ടിയുള്ള ഉപകാരപ്രദമായ ക്രൈസ്തവപ്രവർത്തനം" എന്ന് അതിനെ നിർവചിച്ചു. ഇറ്റലിയിലെ ഭരണകൂടം വത്തിക്കാനുമായി നിരന്തരം സംഘർഷത്തിലായിരുന്നു. ആ സംഘർഷം കുറയ്ക്കുന്നതിന് അദ്ദേഹം പരിശ്രമിച്ചു. അന്താരാഷ്ട്ര പ്രശ്നങ്ങളിൽ അദ്ദേഹം ഇടപെട്ടു. ജർമ്മൻ സാമ്രാജ്യവും സ്പെയിനും തമ്മിൽ കരോളിൻ ദ്വീപുകൾക്കുവേണ്ടിയുണ്ടായ തർക്കം (1885-ൽ) പരിഹരിച്ചു. ലോകവ്യാപകമായ പ്രശസ്തി അദ്ദേഹം പിടിച്ചുപറ്റി.

## സമൂഹത്തിന്റെ ക്രമവൽക്കരണത്തെ സംബന്ധിച്ച്

സാമൂഹികക്രമത്തിന്റെ സമഗ്രമായ പുനർനിർമ്മാണത്തിനുവേണ്ടി ലെയോ മാർപാപ്പാ എഴുതിയിട്ടുള്ള ലേഖനങ്ങൾ, 1902 മാർച്ച് 19-ന് അദ്ദേഹം എഴുതിയ ഒരു അപ്പസ്തോലിക ലേഖനത്തിൽ നിർദ്ദേശിച്ചിട്ടുള്ള ക്രമമനുസരിച്ച് ലേഖനത്തിന്റെ പേര് പ്രതിപാദ്യ വിഷയം വർഷം എന്ന ക്രമത്തിൽ താഴെ കൊടുക്കുന്നു.

1. എത്തേർണി പാത്രിസ് (Aeterni Patris, നിത്യപിതാവിന്റെ) ക്രൈസ്തവ തത്ത്വശാസ്ത്രം,1879.
2. ലീബെർത്താസ് പ്രൊസ്താന്തീസീമും (Libertas Praestantissimum, സർവോത്കൃഷ്ടമായ സ്വതന്ത്ര്യം), മാനുഷികസ്വാതന്ത്ര്യം, 1888.
3. ആർക്കാനും ദിവിനേ സാപ്പിയേൻസിയേ (Arcanum Divinae Sapientiae, ദൈവികജ്ഞാനത്തിന്റെ ബലിവേദി), ക്രൈസ്തവ വിവാഹം, 1880.
4. ഹൂമാനും ജേനൂസ് (Humanum Genus, മനുഷ്യവർഗ്ഗം), ഫ്രീമെയ്സനറി എന്ന രഹസ്യസംഘടനയ്ക്കെതിരേ,1884
5. ദിയുത്തൂർണും (Diuturnum Illud, ചിരസ്ഥായിയായ)സിവിൽ ഗവൺമെന്റ് 1881.
6. ഇമ്മോർത്താലേ ദേയി (ദൈവത്തിന്റെ അമർത്ത്യമായ) രാഷ്ട്രങ്ങളുടെ ക്രൈസ്തവ ഭരണഘടന,1885
7. കോഡ് അപ്പസ്തോലിച്ചി മൂണെരിസ് ( Quod Apostolici muneris, ശ്ലൈഹികധർമ്മത്തിന്റെ) 1878

8. റേരും നൊവാരും (Rerum Novarum  പുതിയ സംഗതികളുടെ വിപ്ലവകരമായ പരിവർത്തനത്തിന്റെ), മൂലധനത്തിന്റെയും തൊഴിലിന്റെയും അവകാശങ്ങളും കടമകളും1891.
9. സാപ്പിയേൻസിയേ ക്രിസ്ത്യാനേ (Sapientiae Christianae. ക്രൈസ്തവ വിജ്ഞാനത്തിന്റെ ക്രൈസ്തവ പൗരധർമ്മത്തെപ്പറ്റി) 1890.

ഇത്രയും ചാക്രികലേഖനങ്ങളിലെ സിദ്ധാന്തങ്ങളും പ്രബോധനങ്ങളും വഴി സമൂഹത്തെ സമഗ്രമായി പുനർനിർമ്മിക്കാനാണ് അദ്ദേഹം ആഹ്വാനം ചെയ്തത്. ഇൻസ്ക്രൂത്താബലി (Inscrutabili, ദൈവത്തിന്റെ അഗ്രാഹ്യമായ പദ്ധതി) എന്ന ലേഖനം (1878 ഏപ്രിൽ 21) ആധുനിക സമൂഹത്തിന്റെ തിന്മകളെ ചൂണ്ടികാണിച്ചിരുന്നു. സഭ സാംസ്ക്കാരിക വളർച്ചയ്ക്കു ചെയ്ത സേവനങ്ങൾ അതിൽ എടുത്തു പറയുന്നുണ്ട്. ബ്രസീലിലെ മെത്രാൻമാർക്ക് 1888 മെയ് 5-ന് എഴുതിയ ലേഖനത്തിൽ (In plurimis, പല കാര്യങ്ങളിൽ) അദ്ദേഹം തന്റെ മുൻഗാമികൾ ചെയ്തതുപോലെ തന്നെ അടിമത്തത്തെ ശപിച്ചുതള്ളുകയും ബ്രസീലിലെ അടിമകളെ മോചിപ്പിച്ചതിൽ അഗാധമായ സന്തോഷം രേഖപ്പെടുത്തുകയും ചെയ്തു. ക്രിസ്തുമതമാണ് അടിമത്തം അവസാനിപ്പിച്ചത് എന്ന കാര്യം അതിൽ അനുസ്മരിച്ചിട്ടുണ്ട്.

തൊഴിലാളി പ്രശ്നത്തിൽ അദ്ദേഹം നേരിട്ട് ഇടപെട്ടു. 1887-ൽ നൂറുതൊഴിൽദായകരെയും ആയിരത്തിനാനൂറു തൊഴിലാളികളെയും മൂന്നൂറു വൈദികരെയും സ്വാഗതം ചെയ്യുകയും അവരുടെ പ്രശ്നങ്ങളെപ്പറ്റി ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. 1889-ൽ ഫ്രാൻസിൽ നിന്നുള്ള ആയിരകണക്കിനു തൊഴിലാളികളടങ്ങുന്ന ഒരു സംഘം അദ്ദേഹത്തെ സന്ദർശിച്ചപ്പോൾ നിങ്ങളുടെ സ്ഥിതി ഉത്കൃഷ്ടമാക്കുന്നതിന് നമ്മുടെ പിതൃഹൃദയവും നമ്മുടെ ഉദ്യോഗവും നിർദ്ദേശിക്കുന്ന സർവതും നാം ചെയ്യും എന്ന് പ്രതിജ്ഞാപൂർവ്വം പ്രസ്താവിച്ചു. “ഞങ്ങളുടെ പിതാവും സംരക്ഷകനും” എന്നാണു തൊഴിലാളികൾ അദ്ദേഹത്തെ സംബോധന ചെയ്തത്. 1890-ൽ ബർലിനിൽ വച്ചു നടന്ന ഒരു സമ്മേളനത്തിലേക്കു ജർമ്മൻ ചക്രവർത്തിക്ക് അയച്ച ഒരു കത്തിൽ അദ്ദേഹം തന്റെ സാമൂഹികാശയങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയിരുന്നു.

**നിവൃത്തിയായ പ്രവചനങ്ങൾ**

മുതലാളിത്തത്തിന്റെ ദുരുപയോഗവും കമ്മ്യൂണിസ്റ്റ് സോഷ്യലിസത്തിന്റെ അപര്യാപ്തതയും റേരും നൊവാരുമിലൂടെ അദ്ദേഹം

ചൂണ്ടിക്കാണിച്ചു. ഭൗതികതലത്തിലും ധാർമ്മികതലത്തിലുമുള്ള സാമൂഹിക തിന്മകളെ ഉന്മൂലനം ചെയ്യാൻ, പ്രബോധനവും പ്രവർത്തനവും വഴി, നിരന്തരം പരിശ്രമിക്കുന്ന മതത്തോടുചേർന്ന് രാഷ്ട്രവും തൊഴിലാളികളും മുതലാളികളും പരിശ്രമിക്കണമെന്ന് അദ്ദേഹം നിർബന്ധിച്ചു. ഇപ്രകാരമൊരു ശ്രമം നടന്നില്ലെങ്കിൽ അനിവാര്യമായ വിപത്തുണ്ടാകുമെന്ന് അദ്ദേഹം ദീർഘദർശനം ചെയ്തു. ഇരുപത്തിയാറു വർഷങ്ങൾക്കുശേഷം അത് സംഭവിച്ചു. റഷ്യയിൽ നടന്ന രക്തരൂഷിതവിപ്ലവത്തിലൂടെ മതത്തെ നിഷേധിക്കുകയും സ്വാതന്ത്ര്യം എടുത്തുകളയുകയും ചെയ്യുന്ന ഒരു സാമ്പത്തിക രാഷ്ട്രീയ സംവിധാനം തീർച്ചയായും തകരുമെന്ന അദ്ദേഹത്തിന്റെ പ്രവചനം ഇന്ന്, കമ്മ്യൂണിസത്തിന്റെ തകർച്ചയോടെ, നിറവേറിയിരിക്കുകയാണ്.

## 7. സഭ ആരുടെ പക്ഷത്ത്?

സഭ പാവങ്ങളുടെ പക്ഷത്താണെന്ന് ഈ ചാക്രികലേഖനങ്ങൾ വായിക്കുന്നവർക്കു ബോധ്യമാകും. സഭ സമ്പന്നരുടെ കൂടെയാണെന്ന വാദം ഇവയുടെ മുമ്പിൽ മഞ്ഞുപോലെ ഉരുകിപ്പോകും, സഭ എന്നും ചൂഷണത്തെ എതിർത്തിരുന്നു. അധ:സ്ഥിതരെ ഉയർത്തുവാൻ സഭ എന്നും ശ്രമിച്ചിരുന്നു. (റേരും നൊവാരും എഴുതിയ ലെയോ മാർപാപ്പയെ സഭാശത്രുക്കൾ കമ്മ്യൂണിസ്റ്റുകാരുടെ കൂട്ടുകാരൻ എന്നു വിളിച്ചു പരിഹസിക്കുകപോലും ചെയ്തു). മെത്രാന്മാരുടെ സംഘങ്ങളും വിവിധ സഭകൾ ഒന്നുചേർന്നുള്ള സഭകളുടെ ലോക കൗൺസിലും (World Council of Churches) സാമൂഹികനീതിക്കുവേണ്ടി പ്രബോധനത്തിലൂടെയും പ്രവർത്തനങ്ങളിലൂടെയും നിരന്തരം ശ്രമിക്കുന്നുണ്ട്

സാമൂഹികപ്രശ്നങ്ങളെപ്പറ്റിയുള്ള സഭയുടെ പ്രബോധനങ്ങൾ ഉൾക്കൊള്ളുന്നതും ഈ സമാഹാരത്തിൽപ്പെടാത്തതുമായ അനേകം രേഖകളുണ്ടെന്ന കാര്യം ഇവിടെ സ്മരണീയമാണ്. പതിമൂന്നാം പീയൂസ് മാർപാപ്പാ 1941-ൽ നടത്തിയ റേഡിയോ പ്രഭാഷണം രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ (1965 ഡി. 15-ന് അംഗീകരിക്കപ്പെട്ട) *ഗാവുദിയും ഏത്ത് സ്പെസ്* (സന്തോഷവും പ്രത്യാശയും. ഇതിന് "സഭ ആധുനികയുഗത്തിൽ" എന്നാണ് പറയാറ്) എന്ന പ്രമാണരേഖ, വത്തിക്കാൻ സിനഡ് (മെത്രാമാരുടെ സമ്മേളനം) 1467-ൽ പുറപ്പെടുവിച്ച *ജസ്റ്റീസ് ഇൻ ദി വേൾഡ്* (ലോകത്തിൽ നീതി) എന്ന രേഖ, പോൾ ആറാമൻ 1976-ൽ പുറപ്പെടുവിച്ച ഒരു അപ്പസ്തോലികാഹ്വാനമായ *എവാൻജെലീ നൂൺസി*

*യാന്തി* (പ്രഘോഷിക്കപ്പെടേണ്ട സുവിശേഷത്തിന്റെ) എന്ന രേഖ, ജോൺ പോൾ രണ്ടാമൻ 1979-ൽ പുറപ്പെടുവിച്ച *റെദെംപ്തോർ ഹോമിനിസ്* (മനുഷ്യരക്ഷകൻ) എന്ന ലേഖനം, അദ്ദേഹം തന്നെ 1980-ൽ പുറപ്പെടുവിച്ച *ദീവെസ് ഇൻ മിസെരികോർദിയ* (കാരുണ്യത്തിൽ സമ്പന്നർ) എന്ന ലേഖനം മുതലായവ സാമൂഹികനീതിയെപ്പറ്റി പ്രതിപാദിക്കുന്നു.

സഭയുടെ മണ്ഡലം മതത്തിന്റേതും ധാർമ്മികതയുടേതുമാണ്. ഒരു പ്രശ്നം മതത്തെയും ധാർമ്മികതയെയും ബാധിക്കുന്നതായിത്തീരുമ്പോൾ സഭ അതിൽ ഇടപെടുന്നു. സാമൂഹിക പ്രബോധനം വഴി സാമൂഹിക തിന്മകൾക്കെതിരേ സഭ ശബ്ദമുയർത്തുന്നു. അവയെ ഉൻമൂലനം ചെയ്യാൻ ശ്രമിക്കുകയും ചെയ്യുന്നു.

ഈ സമാഹാരത്തിലുള്ള ചാക്രികലേഖനങ്ങൾ സഭയുടെ സാമൂഹികപ്രബോധനത്തിന്റെ ഒരു ഭാഗം- പ്രബോധനങ്ങൾ- മാത്രമാണ്. സഭയുടെ വിവിധ സംഘടനകളും സ്ഥാപനങ്ങളും കോൺഫ്രൻസുകളും നടത്തുന്ന വിപുലമായ സാമൂഹിക പ്രവർത്തനപദ്ധതികളെയും സാമൂഹികബോധവൽക്കരണ യത്നങ്ങളെയും കൂടി ഇതിന്റെ കൂടെ പരിഗണിക്കേണ്ടതാണ്. വിശാലമായ ഒരു പ്രപഞ്ചമാണത്. ഇതുകൂടാതെ, മറ്റ് ക്രൈസ്തവ വിഭാഗങ്ങൾ ഒറ്റയ്ക്കും സംഘം ചേർന്നും നടത്തുന്ന പ്രവർത്തനങ്ങളെ കൂടി പരിഗണിക്കേണ്ടതുണ്ട്.

**ഡോ. ജോർജ്ജ് കുരുക്കൂർ**

# 02

# സാമൂഹിക പ്രബോധനങ്ങളുടെ അടിസ്ഥാന തത്വങ്ങൾ

*റേരും നൊവാരും* എന്ന ചാക്രികലേഖനം 1891 -ൽ പ്രസിദ്ധീകൃതമായതോടെ രൂപംകൊള്ളാൻ തുടങ്ങിയ സാമൂഹികപ്രബോധനത്തിന്റെ സ്വഭാവം, ആനുകാലികപ്രസക്തി, അടിസ്ഥാനതത്വങ്ങൾ തുടങ്ങിയവ ഹ്രസ്വമായി അവതരിപ്പിക്കുവാനാണ് ഇവിടെ ശ്രമിക്കുന്നത്.

## I. സാമൂഹികപഠനം: ഒരു വിശകലനം

* നീതിയിലധിഷ്ഠിതവും ദൈവഹിതമനുസരിച്ചുള്ളതുമായ സാമൂഹിക - സാമ്പത്തിക വ്യവസ്ഥിതികൾക്കു രൂപം കൊടുക്കുക എന്ന ലക്ഷ്യത്തോടെ സഭ തന്റെ പ്രബോധനാധികാരമുപയോഗിച്ചു നൽകുന്ന തത്വങ്ങളും മാർഗ്ഗനിർദ്ദേശങ്ങളുമാണ് സഭയുടെ സാമൂഹിക പ്രബോധനം.

* വി. ഗ്രന്ഥം, പ്രകൃതിനിയമങ്ങൾ, സഭാപിതാക്കന്മാരുടെ പ്രബോധനങ്ങൾ, ദൈവശാസ്ത്രനിഗമനങ്ങൾ, സഭയുടെതന്നെ അനുഭവജ്ഞാനം തുടങ്ങിയവയുടെ വെളിച്ചത്തിൽ സാമൂഹിക പ്രശ്നങ്ങളെ വിലയിരുത്തിയിട്ടാണ് സഭ ഈ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത്.

* മനുഷ്യൻ തന്റെ സഹോദരനെ തന്നെപ്പോലെതന്നെ സ്നേഹിക്കണമെന്ന സുവിശേഷസന്ദേശം ഇന്നത്തെ സാമൂഹിക - സാമ്പത്തിക സാഹചര്യങ്ങളിൽ പ്രാവർത്തികമാക്കാനുള്ള വഴികളാണ് ഇതിലൂടെ സഭ നിർദ്ദേശിക്കുന്നത്.

* സഭയുടെ സാമൂഹികപ്രബോധനങ്ങൾക്കു നിയതമായ രൂപം കൈവന്നിട്ട് ഒരു ശതാബ്ദമേ ആയിട്ടുള്ളൂ. വ്യവസായവത്ക്കരണത്തിന്റെ ഫലമായുണ്ടായ തൊഴിലാളി ചൂഷണം, സമ്പത്തിന്റെ കുന്നുകൂടൽ. വർദ്ധമാനമായ ദാരിദ്ര്യം, മുതലാളി - തൊഴിലാളി ചേരിതിരിവു തുടങ്ങിയ നൂതനങ്ങളായ സാമൂഹിക പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തുക ആവശ്യമായി വന്ന സാഹചര്യത്തിലാണ് ഇത്തരമൊരു പ്രബോധനശാഖയ്ക്കു രൂപംകൊടുക്കാൻ സഭ പ്രേരിതയായത്.

* *റേരും നൊവാരും* (1891), *ക്വാദ്ര ജേസ്സിമോ അന്നോ* (1931), *മാതാവും ഗുരു നാഥയും* (1961), *ലോകത്തിൽ സമാധാനം* (1963), *സഭ ആധുനികലോകത്തിൽ* (1965), *ജനതകളുടെ പുരോഗതി* (1967), *ഒക്തോ ജേസ്സിമോ അന്നോ* (1971), *ലോകത്തിൽ നീതി* (1971) *ലബോരം എക്സെർചെൻസ്* (മനുഷ്യപ്രയത്നം-1982), *സാമൂഹിക ഔത്സുക്യം* (1987), *ചെന്തേസ്സീമൂസ് അന്നൂസ്*(1991) തുടങ്ങിയവയാണ് പ്രധാന പ്രമാണരേഖകൾ.

* ചരിത്രത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ ഉയർന്നുവരുന്ന സാമൂഹിക സംവിധാനങ്ങളെയും വ്യവസ്ഥിതികളെയും വിശ്വാസത്തിന്റെ വെളിച്ചത്തിൽ വിലയിരുത്താനും മാർഗ്ഗനിർദ്ദേശം നൽകാനുമുള്ള സഭയുടെ ചരിത്രപരമായ ഉത്തരവാദിത്വത്തിന്റെ നിർവ്വഹണമാണ് ഇവ വഴി സഭ നിർവ്വഹിക്കുന്നത്. സഭയുടെ സാമൂഹിക പ്രബോധനം, ഒരർത്ഥത്തിൽ സുവിശേഷ പ്രഘോഷണത്തിന്റെയും പ്രവാചകദൗത്യത്തിന്റെയും ഭാഗമാണ്.

> സാമൂഹികസിദ്ധാന്തങ്ങളുടെ പ്രബോധനവും പ്രചാരണവും സഭയുടെ സുവിശേഷപ്രഘോഷണത്തിൽ ഉൾപ്പെടുന്നു... തിന്മകളേയും അനീതികളേയും തള്ളിപ്പറയുക എന്നതു സാമൂഹിക മണ്ഡലത്തിൽ സഭയ്ക്കുള്ള സുവിശേഷവത്ക്കരണശുശ്രൂഷയുടെ ഭാഗമാണ്. ഈ ശുശ്രൂഷയ്ക്ക് അവളുടെ പ്രവാചകദൗത്യത്തിന്റെ വശംകൂടയുണ്ടുതാനും. എന്നാൽ, പ്രഘോഷിക്കുക എന്നതാണ് തള്ളിപ്പറയുക എന്നതിനെക്കാൾ പ്രധാനം എന്ന കാര്യവും മറക്കാൻ പാടില്ല (സാമൂഹിക ഔത്സുക്യം No.41).

* സഭയുടെ സാമൂഹിക പ്രബോധനരേഖകളെല്ലാം തന്നെ സുവിശേഷാധിഷ്ഠിതമായൊരു സമൂഹത്തിനു രൂപം കൊടുക്കുകയെന്ന ലക്ഷ്യം വച്ചുകൊണ്ട് എല്ലാവിധ അനീതികളും തിന്മകളും ചൂണ്ടികാണിക്കുകയും ഓരോ സാഹചര്യത്തിലും അനുയോജ്യമായ പ്രവർത്തനരീതി വ്യക്തമാക്കുകയും ചെയ്യുന്നുണ്ട്. പ്രവാചകദൗത്യത്തിന്റെയും സുവിശേഷപ്രഘോഷണ ദൗത്യത്തിന്റെയും പൂർത്തീകരണമാണ് ഇവയിലൂടെ സഭ നിർവ്വഹിക്കുന്നത്.

* സഭയുടെ സാമൂഹികപ്രബോധനം സാങ്കേതികസ്വഭാവമുള്ളവയല്ല. സനാതനമൂല്യങ്ങൾ ആവിഷ്കരിക്കുക മാത്രമാണ് സഭയ്ക്കുള്ള ഈ രംഗത്തെ ദൗത്യം.

## II. സാമൂഹികപഠനത്തിന്റെ പ്രസക്തി

* സാമൂഹിക - സാമ്പത്തിക - രാഷ്ട്രീയമേഖലകളിലെ വിവിധ പ്രവർത്തനങ്ങളെ ക്രമീകരിക്കാനും നിയന്ത്രിക്കാനും ആവശ്യമായ മൂല്യങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഇതു നൽകുന്നുവെന്നതു സമൂഹത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രസക്തമാണ്.

* വ്യക്തിയുടെ മനസ്സാക്ഷിക്കും സമൂഹമനസ്സാക്ഷിക്കും ഈ പ്രബോധനമനുസരിച്ചുവേണം രൂപം കൊടുക്കാൻ. വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഇതൊരു ബാദ്ധ്യതയാണ്.

* സഭയ്ക്കു പുറത്തുള്ളവരും സഭയുടെ സാമൂഹികപ്രബോധനങ്ങൾക്കായി ഇന്ന് ഉറ്റുനോക്കുന്നുണ്ട്. കമ്മ്യൂണിസം കടപുഴകി വീണിരിക്കുന്ന സാഹചര്യത്തിൽ വിശേഷിച്ചും. ക്യാപ്പിറ്റലിസ്റ്റു ധനതത്ത്വശാസ്ത്രത്തിന്റെ മറയിൽ വളർന്ന പാശ്ചാത്യസംസ്ക്കാരം സൃഷ്ടിക്കുന്ന ബഹുവിധങ്ങളായിട്ടുള്ള മാനുഷികപ്രശ്നങ്ങളും സഭയുടെ സാമൂഹ്യപഠനത്തിന്റെ പ്രസക്തിക്കു മാറ്റുകൂട്ടുന്നുണ്ട്.

* പല സംസ്ക്കാരങ്ങളുടെയും സമൂഹങ്ങളുടെയും ഉദയാസ്തമയങ്ങൾ കണ്ടിട്ടുള്ള അനുഭവസമ്പന്നയായ സഭയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് ഒരു ധാർമ്മികാനുശാസനത്തിന്റെ സ്ഥാനം ആധുനിക സമൂഹം നൽകുന്നതുവെന്നു ശ്രദ്ധേയമാണ്.സഭയുടെ തലവനായ മാർപാപ്പയെ ലോകത്തിലെ ഏറ്റവും വലിയൊരു ധാർമ്മികാധികാരിയായി ലോകം കണക്കാക്കാൻ തുടങ്ങിയിട്ടുണ്ട്.

## III. അടിസ്ഥാന തത്ത്വങ്ങൾ

മനുഷ്യവ്യക്തിയുടെ അന്തസ്സ്, എല്ലാ മനുഷ്യരുടെയും മൗലികമായ തുല്യത, വിശ്വസാഹോദര്യം തുടങ്ങിയ തത്വങ്ങളിലാണ് സഭയുടെ സാമൂഹിക പ്രബോധനങ്ങൾ അടിസ്ഥാനമിട്ടിട്ടുള്ളത്.

* ദൈവത്തിന്റെ പ്രതിച്ഛായ ഉൾക്കൊള്ളുന്ന മനുഷ്യൻ സൃഷ്ട പ്രപഞ്ചത്തിന്റെ കേന്ദ്രബിന്ദുവും ലക്ഷ്യവുമാണ്. ഈ അവസ്ഥ അവന് അതുല്യമായ അന്തസ്സും അവകാശങ്ങളും നൽകുന്നു.

* ഇത് സ്വാതന്ത്ര്യം, മാന്യമായി ജീവിക്കാനുള്ള വസ്തുവകകൾ, സ്വകാര്യസ്വത്ത്, അർഹമായ ബഹുമാനം തുടങ്ങിയവ ലഭിക്കുവാനുള്ള അവകാശം അവനു നൽകുന്നുണ്ട്. മനുഷ്യർ രൂപം കൊടുക്കുന്ന ഭരണക്രമം, സാമ്പത്തികവ്യവസ്ഥിതികൾ, സാമൂഹികനിയമങ്ങൾ എന്നുവേണ്ട എല്ലാം ആത്യന്തികമായി മനുഷ്യന്റെ നന്മയ്ക്കായി ഭവിക്കണമെന്ന മൗലികചിന്തയാണ് സഭയുടെ സാമൂഹികപഠനത്തിന്റെ ഉൾക്കാമ്പ്.

* എല്ലാ മനുഷ്യരും അടിസ്ഥാനപരമായി തുല്യരാണെന്ന ചിന്ത പ്രധാനപ്പെട്ട വേറൊരു സങ്കല്പമാണ്. ഇതുകൊണ്ടുദ്ദേശിക്കുന്നതു സാമൂഹിക - സാമ്പത്തിക രംഗങ്ങളിലെ സ്ഥിതി സമത്വമല്ല. എല്ലാ രംഗത്തും പരിപൂർണ്ണമായ സ്ഥിതിസമത്വം അപ്രാപ്യവും അപ്രായോഗികവുമാണെന്ന ചിന്തയാണ് സഭയുടേത്. എന്നാൽ, എല്ലാവർക്കും വ്യക്തികളെന്ന നിലയ്ക്കു തുല്യമായ അന്തസ്സും അവകാശങ്ങളുമുണ്ടെന്നുള്ളതിനു തർക്കമില്ല. അവസരസമത്വം, ജീവിക്കാനുള്ള അവകാശം തുടങ്ങിയവ ലഭിക്കാൻ ഇത് എല്ലാവർക്കും തുല്യമായ അവസരം നല്കുന്നു.

* വിശ്വസാഹോദര്യം സാമൂഹികപ്രബോധനത്തിന്റെ മറ്റൊരു അടിസ്ഥാന സങ്കല്പങ്ങളിലൊന്നാണ്. സാർവ്വത്രിക സഹകരണം, സാമൂഹികനീതി തുടങ്ങിയ നൂതനസങ്കല്പങ്ങളുടെ വളർച്ചയ്ക്കു മനുഷ്യസാഹോദര്യം, മനുഷ്യന്റെ മൗലികമായ തുല്യത തുടങ്ങിയവയെ സംബന്ധിച്ച സഭയുടെ കാഴ്ചപ്പാടു കാര്യമായി സഹായിച്ചിട്ടുണ്ട്.

* തൊഴിൽ, സാമൂഹികനീതി, സമാധാനം, വികസനം, മനുഷ്യാവകാശങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള സഭയുടെ മാർഗ്ഗനിർദ്ദേശങ്ങൾ ഈ തത്ത്വങ്ങളിൽ അടിസ്ഥാനമിട്ടാണ് സഭ വളർത്തിയെടുത്തിട്ടുള്ളത്. ഈ അടുത്തകാലത്ത് ഗൗരവമേറിയ ചർച്ചയ്ക്കു വിഷയമായിട്ടുള്ള "പുതിയ അന്തർദ്ദേശീയ സാമ്പ

ത്തിക ക്രമം" (New International Economic Order) എന്ന ആശയത്തിന്റെ പ്രേരകശക്തിയും ഈ പഠനം തന്നെയാണ്.

## IV. സഭയുടെ സമീപനങ്ങളും പ്രത്യയശാസ്ത്രങ്ങളും

വ്യാവസായിക വിപ്ലവത്തിന്റെ വരവോടെ തൊഴിലാളികൾ അനുഭവിച്ച ചൂഷണം, വ്യാപകമായ ദാരിദ്ര്യം തുടങ്ങിയ സാമൂഹിക പ്രശ്നങ്ങളോടുള്ള സഭയുടെ സമീപനങ്ങളും പഠനങ്ങളും വ്യക്തമായി മനസ്സിലാക്കണമെങ്കിൽ ക്യാപ്പിറ്റലിസ്റ്റു – മാർക്സിസ്റ്റു പ്രത്യയശാസ്ത്രങ്ങളെപ്പറ്റിയുള്ള അറിവ് അനിവാര്യമാണ്. ഒരർത്ഥത്തിൽ ഈ പ്രത്യയശാസ്ത്രങ്ങളോടുള്ള പ്രതികരണമായിട്ടുകൂടി സഭയുടെ സാമൂഹികപ്രബോധനങ്ങളെ കണക്കാക്കാവുന്നതാണ്.

### ക്യാപ്പിറ്റലിസം

ആവിയന്ത്രത്തിന്റെ കണ്ടുപിടുത്തവും, ആഡംസ്മിത്ത് "വെൽത്ത് ഓഫ് നേഷൻസ്" എന്ന തന്റെ പ്രാമാണികഗ്രന്ഥത്തിലൂടെ രൂപം നൽകിയ മുതലാളിത്ത സാമ്പത്തികചിന്തയുമാണ് വ്യവസായിക വിപ്ലവത്തിനു ശക്തിപകർന്ന രണ്ടു ഘടകങ്ങൾ. മുതലാളിത്തം നൽകിയ താത്ത്വികാടിത്തറ വ്യവസായവൽക്കരണം എളുപ്പമാക്കി.

പാശ്ചാത്യലോകം കൈവരിച്ച സാമ്പത്തികവളർച്ചയുടെ പ്രേരകശക്തി തീർച്ചയായും, സ്വതന്ത്രകമ്പോള സാമ്പത്തികവ്യവസ്ഥിതിയാണ്. എങ്കിലും ഇത് സങ്കീർണ്ണങ്ങളായ പല പുതിയ പ്രശ്നങ്ങൾക്കും കാരണമായിത്തീർന്നു. ആധുനികമനുഷ്യനെ കടുത്ത സ്വാർത്ഥിയും കച്ചവടമനസ്ഥിതിക്കാരനുമാക്കി അധഃപതിപ്പിക്കുന്നതിൽ വലിയ പങ്കുവഹിച്ച ഈ സാമ്പത്തിക ചിന്തയെ എന്നും സഭ വിമർശിച്ചു പോന്നിട്ടുള്ളതാണ്. സഭയുടെ എതിർപ്പിനു കാരണമായ പ്രധാന ആശയങ്ങൾ താഴെപ്പറയുന്നവയാണ്:

1. മനുഷ്യന്റെ അടിസ്ഥാന സ്വഭാവമായ സ്വാർത്ഥതയെ നിയന്ത്രിക്കുന്നതിനുപകരം അതിനെ ഉത്തേജിപ്പിക്കുകയാണു സാമ്പത്തികവളർച്ച നേടുന്നതിനു ചെയ്യേണ്ട പ്രധാന കാര്യം. ഓരോരുത്തരുടേയും ക്ഷേമത്തിലും വളർച്ചയിലുമുള്ള താൽപര്യം ഊതിവീർപ്പിക്കുകവഴി കൂടുതൽ കൂടുതൽ സമ്പത്ത് ഉത്പ്പാദിപ്പിക്കപ്പെടും. അപരനോടുള്ള ഒരു വ്യക്തിയുടെ ബാധ്യത ഇവിടെ പരിഗണനാ വിഷയമേയല്ല. ഞാനെന്നും, എന്റേതെന്നുമുള്ള ചിന്തയ്ക്കാണ് പ്രാമുഖ്യം. പരോന്മുഖതതന്നെ ഈ പ്രത്യയശാസ്ത്രത്തിന് അന്യമാണ്.

2. സ്വകാര്യസ്വത്തിനു യാതൊരു പരിമിതിയും സാമൂഹിക കടപ്പാടുകളും ഈ സാമ്പത്തികവീക്ഷണം അംഗീകരിക്കുന്നില്ല. സ്വത്തുടമയ്ക്കു തന്റെ സമ്പത്തിന്റെമേൽ പരമാധികാരമുണ്ട്. ഇഷ്ടംപോലെ അവന് ഉപയോഗിക്കുകയോ നശിപ്പിക്കുകയോ ചെയ്യാം.

3. ഉത്പാദന-വ്യാപാരപ്രക്രിയകളിൽ യാതൊരുവിധ നിയന്ത്രണവും പാടില്ല. ഉത്പന്നങ്ങളുടെ ആവശ്യകതയും ലഭ്യതയുമനുസരിച്ച് അവയുടെ വില സ്വാഭാവികമായും നിയന്ത്രിക്കപ്പെട്ടുകൊള്ളണമെന്ന ചിന്തയാണിത്. തൊഴിലാളിയും മുതലാളിയും തമ്മിൽ വേതനത്തെയും മറ്റും സംബന്ധിച്ചു നടത്തുന്ന കരാറുകൾപോലും ഈ സാമ്പത്തികനിയമത്തിന്റെ പരിധിയിൽപ്പെടും. സ്വാഭാവികനീതിസങ്കല്പം സാമ്പത്തികമേഖലയ്ക്ക് അന്യമാണെന്ന ചിന്തയാണിതിന്റെ പിന്നിൽ. മത-ധാർമ്മികമൂല്യങ്ങളോ, ഗവൺമെന്റുതന്നെയോ കമ്പോളത്തിൽ ഇടപെടേണ്ടതില്ല. ഏതു മാർഗ്ഗം ഉപയോഗിച്ചും സമ്പത്തുണ്ടാക്കാമെന്നാണ് ഇതർത്ഥമാക്കുന്നത്. മദ്ധ്യശതകങ്ങളിൽ യൂറോപ്പിൽ ശക്തിപ്പെട്ടതും നീതിധർമ്മങ്ങളിലധിഷ്ഠിതവുമായ സാമ്പത്തിക സംവിധാനങ്ങളുടെ തിരോധാനത്തിന് ഇത് വലിയ കാരണമായിത്തീർന്നു. ഇന്നു സാർവ്വത്രികമായി കാണപ്പെടുന്ന ധർമ്മച്യുതിയുടെയും വർദ്ധമാനമായ സ്വാർത്ഥതയുടെയും ഉറവിടം ഈ കാഴ്ചപ്പാടുതന്നെയാണ്.

സ്വാർത്ഥതയ്ക്കു ശക്തിയേറിയ ഊന്നലും സാമ്പത്തികനേട്ടത്തിനു മാനുഷികമൂല്യങ്ങളെക്കാൾ അധികം പ്രാധാന്യവും നൽകുന്ന ക്യാപ്പിറ്റലിസ്റ്റു സമീപനംമൂലം തൊഴിലാളിവർഗ്ഗം അതിക്രൂരമായവിധം ചൂഷണം ചെയ്യപ്പെടുകയുണ്ടായി. കുത്തകമുതലാളിമാർ ഒരു മന:സാക്ഷിക്കുത്തും കൂടാതെ തൊഴിലാളികളെ ചൂഷണം ചെയ്തു സമ്പത്ത് കുന്നുകൂട്ടി. തൊഴിലാളികൾ കടുത്ത ദാരിദ്ര്യത്തിന്റെ അടിമകളായി മാറി. വ്യവസായസ്ഥാപനങ്ങളിൽ അവർ വെറും ഉപകരണങ്ങളായി തരംതാഴ്ത്തപ്പെട്ടു. അങ്ങനെ അവർക്കു മുതലാളിത്തത്തിന്റെ ചട്ടക്കൂട്ടിൽ സ്വന്തം വ്യക്തിത്വവും അവകാശങ്ങളും നഷ്ടപ്പെട്ടു.

### മാർക്സിയൻ സോഷ്യലിസം

വ്യാവസായികവിപ്ലവത്തിന്റെ ആരംഭത്തിൽ തൊഴിലാളികളനുഭവിച്ച ക്രൂരമായ ചൂഷണത്തിന്റെയും തൽഫലമായുണ്ടായ കടുത്ത ദാരിദ്ര്യത്തിന്റെയും പശ്ചാത്തലത്തിലാണ് മാർക്സ് തന്റെ സോഷ്യലിസ്റ്റു സങ്കൽപം വളർത്തിയെടുത്തത്. മുതലാളിത്തവ്യവസ്ഥിതിയുടെ അടിമകളായ തൊഴിലാളികളെ വിമോചിപ്പിച്ച് അവർക്ക് സമ

ത്വസുന്ദരമായ ഒരു പറുദീസ സൃഷ്ടിക്കുന്നതിനുള്ള താത്ത്വികാടിത്തറയാണ് മാർക്സ് പാകിയത്. കുറഞ്ഞൊരു കാലഘട്ടംകൊണ്ട് മാർക്സിയൻ സങ്കൽപങ്ങൾ തൊഴിലാളിലോകത്തിന്റെ സുവിശേഷമായി മാറി.

സനാതനങ്ങളായ പല സത്യങ്ങളെയും നിഷേധിച്ചതിനാൽ സഭയുടെ സാമൂഹികപ്രബോധന രേഖകളെല്ലാംതന്നെ മാർക്സിസത്തെ എന്നും നിശിതമായി വിമർശിച്ചിട്ടുണ്ട്. ഇതിന്റെ പേരിൽ സഭ സമ്പന്നവർഗ്ഗത്തിന്റെ പക്ഷത്താണെന്ന ആരോപണം ശക്തമായിത്തീർന്നു. തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യംവയ്ക്കുന്ന മാർക്സിസം അതിൽ അന്തർലീനമായിട്ടുള്ള മാനുഷിക - ധാർമ്മികമൂല്യങ്ങളുടെ നിഷേധംമൂലം തൊഴിലാളിക്കു ഹാനികരമാകുമെന്ന സഭയുടെ പ്രവചനം ഇന്ന് അക്ഷരശ: ശരിയായിക്കഴിഞ്ഞു. മാർക്സിസം സഭയ്ക്കു സ്വീകാര്യമല്ലാത്തതിന്റെ കാരണം അതിന്റെ താഴെപ്പറയുന്ന യുക്തിരഹിതങ്ങളായ തത്ത്വങ്ങളാണ്.

1. സ്വകാര്യസ്വത്തവകാശത്തിന്റെ നിഷേധമാണ് മാർക്സിസത്തിന്റെ ഏറ്റവും വലിയ പ്രത്യേകത. സ്വകാര്യസ്വത്തു കളവാണെന്നും അതിനാൽ സമ്പത്ത് സമൂഹത്തിന്റെ പൊതുസ്വത്താകേണ്ടതാണെന്നുമാണ് മാർക്സിസത്തിന്റെ വാദം. വ്യക്തിസ്വകാര്യതയുടെ നിഷേധഫലമാണിത്. വ്യക്തിയുടെ ആധ്യാത്മികഭാവം അവഗണിക്കുകയും അവനെ സമൂഹത്തിന്റെ വെറുമൊരു ഭാഗമായിമാത്രം പരിഗണിക്കുകയും ചെയ്യുന്നു മാർക്സിസം. അതിനാൽ വ്യക്തി സമൂഹത്തിനുവേണ്ടി ജീവിക്കേണ്ടവനാണ്. അങ്ങനെ വ്യക്തി തന്റെ സ്വകാര്യത നഷ്ടപ്പെട്ട് സമൂഹത്തിന്റെ അടിമയായി തരംതാഴുന്നു.

ഓരോരുത്തർക്കും ആവശ്യമായതു ലഭിക്കുകയും എല്ലാവരും കഴിവനുസരിച്ച് അദ്ധ്വാനിക്കുകയും ചെയ്യുന്ന ഒരു അവസ്ഥയാണ് മാർക്സ് വിഭാവനം ചെയ്തത്. സന്യാസികൾ തപസ്സിലൂടെ നേടിയെടുക്കുന്ന സ്വയംത്യാഗത്തിന്റെയും പരോന്മുഖതയുടേതുമായ ജീവിതക്രമം ലോകവ്യാപകമായി വളർത്തിയെടുക്കാൻ കഴിയുമെന്ന സ്വപ്നമാണ് മാർക്സ് പുലർത്തിയത്. തപസ്സിനുപകരം വർഗ്ഗസമരമാണ് മാർക്സ് ഇതിനു നിർദ്ദേശിച്ച മാർഗ്ഗമെന്നുമാത്രം.

2. വർഗ്ഗസമരത്തിലൂടെ ഉള്ളവന്റെ കഴുത്തറുത്ത് അവന്റെ സമ്പത്ത് സമൂഹത്തിന്റേതാക്കിയാൽ സോഷ്യലിസം സ്വാഭാവികമായും രൂപപ്പെട്ടുകൊള്ളുമെന്നത് മാർക്സിസത്തിന്റെ മറ്റൊരു പ്രധാന ആശയമാണ്. ആത്മീയതയെ നിഷേധിക്കുമ്പോൾ അരിവാളും ചുറ്റികയുമല്ലാതെ വേറെ മാർഗ്ഗമൊന്നും സോഷ്യലിസ്റ്റുസമൂ

ഹസൃഷ്ടിക്കായി നിർദ്ദേശിക്കാൻ മാർക്സിസ്റ്റു പ്രത്യയശാസ്ത്രത്തിനില്ല.

3. ദൈവത്തെ മനുഷ്യമനസ്സിന്റെ സൃഷ്ടിയായിട്ടും, മതത്തെ, മനുഷ്യനെ മയക്കുന്ന കറുപ്പായിട്ടും ആണ് മാർക്സ് കരുതിയത്. ഈശ്വര- മതവിശ്വാസങ്ങൾ ഉന്മൂലനം ചെയ്യേണ്ടത് സോഷ്യലിസ്റ്റു സമൂഹസൃഷ്ടിക്ക് അനിവാര്യമാണെന്ന ചിന്ത മാർക്സിസ്റ്റു ഭൗതികവാദത്തിന്റെ അടിസ്ഥാനസങ്കൽപങ്ങളിലൊന്നാണ്. മനുഷ്യനിലെ സ്വാർത്ഥതയെയും മൃഗീയതയെയും സംസ്ക്കരിച്ച് അവനെ പരോന്മുഖനും മെച്ചപ്പെട്ട വ്യക്തിയും ആക്കാനുള്ള ശക്തിയുടെ ഉറവിടമാണ് ഇതുവഴി നഷ്ടപ്പെടുന്നതെന്നു മനസ്സിലാക്കാൻ മാർക്സിസ്റ്റ് ആചാര്യന്മാർക്കു കഴിഞ്ഞില്ല.

### ദൈവജനത്തിനിടയിലെ വിരുദ്ധ സമീപനങ്ങൾ

വ്യവസായികവിപ്ലവം വ്യാപകമായി സാമൂഹികപ്രശ്നങ്ങൾ സൃഷ്ടിക്കാൻ തുടങ്ങിയ കാലം മുതൽ സഭയിൽ അതിനോടു പ്രതികരിക്കുന്ന വിഭിന്ന ചിന്താധാരകളും പ്രവർത്തനശൈലികളും രൂപപ്പെട്ടിട്ടുണ്ട്. ഇടതുപക്ഷതീവ്രവാദം, ഇടതുപക്ഷമിതവാദം, വലതുപക്ഷതീവ്രവാദം വലതുപക്ഷമിതവാദം എന്നിങ്ങനെ നാലായി ഇവയെ പൊതുവേ തരംതിരിക്കാം.

#### 1. ഇടതുപക്ഷ തീവ്രവാദം

മുതലാളിത്തവ്യവസ്ഥിതി പൂർണ്ണമായും തിരസ്കൃതമാകണമെന്നും സോഷ്യലിസത്തിന്റെ പാത പിൻതുടരുകയാണ് കരണീയമായിട്ടുള്ളതെന്നുമുള്ള വാദമാണിത്. വിപ്ലവത്തിലൂടെ സാമ്പത്തികരംഗത്ത് സമൂലപരിവർത്തനം കൈവരിക്കാമെന്ന വിശ്വാസമാണ് ഇടതുപക്ഷതീവ്രവാദികൾക്കുള്ളത്. ഇവർ എന്നും ചെറിയൊരു ന്യൂനപക്ഷമായി സഭയിലുണ്ടായിരുന്നു. സുവിശേഷമാർഗ്ഗങ്ങൾക്കു നിരക്കാത്ത തത്ത്വങ്ങളും പ്രവർത്തനശൈലികളും ഇവർ സ്വീകരിക്കുന്നതുകൊണ്ടുതന്നെ ഈ ചിന്താധാരയ്ക്കൊരിക്കലും പിടിച്ചുനിൽക്കാനാകില്ല. ഇക്കാര്യം വ്യക്തമാക്കുന്നതാണ് കമ്മ്യൂണിസത്തിന്റെ പതനം.

#### 2. ഇടതുപക്ഷ മിതവാദം

മുതലാളിത്ത - സാമ്പത്തിക വ്യവസ്ഥിതിയിൽ മൗലികങ്ങളായ പല തെറ്റുകളും ഉണ്ടെന്നുതന്നെയാണ് ഈ വാദഗതിയുടെ നിഗമനം. എങ്കിലും അതിൽ ചില പൊളിച്ചുപണികൾ ചെയ്ത് സാമൂഹികപ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്താൻ അതുപയോഗിക്കാമെന്നവർ കരുതുന്നു. ജനായത്ത ഭരണരീതികളാവിഷ്കരിച്ച് നീതി

ന്യായങ്ങളിലധിഷ്ഠിതമായി സാമൂഹിക - സാമ്പത്തിക വ്യവസ്ഥിതികൾ രൂപീകരിച്ചാണിതു സാധിക്കുക. സാമ്പത്തികരംഗത്ത് ബാഹ്യമായ നിയന്ത്രണങ്ങൾ പാടില്ലെന്ന വാദത്തിനെതിരെ നീതിന്യായങ്ങളനുസരിച്ച് ഗവൺമെന്റുകൾ തൊഴിൽസ്ഥാപനങ്ങളുടെയും മറ്റും പ്രവർത്തനങ്ങൾ നിയന്ത്രിക്കണമെന്നും അവശവിഭാഗങ്ങളുടെ ക്ഷേമം മുൻ നിർത്തി സാമൂഹികനിയമങ്ങൾ രൂപീകരിച്ചും ന്യായമായ വേതനവ്യവസ്ഥകൾ നിർദ്ദേശിച്ചും മറ്റും ക്യാപ്പിറ്റലിസത്തിന്റെ ദൂഷ്യഫലങ്ങൾ ഒഴിവാക്കാമെന്നും ഇവർ വാദിക്കുന്നു. ഇതാണ് സഭയിൽ ശക്തിപ്പെട്ടതും.

### 3. വലതുപക്ഷ തീവ്രവാദം

തൊഴിലാളികളനുഭവിക്കുന്ന ദാരിദ്ര്യത്തിനും മനുഷ്യോചിതമല്ലാത്ത ജീവിതസാഹചര്യങ്ങൾക്കും വലതുപക്ഷതീവ്രവാദികൾ നിർദ്ദേശിക്കുന്ന പരിഹാരം വളരെ ലളിതമാണ്. മുതലുടമകളിൽ യഥാർത്ഥമായ മാനസാന്തരം വളർത്തിയെടുക്കുക. ക്രിസ്തീയസ്നേഹത്താൽ പ്രേരിതമായ ജീവകാരുണ്യപ്രവർത്തനംവഴി തൊഴിലാളികളുടെ പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്താനാകുമെന്ന ചിന്തയുടെ പരിണതഫലമാണ് ഫ്രാൻസിലാരംഭിച്ച വിൻസെന്റ് ഡി പോൾ സംഘം. അത് കുറഞ്ഞൊരു കാലംകൊണ്ട് ലോകവ്യാപകമായിത്തീർന്നു. സാമൂഹിക - സാമ്പത്തിക സംവിധാനങ്ങളുടെ സങ്കീർണ്ണതയെ സംബന്ധിച്ച ഘടനാപരമായ അറിവ് (structural perception) ഇല്ലാത്തതിനാലാണ് ഇത്തരത്തിലുള്ള വാദഗതി ഉന്നയിക്കപ്പെടുന്നത്. നിലവിലുള്ള സാമൂഹിക - സാമ്പത്തിക വ്യവസ്ഥിതികളുടെ നന്മ തിന്മകൾ സൂക്ഷ്മപരിശോധന ചെയ്യാനുള്ള കഴിവിന്റെ അഭാവം മൂലമാണ് ഇതു സംഭവിക്കുക. ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് അവയുടെതായ പ്രസക്തിയും പ്രാധാന്യവും ഉണ്ടെന്ന കാര്യം നിഷേധിക്കാനാവില്ല.

### 4. വലതുപക്ഷ മിതവാദം

മുതലാളിത്ത സാമ്പത്തികചിന്തകളും അവ രൂപപ്പെടുത്തിയ വ്യവസ്ഥിതികളും തെറ്റാണെന്ന ബോദ്ധ്യമാണിതിന്റെ പ്രത്യേകത. ഈ തെറ്റു തിരുത്താനുള്ള ഏക പോംവഴി, മധ്യശതകങ്ങളിൽ പാശ്ചാത്യസമൂഹങ്ങളിൽ നിലവിലുണ്ടായിരുന്ന ക്രാഫ്റ്റ് ഗിൽഡു സമ്പ്രദായം പുനർജ്ജീവിപ്പിക്കുകയാണെന്നവർ വിശ്വസിച്ചു. സാമൂഹിക-ധാർമ്മിക (social morality) സങ്കൽപത്തിന്റെ തണലിൽ വളർന്നുവന്ന പ്രസ്ഥാനമാണിത്. ആരും ആരെയും ചൂഷണം ചെയ്യാതെ എല്ലാവരും പൊതുനന്മയ്ക്കായി പ്രവർത്തിക്കുക, ഉൽപന്നങ്ങൾക്കു ന്യായമായ വില ലഭിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ നേടാനായി

തൊഴിൽശാലകളിലും മറ്റും ഇത്തരം സംഘടനകൾ പ്രവർത്തിച്ചിരുന്നു. മുതലാളിത്തവ്യവസ്ഥിതി സൃഷ്ടിക്കുന്ന പ്രശ്നങ്ങൾക്ക് ക്രാഫ്റ്റ് ഗിൽഡുകളുടെ രൂപീകരണത്തിലൂടെ പരിഹാരം കണ്ടെത്താമെന്ന ചിന്ത തികച്ചും അപ്രയോഗികമാണ്. കാരണം, വ്യവസായവൽക്കരണത്തോടെ സാമ്പത്തികരംഗത്തുണ്ടായ സങ്കീർണ്ണത ഇത്തരം പരിമിതമായ പ്രസ്ഥാനങ്ങൾക്കൊണ്ട് പരിഹരിക്കാവുന്നതിലേറെയായിരുന്നു. ഈ ചിന്താഗതിയോട് വലിയ ആഭിമുഖ്യമൊന്നും സഭയുടെ ഔദ്യോഗിക സാമൂഹിക പ്രബോധനരേഖകളിൽ കാണുന്നില്ല.

## സഭയുടെ ഔദ്യോഗിക സമീപനം

സാമൂഹികപ്രബോധനങ്ങളുടെ പ്രധാന സമീപനം ഇടതുപക്ഷമിതവാദത്തിന്റേതാണ്. കടുത്ത ദാരിദ്ര്യവും മനുഷ്യോചിതമല്ലാത്ത സാമ്പത്തിക ഉച്ചനീചത്വങ്ങളും വളർത്തുന്ന നിലവിലുള്ള തെറ്റായ സാമൂഹിക- സാമ്പത്തിക വ്യവസ്ഥിതികൾ തിരസ്ക്കരിച്ച് അവയുടെ സ്ഥാനത്ത് കൂടുതൽ മനുഷ്യോചിതവും നീതിപൂർവ്വകവുമായ വ്യവസ്ഥിതികളും സംവിധാനങ്ങളും രൂപവത്ക്കരിക്കണമെന്നാണ് സാമൂഹികപ്രബോധനത്തിന്റെ അടിസ്ഥാനപരമായ കാഴ്ചപ്പാട്. ജീവകാരുണ്യപ്രവർത്തനങ്ങൾ ആവശ്യമാണെങ്കിലും ദാരിദ്ര്യത്തിന്റെയും അനീതിയുടെയും പ്രശ്നങ്ങൾക്കു ശാശ്വതപരിഹാരം മൗലികമായ ഈ പരിവർത്തനംവഴി മാത്രമേ കണ്ടെത്താനാകൂ.

ഈ മാറ്റം കൈവരിക്കണമെങ്കിൽ മനുഷ്യത്വത്തിനും ധാർമ്മികതയ്ക്കും നിരക്കാത്ത മുതലാളിത്തത്തിന്റെയും മാർക്സിസത്തിന്റെയും അടിസ്ഥാനതത്വങ്ങൾ നിരാകരിക്കപ്പെടണം. ഇവ വളർത്തുന്ന ചേരിതിരിവുകൾ, മുതലാളി തൊഴിലാളി വർഗ്ഗവൈരാഗ്യങ്ങൾ, ഉച്ചനീചത്വങ്ങൾ, വ്യാപകമായ ദാരിദ്ര്യം, മനുഷ്യാവകാശലംഘനങ്ങൾ, അടിച്ചമർത്തലുകൾ തുടങ്ങിയവയ്ക്കു കടിഞ്ഞാണിടുന്നതിനും നീതിപൂർവ്വകവും മനുഷ്യോചിതവുമായ സാമൂഹികസാമ്പത്തിക വ്യവസ്ഥിതികൾ രൂപവത്ക്കരിക്കുന്നതിനും ആവശ്യമായ മൂല്യങ്ങളും തത്ത്വങ്ങളും മാർഗ്ഗനിർദ്ദേശങ്ങളുമാണ് സഭ തന്റെ സാമൂഹികപ്രബോധനരേഖകളിലൂടെ നൽകുന്നത്. വ്യക്തികളുടെ മൗലികാവകാശങ്ങൾ പൂർണ്ണമായി അംഗീകരിക്കുകയും സാർവ്വത്രികമായ കൂട്ടായ്മയും സഹകരണവും ഉറപ്പുവരുത്തുകയും ചെയ്യുന്ന ഒരു പുത്തൻ സമൂഹസൃഷ്ടിയാണ് ഇതിന്റെ ലക്ഷ്യം.

**ബിഷപ് മാർ തോമസ് ചക്യത്ത്**

# 03

## റേരും നൊവാരും : ലെയോ XIII

**1891** മെയ് 15-ന് മഹാനായ ലെയോ 13-ാമൻ മാർപാപ്പ ഒപ്പുവച്ച *റേരും നൊവാരും* എന്ന ചാക്രികലേഖനത്തിന്റെ പ്രസിദ്ധീകരണം സഭയുടെ ആധുനിക ചരിത്രത്തിലെ സുപ്രധാനമായൊരു സംഭവമാണ്. തൊഴിലാളികളുടെ അവകാശപത്രിക എന്ന് പിന്നീടറിയപ്പെടാൻ തുടങ്ങിയ ഈ രേഖ സഭയുടെ സാമൂഹിക പ്രബോധനത്തിന്റെ ഒരു ആമുഖക്കുറിപ്പും അടിസ്ഥാനശിലയുമായിട്ടാണ് പരിഗണിക്കപ്പെടുക. നൂറു വർഷം പിന്നിട്ടിട്ടും ഇതിന്റെ പ്രസക്തിക്കു കുറവു വന്നിട്ടില്ലെന്നു മാത്രമല്ല. ഇന്നതിനു പ്രസക്തി ഏറിയിട്ടുമുണ്ട്.

ഈശ്വര - മതവിശ്വാസങ്ങളെ തള്ളിപ്പറയുകയും, വ്യക്തിസ്വാതന്ത്ര്യത്തിന്റെ വേരറുക്കുകയും ചെയ്യുന്ന സോഷ്യലിസത്തിന്റെ പാത വഴിമുട്ടുമെന്ന ചാക്രികലേഖനത്തിന്റെ പ്രവചനം ഇന്ന് അക്ഷരശ: പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു. കമ്മ്യൂണിസത്തിന്റെ പതനം അതാണല്ലോ കാണിക്കുക. സാമ്പത്തികമേഖല ധാർമ്മിക മൂല്യങ്ങളു

ടെയും ഗവൺമെന്റിന്റെയും നിയന്ത്രണത്തിൽ നിന്ന് പൂർണ്ണമായി സ്വതന്ത്രമായിരിക്കണമെന്നും സ്വാർത്ഥവികാരങ്ങളെ പരമാവധി പ്രോത്സാഹിപ്പിക്കണമെന്നുമുള്ള മുതലാളിത്തത്തിന്റെ പാത അപകടത്തിലേക്കു നയിക്കുമെന്നുള്ള പ്രവചനവും ഇന്നു വാസ്തവമായി. മുതലാളിത്തം കഴിഞ്ഞ നൂറുവർഷങ്ങൾക്കിടയിൽ ഗുണപരമായ വളരെയേറെ മാറ്റങ്ങൾക്ക് വിധേയമായതുകൊണ്ട് കമ്മ്യൂണിസംപോലെ ഇന്നത് അത്ര അപകടകരമല്ലന്നായിട്ടുണ്ട്. എങ്കിലും, സ്വതന്ത്രകമ്പോള രാജ്യങ്ങൾ ഇന്ന് പലതരത്തിലുള്ള മാനുഷികപ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. *റേരും നൊവാരും* കാഴ്ച വയ്ക്കുന്ന ദർശനത്തിന്റെ യുക്തിഭദ്രതയാണ് ഇതെല്ലാം സൂചിപ്പിക്കുക.

1931-ൽ *ക്വാദ്രജെസിമോ അന്നോ*, 1961-ൽ *മാതാവും ഗുരുനാഥയും* 1971-ൽ *ഒക്തോജേസ്സിമോ അദ് വേനിയെൻസ്*, 1981 -ൽ *ലബേരം എക്സർചെൻസ്* 1991-ൽ *ചെന്തസിമൂസ് അന്നൂസ്* എന്നീ പ്രമാണരേഖകൾ മാർപാപ്പമാർ നൽകിയത് ഈ ചാക്രികലേഖനത്തിന്റെ 40, 70, 80, 100 വാർഷികാഘോഷങ്ങളുടെ ഭാഗമായിട്ടാണെന്ന വസ്തുത ഇതിന്റെ പ്രധാന്യത്തിന്റെ അടയാളമാണ്.

മനുഷ്യൻ നേരിടുന്ന ലൗകീകപ്രശ്നങ്ങളിൽ ഇടപെട്ട് അവയ്ക്ക് ക്രിസ്തീയമായ പരിഹാരങ്ങൾ നിർദ്ദേശിക്കാൻ സഭയ്ക്കു ഗൗരവമുള്ള കടമയുണ്ടെന്ന സത്യം ഈ ചാക്രികലേഖനത്തിന്റെ പ്രസിദ്ധീകരണംവഴി അസന്നിഗ്ദ്ധമായി വ്യക്തമാക്കപ്പെട്ടു. ദാരിദ്ര്യം, അനീതി തുടങ്ങിയ പ്രശ്നങ്ങൾക്ക് ജീവകാരുണ്യപ്രവർത്തനങ്ങൾവഴി പരിഹാരം തേടുന്ന പരമ്പരാഗത രീതിയുടെ സ്ഥാനത്ത് വ്യവസ്ഥാപിതമാർഗ്ഗങ്ങളും ശാസ്ത്രീയപരിഹാരങ്ങളും ചാക്രികലേഖനം നിർദ്ദേശിക്കുന്നുവെന്നത് ഇതിന്റെ പ്രാധാന്യത്തിന് വലിയൊരു കാരണമായി.

## ആമുഖം

ചാക്രികലേഖനത്തിന്റെ ആമുഖത്തിൽ അക്കാലത്തെ സാമൂഹിക പ്രശ്നങ്ങളും പരിവർത്തനങ്ങളും അവയുടെ കാരണങ്ങളും മാർപാപ്പ നൽകുന്നു. താഴെപ്പറയുന്നവയാണ് അവ:

* വ്യവസായ സംരംഭങ്ങളുടെ വിപുലമായ വളർച്ച.
* ശാസ്ത്രത്തിന്റെ പുത്തൻ കണ്ടുപിടുത്തങ്ങൾ.
* യജമാനൻമാരും തൊഴിലാളികളുമായുള്ള ബന്ധത്തിൽ ഉണ്ടായ മാറ്റങ്ങൾ.
* ചുരുക്കം ചില വ്യക്തികളിൽമാത്രം കുന്നുകൂടുന്ന സമ്പത്ത്.

* സാമാന്യജനങ്ങളുടെ കൊടിയ ദാരിദ്ര്യം.

* ധാർമ്മികാധ: പതനം.

സാമൂഹിക പ്രശ്നങ്ങളുടെ കാരണങ്ങളും ചാക്രികലേഖനം നൽകുന്നുണ്ട്.

* തൊഴിലാളികളുടെ അസംഘടിതാവസ്ഥ.

* പുരാതന തൊഴിലാളിസംഘങ്ങൾ (ഗിൽഡുകൾ) നശിപ്പിക്കപ്പെടുകയും അവയ്ക്കു പകരം മറ്റൊരു സംരക്ഷണസംഘടന സ്ഥാപിക്കപ്പെടാതിരിക്കുകയും ചെയ്തത്.

* മതത്തെ മാറ്റി നിർത്തിയത്.

* മുതലാളികളുടെ ഹൃദയകാഠിന്യവും അനിയന്ത്രിതമായ മൽസരത്തിനുള്ള അതിമോഹവും.

* വ്യവസായ വ്യാപാരസംരംഭങ്ങൾ ചില വ്യക്തികളുടെ കൈകളിൽ കേന്ദ്രീകരിച്ചത്.

ഇവയുടെ ഫലമായി ബഹുഭൂരിപക്ഷംവരുന്ന തൊഴിലാളി സമൂഹത്തിന്റെമേൽ അടിമത്തത്തിൽനിന്ന് ഒട്ടും ഭിന്നമല്ലാത്ത ഒരു നുകം ചുമത്താൻ ന്യൂനപക്ഷമായ അതിസമ്പന്നർക്ക് കഴിഞ്ഞുവെന്ന മാർപാപ്പയുടെ പ്രസ്താവന ശ്രദ്ധേയമാണ്.

## I. സോഷ്യലിസ്റ്റ് പ്രതിവിധിയും സ്വകാര്യസ്വത്തും

സോഷ്യലിസ്റ്റ് സങ്കൽപമനുസരിച്ച് സ്വകാര്യസ്വത്തു കളവാണ്. അതിന്റെ ദേശസാൽക്കരണത്തിലൂടെ മാത്രമേ തൊഴിലാളികളുടെ പ്രശ്നം പരിഹൃതമാകുകയുള്ളൂ. ഇത് അടിസ്ഥാനപരമായി തെറ്റാണെന്നും സ്വകാര്യസ്വത്തവകാശം മൗലീകവും സ്വാഭാവികവും ആണെന്നും തെളിയിക്കുന്നതിനാണ് പ്രധാനമായും ആദ്യഭാഗത്തു ശ്രമിക്കുക.

സ്വകാര്യസ്വത്തവകാശത്തിന്റെ നിഷേധം ആത്യന്തിക പരിശോധനയിൽ തൊഴിലാളികൾക്ക് തീരാനഷ്ടം വരുത്തും. അദ്ധ്വാനം വഴി സ്വന്തമായി സ്വത്തു സ്വരുക്കൂട്ടുകയെന്നത് ഒരു വ്യക്തിയുടെ ദൈവദത്തമായ അവകാശമാണ്. ഈ അവകാശം നിഷേധിക്കുക അനീതിയും എല്ലാവിധത്തിലും കുഴപ്പം സൃഷ്ടിക്കാനുള്ള വഴിതുറക്കലുമാണ് (Nos.3 -4). റഷ്യ തുടങ്ങിയ കമ്മ്യൂണിസ്റ്റ് രാജ്യങ്ങൾ ഇന്നു നേരിടുന്ന കടുത്ത ദാരിദ്ര്യവും അരാജകത്വവും ഈ പ്രഖ്യാപനത്തിന്റെ അർത്ഥപൂർണ്ണതയ്ക്ക് വ്യക്തമായ തെളിവാണ്.

വിശേഷബുദ്ധിയുള്ള മനുഷ്യൻ മൃഗങ്ങളിൽനിന്ന് വ്യത്യസ്തമായി വസ്തുവകകൾ സ്ഥിരമായി സൂക്ഷിച്ചുവച്ച് അനുഭവിക്കുവാൻ സ്വാഭാവികമായും പ്രേരിതനാകുന്നു. ഭാവികാലത്തെ വർത്തമാനകാലത്തോടു കൂട്ടിയിണക്കാനുള്ള കഴിവാണ് ഭാവി സുരക്ഷിതത്വത്തിനുവേണ്ടി സമ്പത്തു ശേഖരിക്കുവാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നത്.

ഒരു വ്യക്തി അദ്ധ്വാനംവഴി തന്റെ വ്യക്തിമുദ്ര പതിപ്പിക്കുന്ന ഭൂമി അവന്റേതായിത്തീരുകയെന്നതാണ് ദൈവനിയമം. അന്യരുടെ വസ്തുവകകൾ ആഗ്രഹിക്കുന്നതുപോലും തെറ്റായിട്ട് വിശുദ്ധ ഗ്രന്ഥം പഠിപ്പിക്കുന്നത് ഇതുകൊണ്ടാണ് (No.8).

സമൂഹത്തിന്റെ അടിസ്ഥാനശിലയായ കുടുംബം രാഷ്ട്രത്തിനു മുൻപുള്ളതാണ്. കുടുംബനായകനെന്ന നിലയിൽ കടമകൾ നിർവ്വഹിക്കാനുള്ള ഉത്തരവാദിത്വം ഓരോ വ്യക്തിയുടേതുമാണ്. അതുകൊണ്ടുതന്നെ സ്വന്തമായി സമ്പത്തുണ്ടാക്കാനും സൂക്ഷിച്ചുവയ്ക്കാനും അവന് അധികാരം ലഭിയ്ക്കുന്നു. മക്കൾക്ക് ഭക്ഷണവും മറ്റും നൽകുകയെന്നത് പ്രകൃതിയുടെ ഏറ്റവും പവിത്രമായ നിയമമാണ്. അനിശ്ചിതമായ സാഹചര്യങ്ങളുടെ മദ്ധ്യത്തിൽ ദാരിദ്ര്യവും അരിഷ്ടതയും കൂടാതെ മക്കൾക്ക് മാന്യമായി ജീവിക്കുന്നതിനാവശ്യമായവ സ്വരുക്കൂട്ടാൻ ഒരു പിതാവിനു കടമയുണ്ട്. സ്വകാര്യ സ്വത്തവകാശത്തിന്റെ മൗലികതയ്ക്ക് ഇത് മറ്റൊരു തെളിവാണ്. ഈ കടമ ഗവൺമെന്റ് ഏറ്റെടുക്കുന്നത് കുടുംബത്തിന്റെമേലുള്ള കയ്യേറ്റമാണ്.

രാഷ്ട്രത്തിന്റെ അനധികൃതമായ ഇടപെടലിനെതിരേ ലെയോ മാർപാപ്പ നടത്തിയ പ്രവചനസ്വഭാവമുള്ള പ്രസ്താവന വളരെ പ്രസ്ക്തമാണ്.

> രാഷ്ട്രത്തിന്റെ അനധികൃതമായ ഇടപെടൽ അനീതിയാണ്; മാത്രമല്ല, അത് നിശ്ചയമായും എല്ലാ വിഭാഗത്തിലുംപെട്ട പൗരന്മാർക്ക് ശല്യവും അസ്വസ്ഥതയുമുണ്ടാക്കുകയും, ഗർഹണീയവും അസഹനീയവുമായ അടിമത്തത്തിന് കാരണമാക്കുകയും ചെയ്യും. അത് അസൂയയ്ക്കും പരദൂഷണത്തിനും കലഹത്തിനും വാതിൽ തുറക്കും; സമ്പത്തിന്റെ ഉറവിടങ്ങൾ തന്നെ വറ്റിപ്പോകും; കാരണം, ഒരുവനും തന്റെ കഴിവുകൾ വിനിയോഗിക്കാനോ ഉത്സാഹപൂർവ്വം അദ്ധ്വാനിക്കാനോ താത്പര്യം ഉണ്ടാകുകയില്ല. സോഷ്യലിസ്റ്റുകൾ മധുരസ്വപ്നം കാണുന്ന ആദർശ സമത്വം, യഥാർത്ഥത്തിൽ എല്ലാവരെയും ഒന്നുപോലെ ദുരിതത്തിന്റെയും അപമാനത്തിന്റെയും സ്ഥിതിയിലെത്തിക്കുന്ന ഒരുതരം നിരപ്പാക്കലായിത്തീരുന്നു (No.12).

1891-ൽ മാർപാപ്പ നടത്തിയ ഈ പ്രഖ്യാപനം അക്ഷരംപ്രതി ശരിയാണെന്ന് കമ്മ്യൂണിസ്റ്റു രാജ്യങ്ങളുടെ ചരിത്രം തെളിയിക്കുന്നു. തൊഴിലാളികളുടെ പറുദീസാസൃഷ്ടി ലക്ഷ്യംവച്ച് കമ്മ്യൂണിസ്റ്റാചാര്യന്മാർ നടത്തിയ പരിശ്രമങ്ങൾ വഴിമുട്ടി. ആ രാജ്യങ്ങളിലെ പൗരന്മാർ ക്രൂരമായ അടിച്ചമർത്തലും അടിമത്തവും അനുഭവിച്ചുവെന്ന് ഇന്ന് നാം മനസ്സിലാക്കുന്നു. ഇതൊക്കെ വ്യക്തമാക്കുക, ലെയോ മാർപാപ്പയുടെ സാമൂഹിക ദർശനത്തിന്റെ പ്രസക്തിയാണ്.

## II. യഥാർത്ഥ പ്രതിവിധി

തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിൽ സഭ, രാഷ്ട്രം, മുതലാളി – തൊഴിലാളികൾ എന്നീ വിഭാഗങ്ങൾക്കു തങ്ങളുടേതായ ദൗത്യങ്ങൾ നിർവ്വഹിക്കാനുണ്ട്.

### 1. സഭയുടെ ദൗത്യം

മതത്തിന്റെയും സഭയുടെയും സഹായം കൂടാതെ യാതൊരുപ്രായോഗിക പരിഹാരവും കണ്ടെത്താനാവില്ലെന്നും സഭ ഈ രംഗത്ത് നിശബ്ദത പാലിച്ചാൽ അതൊരു കർത്തവ്യവിലോപമായിരിക്കുമെന്നും മാർപാപ്പാ അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു. കാരണം, സുവിശേഷങ്ങളെ അടിസ്ഥാനപ്പെടുത്തി മനുഷ്യന്റെ എല്ലാവിധ പ്രവർത്തനങ്ങളെയും നിയന്ത്രിക്കാനാവശ്യമായ മൂല്യങ്ങൾ ചൂണ്ടികാണിക്കുകയാണ് സഭയ്ക്ക് ഈ രംഗത്ത് നിർവ്വഹിക്കാനുള്ള ദൗത്യം (No.13). ഈ അടിസ്ഥാനത്തിൽ *റേരും നൊവാരും* നിർദ്ദേശിക്കുന്ന മൂല്യങ്ങളിതാണ്:

**അസമത്വങ്ങൾ അനിവാര്യം:** സോഷ്യലിസ്റ്റുകൾ അവകാശപ്പെടുന്നതുപോലെ സമൂഹത്തെ നിരപ്പാക്കി എല്ലാവരെയും ഒരേ നിലയിലേക്ക് കൊണ്ടുവരിക സാദ്ധ്യമല്ല. കർമ്മശേഷിയിലും ആരോഗ്യത്തിലും കായികശക്തിയിലും സാമർത്ഥ്യത്തിലും മനുഷ്യർ സ്വഭാവികമായും ഭിന്നരാണ്. ഇപ്രകാരമുള്ള വ്യത്യസ്ത സ്ഥിതിവിശേഷങ്ങളുടെ അവശ്യഫലമാണ് സാമ്പത്തിക സ്ഥിതിയിലുള്ള അസമത്വം.

**വർഗ്ഗസൗഹാർദ്ദം അനുപേക്ഷണീയം:** സാമ്പത്തികാടിസ്ഥാനത്തിൽ മനുഷ്യർ പ്രകൃത്യാ വർഗ്ഗശത്രുതയിലാണെന്ന സോഷ്യലിസ്റ്റുകളുടെ, വിശേഷിച്ച് മാർക്സിസ്റ്റുകളുടെ പ്രസ്താവനയെ മാർപാപ്പ നിഷേധിക്കുന്നു. പ്രകൃതിയുടെ നിശ്ചയം മനുഷ്യർ ഐക്യത്തിലും രമ്യതയിലും കഴിയണമെന്നതാണ്. വർഗ്ഗങ്ങളുടെ പരസ്പര യോജി

പ്പിലാണ് ജീവിതം സുഖകരവും സുന്ദരവുമാവുക. വർഗ്ഗശത്രുതയും വർഗ്ഗസംഘട്ടനവും കാടത്തമാണ് (No.15). മാർക്സിന്റെ വർഗ്ഗ സമര സിദ്ധാന്തത്തെ മാർപാപ്പ ഇവിടെ നിഷേധിക്കുന്നു.

**തൊഴിലാളിയുടെ കടമകൾ:** സ്വന്തം തൊഴിലിനോട് വിശ്വസ്തത പുലർത്തുക, തൊഴിൽ സ്ഥാപനത്തിന്റെ സ്വത്ത് നശിപ്പിക്കാതിരിക്കുക, അക്രമമാർഗ്ഗങ്ങൾ ഉപേക്ഷിക്കുക തുടങ്ങിയ തൊഴിലുകളുടെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാൻ ചാക്രികലേഖനം ആഹ്വാനം ചെയ്യുന്നു (No.16).

**മുതലുടമയുടെ കടമകൾ:** നീതിപൂർവ്വകമായ വേതനം, ന്യായമായ വിശ്രമം തുടങ്ങിയവ തൊഴിലാളികൾക്ക് നൽകാൻ ഗൗരവമുള്ള കടമയുണ്ടെന്ന ബോദ്ധ്യം 19-ാം നൂറ്റാണ്ടിലെ തൊഴിലുടമകൾക്ക് ഉണ്ടായിരുന്നില്ല. വ്യവസായ-വ്യാപാര മേഖലകളെ നിയന്ത്രിച്ചിരുന്ന സ്വതന്ത്രകമ്പോളവ്യവസ്ഥിതി അത്തരമൊരു ചിന്തയെ അംഗീകരിക്കുന്നില്ലെന്നതാണ് അതിന് കാരണം. അതുകൊണ്ടുതന്നെ മാർപാപ്പായുടെ ഈ രംഗത്തെ പഠനങ്ങൾ യുക്തസഹങ്ങളല്ലെന്ന് വാദിച്ച് അവയെ പുച്ഛിച്ചു തള്ളിപ്പറഞ്ഞവർ ചുരുക്കമല്ല. മാർപാപ്പ നൂറുവർഷങ്ങൾക്ക് മുൻപ് ഇതിനെ സംബന്ധിച്ച് നൽകിയ നിർദ്ദേശങ്ങൾ ഇന്ന് എല്ലാവരുംതന്നെ അംഗീകരിക്കുന്നു. അവ സംക്ഷിപ്തമായി താഴെക്കൊടുക്കുന്നു.

* മനുഷ്യനെന്ന നിലയിൽ ഒരു തൊഴിലാളിക്ക് ലഭിക്കേണ്ട ആദരവും ബഹുമാനവും മുതലുടമ നൽകണം.
* അവരെ സമ്പത്തുണ്ടാക്കാനുള്ള ഉപകരണങ്ങളോ വെറും കായിക ശക്തിയോ ആയി പരിഗണിച്ച് ദുരുപയോഗിക്കരുത്. അത്തരം പ്രവർത്തനം മനുഷ്യത്വത്തിന് നിരക്കാത്തതും ലജ്ജാവഹവുമാണ് (No.16).
* തൊഴിലാളികളുടെ മതപരവും ആദ്ധ്യാത്മീകവുമായ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് സാഹചര്യങ്ങൾ സൃഷ്ടിക്കണം.
* പ്രായം, സ്ത്രീപുരുഷഭേദം തുടങ്ങിയവ കണക്കിലെടുത്തുവേണം ജോലി ചെയ്യിപ്പിക്കുവാൻ (No.16).
* ന്യായമായ വേതനം നൽകുകയെന്നത് മുതലുടമയുടെ സുപ്രധാനമായ കടമയാണ്.

> തൊഴിലുടമയുടെ മഹനീയവും സുപ്രധാനവുമായ കർത്തവ്യം ഓരോരുത്തർക്കും നീതിപൂർവ്വകമായത് നൽകുകയെന്നതാണ്. ന്യായമായ കൂലിയുടെ മാനദണ്ഡം നിശ്ചയിക്കുന്നതിനുമുമ്പ് പല

> കാര്യങ്ങളും പരിഗണിക്കണമെന്നതിൽ സംശയമില്ല. എന്നാൽ, ധന വാൻമാരും തൊഴിലുടമകളും ഒരുകാര്യം ഓർമ്മിക്കണം. അതായത്, സ്വന്തം ലാഭത്തിനുവേണ്ടി നിർദ്ധനരുടെയും നിരാലംബരുടെയുംമേൽ സമ്മർദ്ദം ചെലുത്തുന്നതും അന്യന്റെ അത്യാവശ്യങ്ങൾ ചൂഷണം ചെയ്ത് ലാഭമുണ്ടാക്കുന്നതും മാനുഷികവും ദൈവികവുമായ എല്ലാ നിയമങ്ങളും വിലക്കിയിട്ടുള്ളതാണ്. ആർക്കാണെങ്കിലും ന്യായമായ കൂലി നിഷേധിക്കുന്നത് സ്വർഗ്ഗത്തോട് പ്രതികാരത്തിനായി കേഴുന്ന ഒരു പാപമാണ് ((No. 17).

**ധനത്തിന്റെ ശരിയായ വിനിയോഗം:** സമ്പത്തിന്റെ വിനിയോഗം ദൈവനിശ്ചയപ്രകാരമാകണം. പ്രകൃതിവസ്തുക്കൾ എല്ലാ മനുഷ്യർക്കും വേണ്ടിയുള്ളതാണെന്ന തത്ത്വത്തിലധിഷ്ഠിതമാണിത്. ഇതിന്റെ അടിസ്ഥാനത്തിൽ സമ്പത്തിന്റെമേലുള്ള ഒരു വ്യക്തിയുടെ അവകാശവും അതിന്റെ ഉപയോഗവും നിയന്ത്രിക്കപ്പെടണം. സ്വകാര്യസ്വത്തുടമയ്ക്ക് തന്റെ സമ്പത്തിന്റെമേൽ പരമാധികാരം നൽകുന്ന മുതലാളിത്ത സാമ്പത്തികചിന്തയ്ക്ക് കടകവിരുദ്ധമായ ഒരു പഠനമാണ് മാർപാപ്പാ ഇവിടെ നൽകുക. സമ്പത്തെല്ലാം ദൈവത്തിന്റേതാണെന്നും സ്വത്തുടമ ദൈവത്തിന്റെ വെറും കാര്യസ്ഥനാണെന്നുമുള്ള വിശുദ്ധഗ്രന്ഥ പഠനമാണ് മാർപാപ്പ ഇതിന് അടിസ്ഥാനമാക്കുക.

**മനുഷ്യന്റെ യഥാർത്ഥ മഹത്ത്വം:** മനുഷ്യരെല്ലാവരും പിതാവായ ദൈവത്തിന്റെ മക്കളെന്ന നിലയ്ക്ക് തുല്യമഹത്വമുള്ളവരും, സഹോദരങ്ങളും, പരസ്പരം കടപ്പെട്ടവരുമാണ്. മനുഷ്യന്റെ യഥാർത്ഥ മഹത്വവും ശ്രേഷ്ഠതയും അടങ്ങിയിരിക്കുക, അവന്റെ ധാർമ്മികഗുണങ്ങളിൽ അതായത്, സുകൃതഭാവത്തിലാണ്. സുകൃതമാകട്ടെ, ഉയർന്നവർക്കും താഴ്ന്നവർക്കും സമ്പന്നർക്കും ദരിദ്രർക്കും ഒരുപോലെ പ്രാപിക്കാവുന്നതാണ് (20-21). ഈ ധാർമ്മികഗുണങ്ങൾ സ്വന്തമാക്കുന്നതുവഴിയാണ് പരസ്പരധാരണയും കൂട്ടായ്മയും ശക്തിപ്പെടുക.

**സഭയുടെ സാമൂഹികപ്രവർത്തനം:** ആത്മാവിന്റെ രക്ഷയിൽ മാത്രമല്ല സഭ ശ്രദ്ധിക്കുക. മറിച്ച്, മനുഷ്യന്റെ ഭൗമികക്ഷേമം കൈവരിക്കുന്ന കാര്യത്തിൽ സഭ എന്നും പ്രതിബദ്ധത കാണിച്ചിട്ടുണ്ട്. സഭയുടെ ആരംഭംതൊട്ട് ഇതിന് ധാരാളം തെളിവുകളുണ്ട്. ശത്രുക്കളുടെ പോലും പ്രശംസ ഈ രംഗത്ത് നേടാൻ സഭയ്ക്ക് കഴിഞ്ഞിട്ടുണ്ട് (No.16).

ആദിമസഭയുടെ ചരിത്രവും ദരിദ്രരായിത്തീർന്ന ജറുസലെമിലെ ദൈവജനത്തിനുവേണ്ടി വിശുദ്ധ പൗലോസ് ധർമ്മപ്പിരിവ് നട

ത്തിയതും ചാക്രികലേഖനത്തിന്റെ പരാമർശനവിഷയമാകുന്നു വെന്നത് പ്രസക്തമാണ്. ഇപ്രകാരം, വിശ്വാസികൾ നടത്തിയ ധർമ്മ പ്പിരിവിനെ "ഭക്തനിക്ഷേപങ്ങൾ" എന്നാണ് തെർത്തുല്യൻ വിളി ക്കുന്നത് (No.24).

രോഗംമൂലവും മറ്റും കഷ്ടപ്പെടുന്നവരെയും ദരിദ്രരെയും സഹാ യിക്കുന്നതിനായി രൂപപ്പെട്ടിട്ടുള്ള സന്യാസസമൂഹങ്ങളും മറ്റുസം ഘടനകളും സഭയുടെ സാമൂഹികതാത്പര്യത്തിന്റെ ഉത്തമ നിദർശനങ്ങളാണ്.

**2. രാഷ്ട്രത്തിന്റെ സാമൂഹികപ്രവർത്തനം**

വ്യവസായ - വ്യാപാര മേഖല സർവ്വവിധത്തിലുമുള്ള ഇടപെട ലുകളിൽനിന്നും സ്വതന്ത്രമായിരിക്കണമെന്ന ക്യാപ്പിറ്റലിസ്റ്റ് സങ്ക ല്പമനുസരിച്ച്, സാമ്പത്തികമേഖലയിൽ അച്ചടക്കപാലനം നട ത്തുക മാത്രമാണ് രാഷ്ട്രീയാധികാരികൾക്ക് ചെയ്യാനുള്ളത്. ഈ പശ്ചാത്തലത്തിലാണ് ലെയോ മാർപാപ്പ ഗവൺമെന്റിന്റെ കടമ കളെപ്പറ്റി നിർദ്ദേശം നൽകുന്നത്.

* പൊതുജനക്ഷേമവും വ്യക്തികളുടെ അഭിവൃദ്ധിയും സാധ്യ മാക്കുകയാണ് ഒരു രാഷ്ട്രത്തിന്റെ പ്രഥമ ധർമ്മം.

* എല്ലാവർക്കും നീതി തുല്യമായി ലഭ്യമാക്കുവാൻ രാഷ്ട്രത്തിന് കടമയുണ്ട്. ഉയർന്നവരും താഴ്ന്നവരുമെന്ന വ്യത്യാസം ഇവിടെ പാടില്ല. നിസ്സഹായരായ തൊഴിലാളികളുടെ കാര്യത്തിൽ കൂടു തൽ ശ്രദ്ധിക്കേണ്ടതുണ്ട്.

> തൊഴിലാളികളുടെ ന്യായമായ താത്പര്യങ്ങൾ ഗവൺമെന്റ് ശ്രദ്ധാപൂർവ്വം സംരക്ഷിക്കണമെന്ന് നീതി ആവശ്യപ്പെടുന്നു. ജനസമൂഹത്തിന്റെ ക്ഷേമത്തെ വിപുലമായ തോതിൽ സഹാ യിക്കുന്ന തൊഴിലാളികൾക്കുതന്നെ അവർ സൃഷ്ടിക്കുന്ന ഐശ്വര്യത്തിൽ ഭാഗഭാഗിത്വം ലഭിക്കണം (No.27).

* രാഷ്ട്രം വ്യക്തിയെയോ കുടുംബത്തെയോ ഗ്രസിക്കാൻ പാടി ല്ല. അവയ്ക്ക് സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള സാഹചര്യം സൃഷ്ടിക്കണം.

* ഭരണാധികാരം ദൈവത്തിന്റെ പരമാധികാരത്തിലുള്ള ഭാഗഭാ ഗിത്വമാണ്. തൻമൂലം ദൈവം തന്റെ അധികാരം പ്രയോഗി ക്കുന്നതുപോലെയാണ് അതും പ്രയോഗിക്കപ്പെടേണ്ടത്. പൈതൃകമായ ഒരു ഔൽസുക്യം ഈ അധികാരവിനിയോ ഗത്തിലുണ്ടായിരിക്കണമെന്നർത്ഥം.

* വ്യക്തികളുടെ അവകാശസംരക്ഷണരംഗത്ത് പാവപ്പെട്ടവരും അശരണരുമായവർ സവിശേഷ പരിഗണനയർഹിക്കുന്നു. കാരണം, സമ്പന്നരെപ്പോലെ ഇവർക്ക് തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ മാർഗ്ഗമില്ല.

    വ്യക്തികളുടെ അവകാശങ്ങളെ സംരക്ഷിക്കണമെന്ന കാര്യത്തിൽ പാവപ്പെട്ടവരും അശരണരുമായവർ കൂടിയ പരിഗണനയർഹിക്കുന്നു. സമ്പന്നവർഗ്ഗത്തിന് തങ്ങളെത്തന്നെ രക്ഷിക്കാൻ അനേകം മാർഗ്ഗങ്ങളുണ്ട് (No.29).

* നിയമനിർമ്മാണത്തിലൂടെ സ്വകാര്യസ്വത്ത് സംരക്ഷിക്കാൻ ഗവൺമെന്റിന് കടമയുണ്ട് (No.30).

* തൊഴിലാളികളും തൊഴിൽദായകരും തമ്മിലുള്ള തർക്കങ്ങളും സംഘട്ടനങ്ങളും ഉണ്ടാകുന്നതിനുള്ള കാരണങ്ങളെ യഥാസമയം നീക്കംചെയ്യാൻ ഭരണാധികാരികൾ ശ്രദ്ധിക്കണം (No.31).

* തൊഴിലാളികൾക്ക് ആദ്ധ്യാത്മിക ജീവിതത്തിന് അവസരം നൽകണം (No.32).

* വിശ്രമം, ഇടവേള, ആരോഗ്യസംരക്ഷണം തുടങ്ങിയവ തൊഴിലാളികൾക്ക് ലഭ്യമാക്കണം.

    മനുഷ്യരെ പണമുണ്ടാക്കാനുള്ള ഉപകരണങ്ങളായി മാത്രം ഉപയോഗിക്കുന്ന അത്യാഗ്രഹികളുടെ നിഷ്ഠൂരതയിൽനിന്ന് പാവപ്പെട്ട തൊഴിലാളികളെ മോചിപ്പിക്കുകയാണ് ആദ്യമായി ചെയ്യേണ്ടത്. മനസ്സ് മരവിക്കുകയും ശരീരം ക്ഷയിക്കുകയും ചെയ്യുന്നവിധം തൊഴിലാളികളെക്കൊണ്ട് അമിതമായി ജോലി ചെയ്യിച്ച് അവരെ ഞെരുക്കുന്നത് നീതിക്ക് നിരക്കുന്നതല്ല; മനുഷ്യോചിതമല്ല. മനുഷ്യന്റെ പ്രകൃതിപോലെ അവന്റെ കഴിവുകളും പരിമിതമാണ് (No.33).

**ന്യായമായകൂലി:** ന്യായമായ കൂലി സ്വഭാവിക നീതിയിലധിഷ്ഠിതമായി വേണം നിശ്ചയിക്കാൻ. ജീവിക്കാനാവശ്യമായത് അദ്ധ്വാനത്തിലൂടെ കണ്ടെത്തുകയെന്നത് സ്വാഭാവികം മാത്രമാണ്. വേതനം ഒരുവന്റെ ജീവിതത്തിന് മതിയാകുന്നതും ഭാവിയിലേക്ക് എന്തെങ്കിലും നീക്കിവയ്ക്കുവാൻ പര്യാപ്തവുമാകണം. ഇതർത്ഥമാക്കുന്നത് തൊഴിലാളിയും മുതലാളിയും തമ്മിലുള്ള കരാർ അതിൽത്തന്നെ എപ്പോഴും നീതിയുള്ളതാകണമെന്നില്ല എന്നതാണ്.

> മനുഷ്യനും മനുഷ്യനും തമ്മിലുണ്ടാകുന്ന ഏത് ഉടമ്പടി യെയുംകാൾ കൂടുതൽ പുരാതനവും കൂടുതൽ ആജ്ഞാശക്തി യുള്ളതുമായ സ്വാഭാവികനീതിയുടെ ശാസനം ഇതിലെല്ലാം അന്തർലീനമായി നിലകൊള്ളുന്നുണ്ട്. മിതവ്യയശാലിയും മര്യാദക്കാരനുമായ ഒരു കൂലിക്കാരന്റെ ഉപജീവനത്തിന് മതി യാകുന്നതായിരിക്കണം പ്രതിഫലമെന്നതാണ് ആ ശാസനം (No.34).

* സ്വകാര്യസ്വത്ത് സ്വരുക്കൂട്ടുവാൻ തൊഴിലാളികൾക്ക് പ്രചോ ദനം നൽകുകയും അതിനുപയുക്തമായ വേതനം ലഭ്യമാ ക്കുകയും ചെയ്യേണ്ടത് ആവശ്യകമാണ് (No.35).

### 3. തൊഴിൽദായകരുടെയും തൊഴിലാളികളുടെയും ദൗത്യങ്ങൾ

തൊഴിലുടമകൾക്കും തൊഴിലാളികൾക്കും സാമൂഹിക പ്രശ്ന ങ്ങൾ പരിഹരിക്കുവാൻ ചില കടമകൾ നിർവ്വഹിക്കാനുണ്ട്.

* മധ്യശതകങ്ങളിൽ നിലനിന്നിരുന്ന കരകൗശല ജോലിക്കാ രുടെ ഗിൽഡുകൾ (craft guilds) പോലെ ഇരുകൂട്ടരെയും കൂടുതൽ അടുപ്പിക്കാൻ ഉപകരിക്കുന്ന പരസ്പരസഹായ സംഘങ്ങൾ രൂപീ കരിക്കണം.

* തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും പര സ്പരം സഹായിക്കുന്നതിനുംവേണ്ടി ട്രേഡ് യൂണിയനുകൾ ആരംഭിക്കാൻ തൊഴിലാളികൾക്ക് അവകാശം മാത്രമല്ല, കടമ കൂടിയുണ്ട്: "തങ്ങളുടെയിടയിൽ സംഘടനകൾ സ്ഥാപിക്കുകയും അങ്ങനെ തങ്ങളുടെ ശക്തി സമാഹരിച്ച് അന്യായവും ദുസ്സഹ വുമായ മർദ്ദനമാകുന്ന നുകം ധൈര്യപൂർവ്വം തട്ടിനീക്കുകയും ചെയ്യുക". ക്രിസ്തീയ തൊഴിലാളികളുടെ കടമയായിട്ടാണ് ചാക്രിക ലേഖനം ചിത്രീകരിക്കുക.

### ഉപസംഹാരം

വ്യവസായവത്ക്കരണത്തോടനുബന്ധിച്ച് ഉരുത്തിരിഞ്ഞ സാമൂ ഹികപ്രശ്നങ്ങൾക്ക് ക്രിസ്തീയപരിഹാരങ്ങൾ കണ്ടെത്താൻ ബന്ധ പ്പെട്ട എല്ലാവരും ഒത്തുശ്രമിക്കണമെന്ന ആഹ്വാനത്തോടെയാണ് മാർപാപ്പ ചാക്രികലേഖനം അവസാനിപ്പിക്കുക. തൊഴിലുടമകളും തൊഴിലാളികളും രാഷ്ട്രതലവന്മാരും സഭാധികാരികളും ഈ രംഗത്തെ തങ്ങളുടെ കടമകൾ കൃത്യമായി നിർവ്വഹിക്കാൻ ശ്രമം നടത്തണം.

**ബിഷപ് മാർ തോമസ് ചക്യത്ത്**

# 04

## ക്വാദ്രേജെസ്സിമോ അന്നോ : പീയൂസ് XI

റേരും *നൊവാരും* പ്രസിദ്ധീകരിച്ചതിന്റെ 40-ാം വാർഷികത്തിലാണ് ഈ ചാക്രികലേഖനം പതിനൊന്നാം പീയൂസ് മാർപാപ്പാ പ്രസിദ്ധീകരിച്ചത്. ഒന്നാം ലോകമഹായുദ്ധത്തെ തുടർന്ന് 1929-ൽ പാശ്ചാത്യരാഷ്ട്രങ്ങളെ പൊതുവേ ബാധിച്ച സാമ്പത്തിക തകർച്ചയും അക്കാലഘട്ടത്തിൽ ശക്തമായിത്തീർന്ന സ്വേച്ഛാധിപത്യപ്രവണതയും കമ്മ്യൂണിസത്തിന്റെ വളർച്ചയുമാണ് ഇപ്രകാരമൊരു പ്രമാണരേഖ പുറപ്പെടുവിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. കുത്തകമുതലാളിത്തത്തിന്റെ ക്രമാതീതമായ വളർച്ചയും തത്ഫലമായി രൂപപ്പെട്ട മുതലാളിത്തഭരണം സൃഷ്ടിച്ച സാമൂഹിക നീതികളും ഇതിനു പ്രചോദനം നൽകിയിട്ടുണ്ടാകണം.

സാമൂഹിക നീതിയുടെ അടിസ്ഥാനത്തിൽ സമ്പത്തിന്റെ ദേശീയതലത്തിലുള്ള വിഭജനം, പുതിയ സാഹചര്യങ്ങളിൽ തൊഴിലാളികളുടെ അവകാശ

സംരക്ഷണം, സേച്ഛാധിപത്യ പ്രവണതകളെയും കമ്മ്യൂണിസ ത്തെയും ചെറുത്തുനിൽക്കൽ തുടങ്ങിയവയ്ക്കാവശ്യമായ മൂല്യ ങ്ങൾ ആവിഷ്കരിക്കുക, അതിനാവശ്യമായ പ്രായോഗികനിർദ്ദേ ശങ്ങൾ നൽകുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണു ചാക്രികലേ ഖനം രചിക്കപ്പെട്ടത്. സാമൂഹികസാമ്പത്തിക മേഖലകളിൽ ഗുരു തരമായ പുനർനിർമ്മാണത്തിന്റെ ആവശ്യകത ഈ ചാക്രികലേ ഖനം എടുത്തുകാട്ടുന്നു. *റേരും നൊവാരു*മിന്റെ കാലോചിതമായ വ്യാഖ്യാനവും അതിലെ ആശയങ്ങളുടെ അനുക്രമമായ വികാ സവുമാണ് ഈ പ്രബോധനരേഖ ഉൾക്കൊള്ളുന്നത്.

*റേരും നൊവാരും* മൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ, *റേരും നൊവാരു*മിന്റെ വ്യാഖ്യാനം, ആധുനികസാമ്പത്തികക്രമത്തി ന്റെയും സോഷ്യലിസത്തിന്റെയും വിമർശനം എന്നിങ്ങനെ മൂന്നു ഭാഗങ്ങളായിട്ടാണ് ചാക്രികലേഖനത്തെ വിഭജിച്ചിരിക്കുന്നത്.

## I. റേരും നൊവാരും മൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ

സഭ, രാഷ്ട്രം, തൊഴിൽദായകരും തൊഴിലാളികളും എന്നീ മൂന്നു ഘടകങ്ങളൊത്തൊരുമിച്ചുള്ള പ്രവർത്തനഫലമായിട്ടേ സാമൂ ഹികപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനാകുകയുള്ളുവെന്ന് ലെയോ മാർപാപ്പാ തന്റെ ചാക്രികലേഖനത്തിൽ സൂചിപ്പിച്ചിരു ന്നു. ഓരോ വിഭാഗവും നിർവ്വഹിക്കേണ്ട കടമകളെന്തെല്ലാമെന്നും അദ്ദേഹം വ്യക്തമാക്കിയിരുന്നു. അവ എത്രമാത്രം നിർവ്വഹിക്ക പ്പെട്ടുവെന്ന് ഈ ഭാഗത്ത് ചാക്രികലേഖനം വിലയിരുത്തുന്നു.

### സഭ ചെയ്തിട്ടുള്ള സേവനം (No. 17-24)

ലോകത്തിന്റെ നാനാഭാഗത്തുമുള്ള മെത്രാന്മാരും വൈദികരും ചാക്രികലേഖനത്തെ വ്യാഖ്യാനിക്കുകയും സാമൂഹികപ്രതിബദ്ധ തയുള്ള ധാരാളംപേർ ഈ മേഖലയിൽ ഗൗരവമുള്ള പഠനങ്ങളും ഗവേഷണങ്ങളും നടത്തുകയും ചെയ്തു. ഇതിന്റെ വെളിച്ചത്തിൽ കത്തോലിക്കാ സാമൂഹികദർശനം രൂപംകൊണ്ടു. ഇതിന്റെ സ്വാധീനം പല രാഷ്ട്രങ്ങളിലും നിയമനിർമ്മാണങ്ങളിലും നീതിന്യായകോടതികളുടെ പ്രവർത്തനങ്ങളിലും ദൃശ്യമായി.

ചാക്രികലേഖനം തൊഴിലാളികളിൽ തങ്ങളുടെ അന്തസ്സിനെയും അവകാശങ്ങളെയും സംബന്ധിച്ച് അവബോധം സൃഷ്ടിക്കുകയും പരസ്പരസഹായസംഘടനകൾ രൂപവത്ക്കരിക്കാൻ അവർക്കു പ്രേരണ നൽകുകയും ചെയ്തു.

**രാഷ്ട്രീയധികാരികളുടെ പ്രവർത്തനങ്ങൾ (No. 25-28)**

ചാക്രികലേഖനത്തിന്റെ പ്രസിദ്ധീകരണത്തിനുമുമ്പുതന്നെ ചില ഗവൺമെന്റുകൾ തൊഴിലാളികളുടെ അവകാശസംരക്ഷണത്തിനായി പ്രത്യേകനിയമനിർമ്മാണങ്ങൾ നടത്തിയിരുന്നുവെന്ന വസ്തുത പതിനൊന്നാം പീയൂസ് മാർപാപ്പാ അംഗീകരിക്കുന്നു. ഈ കടമ നിർവ്വഹണത്തെ സംബന്ധിച്ചുള്ള ബോധ്യം ഗവൺമെന്റധികാരികളിൽ ആഴപ്പെടുത്താൻ *റേരും നൊവാരും* കാര്യമായി സഹായിച്ചു. ദരിദ്രർക്കും തൊഴിലാളികൾക്കും സവിശേഷ സംരക്ഷണം നൽകാനും അവരുടെ ക്ഷേമം കൈവരുത്താനും ഉതകത്തക്ക നിയമനിർമ്മാണങ്ങൾ ആസൂത്രണം ചെയ്യുന്നതിലും വ്യാപകമായ പരിശ്രമങ്ങൾ നടന്നു.

**തൊഴിലുടമകളും തൊഴിലാളികളും ചെയ്ത കാര്യങ്ങൾ (No. 29-38)**

തൊഴിലാളികളുടെയും തൊഴിലുടമകളുടെയും വെവ്വേറെയും ഒന്നിച്ചുമുള്ള സംഘടനകൾ രൂപവത്കരിക്കുവാനുള്ള *റേരും നൊവാരു*മിന്റെ ആഹ്വാനം, കാര്യമായ ഫലം പുറപ്പെടുവിച്ചില്ലെന്ന് പീയൂസ് പതിനൊന്നാമൻ മാർപാപ്പാ ദു:ഖത്തോടെ അനുസ്മരിക്കുന്നു. തൊഴിലാളികൾ സംഘടിക്കുന്നത് അപകടകരമായി പലരും വീക്ഷിക്കുകയുണ്ടായെന്ന സത്യവും ചാക്രികലേഖനം എടുത്തുകാണിക്കുന്നുണ്ട്.

## II. റേരും നൊവാരും – ഒരു വ്യാഖ്യാനം

സാമൂഹികസാമ്പത്തികമേഖലകളെ സുവിശേഷത്തിന്റെ വെളിച്ചത്തിൽ വിലയിരുത്താനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകാനും സഭയ്ക്കു ഗുരുതരമായ അവകാശവും കടമയും ഉണ്ടെന്ന കാര്യം ശക്തിയായി ന്യായീകരിച്ചുകൊണ്ടാണ്, മാർപാപ്പ *റേരും നൊവാരു*മിലെ ചില തത്ത്വങ്ങൾക്ക് കാലോചിതമായ വ്യാഖ്യാനങ്ങൾ നൽകുന്നത്. സ്വകാര്യസ്വത്തവകാശം, മൂലധനവും തൊഴിലും, തൊഴിലാളിവർഗ്ഗത്തിന്റെ വിമോചനം, ന്യായമായ വേതനം, സാമൂഹികക്രമത്തിന്റെ പുനർനിർമ്മാണം എന്നീ വിഷയങ്ങളാണ് ഇവിടെ ചർച്ച ചെയ്തിരിക്കുന്നത് (Nos.41–43).

### 1. സ്വകാര്യസ്വത്തവകാശം (Nos. 44-52)

സ്വകാര്യസ്വത്തവകാശത്തിന് നൽകിയ പ്രാധാന്യം അതിന്റെ വിനിയോഗത്തിലുള്ള സാമൂഹികമായ ഉത്തരവാദിത്വത്തിന് ലെയോ മാർപാപ്പ നൽകിയില്ലെന്ന തെറ്റിദ്ധാരണ തിരുത്താനുള്ള ശ്രമം

പീയൂസ് പാപ്പാ നടത്തുന്നു. തുടർന്ന് ഈ രംഗത്ത് ആവശ്യമായ ചില നിർദ്ദേശങ്ങളും അദ്ദേഹം നൽകുന്നു.

* സ്വകാര്യസ്വത്തവകാശം മൗലികസ്വഭാവമുള്ളതാണെങ്കിലും അതു ചില സാമൂഹികകടപ്പാടുകൾ ഉൾക്കൊള്ളുന്നുണ്ട്. എല്ലാവർക്കുംവേണ്ടി നൽകപ്പെട്ടിട്ടുള്ള പ്രപഞ്ചവസ്തുക്കൾ എല്ലാവർക്കും ന്യായമായി ലഭ്യമാകത്തക്ക വിധമാകണം, സ്വത്തിന്റെ സ്വകാര്യവൽക്കരണവും ഉപയോഗവും.
* സ്വത്തവകാശത്തിന്റെ വ്യക്തിപരവും സാമൂഹികവുമായ സ്വഭാവത്തിനനുസരിച്ച് അതിനെ നിയന്ത്രിക്കാനുള്ള ഉത്തരവാദിത്വം ഭരണാധിപന്മാർക്കുണ്ട്. എല്ലാവർക്കും നൽകപ്പെട്ടിട്ടുള്ള പ്രപഞ്ചവസ്തുക്കൾ എല്ലാവർക്കും ന്യായമായവിധം ലഭ്യമാകണം.
* സമ്പത്തു സ്വന്തമാക്കാനും അതു പിൻതലമുറയ്ക്കു കൈമാറാനുമുള്ള വ്യക്തിയുടെ അവകാശത്തിന് ഗവൺമെന്റിന്റെ ഇടപെടൽമൂലം ഒരിക്കലും ഹാനി സംഭവിക്കാൻ ഇടയാവരുത്. സ്വകാര്യസ്വത്തവകാശം നിഷേധിക്കുന്ന കമ്മ്യൂണിസ്റ്റ് രാജ്യങ്ങളുടെ സമീപനത്തിനെതിരേയുള്ള പ്രസ്താവനയായി ഇതിനെ കണക്കാക്കാം.
* വ്യക്തിയുടെ പക്കലുള്ള അധികസമ്പത്തുകൊണ്ട് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സ്വത്തുടമയ്ക്കു ബാധ്യതയുണ്ട്.

## 2. മൂലധനവും തൊഴിലും (Nos. 53-58)

മൂലധനത്തിന്റേമേൽ മുതലാളിയുടെ അമിതമായ അവകാശവാദംമൂലം തൊഴിലാളികൾക്ക് വളരെ തുച്ഛമായ സമ്പത്തു നൽകി ബാക്കിയുള്ളതെല്ലാം മുതലുടമകൾ സ്വന്തമാക്കുന്ന രീതിയെ ചാക്രികലേഖനം നിശതമായി വിമർശിക്കുന്നുണ്ട്. ഉത്പാദിപ്പിക്കപ്പെടുന്ന സമ്പത്തെല്ലാം തങ്ങൾക്കവകാശപ്പെട്ടതാണെന്ന തൊഴിലാളികളുടെ വാദവും ചോദ്യംചെയ്യപ്പെടുന്നുണ്ടിവിടെ. ഉത്പാദിപ്പിക്കപ്പെടുന്ന സമ്പത്ത് സമൂഹത്തിലെ എല്ലാ വിഭാഗവും ജനങ്ങൾക്കും ന്യായമായ വിധം പങ്കുവയ്ക്കപ്പെടുകയെന്നതാണ് നീതി. എല്ലാവരുടെയും ന്യായമായ അവകാശങ്ങൾ നിറവേറ്റപ്പെടാൻ സമ്പത്ത് ഉതകണമെന്നതാണ് അടിസ്ഥാനതത്വം. ഇന്നു സഭയുടെ സാമൂഹികപഠനങ്ങളിലും ധാർമ്മികദൈവശാസ്ത്രത്തിലും സ്വീകാര്യമായ സാമൂഹികനീതി എന്ന പദപ്രയോഗം ഇവിടെയാണ് ആദ്യമായി പ്രയോഗിക്കപ്പെട്ടത്. സഭയുടെ സാമൂഹികപഠനങ്ങളിലും ധാർമ്മിക ദൈവ

ശാസ്ത്രത്തിലും ഏറെ ഉപയോഗിക്കപ്പെടുന്ന ഒരു പദമാണല്ലോ അത്. സമ്പത്തിന്റെ വിഭജനത്തെ സംബന്ധിച്ച് പുതിയ ഒരുൾക്കാഴ്ചയ്ക്ക് ചാക്രികലേഖനം അടിസ്ഥാനമിട്ടു.

> അതുകൊണ്ട് ഓരോരുത്തനും അവകാശപ്പെട്ട പങ്കു ലഭിയ്ക്കുകയും സൃഷ്ടവസ്തുക്കളുടെ വിഭജനം പൊതുനന്മയ്ക്ക് അഥവാ സാമൂഹിക നീതിക്ക് അനുയോജ്യമാക്കുകയും ചെയ്യണം. കുറച്ചുപേർ സമ്പത്തിന്റെ സിംഹഭാഗവും കൈയടക്കിവയ്ക്കുകയും വളരെയേറെപ്പേർ പരമദരിദ്രരായി ജീവിക്കുകയും ചെയ്യുന്ന ഇന്നത്തെ അവസ്ഥ സാമ്പത്തിക വിഭജനത്തിലെ ഗുരുതരമായ അപാകതയാണെന്ന വസ്തുത സത്യസന്ധമായി കാര്യങ്ങൾ വീക്ഷിക്കുന്നവർക്കു വ്യക്തമാണ് (No.58).

### 3. തൊഴിലാളിവർഗ്ഗത്തിന്റെ വിമോചനം (Nos. 59-62)

അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ ദുരിതങ്ങൾക്കു കുറച്ചൊക്കെ പരിഹാരം കണ്ടെത്തിയെങ്കിലും വ്യവസായവത്ക്കരണത്തിന്റെ വ്യാപനംമൂലം ദരിദ്രരായ തൊഴിലാളികളുടെ എണ്ണം വളരെയധികം വർദ്ധിച്ചു. കർഷകത്തൊഴിലാളികൾ കടുത്ത ദാരിദ്ര്യത്തിനടിപ്പെട്ടു. കൃഷിഭൂമിയിൽ തങ്ങൾക്ക് അവകാശം ലഭിക്കുമെന്ന പ്രതീക്ഷ പോലും അവർക്കില്ലാതായി. ലെയോ മാർപാപ്പയുടെ നിർദ്ദേശങ്ങൾക്കു വേണ്ടത്ര പ്രാധാന്യം നൽകാത്തതാണ് ഇത്തരമൊരവസ്ഥ തുടരുന്നതിന്റെ കാരണമെന്നു ദു:ഖപൂർവ്വം പതിനൊന്നാം പീയൂസ് ചൂണ്ടിക്കാണിക്കുന്നു.

ഉത്പാദിപ്പിക്കപ്പെടുന്ന സമ്പത്തിന്റെ ന്യായമായ വീതം മാത്രം ഭാവിയിൽ മുതലാളികൾക്കു ലഭ്യമാക്കാനും ബാക്കിയുള്ളത് തൊഴിലാളികളുടേതാക്കി മാറ്റാനും കഴിയണം. ഇതുവഴി കുറച്ചു സമ്പത്ത് മിച്ചംവയ്ക്കാനും അവർക്കു കഴിയും. സ്വന്തമായി സ്വത്തുണ്ടാക്കുകവഴി കൂടുതൽ സുരക്ഷിതത്വചിന്തയും ആത്മവിശ്വാസവും അവർക്കുണ്ടാകും. തൊഴിലാളികളുടെ വിമോചനത്തിനുള്ള യഥാർത്ഥ മാർഗ്ഗം ഇതുമാത്രമാണ്.

### 4. ന്യായമായ വേതനം (Nos. 63-75)

വേതനത്തെ സംബന്ധിച്ച് ചില പുത്തനാശയങ്ങൾ ചാക്രിക ലേഖനം നൽകുന്നു.

* വേതനക്കരാറിന്റെ അടിസ്ഥാനത്തിൽ തൊഴിൽ ചെയ്യുന്നതിൽ തെറ്റില്ലെങ്കിലും അതിന്റെ സ്ഥാനത്ത് പങ്കാളിത്തത്തിന്റേതായ കരാറായിരിക്കും ഉത്തമം.

* തൊഴിലാളികൾക്കു മൂലധനത്തിൽ പങ്കോ മാനേജ്മെന്റിൽ പങ്കാളിത്തമോ ലാഭത്തിൽ വിഹിതമോ നൽകുന്നതുവഴി ഇതു നടപ്പിലാക്കാം. രണ്ടുകൂട്ടർക്കും ഉപകാരപ്രദമാകുമിത്. ഈ ചിന്തയ്ക്ക് ഇന്നു വ്യാപകമായ അംഗീകാരം ലഭിയ്ക്കുന്നുണ്ട്, വിശേഷിച്ചും പാശ്ചാത്യരാജ്യങ്ങളിൽ. XXIII-ാം യോഹന്നാൻ മാർപാപ്പയും ജോൺ പോൾ രണ്ടാമനും ഈ ആശയം പ്രചരിപ്പിക്കുന്നതിൽ വളരെയേറെ താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

* കുടുംബവേതനം ലഭിക്കാൻ തൊഴിലാളിക്കു മൗലികാവകാശമുണ്ട്. തന്നെ ആശ്രയിച്ചു ജീവിക്കുന്ന കുടുംബാംഗങ്ങളെ സംരക്ഷിക്കാനുള്ള സ്വാഭാവികമായ കടമയാണ് ഇതിനു കാരണം. അദ്ധ്വാനത്തിലൂടെ മാത്രമാണല്ലോ, ഈ കടമ നിർവ്വഹിക്കാനാവശ്യമായ സമ്പത്തു കണ്ടെത്താൻ കഴിയുക.

* അമ്മയെന്ന നിലയ്ക്കു കുടുംബനാഥ കഴിയുന്നതും വീട്ടുകാര്യങ്ങളിൽ ശ്രദ്ധിക്കേണ്ടതുള്ളതുകൊണ്ടാണ് ഇത്തരമൊരു വേതനത്തിന് കൂടുതൽ അവകാശം തൊഴിലാളിക്കു ലഭിയ്ക്കുന്നത്.

* കുടുംബവേതനം നൽകാനുള്ള സാമ്പത്തിക സുസ്ഥിതി തൊഴിൽ സ്ഥാപനത്തിനില്ലെങ്കിൽ, അതിനു പ്രസ്തുത സ്ഥാപനം കടപ്പെടുന്നില്ല. എങ്കിലും, ഈ കടമ നിർവ്വഹിക്കാനുള്ള സാധ്യത വളർത്തിയെടുക്കാൻ തന്നാലാവുന്ന പരിശ്രമം ഉടമ നടത്തണം.

* തൊഴിലാളിക്കും അവന്റെ കുടുംബത്തിനും ജീവിക്കാനാവശ്യമായ തുക ലഭ്യമാക്കാൻ സമൂഹത്തിനു ബാധ്യതയുണ്ട്. സാമൂഹിക നീതി ആവശ്യപ്പെടുന്ന കടപ്പാടാണിത്. പെൻഷൻ, ഇൻഷൂറൻസ്, സൗജന്യവിദ്യാഭ്യാസം, സൗജന്യാരോഗ്യസംരക്ഷണം തുടങ്ങിയവയിലൂടെ ഇന്ന് എല്ലാ രാജ്യങ്ങളുംതന്നെ ഈ ഉത്തരവാദിത്വം നിർവ്വഹിക്കാൻ ശ്രമിക്കുന്നുവെന്നത് ശ്രദ്ധേയമാണ്.

* വേതനത്തെ സംബന്ധിച്ച ഒരു ദേശീയനയം ഓരോ രാഷ്ട്രത്തിനും വേണം. സമൂഹത്തിന്റെ പൊതുക്ഷേമം ലക്ഷ്യംവച്ചുകൊണ്ട് വേതനനിരക്കുകളിൽ ക്രമാതീതമായ അന്തരമുണ്ടാകാതിരിക്കാൻ ഭരണാധിപന്മാർ ശ്രദ്ധിക്കണം.

തൊഴിലിന്റെ വ്യക്തിഗതവും സാമൂഹികവുമായ മാനങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ് വേതനത്തെ സംബന്ധിച്ച ഈ നിർദ്ദേശങ്ങൾ. തൊഴിൽ ചെയ്യുന്നതു വ്യക്തിയാണെങ്കിലും ഉത്പാദന

പ്രക്രിയ പൂർണ്ണമായും അവന്റെമാത്രം പ്രവർത്തനഫലമല്ല. അതിന് പല സാമ്പത്തിക വ്യവസ്ഥിതികളോടും സ്ഥാപനങ്ങളോടും ബന്ധ മുണ്ട്. തെറ്റായ വ്യാപാര വ്യവസായ നയങ്ങൾമൂലം ചില വ്യവസാ യസ്ഥാപനങ്ങളും വ്യാപാരസ്ഥാപനങ്ങളും മറ്റുള്ള സ്ഥാപനങ്ങളുടെ ചൂക്ഷണത്തിനു വിധേയമായെന്നുവരും. ഈ വസ്തുതകളുടെ വെളി ച്ചത്തിലാണ് വേതനവ്യവസ്ഥകൾ. സമ്പത്തിന്റെ വിഭജനം, പൊതുക്ഷേമം തുടങ്ങിയവയെ സംബന്ധിച്ച ഒരു പൊതുനയം ആവ ശ്യമായി വരുന്നത്.

**5. സാമൂഹികക്രമത്തിന്റെ പുനർനിർമ്മാണം (Nos. 76-98)**

വർദ്ധമാനമായ സാമ്പത്തിക ഉച്ചനീചത്വങ്ങൾക്ക് തൊഴിലാളി കളുടെ നിരവധിയായ ദുരിതങ്ങൾക്കും ചൂഷണത്തിനും പരിഹാര മായി ലെയോ പതിമൂന്നാമൻ നിർദ്ദേശിച്ചത് രണ്ടു കാര്യങ്ങളാണ്.

* സാമൂഹികസംവിധാനങ്ങളും വ്യവസ്ഥിതികളും നവീകരിക്കുക
* സ്വാർത്ഥപരവും അനീതിപരവുമായ പ്രവർത്തനങ്ങളിൽ മാറ്റം വരുത്തുക.

ഈ നിർദ്ദേശങ്ങൾക്ക് ആവശ്യമായ അനുബന്ധങ്ങൾ 11-ാം പീയൂസ് കൂട്ടിചേർക്കുന്നു.

* സ്വാർത്ഥതയ്ക്കും സ്വകാര്യതയ്ക്കും കാര്യമായ ഊന്നൽ ലഭി ക്കുകമൂലം അപ്രത്യക്ഷമായ സാമൂഹികസംഘടനകളും കൂട്ടാ യ്മയും പുനരാവിഷ്കരിക്കണം. ഇവയുടെ അഭാവത്തിൽ വ്യക്തികൾ ഒറ്റപ്പെട്ട തുരുത്തുകളായിത്തീരുന്നത് അപകടക രമാണ്. എല്ലാക്കാര്യത്തിലും ഗവൺമെന്റ് വ്യക്തികളുടെ സഹാ യത്തിനെത്തുകയെന്നത് ആരോഗ്യകരമല്ല. സംഘടിതമായ പ്രവർത്തനങ്ങളിലൂടെ വ്യക്തികൾ പരസ്പരം സഹായിക്കു വാൻ കഴിവുള്ളവരാകണം.
* മുതലുടമകളും തൊഴിലാളികളും വിഘടിച്ചുനിൽക്കുന്നത് ഒട്ടും യുക്തിസഹമല്ല.
* ഇതിനുള്ള ഒരേയൊരു പ്രതിവിധി ഓരോ ഉത്പാദനമേഖല യിലും രണ്ടുകൂട്ടരും സഹകരിച്ചു പ്രവർത്തിക്കാനുള്ള സാഹ ചര്യങ്ങൾ സൃഷ്ടിക്കുകയാണ്.
* സഹകരണത്തിലധിഷ്ഠിതമായ ഗ്രൂപ്പുകളും സംഘടനകളും രൂപീകൃതമാകുന്നതുവഴി സമൂഹത്തിന്റെ നഷ്ടപ്പെട്ടുപോയ സംഘടനാത്മകത വീണ്ടും ലഭിക്കും.

* ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സഹകരണപ്രസ്ഥാനങ്ങളും സഹകരണസംഘങ്ങളും പലേടത്തും രൂപീകൃതമായെന്നത് ശ്രദ്ധേയമാണ്. (തൊഴിൽ ഒരു ക്രിസ്തീയവിശകലനം എന്ന അദ്ധ്യായം കാണുക)
* സാമൂഹികനീതിയിലും ഉപവിയിലും അധിഷ്ഠിതമായ പ്രവർത്തനശൈലി വ്യക്തികളും സമൂഹവും സ്വീകരിക്കണം.
* സ്വതന്ത്രകമ്പോള വ്യവസ്ഥിതിയുടെയും എല്ലാം അടിച്ചമർത്തുന്ന സോഷ്യലിസ്റ്റു സമീപനത്തിന്റെയും സ്ഥാനത്ത് നീതിയും ഉപവിയും ഊടും പാവുമായുള്ള പെരുമാറ്റച്ചട്ടങ്ങൾ ആവിഷ്കരിക്കാൻ ഭരണാധിപന്മാർ ശ്രദ്ധിക്കണം.

## III. സാമ്പത്തികക്രമത്തിലും സോഷ്യലിസത്തിലും വന്ന മാറ്റം

ലെയോ മാർപാപ്പയുടെ കാലം മുതൽ സാമ്പത്തിക ക്രമത്തിലും സോഷ്യലിസത്തിലും വലിയ മാറ്റങ്ങൾ സംഭവിച്ചു. അവയുടെ വിലയിരുത്തലാണ് ചാക്രികലേഖനത്തിന്റെ മൂന്നാം ഭാഗത്തു കാണുന്നത്.

**a)** ചുരുക്കം ചില വ്യക്തികളിൽ സമ്പത്തു കുന്നുകൂടുന്നതിനും സമ്പന്നർ രാഷ്ട്രീയധികാരം പിടിച്ചെടുക്കുന്നതിനുമുള്ള പ്രവണത ശക്തിപ്പെട്ടുവെന്നതാണ് പ്രധാനമായ മാറ്റം. സാമ്പത്തികമേഖലയിൽ അംഗീകരിക്കപ്പെട്ട അനിയന്ത്രിതമായ മത്സരംമൂലമാണ് സാമ്പത്തികമേധാവിത്വത്തിനും രാഷ്ട്രീയമേധാവിത്വത്തിനും വേണ്ടിയുള്ള വടംവലി ശക്തിപ്പെട്ടത്. ഇത് രാജ്യങ്ങൾ തമ്മിലുള്ള കിടമത്സരങ്ങൾക്കും വഴിതെളിച്ചു (No. 105-108).

പതിനൊന്നാം പീയൂസ് മാർപാപ്പ 1931-ൽ ചൂണ്ടിക്കാണിച്ച ഈ പ്രത്യേകതകൾ ഇന്നും നമ്മുടെ സാമൂഹിക സാമ്പത്തിക ക്രമത്തിന്റെ അടിസ്ഥാന സ്വഭാവംതന്നെയാണ്. മുതലുടമകൾ തങ്ങളുടെ സാമ്പത്തികശക്തിയും രാഷ്ട്രീയസ്വാധീനവും ഉപയോഗിച്ചു തൊഴിലാളികളെയും മറ്റും അടക്കി ഭരിക്കാനും ചൂഷണം ചെയ്യാനും ശ്രമിക്കുന്നു. മറുവശത്താകട്ടെ തൊഴിലാളികൾ തങ്ങളുടെ സംഘടനാശക്തിയുപയോഗിച്ച് മുതലുടമകളെ ഭീഷണിപ്പെടുത്താനും ചൂഷണംചെയ്യാനും ഉദ്യമിക്കുന്നു. ധാർമ്മികമൂല്യങ്ങൾക്ക് എല്ലാവിധ നിയന്ത്രണശക്തിയും നിഷേധിക്കപ്പെടുന്ന സാമ്പത്തികവ്യാപാരങ്ങളുടെ ഈ വ്യവസ്ഥിതിയിൽ "ശക്തി" യുള്ളവനു മാത്രമേ ജീവിതത്തിൽ ആത്യന്തികമായി വിജയസാധ്യതയുള്ളൂ. ശക്തിയുള്ളവർ ശക്തികുറഞ്ഞവരെ അടക്കിഭരിക്കുന്ന ഈ അവസ്ഥ മനുഷ്യോചിതമല്ല.

പതിനൊന്നാം പീയൂസ് മാർപാപ്പ ഇതിനു നിർദ്ദേശിക്കുന്ന പരിഹാരം അന്നുമിന്നും പ്രസക്തമാണ്. നീതിന്യായങ്ങളനുസരിച്ച് സാമ്പത്തികവ്യാപാരങ്ങളെ നിയന്ത്രിക്കണമെന്ന് അദ്ദേഹം നിർദ്ദേശിക്കുന്നു. ഭരണാധിപന്മാരുടെ ഗുരുതരമായ ഉത്തരവാദിത്വമാണിത്.

**b)** സോഷ്യലിസത്തിൽ വന്ന മാറ്റമാണ് ചാക്രികലേഖനത്തിന്റെ പഠനത്തിനു വിധേയമാകുന്ന മറ്റൊരു കാര്യം (No.111-115).

സോഷ്യലിസത്തിൽവന്ന ഏറ്റവും വലിയ പരിവർത്തനം കമ്മ്യൂണിസമെന്ന ആശയത്തിന്റെ വളർച്ചയാണ്. കടുത്ത വർഗ്ഗസമരവും സമ്പത്തിന്റെ പൂർണ്ണ ദേശസാൽക്കരണവും അതിന്റെ അടിസ്ഥാനസമീപനങ്ങളാണ്. ഈ ആശയത്തിനു വ്യാപകമായ അംഗീകാരം ലഭിച്ചുകൊണ്ടിരുന്ന കാലഘട്ടത്തിലാണ് ഈ ചാക്രികലേഖനം രചിക്കപ്പെട്ടതെന്ന വസ്തുത പ്രസക്തമാണിവിടെ.

ഒരു വിഭാഗം സോഷ്യലിസ്റ്റുകൾ തങ്ങളുടെ സമീപനത്തിൽ കുറച്ചൊക്കെ മയം വരുത്തുകയുണ്ടായി. വർഗ്ഗസമരം കഴിയുന്നതും ഒഴിവാക്കുകയും സ്വകാര്യസ്വത്തവകാശം കുറച്ചൊക്കെ അംഗീകരിക്കുകയും ചെയ്യുകയെന്ന സമീപനമാണ് ഇവർ സ്വീകരിച്ചത്. ഇതിന്റെ സ്വാധീനം പാശ്ചാത്യസമൂഹങ്ങളിൽ മുതലാളിത്ത സാമ്പത്തിക വ്യവസ്ഥിതിക്കു കുറച്ചൊക്കെ മനുഷ്യത്വത്തിന്റെ മുഖം നൽകാൻ സഹായിച്ചിട്ടുണ്ട്.

എങ്കിലും, ഈ സമീപനം സ്വീകരിച്ചവർപോലും ഭൗതികചിന്താഗതി മുറുകെപ്പിടിക്കുകയും സ്വകാര്യസ്വത്തിന്റെ മൗലികസ്വഭാവത്തെ അംഗീകരിക്കാൻ വിമുഖത കാണിക്കുകയും ചെയ്തു. മനുഷ്യന്റെ ആത്മീയതയ്ക്ക് ഒരു സ്ഥാനവും കൊടുക്കാൻ ഇവർ തയ്യാറല്ല. ആത്യന്തിക പരിശോധനയിൽ മുതലാളിത്തവും സോഷ്യലിസവും സാമൂഹികപ്രശ്നങ്ങൾ രൂക്ഷതരമാക്കാൻ വളരെയേറെ സഹായിച്ചു.

### അപകടകരമായ ചില വസ്തുതകൾ (No.130-135)

സോഷ്യലിസത്തിന്റെയും മുതലാളിത്തത്തിന്റെയും ഫലമായി സാമൂഹിക സാമ്പത്തിക ക്രമത്തിന്റെ ധാർമ്മികാടിസ്ഥാനത്തിനു സംഭവിച്ച ക്ഷതം മാർപാപ്പയെ വളരെയേറെ വേദനിപ്പിച്ചു. മനുഷ്യന്റെ നിത്യരക്ഷയുടെ പാത ഇവ മൂലം ദുർഘടമായിതീർന്നുവെന്ന അദ്ദേഹത്തിന്റെ വാദം അന്നും ഇന്നും പ്രസക്തമാണ്. ഇന്നു വ്യാപകമായി ചർച്ച ചെയ്യപ്പെടുന്ന "സാമൂഹികപാപം" എന്ന സങ്കൽപം ഇവിടെ തെളിഞ്ഞുനിൽപുണ്ട്. ഈ പദപ്രയോഗം ചാക്രി

കലേഖനം ഉപയോഗിക്കുന്നില്ല എന്നതു ശരിതന്നെ. സ്വാഭാവിക മായും തിന്മയിലേക്കു ചാഞ്ഞിരിക്കുന്ന മനുഷ്യനെ തെറ്റായ പ്രത്യ യശാസ്ത്രങ്ങളും കൂടുതൽ തെറ്റുചെയ്യാൻ ശക്തമായി പ്രേരിപ്പി ക്കുന്നു. ഇതിന് ചാക്രികലേഖനം നൽകുന്ന ഉദാഹരണങ്ങൾ:

* മനുഷ്യനിൽ ഭൗതികതാൽപര്യങ്ങൾ ക്രമാതീതമായി ശക്തി പ്പെട്ടതുമൂലം അപരന്റെ അവകാശങ്ങളും ദൈവികനിയമങ്ങളും ചവിട്ടി മെതിക്കാൻ അവനു മടിയില്ലാതായി.

* സാമ്പത്തികവ്യാപാരങ്ങളിൽ ധാർമ്മികമൂല്യങ്ങളുടെ നിയ ന്ത്രണം പാടില്ലെന്ന മുതലാളിത്തചിന്തയുടെ സ്വാധീനംമൂലം എന്തുമാർഗ്ഗം ഉപയോഗിച്ചും സമ്പത്തുണ്ടാക്കാമെന്ന ധാരണ പല അനീതികൾക്കും കാരണമാകുന്നു. ന്യായമായ വില എന്ന സങ്കൽപംതന്നെ ഇല്ലാതായത് ഇതുമൂലമാണ്. ഇതുമൂലം നിസ്സഹായരായ കർഷകരും സാധാരണ ഉപഭോക്താക്കളും ചൂഷണം ചെയ്യപ്പെടുന്നു.

* ധാർമ്മികനിയമങ്ങളുമായി യാതൊരു ബന്ധവുമില്ലാത്ത സാമ്പ ത്തിക ശാസ്ത്രത്തിന്റെയും യുക്തിവാദത്തിന്റെയും സ്വാധീ നംമൂലം വളരെയേറെപ്പേർ സമ്പത്തിന്റെ സമാഹരണത്തിലും സുഖലോലുപതയിലും ജീവിതലക്ഷ്യം കണ്ടെത്തുന്നു. ഇവർ തൊഴിലാളികളെ ഉത്പാദനപ്രക്രിയയിലെ വെറും ഉപകര ണങ്ങളായി പരിഗണിച്ച് ചൂഷണം ചെയ്തു. ഇന്നും ഇതു കുറേയൊക്കെ നടക്കുന്നുണ്ട് (No.132 f ).

**ചില മാർഗ്ഗനിർദ്ദേശങ്ങൾ (No.136-147)**

സാമൂഹിക സാമ്പത്തികക്രമത്തിനു സംഭവിച്ച പാളിച്ചകൾ തിരുത്തി ആദർശസുന്ദരമായ വ്യവസ്ഥിതികൾ രൂപപ്പെടുത്തുക യെന്ന ഭാരിച്ച കടമ നിർവ്വഹിക്കുന്നതിൽ ശ്രദ്ധിക്കേണ്ട ചില കാര്യ ങ്ങൾ ചാക്രികലേഖനം എടുത്തു പറയുന്നുണ്ട്.

* സാമ്പത്തികവും സാമൂഹികവുമായ ജീവിതക്രമം ദൈവികപ ദ്ധതിയനുസരിച്ച് സംവിധാനം ചെയ്യണം. ഈ ദൈവികപദ്ധ തിയെപ്പറ്റിയുള്ള അറിവാണ്, സഭ തന്റെ പ്രബോധനാധികാരം ഉപയോഗിച്ച് നൽകുന്നതും നൽകേണ്ടതും.

* ദൈവസാക്ഷാത്കാരത്തിനും നിത്യരക്ഷയ്ക്കും അർഹമായ സ്ഥാനം ജീവിതത്തിൽ ലഭ്യമാകണം.

* സമ്പത്തിന്റെ ഉത്പാദനത്തിലും പങ്കുവയ്ക്കലിലും ദൈവിക നിയമങ്ങൾ എല്ലാ മനുഷ്യരും എപ്പോഴും പാലിക്കാൻ ശ്രമിക്കു

കയാണ്, നീതിപൂർവ്വകമായ സാമൂഹ്യസൃഷ്ടിക്കുള്ള ഏക മാർഗ്ഗം.

ക്രിസ്തീയ സ്നേഹത്തിനും ഉപവിക്കും സാമൂഹികജീവിതത്തിൽ നീതിയേക്കാൾ ഉന്നതമായ സ്ഥാനം ലഭ്യമാകണം. നീതി പുലർത്തുന്നതുകൊണ്ട് അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുവെന്നു മാത്രമേയുള്ളൂ. ഉപവിയാണ് മനുഷ്യഹൃദയങ്ങളെ ഒന്നിപ്പിക്കുക. മനുഷ്യരെല്ലാം സഹോദരങ്ങളാണെന്ന ബോധ്യമാണ് ഇതിനു പ്രചോദനം നൽകുന്നത്. ഈ അവബോധം ശക്തിപ്പെട്ടാൽ സാമൂഹികബന്ധങ്ങൾ കൂട്ടായ്മയുടെയും ആഴമേറിയ സ്നേഹത്തിന്റേതുമാകും.

> ഇത്തരമൊരു സാഹചര്യത്തിൽ സമ്പന്നരും ഉന്നതരും തങ്ങൾ ദരിദ്രരോടു കാണിച്ചിരുന്ന അവഗണന മാറ്റി ഔത്സുക്യപൂർവ്വകമായ സ്നേഹം അവരോടു കാണിക്കാൻ തുടങ്ങും; ദരിദ്രരുടെ ന്യായമായ അവകാശങ്ങൾക്ക് ശ്രദ്ധാപൂർവ്വം ചെവി കൊടുക്കുകയും അവർ ചെയ്യാനിടയുള്ള തെറ്റുകളും കുറ്റങ്ങളും ക്ഷമിക്കുകയും ചെയ്യും. തൊഴിലാളികൾ തങ്ങളുടെ വൈരുദ്ധ്യചിന്തയും ആശ്രയ മനോഭാവവും വെടിയാനും ഇതു സഹായിക്കും (No.137).

* ലൗകികവ്യഗ്രതയിൽ പൂർണ്ണമായും മുഴുകി, ജീവിതത്തിന്റെ ആധ്യാത്മികവശം മറന്നുപോയവർക്ക് ജീവിതത്തിന്റെ യഥാർത്ഥമായ അർത്ഥം മനസ്സിലാക്കിക്കൊടുക്കാൻ എല്ലാവരും ശ്രമിക്കണം. പ്രയാസമേറിയ ഒരു ജോലിയാണിതെങ്കിലും അതിന്റെ നിർവ്വഹണം വഴി മാത്രമേ അർത്ഥപൂർണ്ണമായ സാമൂഹികജീവിതം എളുപ്പമാവുകയുള്ളൂ (Nos.138-140).

* തൊഴിൽ രംഗത്തും സാമ്പത്തികമേഖലയിലും ക്രൈസ്തവ മൂല്യങ്ങൾക്കു ഗുരുതരമായ വിലയിടിവു സംഭവിച്ച സാഹചര്യത്തിൽ തൊഴിലാളികൾ, തൊഴിലുടമകൾ, വ്യാപാരികൾ എന്നിവരുടെ ഇടയിൽനിന്ന് "സഭയുടെ സഹായ ഭടന്മാരായി" (auxiliary soldiers of the church) അർപ്പിത മനോഭാവമുള്ളവരെ കണ്ടെത്തണമെന്നു ലോകമെങ്ങുമുള്ള മെത്രാന്മാരോടു മാർപാപ്പ ആഹ്വാനം ചെയ്യുന്നുണ്ട്. അങ്ങനെ, തെരഞ്ഞെടുക്കപ്പെടുന്നവർ തങ്ങളുടെ പ്രവർത്തനമേഖലകളിൽ പ്രേഷിതരായിത്തീരണം. ഇവർക്കു വേണ്ടത്ര പരിശീലനം നൽകാനുള്ള മെത്രാന്മാരുടെ ഭാരിച്ച കടമയെപ്പറ്റിയും ചാക്രികലേഖനം പരാമർശിക്കുന്നുണ്ട് (Nos.141-142).

* വൈദികർക്കും ഈ രംഗത്തു ഗുരുതരമായ കടമകൾ നിർവ്വഹിക്കാനുണ്ടെന്നും അതിനുവേണ്ടിയുള്ള പരിശീലനം

വൈദികാർത്ഥികൾക്കു നൽകേണ്ടതാണെന്നും ചാക്രികലേഖനം ബന്ധപ്പെട്ടവരെ ഓർമ്മിപ്പിക്കുന്നു.

> ഈ രംഗത്തു വൈദികർക്കു ഭാരിച്ച കടമകൾ നിർവ്വഹിക്കാനുള്ളതുകൊണ്ട് സാമൂഹിക കാര്യങ്ങളെക്കുറിച്ച് ആഴമേറിയ പരിജ്ഞാനം നൽകി വൈദികവിദ്യാർത്ഥികളെ ഇതിനായി ഒരുക്കണം. ഇക്കാര്യത്തിനായി തിരഞ്ഞെടുക്കപ്പെടുന്നവർ നീതി സ്ഥാപിക്കാനുള്ള ഉത്ക്കടമായ താത്പര്യമുള്ളവരും അനീതിപരമായ അവകാശവാദങ്ങളും പ്രവൃത്തികളും പുരുഷോചിതമായ തന്റേടത്തോടെ എതിർക്കാൻ തയ്യാറുള്ളവരുമായിരിക്കണം, അതിരുകടന്ന പ്രവർത്തനങ്ങളെ പൂർണ്ണമായ വിവേകത്തോടും ദീർഘവീക്ഷണത്തോടും കൂടി ഉപേക്ഷിക്കാൻ അവർക്കു സാധിക്കണം; എല്ലാത്തിനുമുപരി നീതിയുടെ നിയമങ്ങളെ സ്വീകരിക്കാൻ മനുഷ്യഹൃദയങ്ങളെയും ഇച്ഛകളെയും ശക്തിയായും സൗമ്യമായും പ്രേരിപ്പിക്കുന്നതിനു കഴിവുള്ള ക്രിസ്തുവിന്റെ സ്നേഹംകൊണ്ടു നിറഞ്ഞവരായിരിക്കണം അവർ (No. 143 ).

* ഇങ്ങനെ തിരഞ്ഞെടുക്കപ്പെടുന്ന വൈദികർ യുവജനങ്ങളെ പഠിപ്പിക്കുക, ക്രിസ്തീയ സംഘടനകൾ ആരംഭിക്കുക, ചർച്ചാക്ലാസ്സുകൾ നടത്തുക, ആധ്യാത്മികാനുഷ്ഠാനങ്ങൾ ഒരുക്കുക തുടങ്ങിയവയിലൂടെ ക്രിസ്തീയ സങ്കൽപമനുസരിച്ചുള്ള സാമൂഹിക സാമ്പത്തിക വ്യവസ്ഥിതികൾ രൂപവത്കരിക്കാൻ ശ്രമം നടത്തണം.

അൽമായർക്കു നൽകേണ്ട പരിശീലനത്തിന്റെയും ലോകത്തിൽ അവർക്കു നിർവ്വഹിക്കാനുള്ള ദൗത്യത്തിന്റെയും ഗൗരവസ്വഭാവത്തെ സംബന്ധിച്ചുള്ള പഠനത്തിന് ഇന്നു പ്രസക്തിയേറിയിട്ടുണ്ട്. ആധുനിക മാർപാപ്പമാരും വത്തിക്കാൻ സൂനഹദോസും ഈ വസ്തുതയിലേക്കു വിരൽ ചൂണ്ടുന്നു.

**ബിഷപ് മാർ തോമസ് ചക്യത്ത്**

# 05

## ചെന്തേസ്സിമൂസ് അന്നൂസ് : ജോൺ പോൾ II

*റേരും നൊവാരു*മിന്റെ നൂറാം വാർഷികാഘോഷത്തിന്റെ ഭാഗമായി 1991 മെയ് 1-ാം തീയതി ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഒപ്പുവച്ച ചാക്രികലേഖനമാണ് "ചെന്തേസ്സിമൂസ് അന്നൂസ്" അഥവാ നൂറാം വർഷം എന്നത്. ലെയോ മാർപാപ്പ നൽകിയ തത്ത്വങ്ങളുടെ ചിരകാലപ്രസക്തി അനുസ്മരിപ്പിക്കുന്നതിനുവേണ്ടി അവയെ ഒന്നു പിന്തിരിഞ്ഞുനോക്കാനും ഈ കാലഘട്ടത്തിലെ പുതിയ കാര്യങ്ങൾ മനസ്സിലാക്കാനായി ചുറ്റുപാടുകളെ വീക്ഷിക്കാനും മൂന്നാം സഹസ്രാബ്ദത്തിലേക്ക് കാലെടുത്തുവയ്ക്കാൻ ഒരുങ്ങിനിൽക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഭാവിയിലേക്ക് ഉറ്റുനോക്കാനും ( No.30) ശ്രമം നടത്തുകയാണ് ഈ ചാക്രികലേഖനത്തിൽ മാർപാപ്പ. ഈ രേഖയിൽ കഴിഞ്ഞ നൂറുവർഷക്കാലത്തെ പ്രസക്തമായ ചരിത്രം അനാവരണം ചെയ്യപ്പെടുന്നുണ്ട്. തൊഴിൽ, രാഷ്ട്രീയ സാമൂഹ്യമേഖലകളിൽ അരങ്ങേറിയ പരിവർത്തനങ്ങളെ സംബന്ധിച്ച് മാർപാപ്പ നൽകുന്ന വിശകലനം ശ്രദ്ധേയമാണ്.

*റേരും നൊവാരുമി*ന്റെ സ്വാധീനഫലമായി തൊഴിൽ മേഖലയിൽ പ്രത്യേകിച്ചും രൂപപ്പെട്ട പരിഷ്കാരങ്ങൾ, തൊഴിലാളി പ്രസ്ഥാനത്തിന്റെ വളർച്ച, യുദ്ധങ്ങൾ, യുദ്ധസന്നാഹങ്ങൾ, കമ്മ്യൂണിസം, കൊളോണിയലിസത്തിന്റെ തിരോധാനം, മനുഷ്യാവകാശങ്ങളുടെ വ്യാപകമായ അംഗീകാരം തുടങ്ങിയവ ചർച്ചാവിഷയങ്ങളായിട്ടുണ്ട്.

സോഷ്യലിസ (കമ്മ്യൂണിസ്സ) ത്തിന്റെ അപകടത്തെ സംബന്ധിച്ച് ലെയോ മാർപാപ്പ നടത്തിയ വിധിനിർണ്ണയം അക്ഷരശ: വാസ്തവമായതിന്റെ ചാരിതാർത്ഥ്യം പ്രകടമാക്കുന്നതോടൊപ്പം അടിയന്തിരമായി ലോകസമൂഹം ശ്രദ്ധിക്കേണ്ട കാര്യങ്ങളും ചൂണ്ടികാണിക്കപ്പെടുന്നുണ്ട്. അന്താരാഷ്ട്രസംവിധാനം, മനുഷ്യകേന്ദ്രീകൃതമായ വികസനം, വ്യാപാര-വ്യവസായ -രാഷ്ട്രീയ മേഖലകൾക്ക് ഉണ്ടാകേണ്ട ധാർമ്മികമൂല്യങ്ങളുടെ അടിത്തറ, സ്വതന്ത്രകമ്പോളത്തിന്റെ നേട്ടങ്ങളും പരിമിതികളും തുടങ്ങിയ ആശയങ്ങൾ ഇതിൽ ചർച്ചാവിഷയങ്ങളാണ്.

## I. റേരും നൊവാരുമിന്റെ സവിശേഷതകൾ (No.04-21)

ലെയോ പതിമൂന്നാമൻ തന്റെ കാലത്തെ “പുതിയ കാര്യങ്ങളെ” സംബന്ധിച്ച് നൽകിയ പ്രധാന പഠനങ്ങൾ സംക്ഷിപ്തമായി വിവരിക്കുന്നു. ഇതിന്റെ ആദ്യ അദ്ധ്യായത്തിൽ സ്വകാര്യസ്വത്ത്, തൊഴിൽ, തൊഴിലാളികളുടെ അവകാശങ്ങൾ, പാവപ്പെട്ടവരോടുള്ള പ്രത്യേക സ്നേഹം തുടങ്ങിയവയാണ് പ്രധാനമായും പരാമർശിക്കപ്പെടുക. ലെയോ മാർപാപ്പ ഇവയെ സംബന്ധിച്ച് നൽകിയിട്ടുള്ള പഠനങ്ങളുടെ പുതിയ മാനങ്ങളും ആനുകാലികപ്രസക്തിയും പഠനവിഷയമായ ഈ രേഖ പ്രതിപാദിക്കുന്നുണ്ട്.

സാമൂഹികയാഥാർത്ഥ്യങ്ങളെ അപഗ്രഥിക്കാനും അവയെപ്പറ്റി വിധിതീർപ്പ് കൽപ്പിക്കാനുമുള്ള സഭയുടെ കടമയും അവകാശവും പൊതുവേ അംഗീകരിക്കപ്പെടാതിരുന്ന കാലത്താണ് ലെയോ മാർപാപ്പ *റേരും നൊവാരും* പുറപ്പെടുവിച്ചുകൊണ്ട് പുതിയൊരു സമീപനം സ്വീകരിച്ചതെന്ന വസ്തുത ജോൺ പോൾ രണ്ടാമൻ ചൂണ്ടികാണിക്കുന്നുവെന്നത് ശ്രദ്ധേയമാണ്. വിശ്വാസജീവിതം ലൗകീകജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ടുനിൽക്കുന്നുവെന്ന സത്യമാണ് *റേരും നൊവാരും* പ്രസദ്ധീകരിക്കുക വഴി വ്യക്തമാക്കപ്പെട്ടത്. അന്നുമുതൽ രൂപം കൊള്ളാൻ തുടങ്ങിയ സഭയുടെ സാമൂഹിക സിദ്ധാന്തം അന്നത്തേതുപോലെ ഇന്നും സുവിശേഷവത്കരണത്തിന്റെ അവിഭാജ്യഘടകമാണെന്ന പ്രസ്താവം (No.5) പ്രത്യേകം

ശ്രദ്ധിക്കേണ്ടതാണ്. സഭയുടെ സാമൂഹികപ്രബോധനങ്ങളെ പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുകയെന്നത് "പുതിയ സുവിശേഷവത്കരണ"ത്തിന്റെ സത്താപരമായ ഭാഗമായി കണക്കാക്കാൻ മാർപാപ്പ ഇവിടെ ആഹ്വാനം ചെയ്യുന്നുണ്ട്. *റേരും നൊവാരു*മിനെപ്പറ്റിയുള്ള പല പരാമർശനങ്ങളും ഇതിനു മുമ്പുള്ള അദ്ധ്യായങ്ങളിൽ വന്നിട്ടുള്ളതുകൊണ്ട് ഈ ചർച്ച ഇവിടെ ദീർഘിപ്പിക്കുന്നില്ല.

## II. ഇന്നത്തെ "പുതിയ കാര്യങ്ങൾ" (Nos.12-21)

1891-ലെ "പുതിയ കാര്യങ്ങ"ളായിരുന്നു *റേരും നൊവാരും* ചർച്ച ചെയ്തത്. നൂറുവർഷം കഴിഞ്ഞ് ഇന്ന് നമ്മുടെ കൺമുമ്പിൽ അരങ്ങേറുന്ന പ്രസക്തങ്ങളായ പുതിയ കാര്യങ്ങളാണ് ചെന്തേസ്സിമൂസ് അന്നൂസ് എന്ന രേഖ ചർച്ച ചെയ്യുക.

* 1989 -ന്റെ അവസാനത്തിലും 1990 ആരംഭത്തിലുമായി കമ്മ്യൂണിസ്റ്റു രാജ്യങ്ങൾ സോഷ്യലിസത്തിന്റെ പാത ഉപേക്ഷിച്ചു; കമ്മ്യൂണിസം അപ്പാടെ തിരസ്ക്കരിക്കപ്പെട്ടു. സോഷ്യലിസ്സത്തിന്റെ യുക്തിരാഹിത്യത്തെയും അതുണർത്തുന്ന അപകടസാധ്യതയേയും സംബന്ധിച്ച് ലെയോ 13-ാമനും അദ്ദേഹത്തിന്റെ അനന്തരഗാമികളും ചെയ്ത പ്രവചനങ്ങൾ അക്ഷരശ്ശ: യാഥാർത്ഥ്യമായി എന്നാണ് ഈ പുതിയ കാര്യം വ്യക്തമാക്കുന്നത്. ലോകത്തിലെ വലിയൊരു ശതമാനം മനുഷ്യർക്ക് പ്രതീക്ഷയുടെ പ്രതീകമായിരുന്ന മാർക്സിസം അടിമത്തത്തിന്റെയും അരാജകത്വത്തിന്റെയും പ്രത്യയശാസ്ത്രമാണെന്ന സഭയുടെ പഠനത്തിന്റെ യുക്തി ഭദ്രതയും ഈ സംഭവവികാസങ്ങൾ തെളിയിക്കുന്നു (No.11).

* *റേരും നൊവാരും* പിന്നീട് നൽകപ്പെട്ട സാമൂഹികപ്രബോധനരേഖകളും തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യംവച്ച് നൽകിയ നിർദ്ദേശങ്ങൾ കുറേയേറെ പ്രാവർത്തികമാക്കപ്പെട്ടു. സാമൂഹികസുരക്ഷിതത്വം, പെൻഷൻ, ആരോഗ്യസംബന്ധമായ ഇൻഷുറൻസ്, അപകട സന്ദർഭങ്ങളിലുള്ള നഷ്ടപരിഹാരം എന്നിവ ഇവയിൽപ്പെടുന്നു. തൊഴിലാളികളുടെ അവകാശങ്ങളെപ്പറ്റിയുള്ള വർദ്ധമാനമായ ബോദ്ധ്യമാണ് ഇതിനു വലിയൊരു കാരണം. തൊഴിലാളിസംഘടനകൾ ശക്തമായെന്നതും പ്രസക്തം തന്നെ (No.16).

* *റേരും നൊവാരു*മിന്റെ സ്വാധീനഫലമായി ഉത്പാദന - ഉപഭോക്തൃ വായ്പാ സഹകരണസംഘങ്ങൾ രൂപവൽകരിക്കുന്നതിൽ സഭാംഗങ്ങൾ കാര്യമായ സംഭാവന നൽകി. ലെയോ

മാർപാപ്പയുടെ ചാക്രിക ലേഖനം ഇങ്ങനെ പലതരത്തിലുള്ള സ്വാധീനം സാമൂഹികജീവിത ക്രമത്തിൽ ചെലുത്തിയിട്ടുണ്ട് (No.16).

* സ്വാതന്ത്ര്യത്തെ സംബന്ധിച്ച് സമൂഹത്തിൽ വളർന്നുവന്ന തെറ്റായ ധാരണ പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. സത്യവും മറ്റുള്ളവരുടെ അവകാശങ്ങളും നിരാകരിച്ചുകൊണ്ട് സ്വാർത്ഥ താൽപര്യങ്ങൾക്കായി പ്രവർത്തിക്കാനുള്ള അവകാശമായി സ്വാതന്ത്ര്യത്തെ ആധുനിക സംസ്ക്കാരം തരംതാഴ്ത്തുന്നു വെന്നത് വേറൊരു പുതിയ വസ്തുതയാണ്.

* പരാമർശനവിഷയമാകുന്ന മറ്റൊരു "പുതിയ കാര്യം" 1914-നും 1945 - നും ഇടയ്ക്കുണ്ടായ രണ്ടു ലോകമഹായുദ്ധങ്ങളും അതി നുശേഷം ഉണ്ടായ ആഗോളവ്യാപകമായ യുദ്ധസന്നാഹ ങ്ങളുമാണ്. മനുഷ്യാവകാശങ്ങൾ പലയിടത്തും ക്രൂരമായ വിധം ലംഘിക്കപ്പെട്ടു. യഹൂദ ജനതയ്ക്കു നേരിടേണ്ടിവന്ന ദുരന്തം പ്രമാണരേഖ ഇവിടെ പ്രത്യേകം പരാമർശിക്കുന്നുണ്ട്. അവരനുഭവിച്ച ഭീകരമായ ദുർവിധി, മനുഷ്യൻ ദൈവത്തെ ധിക്കരിക്കുമ്പോൾ അവനു ചെയ്യാൻ കഴിയുന്ന ക്രൂരതയുടെ അടയാളമായി തീർന്നിരിക്കുന്നു (No.17).

* കമ്മ്യൂണിസത്തിന്റെ പിടിയിലമർന്ന പൂർവ്വയൂറോപ്യൻ രാജ്യ ങ്ങളിലെ മനുഷ്യർ അടിച്ചമർത്തപ്പെടുകയും നൂറ്റാണ്ടുകൾ പഴ ക്കമുള്ള അവരുടെ സംസ്ക്കാരിക പൈതൃകം നശിപ്പിക്കാൻ ശ്രമം നടക്കുകയും ചെയ്തു.

* പ്രത്യയശാസ്ത്രങ്ങൾ തമ്മിലുള്ള എതിർപ്പിന്റെ ഫലമായി വൻകി ട രാജ്യങ്ങൾ തങ്ങളുടെ സ്വാർത്ഥപരമായ നേട്ടങ്ങൾക്കുവേണ്ടി മൂന്നാം ലോകരാജ്യങ്ങൾ തമ്മിലുണ്ടായിരുന്ന തർക്കങ്ങൾ ഊതിവീർപ്പിക്കുകയും യുദ്ധത്തിന് പ്രേരിപ്പിക്കുകയും ചെയ്തു വെന്നത് ഈ കാലഘട്ടത്തിലെ ശ്രദ്ധേയമായ കാര്യമാണ്. ഭ്രാന്തമായ ആയുധമത്സരത്തിന് കാരണമായതുകൊണ്ട് വിക സനത്തിന് ഉപയുക്തമാകേണ്ടിയിരുന്ന സമ്പത്തും ശാസ്ത്രീയ നേട്ടങ്ങളും യുദ്ധസന്നാഹത്തിനായി ഉപയോഗിക്കപ്പെട്ടു.

* ആധുനിക കാലഘട്ടത്തിലെ മറ്റൊരു പ്രശ്നം ഭീകരപ്രസ്ഥാ നങ്ങളുടെ വളർച്ചയാണ്. രാഷ്ട്രീയവും സൈനികവുമായ പിന്തുണ അവർക്കു ലഭിക്കുന്നുവെന്നത് ദുഃഖകരമായ സത്യ മാണ് (No.18).

* യുദ്ധാനന്തരചരിത്രത്തിൽ ജനാധിപത്യരീതികൾ സാമൂഹിക ജീവിതത്തിന്റെ എല്ലാ തലങ്ങളിലും വളർത്തിയെടുക്കാനുള്ള ശ്രമങ്ങൾ നടന്നു. നീതിയിൽ അധിഷ്ഠിതമായ ഒരു സമൂഹത്തിന്റെ രൂപവൽക്കരണമായിരുന്നു ഇതിന്റെ ലക്ഷ്യം. തൊഴിലാളികളുടെ അവകാശങ്ങൾ കൂടുതൽ കൂടുതൽ അംഗീകരിക്കപ്പെടുന്നതിനും തൊഴിലിനെ വെറും ഒരു കച്ചവടചരക്കായി കാണുന്ന രീതിക്ക് മാറ്റം വരുത്തുന്നതിനും ഇതു സഹായകമായിട്ടുണ്ട് (No.19).

* സാമ്പത്തികമേഖലയിൽ മത-ധാർമ്മികമൂല്യങ്ങളുടെ നിയന്ത്രണാധികാരത്തെ ചോദ്യം ചെയ്യുകയും ഭൗതികനേട്ടത്തെ ഏറ്റവും ഉന്നതമായ ലക്ഷ്യമായി പരിഗണിക്കുകയും ചെയ്യുന്ന മുതലാളിത്ത സംസ്ക്കാരത്തിന്റെ വളർച്ച മാർക്സിസത്തെപ്പോലെതന്നെ മനുഷ്യനെ വെറും സാമ്പത്തികതലത്തിലേക്ക് തരം താഴ്ത്തി (No.19).

* കോളനികളുടെ സ്വാതന്ത്ര്യലബ്ധിയാണ് മറ്റൊരു പുതിയ കാര്യം വിദേശരാജ്യങ്ങളുടെ പലതരത്തിലുള്ള നിയന്ത്രണങ്ങൾ അവയുടെ വികസനത്തിന് തടസ്സം സൃഷ്ടിക്കുന്നുവെന്ന വസ്തുത പ്രസക്തമാണിവിടെ (No.20).

* അവസാനമായി രണ്ടാംലോകമഹായുദ്ധത്തിനുശേഷം ആവിർഭവിച്ചിട്ടുള്ള വലിയൊരു കാര്യമാണ് മനുഷ്യാവകാശങ്ങളെ സംബന്ധിച്ചുണ്ടായ വ്യാപകമായ അവബോധം. ഐക്യരാഷ്ട്രസംഘടനയാണ് ഈ അവബോധസൃഷ്ടിക്കു നേതൃത്വം കൊടുത്തത്. പരിശുദ്ധ സിംഹാസനവും ഈ രംഗത്തു കാര്യമായ സംഭാവനകൾ അർപ്പിച്ചിട്ടുണ്ട്.

## III. 1989 -ാം വർഷം (No. 22 - 29)

കമ്മ്യൂണിസ്റ്റു രാജ്യങ്ങളിൽ 1989-ൽ അരങ്ങേറിയ നാടകീയ സംഭവങ്ങളെ വിലയിരുത്തുകയാണ് ചാക്രികലേഖനം, അതിന്റെ മൂന്നാം അധ്യായത്തിൽ. മനുഷ്യൻ ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടവനാണെന്നും തന്മൂലം അവന് സ്വയംഭരണാധികാരവും വിവിധ സ്വാതന്ത്ര്യങ്ങളുമുണ്ടെന്നുള്ള പഠനമാണ് ആത്യന്തികമായി വിസ്മയകരമായ ഈ പരിവർത്തനത്തിന് വഴിതെളിച്ചതെന്ന സത്യം പരിശുദ്ധപിതാവ് ആവർത്തിച്ചുറപ്പിക്കുന്നുണ്ട്. പ്രതീക്ഷകൾ ഉണർത്തുന്ന ഈ മാറ്റത്തിന്റെ സവിശേഷതകളും കാരണങ്ങളും രേഖ അക്കമിട്ട് നിരത്തുന്നുണ്ട്.

* സ്വകാര്യസ്വത്തവകാശം, സാമ്പത്തികപ്രവർത്തനങ്ങളിൽ മുൻകൈ എടുക്കാനുള്ള സ്വാതന്ത്ര്യം തുടങ്ങിയവയുടെ നിഷേധംമൂലം കമ്മ്യൂണിസ്റ്റുരാജ്യങ്ങളിൽ പ്രകടമായ സാമ്പത്തിക തകർച്ചയും തന്മൂലമുണ്ടായ അസ്വസ്ഥതകളും കമ്മ്യൂണിസത്തിന്റെ അധഃപതനത്തിന്റെ കാരണങ്ങളാണ്. പോളണ്ടിൽ സോളിഡാരിറ്റി എന്ന സംഘടന കൈവരിച്ച വിജയം ഈ മാറ്റങ്ങളുടെ ഒരു മുന്നോടിയായിരുന്നു.

* ഏറ്റവും അടിസ്ഥാനപരമായ കാരണം ആ രാജ്യങ്ങളിൽ അനുഭവപ്പെട്ട ആധ്യാത്മിക പാപ്പരത്തമാണ്. ദൈവവിശ്വാസത്തിന്റെ വേരറുക്കുവാൻ മാർക്സിസം നടത്തിയ ശ്രമം മനുഷ്യമനസ്സുകളിൽ സൃഷ്ടിച്ച അരാജകത്വം ഈ പുതിയ മാറ്റത്തിനു ശക്തി പകർന്നു.

* വിശ്വാസികളുടെ നിരന്തരമായ പ്രാർത്ഥനയും മാർക്സിസവുമായി സഭ നടത്തിയ സംവാദവും അവയുടെതായ പങ്ക് ഈ മാറ്റത്തിന്റെ പുറകിൽ വഹിച്ചിട്ടുണ്ട്.

* ചരിത്രത്തിന്റെ നാഥനായ ദൈവം തന്റെ സ്നേഹപൂർണ്ണമായ പരിപാലനവഴി മനുഷ്യകുലത്തിന്റെ ഭാഗധേയങ്ങളെ നിയന്ത്രിക്കുന്നതിന്റെ ഉത്തമോദാഹരണമാണ് 1989 – ലെ സംഭവവികാസങ്ങൾ.

## IV. സ്വകാര്യസ്വത്തവകാശവും അതിന്റെ സാമൂഹികമാനവും

സ്വത്തവകാശത്തെസംബന്ധിച്ച് ലെയോ മാർപാപ്പയുടെ പഠനത്തെ ഇന്നത്തെ സാഹചര്യത്തിൽ പുനർവ്യാഖ്യാനം ചെയ്യുകയാണ് പ്രധാനമായും ചാക്രികലേഖനം ഈ അദ്ധ്യായത്തിൽ. സ്വതന്ത്രകമ്പോളം, മുതലാളിത്ത സമ്പ്രദായം, വികസിത രാഷ്ട്രങ്ങളിലെ പ്രശ്നങ്ങൾ, മാനുഷിക പരിസ്ഥിതി നശീകരണം, കൺസ്യൂമറിസം തുടങ്ങിയ കാര്യങ്ങളും ഇവിടെ ചർച്ചാവിഷയമാണ്.

* സാങ്കേതികമായ അറിവും വൈദഗ്ധ്യവും സ്വകാര്യസ്വത്തിനായിത്തീർന്നിരിക്കുന്നു എന്നത് ഈ കാലഘട്ടത്തിന്റെ ഒരു സവിശേഷതയാണ്. പ്രകൃതിവിഭവങ്ങളെക്കാൾ ഇവയ്ക്കാണ് ഇന്നു സ്വകാര്യസ്വത്തവകാശത്തിന്റെ രംഗത്ത് പ്രധാന്യമുള്ളത്. ഇതോടൊപ്പം വ്യവസായിക- വാണിജ്യമേഖലകളിലെ സംഘടനാവൈഭവം, സാമ്പത്തികകാര്യങ്ങളിൽ മുൻകൈയെടുക്കാനുള്ള സാമർത്ഥ്യം തുടങ്ങിയവയും വിലപ്പെട്ടതായി ഭവിച്ചു.

* ഈ സാഹചര്യത്തിലെ പുതിയ കാര്യം ലോകജനസംഖ്യ യിലെ വലിയൊരു ശതമാനംപേർക്കും സാങ്കേതികജ്ഞാന ത്തിലും വൈദഗ്ധ്യത്തിലും പങ്കുചേരാനാകുന്നില്ലെന്ന അവ സ്ഥയാണ്. അവർ പ്രാമാണ്യമോ സ്വാധീനമോ തീർത്തും കുറഞ്ഞ വ്യക്തികളായി സമൂഹത്തിൽ കഴിയാൻ വിധിക്ക പ്പെട്ടിരിക്കുന്നു. ഭൗതികവസ്തുക്കളുടെ അഭാവത്തോടൊപ്പം സാങ്കേതിക അറിവിന്റെയും പരിശീലനത്തിന്റെയും കുറവു കൂടി ഇന്നത്തെ ദരിദ്രർക്കുണ്ട് (No.33).

* ലാഭനഷ്ടങ്ങളെ അടിസ്ഥാനമാക്കി നടത്തുന്ന സ്വതന്ത്രവ്യാ പാരത്തിന് ഒരുതരത്തിലും മനുഷ്യന്റെ എല്ലാ ആവശ്യങ്ങളും നിറവേറ്റി കൊടുക്കാനാവില്ല. തനിക്ക് അടിസ്ഥാനപരമായി ആവ ശ്യമുള്ളതെല്ലാം വിലകൊടുത്തു വാങ്ങുവാൻ കഴിവില്ലാത്ത വ്യക്തികൾക്കും അവ ലഭിക്കാൻ സ്വാഭാവികനീതി അവ കാശം നൽകുന്നുണ്ട്. അതു സാധ്യമാക്കാൻ സ്വതന്ത്രവ്യാ പാരം പര്യാപ്തമല്ലെന്ന വസ്തുത, ചാക്രികലേഖനം അസ ന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നുണ്ട്. ധാർമ്മികവും മാനുഷിക വുമായ പരിഗണനകൾ ഇതിന് ആവശ്യമാണ്. ലാഭം മാത്രമാ കരുത്, വ്യാപാരത്തിന്റെ ലക്ഷ്യം. (No.34-35).

* *റേരും നൊവാരും* ലക്ഷ്യംവച്ച കുടുംബവേതനം, പ്രായാ ധിക്യം, ജോലിയില്ലായ്മ തുടങ്ങിയ അവസ്ഥകൾക്കുള്ള ഇൻഷുറൻസ്, നീതിപൂർവ്വകമായ തൊഴിൽ വ്യവസ്ഥകൾ എന്നിവ ഇന്നും വികസ്വര രാജ്യങ്ങളിൽ സാക്ഷാത്കരിക്കപ്പെ ടാനുണ്ട് (No.34).

## സമ്പന്നരാജ്യങ്ങൾ ഉയർത്തുന്ന പ്രശ്നങ്ങളും ഭീഷണികളും (Nos. 36-43)

വികസനത്തെ സംബന്ധിച്ച തെറ്റായ സങ്കൽപങ്ങൾ മൂലം ഉണ്ടാ കുന്ന നാല് പ്രധാന ഭവിഷത്തുകൾ ഇവിടെ ചർച്ചാവിഷയമാകു ന്നുണ്ട്.

**1. ഉപഭോക്തൃസംസ്ക്കാരം :** വികസിത രാജ്യങ്ങളിൽ വളർന്നുവ രുന്ന ഉപഭോക്തൃസംസ്ക്കാരം അപകടകരമായ വസ്തുതയാണ്. ഭൗതികതാൽപര്യങ്ങൾ ഊതി വീർപ്പിക്കുകയും അതിന് ആനുപാ തികമായി ഭൗതിക വസ്തുക്കൾ ഉത്പാദിപ്പിക്കുകയുമാണ് ഇന്നത്തെ സാമ്പത്തിക വ്യവസ്ഥിതി ചെയ്യുന്നത്. എന്തുകിട്ടിയാലും തൃപ്തി പ്പെടാത്ത ഒരു മാനസികാവസ്ഥയാണ് ഇതിന്റെ ഫലമായി ഉരു ത്തിരിയുക. മനുഷ്യന്റെ ആന്തരികവും ആധ്യാത്മികവുമായ വളർച്ച യുടെ ആവശ്യങ്ങൾ ഇവിടെ ഏറെ വിസ്മരിക്കപ്പെടുന്നുണ്ട്.

സമ്പത്തും സുഖസൗകര്യങ്ങളും ഉണ്ടാകുന്നതിൽ തെറ്റൊന്നും മാർപാപ്പ കാണുന്നില്ല. സുഖലോലുപതയ്ക്കുവേണ്ടി മാത്രം സമ്പത്ത് ഉണ്ടാക്കുകയും മെച്ചപ്പെട്ട മനുഷ്യനാകുന്നതിൽ ഒട്ടും ശ്രദ്ധിക്കാതിരിക്കുകയും ചെയ്യുന്ന പ്രവണതയാണ് വിമർശിക്കപ്പെടുന്നത്.

പക്വമായ വ്യക്തിത്വത്തിന്റെ രൂപവൽക്കരണത്തിന് ആവശ്യമായ സാംസ്ക്കാരികവും വിദ്യാഭ്യാസപരവുമായ പ്രവർത്തനങ്ങൾ നടക്കേണ്ടതുണ്ട്. ഉപഭോക്താക്കളും വ്യവസായ ഉടമകളും സമ്പർക്കമാധ്യമങ്ങളും ഉത്തരവാദിത്വപൂർണ്ണമായി പെരുമാറുവാൻ പഠിക്കണം. ഭരണകർത്താക്കളുടെ ഇടപെടൽ ഈ രംഗത്ത് അനിവാര്യമാണ്. സത്യം, സൗന്ദര്യം, നന്മ, കൂട്ടായ്മ തുടങ്ങിയ യാഥാർത്ഥ്യങ്ങളാകണം ഭൗതികവസ്തുക്കളുടെ ഉത്പാദനത്തിലും ഉപയോഗത്തിലും മറ്റും നമ്മെ നിയന്ത്രിക്കേണ്ടത്. സഹോദരസ്നേഹവും അനുകമ്പയും ദൈവപരിപാലനയിലുള്ള വിശ്വാസവും മറ്റും വ്യക്തമാക്കുന്നവയാകണം ഈ രംഗങ്ങളിൽ നാം എടുക്കുന്ന തീരുമാനങ്ങൾ.

**2. പരിസ്ഥിതി പ്രശ്നങ്ങൾ:** ഉപഭോക്തൃ സംസ്ക്കാരത്തിന്റെ പരിണിതഫലമായി ആധുനികമനുഷ്യൻ ഒരു നിയന്ത്രണവും കൂടാതെ പ്രകൃതിയെ നശിപ്പിക്കുകയും മലിനമാക്കുകയും ചെയ്യുന്നു. ഇതു സങ്കീർണ്ണങ്ങളും ദൂരവ്യാപകങ്ങളുമായ പ്രശ്നങ്ങൾ ഉണർത്തുന്നുണ്ട്. അമിതമായ ഭൗതികതാത്പര്യങ്ങളും സ്വാർത്ഥതയുംമൂലം അവൻ പ്രകൃതിയെ സംബന്ധിച്ച ദൈവികപദ്ധതിയെ അവഗണിക്കുന്നതിന്റെ ഫലമായിട്ടാണ് പരിസ്ഥിതി മലിനീകരണവും ഉണ്ടാകുന്നത്. ഭാവി തലമുറയോട് ഇക്കാര്യത്തിൽ മനുഷ്യകുലത്തിന് ചില ബാധ്യതകൾ ഉണ്ടെന്ന കാര്യം മാർപാപ്പ ഓർമ്മിപ്പിക്കുന്നു (No.37).

**3. മാനുഷിക പരിസ്ഥിതി നശീകരണം:** ഇന്നത്തെ നമ്മുടെ സാമൂഹിക - സാംസ്ക്കാരിക പരിസ്ഥിതി മെച്ചപ്പെട്ട മനുഷ്യനായി ജീവിക്കുന്നതിന് ഒട്ടും അനുയോജ്യമല്ലാത്തതായി തീർന്നിരിക്കുന്നതിൽ ജോൺ പോൾ മാർപാപ്പ ഉത്കണ്ഠ പ്രകടിപ്പിക്കുന്നുണ്ട്. ഇന്നു സംഭവിച്ചിരിക്കുന്ന മൂല്യച്യുതി പാപത്തിന്റെ പ്രത്യേകമായ ഒരു സംവിധാനത്തിന് രൂപം നൽകിയിരിക്കുകയാണ്. ഇതു മനുഷ്യനെ തിന്മയിലേക്കു സ്വാധീനിക്കുന്നു. നല്ല മനുഷ്യനായി ജീവിക്കുന്നതിനാവശ്യമായ സാമൂഹിക പരിതോവസ്ഥകൾ സൃഷ്ടിക്കുകയെന്നത് എല്ലാവരുടെയും വലിയ ഉത്തരവാദിത്വമാണ് (No.38).

* ഇത്തരത്തിലുള്ള ഒരു മാനുഷിക പരിസ്ഥിതിയാണ് കുടുംബം. ഇതിലാണ് മനുഷ്യർ തങ്ങളുടെ കഴിവുകളെ വികസിപ്പിക്കുകയും മനുഷ്യാന്തസ്സിനെപ്പറ്റി അവബോധമുള്ളവരാകുകയും തങ്ങളുടെ അതുല്യവും വ്യക്തിപരവുമായ ജീവിതലക്ഷ്യം നേടാൻ പരിശീലനം നേടുകയും ചെയ്യുന്നത്. കുടുംബത്തിന് ഇന്നു കാര്യമായ തകർച്ച സംഭവിച്ചിട്ടുണ്ട്. ജനനനിയന്ത്രണത്തിനുപയോഗിക്കുന്ന തെറ്റായ മാർഗ്ഗങ്ങളൊക്കെ ഇതിന്റെ സൂചനകളാണ്.

* പരിപാവനമായ കുടുംബം ജീവന്റെ ശ്രീകോവിലായി പരിരക്ഷിക്കപ്പെടണം; ഓജസുറ്റൊരു സംസ്ക്കാരത്തിന്റെ ഹൃദയമായ കുടുംബത്തിന്റെ പരിപാവനത കാത്തുസൂക്ഷിക്കേണ്ടതാണ് (No.39).

**4. അന്യവത്ക്കരണം:** ആധുനിക കാലഘട്ടത്തിൽ വ്യക്തിയിലും തൊഴിലിലും കമ്മ്യൂണിസ്റ്റു - മുതലാളിത്ത സമൂഹങ്ങളിലും സംഭവിച്ച അന്യവത്ക്കരണം ചാക്രികലേഖനത്തിന്റെ ചർച്ചാവിഷയമാണ്. ഓരോ യാഥാർത്ഥ്യത്തിന്റെയും ലക്ഷ്യത്തിന് കോട്ടം സംഭവിക്കുമ്പോഴാണ് അന്യവത്ക്കരണം നടക്കുക; മാർഗ്ഗം ലക്ഷ്യത്തിന്റെ സ്ഥാനത്ത് അവരോധിക്കപ്പെടുകയാണിവിടെ (No.39).

* ഈ അവസ്ഥ വ്യാപകമാണിന്ന്. മറ്റുള്ളവരുടെയും തന്റെതന്നെയും മൂല്യവും മാഹാത്മ്യവും തിരിച്ചറിയാൻ കഴിയാത്ത അവസ്ഥയിൽ മനുഷ്യൻ അന്യവൽക്കരണത്തിനു അടിപ്പെടുന്നു. "മനുഷ്യൻ തന്നിൽനിന്നു തന്നെ അതീതനായി നിലകൊള്ളാനും, ആത്മദാനത്തിന്റെയും തന്റെ അന്തിമലക്ഷ്യമായ ദൈവത്തിലേക്ക് നയിക്കുന്ന യഥാർത്ഥമായ മാനുഷിക കൂട്ടായ്മയുടെ രൂപവത്ക്കരണത്തിന്റെയും അനുഭവം ജീവിച്ചറിയാനും വിസമ്മതിച്ചാൽ അവൻ അന്യവത്ക്കരിക്കപ്പെടുകയാണ്" (No.41). സ്വാർത്ഥതയുടെ അടിമയായ ആധുനികമനുഷ്യന് ഈ ആത്മദാനമെന്ന ആശയം അന്യമാണ്. സ്വയംസ്നേഹമാണ് അവന്റെ മുഖമുദ്ര.

* അന്യവത്ക്കരണമെന്ന അപകടം തൊഴിൽ മേഖലയെയും ബാധിച്ചിട്ടുണ്ട്. കൂടുതൽ ഉത്പാദനവും ലാഭവും ഉറപ്പുവരുത്തുകയെന്നതിന് തൊഴിലാളിയുടെ ക്ഷേമത്തേക്കാൾ പ്രാധാന്യം നൽകുന്നതുകൊണ്ടാണ് ഇതു സംഭവിക്കുക. തൊഴിലും തൊഴിലാളിയും ഇവിടെ മാർഗ്ഗങ്ങളായി തരംതാഴ്ത്തപ്പെടുന്നു.

* മുതലാളിത്തസമൂഹങ്ങൾ കടുത്ത അന്യവത്ക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നുവെന്നതാണ് മാർക്സിസത്തിന്റെ കുറ്റാരോപണം. കമ്മ്യൂണിസ്റ്റ് സമൂഹങ്ങൾ അന്യവൽക്കരണ വിമുക്തമാകുമെന്ന വാഗ്ദാനവും മാർക്സിസം നടത്തി. സോഷ്യലിസ്റ്റുരാജ്യങ്ങളുടെ ശോചനീയമായ ചരിത്രം തെളിയിക്കുന്നത് വ്യക്തികൾ സ്റ്റേറ്റിന്റെ അടിമകളായിത്തീർന്നുവെന്നതാണ്. ഭൗതിക പറുദീസാ സൃഷ്ടി ലക്ഷ്യംവച്ചെങ്കിലും അത്യാവശ്യസാധനങ്ങൾപോലും ലഭ്യമാക്കാൻ ഈ രാജ്യങ്ങൾക്കു കഴിഞ്ഞില്ല.

* മുതലാളിത്തരാജ്യങ്ങളുടെ സ്ഥിതിയും വ്യത്യസ്തമല്ല. ഉപഭോക്തൃ സംസ്ക്കാരത്തിന്റെ ഫലമായി അബദ്ധപൂർണ്ണവും ഉപരിപ്ലവമായ തൃപ്തിയടയലിലാണ് ഇവിടങ്ങളിൽ പ്രാധാന്യം നല്കുക; ഭൗതിക നേട്ടങ്ങൾക്ക് മനുഷ്യനെക്കാൾ പ്രാധാന്യം പ്രായോഗികജീവിതത്തിൽ ലഭിയ്ക്കുന്നുവെന്നതാണ് ദു:ഖകരമായ കാര്യം. പ്രധാനമായും സമ്പാദിക്കുന്നതിലും ആസ്വദിക്കുന്നതിലുമാണ് വ്യക്തികളുടെ ശ്രദ്ധ മുഴുവൻ. ധനേച്ഛയുടെ അടിമകളായി തീരുകയാണവർ.

## V. രാഷ്ട്രവും സംസ്ക്കാരവും (No. 44-52)

വ്യക്തികളുടെ സ്വേച്ഛാപരമായ തീരുമാനങ്ങൾക്കു പകരം സനാതനമൂല്യങ്ങളെ അടിസ്ഥാനമാക്കിയുള്ള നിയമനിർമ്മാണത്തിലൂടെ സാമൂഹികജീവിതത്തെ ക്രമീകരിക്കണമെന്ന ലെയോ മാർപാപ്പയുടെ പഠനത്തിന്റെ ആനുകാലിക പ്രസക്തിയും ഇന്നത്തെ രാഷ്ട്രീയാധികാരികളുടെ ചുമതലകളുമാണ് ഇവിടെ ചർച്ചാവിഷയമാകുക.

* മാർക്സിസ്റ്റ് - ലെനിനിസ്റ്റ് സമീപനത്തിന്റെ ഫലമായി ശക്തിപ്പെട്ട സ്വേച്ഛാധിപത്യസംസ്ക്കാരം നിശിതമായ വിമർശനത്തിന് വിധേയമാക്കുന്നുണ്ട് ജോൺ പോൾ മാർപാപ്പ. *റേരും നൊവേരും* നിർദ്ദേശിച്ച മാനുഷികവും ധാർമ്മികവുമായ മൂല്യങ്ങളുടെ തിരസ്ക്കരണമാണ് ഇത്തരത്തിലുള്ള സ്വേച്ഛാധിപത്യ ഭരണകൂടങ്ങളുടെ ഉറവിടം.

* ജനാധിപത്യമാണ് വ്യക്തിയുടെയും സമൂഹത്തിന്റെയും പുരോഗതിക്ക് വഴിതെളിക്കുക. വിദ്യാഭ്യാസത്തിലൂടെ മാനുഷിക ധാർമ്മികമൂല്യങ്ങൾ വളർത്തുകയും നിയമാനുസൃതമായി ഭരണം നടത്തുകയും ചെയ്യുന്നതുവഴി മാത്രമേ ജനാധിപത്യം ശക്തിപ്പെടുകയുള്ളൂ.നീതിന്യായവകുപ്പിന്റെ പ്രവർത്തനങ്ങളും സുഗമമായി നടത്തുന്നതിനുള്ള സാഹചര്യവും ഇതിന് അനിവാര്യമാണ് (No.47).

സർവ്വാധിപത്യ കമ്മ്യൂണിസത്തിന്റെയും മറ്റും അധ:പതനത്തോടുകൂടി ജനാധിപത്യസങ്കൽപത്തിന് ലോകം മുഴുവനിലും പ്രാമുഖ്യം കിട്ടിത്തുടങ്ങിയിട്ടുണ്ട്. ജനാധിപത്യം ശാശ്വതമാകണമെങ്കിൽ മനുഷ്യാവകാശങ്ങൾ അവയുടെ പൂർണ്ണതയിൽ അംഗീകരിക്കപ്പെടണം. മാറിമാറി വരുന്ന ഗവൺമെന്റുകളുടെ ഇഷ്ടാനുസരണം മനുഷ്യാവകാശങ്ങൾ മാറ്റിമറിക്കപ്പെടാൻ പാടില്ല. മനുഷ്യന്റെ അന്തസ്സും അവകാശങ്ങളും മൗലിക സ്വഭാവം ഉള്ളവയാണ് (No.47).

* സ്റ്റേറ്റിന്റെയും സ്വതന്ത്രകമ്പോളത്തിന്റെയും ഇടയിൽപ്പെടുന്ന വ്യക്തി ഒറ്റപ്പെട്ടുപോകാനുള്ള സാധ്യത വളരെയധികമുണ്ട്. രോഗം, പ്രായാധിക്യം, മയക്കുമരുന്നിന്റെ ഉപയോഗം തുടങ്ങിയ സാഹചര്യങ്ങളിൽ വെൽഫെയർ സ്റ്റേറ്റിന്റെ സേവനത്തെക്കാൾ അധികം കുടുംബം, അയൽപക്കബന്ധം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ ക്ഷേമപ്രവർത്തനങ്ങൾ നടത്താൻ കഴിയുകയാണ് അഭിലഷണീയമായ കാര്യം. സ്നേഹവും ഐക്യവും സഭാമധ്യത്തിൽ വളർത്തുന്നതിലാണ് ശ്രദ്ധിക്കേണ്ടത്. കൂട്ടായ്മയുടേതായ ഒരു സംസ്കാരത്തിന്റെ രൂപീകരണമാണ് ഇത്തരം പ്രശ്നങ്ങളുടെ പരിഹാരത്തിനുള്ള ശാശ്വതമാർഗ്ഗം. ഈ സാംസ്കാരികവളർച്ച നേടുന്ന രംഗത്ത് രാഷ്ട്രീയാധികാരികൾക്ക് കാര്യമായ സംഭാവന അർപ്പിക്കാൻ കഴിയണം.

* മനുഷ്യനെയും ദൈവത്തെയും സംബന്ധിച്ച യഥാർത്ഥ അറിവു പകരുകവഴി സാർവ്വത്രികസ്നേഹത്തിന്റെയും സ്വയംദാനത്തിന്റെതുമായ ഒരു മൂല്യസംഹിതയും ജീവിതശൈലിയും വളർത്തുവാൻ സഭ നടത്തുന്ന സേവനം ഇവിടെ പരാമർശന വിഷയമാണ്. സമാധാനത്തിന്റെ പാത സംസ്ഥാപിക്കുവാനും സാർവ്വത്രികസാഹോദര്യം വളർത്തിയെടുക്കാനും ദരിദ്രരുടെയും നിസ്സഹായരുടെയും സഹായത്തിനെത്താനും പ്രേരണ നൽകുകയാണ് ഈ രംഗത്തെ സഭയുടെ പ്രധാന പ്രവർത്തനം. ഇത്തരത്തിലുള്ള ഒരു സംസ്ക്കാരത്തിനു രൂപം കൊടുക്കുന്നതിനു അർപ്പണമനോഭാവത്തോടെ പ്രവർത്തിക്കാൻ എല്ലാവരെയും മാർപാപ്പ ആഹ്വാനം ചെയ്യുന്നുണ്ട്.

## VI. മനുഷ്യനാണു സഭയുടെ വഴി (Nos. 53-62)

കഴിഞ്ഞ ഒരു നൂറ്റാണ്ടുകാലം സഭ നൽകിയിട്ടുള്ള സാമൂഹിക പ്രബോധനങ്ങളുടെ കേന്ദ്രബിന്ദു മനുഷ്യനാണ്. അവന്റെ അഭ്യുന്നതിയും ക്ഷേമവുമാണ് അവ ലക്ഷ്യം വയ്ക്കുക. യേശു നിർവ്വഹിച്ച രക്ഷാകരപ്രവർത്തനത്തിന്റെ തുടർച്ചയായി മനുഷ്യന്റെ സമ

ഗ്രരക്ഷ ഉന്നംവച്ചുകൊണ്ടു പ്രവർത്തിക്കാൻ സഭ കടപ്പെടുന്നുണ്ട്. യേശു മനുഷ്യനോടു കാണിച്ച താത്പര്യവും പ്രതിബദ്ധതയും സഭയും മനുഷ്യനോടു തുടർന്നു കാണിക്കുന്നുണ്ട്. കാരണം, യേശു സഭയെ ഏൽപിച്ച ഏക ദൗത്യം പൂർണ്ണരക്ഷനേടുന്നതിൽ മനുഷ്യനെ സഹായിക്കുക എന്നതാണ്.

ഈ ലക്ഷ്യപ്രാപ്തിയാണു സഭയുടെ സാമൂഹികപ്രബോധനങ്ങളുടേത്. ആധുനിക സാമൂഹികസാഹചര്യങ്ങൾ ഉണർത്തുന്ന മാനുഷികപ്രശ്നങ്ങൾ വിശ്വാസത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തി അവയ്ക്ക് അർത്ഥവത്തായ പരിഹാരങ്ങൾ സഭ ഇതുവഴി നിർദ്ദേശിക്കുന്നു. കഴിഞ്ഞ നൂറ്റാണ്ടിൽ തൊഴിലാളികളനുഭവിച്ച ദാരുണങ്ങളായ പ്രശ്നങ്ങളെ സംബന്ധിച്ച് വിധി നിർണ്ണയിച്ച *റേരും നൊവാരും* എന്ന രേഖ സഭയുടെ രംഗത്തെ വലിയൊരു സംഭാവനയാണ്. പിന്നീടു മനുഷ്യസമൂഹത്തിന്റെ ക്ഷേമം ലക്ഷ്യംവച്ചുകൊണ്ടു പല പ്രബോധനങ്ങളും നൽകപ്പെട്ടിട്ടുണ്ട്. ദരിദ്രരോടും നിരാലംബരോടും പ്രത്യേകസ്നേഹവും പരിഗണയും കാണിക്കാനും നീതിക്കായി പ്രവർത്തിക്കാനും ആധുനികമാർപാപ്പമാരെല്ലാംതന്നെ ആഹ്വാനം ചെയ്യുന്നുണ്ട്. മനുഷ്യകുലത്തോടുള്ള സഭയുടെ തീവ്രമായ ഔത്സുക്യമാണിതിനു കാരണം.

മനുഷ്യന്റെ സമഗ്രനന്മയ്ക്കു തടസ്സം സൃഷ്ടിക്കുന്ന തെറ്റായ പ്രത്യയശാസ്ത്രങ്ങളെയും പ്രവർത്തനശൈലികളെയും സഭ തന്റെ സാമൂഹിക പ്രബോധനരേഖകളിലൂടെ വിമർശിക്കുന്നതിന്റെ പുറകിലെ പ്രചോദനവും മനുഷ്യനോടുള്ള താത്പര്യപൂർവ്വകമായ ആഭിമുഖ്യമാണെന്നു മാർപാപ്പ എടുത്തുപറയുന്നുണ്ട്.

മനുഷ്യനോടുള്ള തന്റെ സ്നേഹവും ഉത്തരവാദിത്വവുമാണ് സുവിശേഷപ്രഘോഷണത്തിനും ദൈവത്തിന്റെ പ്രമാണങ്ങൾ പഠിപ്പിക്കുന്നതിനും കൂദാശകൾ പരികർമ്മംചെയ്യുന്നതിനും സഭയെ പ്രേരിപ്പിക്കുക. മനുഷ്യന്റെ അസ്തിത്വപരമായ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തുകയാണ് ഇതിന്റെയെല്ലാം ലക്ഷ്യം. മനുഷ്യകുലത്തിന്റെ പൊതുക്ഷേമത്തിനായി പ്രവർത്തിക്കുവാൻ എല്ലാവരെയും ആഹ്വാനം ചെയ്തുകൊണ്ടാണ് മാർപാപ്പ രേഖ സമാപിപ്പിക്കുക.

**ബിഷപ് മാർ തോമസ് ചക്യത്ത്**

# 06

## സ്വകാര്യ സ്വത്തവകാശം

സ്വകാര്യസ്വത്തവകാശം ഒരു വിവാദവിഷയമായിട്ട് ഒരു നൂറ്റാണ്ടിലധികമായി. ഒരു പരിധിവരെ, കഴിഞ്ഞ നൂറ്റാണ്ടിലെ സാമൂഹികസാമ്പത്തിക ചിന്ത സ്വകാര്യ സ്വത്തിനെ കേന്ദ്രീകരിച്ചായിരുന്നു. മുതലാളിത്ത സാമ്പത്തിക ചിന്തകൾ സ്വത്തവകാശത്തെ പർവ്വതീകരിച്ചു കാണിക്കുകയും ഉടമയ്ക്കു തന്റെ സ്വത്തിന്റെമേൽ സർവ്വാധികാരമുണ്ടെന്നു വാദിക്കുകയും ചെയ്തു. സമ്പത്ത് ഇഷ്ടംപോലെ ഉപയോഗിക്കാനും നശിപ്പിക്കുവാനുമുള്ള അധികാരമായി ഉടമസ്ഥാവകാശത്തെ അവർ വ്യാഖ്യാനിച്ചതിന്റെ ഫലമായി പൊതുനന്മയെന്ന അതിന്റെ ലക്ഷ്യത്തിനു കോട്ടം സംഭവിച്ചു. സമ്പത്തുള്ളവർ തങ്ങളുടെ സമ്പത്തു ധൂർത്തടിക്കുവാനും ഇല്ലാത്തവർ കൊടുംദാരിദ്ര്യത്തിലേക്ക് അധഃപതിക്കുവാനും ഇതു കാരണമായി.

സോഷ്യലിസ്റ്റുചിന്തകർ, പ്രത്യേകിച്ചു കാറൽ മാക്സും മറ്റും സ്വത്തവകാശത്തെ അംഗീകരിച്ചില്ല.

ചൂഷണത്തിന്റെ ഫലമായിട്ടാണ് സ്വകാര്യസ്വത്ത് അഥവാ മൂലധനം രൂപീകരിക്കപ്പെടുകയെന്നതായിരുന്നു അവരുടെ വാദം. ഇന്നതു ചൂഷണത്തിന്റെ മാർഗ്ഗമായിത്തീർന്നിരിക്കുന്നു. അതുകൊണ്ടുതന്നെ സമ്പത്ത് ദേശസാൽക്കരിക്കപ്പെടണമെന്ന് അവർ വാദിച്ചു. ഈ തത്ത്വത്തിന്റെ പ്രയോഗമാണ് കമ്മ്യൂണിസ്റ്റു രാജ്യങ്ങളിൽ കഴിഞ്ഞ കാലങ്ങളിൽ നടന്നത്.

സഭ ഈ രണ്ടു സമീപനങ്ങളേയും നിശിതമായി വിമർശിച്ചിട്ടുണ്ട്. സ്വകാര്യസ്വത്തവകാശത്തിന്റെ മൗലികവും അലംഘനീയവുമായ സ്വഭാവത്തെ കാത്തുപാലിക്കാൻ ശ്രമിക്കുന്നതോടൊപ്പം സമ്പത്തിന്മേൽ സ്വത്തുടമയ്ക്ക് സർവ്വാധികാരം കൊടുക്കുന്ന പ്രവണതയെ നിശിതമായി സഭ എതിർക്കുകയും ചെയ്യുന്നുണ്ട്. ഒരു പിന്തിരിപ്പിൻ ശക്തിയായി കമ്മ്യൂണിസവും ക്യാപ്പിറ്റലിസവും സഭയെ കണക്കാക്കിയിരുന്നതിന്റെ പുറകിലെ പ്രധാന കാരണമിതാണ്. ഈ സ്ഥിതിവിശേഷത്തിന് ഇന്നു മാറ്റം വന്നുകൊണ്ടിരിക്കുകയാണ്. കമ്മ്യൂണിസത്തിനു മേൽവിലാസമില്ലാതായി. ക്യാപ്പിറ്റലിസ്റ്റു സമൂഹങ്ങളിലാകട്ടെ സ്വത്തിന്റെ സാമൂഹികസ്വഭാവത്തിനു പ്രായോഗികതലത്തിൽ അംഗീകാരം നൽകപ്പെട്ടും കഴിഞ്ഞു.

സ്വത്തവകാശത്തെ സംബന്ധിച്ച സഭയുടെ പഠനത്തിനു സാർവ്വത്രികാംഗീകാരം ലഭിക്കാൻ തുടങ്ങിയിട്ടുള്ള ഈ അവസരത്തിൽ അതിന്റെ ചരിത്രം, അടിസ്ഥാനസ്വഭാവം തുടങ്ങിയവയെക്കുറിച്ച് ചർച്ച ചെയ്യുക പ്രസക്തമാണ്. ഒരു മൗലികാവകാശമായിട്ടാണ് സ്വത്തവകാശത്തെ സഭ എന്നും വീക്ഷിച്ചിട്ടുള്ളത്. ചരിത്രം, വി. ഗ്രന്ഥം, സഭാപിതാക്കന്മാരുടെ പഠനം, യുക്തി എന്നിവയാണ് സഭ ഇതിന് അടിസ്ഥാനങ്ങളാക്കുക.

## സ്വത്തവകാശം ചരിത്രപരമായ സത്യം

സ്വകാര്യസ്വത്ത് എല്ലാ കാലഘട്ടങ്ങളിലും നിലവിലുണ്ടായിരുന്നു എന്ന് പുരാതനസമൂഹങ്ങളെ സംബന്ധിച്ചുള്ള പഠനങ്ങൾ വ്യക്തമാക്കുന്നു. കൃഷിയും മറ്റും തുടങ്ങുന്നതിനുമുൻപ്, വേട്ടയാടിജീവിച്ചിരുന്നവർ തങ്ങൾ ഉപയോഗിച്ചിരുന്ന ആയുധങ്ങൾ സ്വന്തമായി പരിഗണിച്ചിരുന്നു. പിന്നീട്, കൃഷി ചെയ്യാൻ തുടങ്ങിയപ്പോൾ കൃഷിഭൂമി അവർ സ്വന്തമായി പരിഗണിച്ചു. വംശം, കുടുംബം മുതലായവയുടെ അധികാരവകാശങ്ങൾക്കു കീഴിലായി ഓരോ ഭൂപ്രദേശവും നിശ്ചയിക്കപ്പെട്ടു. സ്വത്തവകാശസങ്കൽപത്തിന്റെ ഈ സാർവത്രികത സ്വകാര്യസ്വത്തിന്റെ സ്വാഭാവികതയ്ക്കു നല്ലൊരു തെളിവാണ്.

## I. സ്വത്തവകാശവും വി. ഗ്രന്ഥവും

"അന്യന്റെ വസ്തുക്കൾ മോഷ്ടിക്കരുത്" എന്ന വി. ഗ്രന്ഥ കൽപന സ്വകാര്യസ്വത്തവകാശത്തിന്റെ അംഗീകാരമാണ്. ദൈവദത്തമായ ഒരു അവകാശമായതുകൊണ്ടാണ് അത് അലംഘനീയമാണെന്ന് വി. ഗ്രന്ഥം അനുശാസിക്കുന്നത്. ഓരോ കുടുംബത്തിനും കൃഷിക്കാവശ്യമായ ഭൂമിയും വീട്ടുമൃഗങ്ങളും മറ്റും സ്വന്തമായിട്ടുണ്ടായിരിക്കണമെന്നായിരുന്നു പഴയനിയമത്തിന്റെ താത്പര്യം.

> നിങ്ങൾ നിങ്ങളുടെ മുന്തിരിവള്ളിയുടെയും അത്തിവൃക്ഷങ്ങളുടെയും ചുവട്ടിൽ സ്വസ്ഥമായി കഴിഞ്ഞുകൂടും. നിങ്ങളെ ആരും അസഹ്യപ്പെടുത്തുകയില്ല. എന്തെന്നാൽ സൈന്യങ്ങളുടെ കർത്താവ് ഇത് അരുൾചെയ്തിരിക്കുന്നു (മിക്ക 4:4).

യഹൂദരുടെയിടയിൽ, ഓരോ കുടുംബത്തിനും തങ്ങൾക്കവകാശപ്പെട്ട ഭൂമിയുടെ അതിരുകൾ കെട്ടിത്തിരിക്കാനും അവ മാറ്റമെന്യേ ഭദ്രമായി സൂക്ഷിക്കാനും വ്യവസ്ഥയുണ്ടായിരുന്നു (നിയമ.19:14; 27:17). കൃഷി ജീവിതരീതിയായി സ്വീകരിച്ച തങ്ങളുടെയിടയിൽ ഭൂരഹിതരുണ്ടാകരുതെന്ന വ്യക്തമായ ഒരു തത്ത്വം തന്നെ ഇസ്രായേൽ ജനത സ്വീകരിച്ചിരുന്നു. എല്ലാവർക്കും തൊഴിൽ ചെയ്തു ജീവിക്കാനാവശ്യമായ ഭൂമി സ്വന്തമായി ഉണ്ടാകണമെന്നത് ദൈവഹിതമായിട്ടാണ് അവർ കണക്കാക്കിയത്. മനുഷ്യന്റെ വ്യക്തിത്വവും മാന്യതയും നിലനിർത്താൻ ആവശ്യമായ ഒരു കാര്യമായിട്ടാണ് വി. ഗ്രന്ഥം സ്വകാര്യസ്വത്തിനെ വീക്ഷിക്കുന്നത്. സമ്പത്തിന്റെ അഭാവം വ്യക്തിയെ പരാശ്രിതനാക്കി മാറ്റും. സ്വന്തമായി ജോലി ചെയ്തു ജീവിതവൃത്തി കണ്ടെത്താനും മറ്റാരെയും ആശ്രയിക്കാതെ മാന്യമായി ജീവിക്കാനുമുള്ള വി. പൗലോസിന്റെ ആഹ്വാനത്തിന്റെ അന്തരാർത്ഥവും ഇതുതന്നെയാണ് (1 തെസ 4:11–12).

സ്വകാര്യസ്വത്തുടമയെ സമ്പത്തിന്റെ മേലുള്ള കാര്യസ്ഥനായിട്ടാണ് (Steward) വി. ഗ്രന്ഥം ചിത്രീകരിക്കുക.

> ഭൂമി എന്റേതാണ്. നിങ്ങൾ പരദേശികളും എന്റെ സ്ഥലത്തെ കുടികിടപ്പുകാരുമാണ് (ലേവ്യർ-25-23).

സ്വത്തുടമയ്ക്കു സ്വത്തിന്റേമേൽ നിരുപാധികമായ അധികാരവും അവകാശവും ബൈബിൾ അംഗീകരിക്കുന്നില്ലെന്ന് ഈ പ്രസ്താവന വ്യക്തമാക്കുന്നു. സ്രഷ്ടാവായ ദൈവത്തിന്റേതാണ് പ്രപഞ്ചവസ്തുക്കൾ. അവ എല്ലാവർക്കുംവേണ്ടിയാണ് നൽകപ്പെട്ടിട്ടുള്ളത്. സ്വകാര്യസ്വത്തിന്റെ സാമൂഹികമാനമാണ് ഇതു വ്യക്തമാക്കുക.

സ്വകാര്യസ്വത്തിന്റെ ഈ സാമൂഹികസ്വഭാവത്തിന്, വി. ഗ്രന്ഥം പ്രത്യേകം ഊന്നൽ നൽകുന്നുണ്ട്. എല്ലാവർക്കും സ്വന്തമായ സ്വത്തുണ്ടായിരിക്കണമെന്ന അനുശാസനം ഇതിനൊരു തെളിവാണ്. കുടുംബസ്വത്ത്, യാതൊരു കാരണവശാലും നഷ്ടപ്പെടരുത് എന്ന ചിന്ത ബൈബിളിൽ പ്രബലമാണ്. തന്മൂലം ഭൂമിയുടെ വിൽപനയുടെ സാധുത ജൂബിലിവർഷംവരെയാക്കി നിശ്ചയിക്കുകയും ജൂബിലി വർഷത്തിൽ സ്ഥലം ഉടമസ്ഥനു തിരികെ ലഭിക്കാനും കടം ഇളവു ചെയ്യപ്പെടാനും വ്യവസ്ഥയുണ്ട് (ലേവ്യ. 25:23-28;47-55). ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനതയുടെയിടയിൽ സമ്പത്ത് കുറച്ചുപേരുടെ കയ്യിൽ മാത്രം കേന്ദ്രീകരിക്കുന്നതിനെതിരേ പ്രവാചകന്മാർ നടത്തിയ വിമർശനങ്ങൾ ശ്രദ്ധേയങ്ങളാണ്.

> മറ്റാർക്കും വസിക്കാൻ ഇടം കിട്ടാത്തവിധം വീടോടു വീടുചേർത്ത്, വയലോടു വയൽചേർത്ത് അതിന്റെ മധ്യത്തിൽ തനിച്ചു വസിക്കുന്നവർക്കു ദുരിതം. സൈന്യങ്ങളുടെ കർത്താവ് ശപഥം ചെയ്യുന്നതു ഞാൻ കേട്ടു. അനേകം മന്ദിരങ്ങൾ നിർജ്ജനമാകും. മനോഹരമായ മാളികകൾ വസിക്കാൻ ആളില്ലാതെ ശൂന്യമായി കിടക്കും (ഏശയ്യ 5:8-9).

മറ്റുള്ളവരെക്കുറിച്ചുള്ള പരിഗണന കൂടാതെ ആവശ്യത്തിലധികം സമ്പത്ത് സമാഹരിക്കുന്നതിലെ അധാർമ്മികതയാണ് പ്രവാചകൻ ഇവിടെ വ്യക്തമാക്കുന്നത്. സമ്പത്ത് ദൈവത്തിന്റേതാണെന്നും അതു ദൈവമക്കളായ എല്ലാവരുടെയും ആവശ്യത്തിനു ഉപയുക്തമാകത്തക്കവിധത്തിൽ വിഭജിക്കപ്പെടേണ്ടതാണെന്നുമുള്ള വി. ഗ്രന്ഥപഠനം സ്വകാര്യസ്വത്തുടമയുടെ സാമൂഹിക കടപ്പാടിനെ വ്യക്തമാക്കുന്നു. വിളവെടുക്കുമ്പോൾ വഴിയാത്രക്കാർ, ദരിദ്രർ, അനാഥർ, വിധവകൾ എന്നിവർക്കായി കുറേ ഉത്പന്നങ്ങൾ മാറ്റിവയ്ക്കണമെന്ന നിർദ്ദേശം ഈ സാമൂഹിക കടപ്പാടിന്റെ വിശദീകരണമാണ് (ലേവ്യ. 19:9-10; 23:22; നിയമ. 24:19-21; 23:25-26; പുറപ്പാട് 22:22). ഈ സാമൂഹികോത്തരവാദിത്വം നിർവ്വഹിക്കാത്തവർക്കെതിരേ പ്രവാചകൻ ശബ്ദമുയർത്തിയിരുന്നു.

> കിടക്കയിൽവച്ച് തിന്മ നിരൂപിക്കുകയും ദുരുപായങ്ങൾ ആലോചിക്കുകയും ചെയ്യുന്നവർക്കു ദുരിതം! കയ്യൂക്കുള്ളതിനാൽ, പുലരുമ്പോൾ അവരതു ചെയ്യുന്നു. അവർ വയലുകൾ മോഹിക്കുന്നു; അവ പിടിച്ചടക്കുന്നു. വീടുകൾ മോഹിക്കുന്നു; അവ സ്വന്തമാക്കുന്നു. വീട്ടുടമസ്ഥനെയും അവന്റെ കുടുംബത്തെയും മനുഷ്യരെയും അവന്റെ അവകാശത്തെയും അവർ പീഡിപ്പിക്കുന്നു. അതിനാൽ കർത്താവ് അരുളിച്ചെയ്യുന്നു: ഈ ഭവനത്തിനെതിരേ ഞാൻ

> അനർത്ഥങ്ങൾ ഒരുക്കിയിരിക്കുന്നു(മിക്ക2:2-3; ജെറ. 22:13;34:8-22; ആമോ 2:8; ഏശ.3:15).

സ്വകാര്യസ്വത്തിന്റെ ഈ സാമൂഹികമാനത്തിന് ആദിമസഭയിൽ വലിയ പ്രാധാന്യമുണ്ടായിരുന്നു. ജെറുസലെമിലെ വിശ്വാസികൾ തങ്ങളുടെ സമ്പത്തെല്ലാം പൊതുവായി കണക്കാക്കി, എല്ലാം പങ്കുവച്ച് ജീവിക്കാൻ തുടങ്ങിയത് അതുകൊണ്ടാണ്. ആദ്ധ്യാത്മിക തലത്തിൽ വലിയ ഔന്നത്യം നേടിയ വിശ്വാസികളുടെ ചെറിയൊരു സമൂഹമാണ് ഇപ്രകാരം ചെയ്തത്. സ്വകാര്യസ്വത്തവകാശത്തിന്റെ തിരസ്ക്കരണമായി ഇതിനെ ചിത്രീകരിക്കുന്നതു ശരിയല്ല. മറിച്ച്, അതിന്റെ സാമൂഹികമാനത്തിന് കൂടുതൽ ഊന്നൽ നൽകപ്പെട്ടു എന്നു മാത്രം.

## II. സഭാപിതാക്കന്മാരുടെ പഠനം

സ്വത്തിന്റെ മൗലികസ്വഭാവത്തെക്കാൾ അതിന്റെ സാമൂഹികവശത്തിനാണ് സഭാപിതാക്കന്മാർ പ്രധാന്യം നൽകിയത്. അവരുടെ വീക്ഷണത്തിൽ സമ്പത്തിനെക്കുറിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശ്യം പൊതു ഉടമസ്ഥാവകാശമായിരുന്നു. പക്ഷേ, മനുഷ്യന്റെ പതനത്തോടെ ഈ ലക്ഷ്യം ലംഘിക്കപ്പെട്ടു. തന്റെ പതനത്തോടെ മനുഷ്യൻ സ്വാർത്ഥനായതിനാൽ സ്വകാര്യസ്വത്ത് അനിവാര്യമായിത്തീർന്നു. വി. അഗസ്തീനോസിന്റെ വീക്ഷണത്തിൽ, സ്വകാര്യസ്വത്ത് അധഃപതിച്ച മനുഷ്യവർഗ്ഗത്തിനിടയിൽ ക്രമവൽക്കരണത്തിനുള്ള ഒരുപാധിയാണ്.

സഭാപിതാക്കന്മാരുടെ കാഴ്ചപ്പാടിൽ സ്വത്തുടമ സമ്പത്തിന്റെ കാര്യസ്ഥൻ മാത്രമാണ്. ആവശ്യക്കാരെ സഹായിക്കുക എന്നത് കടംവീട്ടലാണെന്ന് അവർ പഠിപ്പിക്കുന്നു. സ്വത്ത് പങ്കുവയ്ക്കുന്നതിന്റെ പൊതുസ്വഭാവത്തെക്കുറിച്ചുള്ള സഭാപിതാക്കന്മാരുടെ പഠനങ്ങളിൽ ചിലത് താഴെ കൊടുക്കുന്നു (Canadian Religious Conference, Attentive to the cry of the Needy, Donum Dei Series, Ottawa,1973,pp.27-40).

> എല്ലാ മനുഷ്യർക്കുംവേണ്ടിയാണ് ഭൂമി സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ധനവാൻ പ്രകൃതിക്ക് അപരിചിതനാണ്. പ്രകൃതി എല്ലാവർക്കും ജന്മം നൽകിയത് നിർദ്ധനാവസ്ഥയിലാണ്. സ്വർണ്ണമോ വെള്ളിയോ സ്വന്തമില്ലാതെ നഗ്നരായി നാം ജനിച്ചു. ഈ നിർദ്ധനാവസ്ഥയിൽ തന്നെയാണ് പ്രപഞ്ചത്തിന്റെ ആദ്യകിരണം നാം ദർശിച്ചതും. താൻ ജന്മംനൽകിയവയെ അതേ അവസ്ഥയിൽത്തന്നെ പ്രകൃതി തിരിച്ചുവിളിക്കുന്നു. എല്ലാ മനുഷ്യരേയും ഒരേ അവസ്ഥയിൽ സൃഷ്ടിച്ച

പ്രകൃതി എല്ലാവരേയും ഒരു കല്ലറയ്ക്കുള്ളിൽ അടക്കുന്നു. ഉടമ സ്ഥാവകാശത്തിന്റെ പരിധികളെ ഉന്മൂലനം ചെയ്യാൻ പ്രകൃതിക്കു സാധിക്കില്ല (വി. അംബ്രോസ്).

വിശേഷബുദ്ധിയില്ലാത്ത മൃഗങ്ങളെക്കാൾ നാം ക്രൂരരാവരുത്. മൃഗ ങ്ങൾ അവയ്ക്കുള്ളവയെല്ലാം - ഭൂമി, അരുവികൾ, പുൽത്തകിടി കൾ, കുന്നുകൾ, മരത്തോപ്പുകൾ മുതലായവയെല്ലാം - പൊതുവായി അനുഭവിക്കുന്നു. ഏതെങ്കിലും ഒരു മൃഗത്തിന് മറ്റൊന്നിനെ അപേക്ഷിച്ച് അധികമായി യാതൊന്നുമില്ല (വി. ജോൺ ക്രിസോസ്തോം).

ആവശ്യക്കാരനിൽനിന്ന് മുഖം തിരിക്കരുത്. നിനക്കുള്ളത് നിന്റെ സഹോദരനുമായി പങ്കുവയ്ക്കുക. ഇത് എന്റെ സ്വന്തം ധനമാണ് എന്ന് നീ പറയരുത്. നിങ്ങൾ അനശ്വരമായവയുടെ പങ്കുകാരാ ണെങ്കിൽ, നശ്വരമായവ എത്രയധികമായി പങ്കുവയ്ക്കേണ്ടിയിരി ക്കുന്നു (The Didache").

ഇതേ ആശയം വി. ക്രിസോസ്റ്റം കൂടുതൽ വ്യക്തമാക്കുന്നു:

എനിക്ക് സ്വന്തമായുള്ളത് ചെലവഴിച്ച് ഞാൻ സുഖമായി കഴിയുന്നു എന്നു നീ പറയരുത്. കാരണം അവ നിന്റെ സ്വന്തമല്ല. അവ നിനക്കും നിന്റെ സഹപ്രവർത്തകർക്കും പൊതുവായുള്ളവയാണ്. ഭൂമി, സൂര്യൻ തുടങ്ങിയവയെല്ലാം പൊതുവായിരിക്കുന്നതുപോലെ തന്നെ (പ്രസംഗം10:3).

ധനികർ ധർമ്മം കൊടുക്കുമ്പോൾ, കടംവീട്ടുകയാണു ചെയ്യു ന്നതെന്ന് വി. അംബ്രോസ് പറയുന്നു. യഥാർത്ഥ നീതി അനുസ രിച്ച് അതു ദരിദ്രന് അർഹതപ്പെട്ടതാണ്.

നീ ദരിദ്രന് ധർമ്മം കൊടുക്കുമ്പോൾ, നിന്റെ സമ്പാദ്യത്തിൽ നിന്നെ ടുത്തുകൊടുക്കുകയല്ല മറിച്ച് അവന്റെ അവകാശം പുനർസ്ഥാപി ക്കുകമാത്രമാണ് ചെയ്യുന്നത്. കാരണം എല്ലാവർക്കുമായി നൽക പ്പെട്ടവ നിന്റെ ഉപയോഗത്തിന് മാത്രമായി നീ കൈവശപ്പെടുത്തി. ഭൂമി സമ്പന്നന്റെ കുത്തകയല്ല. അത് എല്ലാവരുടേതുമാണ്. അതു കൊണ്ട് ധാരാളമായി കൊടുക്കുന്നതിലൂടെ നിന്റെ കടത്തിന്റെ ഒരു ഭാഗം വീട്ടുക മാത്രമാണ് ചെയ്യുന്നത്.

തന്റെസമ്പത്ത് ദരിദ്രനുമായി പങ്കുവയ്ക്കാത്ത ധനവാനെ ഒരു കള്ളനോടാണ് മഹാനായ വി. ബേസിൽ ഉപമിക്കുന്നത്.

ഒരുവന്റെ വസ്ത്രം കൈവശപ്പെടുത്തുന്നവൻ കള്ളനെന്നു വിളി ക്കപ്പെടുന്നു. സാധിക്കുമായിരുന്നിട്ടും നഗ്നരെ ഉടുപ്പിക്കുവാൻ തുനി യാത്തവന് ഇതിനെക്കാളും യോജിച്ച മറ്റൊരു പേരുണ്ടോ? നിങ്ങ

ളുടെ അറപ്പുരകളിൽ സമാഹരിച്ചിരിക്കുന്നത് ദരിദ്രന്റെ അന്നന്നപ്പ മാണ്. നിങ്ങളുടെ അലമാരകളിൽ കുന്നുകൂടിയിരിക്കുന്ന വസ്ത്ര ങ്ങൾ ഉടുതുണിയില്ലാത്തവരുടേതാണ്. നിങ്ങളുടെ വീട്ടിൽ പൊടി പിടിച്ചുകിടക്കുന്ന പാദരക്ഷകൾ നഗ്നപാദകരുടേതാണ്. നിങ്ങൾ പൂഴ്ത്തിവച്ചിരിക്കുന്ന പണം ദാരിദ്ര്യത്തിനിരയായവരുടേതാണ്. അങ്ങനെ നിങ്ങളുടെ സമ്പത്തുകൊണ്ട് ആരെയൊക്കെ രക്ഷിക്കാ മായിരുന്നോ അവരെയെല്ലാം നിങ്ങൾ അടിച്ചമർത്തുകയായിരുന്നു.

അനാവശ്യമായ ധനസമ്പാദനം അക്ഷന്തവ്യമായ തെറ്റാണെ ന്നാണ് വി. ബേസിൽ സമർത്ഥിക്കുന്നത്.

തിയേറ്ററിലിരുന്ന്, മറ്റുള്ളവർ പ്രവേശിക്കുന്നത് തടയുകയും അവർക്കും കാണുവാനവകാശമുള്ള പ്രദർശനം താൻ മാത്രം കണ്ടാ നന്ദിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്ന സ്വാർത്ഥനെ പ്പോലെയാണ് നീ! ആദ്യമേ കൈവശമാക്കാൻ അവസരം ലഭിച്ചു എന്നതുകൊണ്ടു മാത്രം, പൊതുവായിരിക്കേണ്ട സ്വത്ത് സ്വന്തമായി നീ കരുതുന്നു. ഓരോരുത്തനും ആവശ്യത്തിനു മാത്രമുപയോ ഗിച്ച് മിച്ചമുള്ള ധനം ദരിദ്രർക്കായി നീക്കിവച്ചിരുന്നെങ്കിൽ ദാരി ദ്ര്യവും മുതലാളിത്തവും തുടച്ചുനീക്കാമായിരുന്നു.

പറയൂ, എന്താണ് നിങ്ങൾക്ക് അവകാശമായിട്ടുള്ളത്. നിന്റേതാക്കി വച്ചിരിക്കുന്ന ഇവയെല്ലാം നിനക്ക് എവിടെനിന്നു ലഭിച്ചു?... സ്വഭാ വികമായി ലഭിച്ചു എന്നു പറഞ്ഞാൽ ദാതാവായ ദൈവത്തെ അംഗീ കരിക്കാത്തവനും അവിടുത്തോടു നന്ദിയില്ലാത്തവനുമായ ക്രൂരനാ യിത്തീരുന്നു നീ. എന്നാൽ ഇവ ദൈവത്തിൽനിന്നു ലഭിച്ചു എന്നാണു നീ പറയുന്നതെങ്കിൽ, പിന്നെ എന്തുകൊണ്ട് നീ ഇവ നിന്റേതുമാത്രമാക്കി വയ്ക്കുന്നു? (മഹാനായ വി. ബേസിൽ).

## III. വി. തോമസ് അക്വിനാസിന്റെ ദർശനം

സ്വകാര്യസ്വത്തു സംബന്ധിച്ച സഭയുടെ പഠനത്തെ വി. തോമസ് അക്വിനാസിന്റെ ചിന്ത വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്. സ്വത്തവ കാശത്തെ രണ്ടുതരമായി അദ്ദേഹം വിഭജിച്ചിരിക്കുന്നു. 1) പ്രപഞ്ച വസ്തുക്കൾ ഉപയോഗിക്കാനുള്ള അവകാശം 2) സമ്പത്തു സ്വന്ത മായി സൂക്ഷിക്കുവാനുള്ള അവകാശം.

**1. വസ്തുക്കൾ ഉപയോഗിക്കാനുള്ള അവകാശം:** സൃഷ്ടപ്രപഞ്ചം ആത്യന്തികപരിശോധനയിൽ ഓരോ മനുഷ്യനുംവേണ്ടിയാണെന്ന ചിന്തയാണ് ഇതിനടിസ്ഥാനം. പ്രപഞ്ചത്തിന്റെ കേന്ദ്രബിന്ദുവായി സൃഷ്ടിക്കപ്പെട്ട മനുഷ്യന് ദൈവദത്തമായ അവകാശമാണ്, മനു ഷ്യോചിതമായി ജീവിക്കാനാവശ്യമായ വസ്തുതകൾ ലഭിയ്ക്കുക യെന്നത്. ഇതിനു മൗലികവും അലംഘനീയവുമായ ഒരു സ്വഭാവ

മുണ്ട്. സ്വാഭാവിക നിയമത്തിന്റെ ഉന്നതമായ തലത്തിലാണ് ഈ അവകാശത്തെ വി. തോമസ് അക്വിനാസ് പ്രതിഷ്ഠിക്കുക. ഇതി നർത്ഥം, സ്വന്തം കുറ്റത്താലല്ലാതെ ജീവിതവൃത്തിക്കാവശ്യമായവ ഒരുവന് ലഭിക്കാത്ത അവസ്ഥ സ്വാഭാവികനിയമത്തിന്റെ ലംഘന മാകും; ദൈവഹിതലംഘനമെന്ന നിലയിൽ ഇതൊരു പാപാവസ്ഥ യാണെന്നതിൽ സംശയമില്ല.

**2. പ്രപഞ്ചവസ്തുക്കൾ സ്വന്തമാക്കാനുള്ള അവകാശം:** പ്രപഞ്ചവസ്തുക്കൾ ആവശ്യാനുസരണം ഉപയോഗിക്കാനുള്ള വ്യക്തിയുടെ ദൈവദത്തമായ അവകാശത്തിൽനിന്ന് ഉരുത്തിരിയു ന്നതാണ് സമ്പത്തു സ്വന്തമായി സൂക്ഷിക്കാനുള്ള അവകാശം. ഇതും സ്വാഭാവികനിയമത്തിന്റെ പരിധിയിൽപ്പെടാമെങ്കിലും ഇതിന്റെ സ്വാഭാവികതയും അലംഘനീയതയും വസ്തുക്കൾ ആവ ശ്യത്തിനു ലഭിക്കാനുള്ള അവകാശത്തോളം ശക്തമല്ല. സ്വാഭാവി കനിയമത്തിന്റെ അധോമണ്ഡലത്തിലാണ് വി. തോമസ് അക്വീ നാസ് ഇതിനു സ്ഥാനം നൽകുന്നത്. അതായത്, സ്വന്തമായി സ്വത്ത് ഇല്ലാത്ത അവസ്ഥ സ്വാഭാവികനിയമത്തിന്റെ നിഷേധമാകുകയില്ലെ ന്നർത്ഥം. കൂടുതൽ വിശദമായി പറഞ്ഞാൽ എല്ലാവർക്കും മാന്യ മായി ജീവിക്കാനനിവാര്യമായ പ്രകൃതി വസ്തുക്കൾ ലഭിക്കാനുള്ള മനുഷ്യന്റെ പ്രഥമവും സാർവ്വത്രികവുമായ അവകാശം സംരക്ഷി ക്കപ്പെടുന്നതിന്റെ തോതനുസരിച്ചാണ് ഓരോ വ്യക്തിയുടേയും സ്വത്തിന്റെ സ്വാഭാവികത നിശ്ചയിക്കുക.

സ്വാഭാവിക നിയമത്തിന്റെ ഏറ്റവും താഴ്ന്ന തലത്തിലാണ് സമ്പ ത്തിന്റെ നിലവിലുള്ള വിഭജനം. ചില സാഹചര്യങ്ങളിൽ ഇതു സ്വാഭാവികനീതിയെ ലംഘിച്ചുവെന്നുവരും. അതുകൊണ്ടുതന്നെ യാണ് സമ്പത്തു നീതിപൂർവ്വം പുനർവിഭജനം ചെയ്യാൻ ഗവൺമെന്റു കൾക്ക് അവകാശവും കടമയുമുണ്ടെന്നു പറയുക.

സ്വകാര്യസ്വത്തവകാശത്തിന്റെ സ്വാഭാവികത തെളിയിക്കാൻ താഴെ പ്പറയുന്ന വാദഗതികളാണ് വി. തോമസ് അക്വിനാസ് നൽകുക.

1. സ്വന്തമായി സ്വത്തുണ്ടാകുമ്പോൾ വ്യക്തികൾക്ക് തനതായി അനുഭവപ്പെടുന്ന സന്തോഷവും സംതൃപ്തിയും സ്വകാര്യസ്വത്ത വകാശം ഉണ്ടെന്നതിന്റെ തെളിവാണ്. സ്വന്തമായി വസ്തുവകകൾ സമാഹരിക്കാനുള്ള മനുഷ്യന്റെ അദമ്യമായ അഭിവാഞ്ഛയും ഈ വസ്തുത വ്യക്തമാക്കുന്നു. ഇവ ക്രമീകൃതവും മനുഷ്യസ്വഭാവ ത്തിനു ചേർന്നതുമായിട്ടാണ് അക്വിനാസ് വിശദീകരിക്കുന്നത്.

2. സ്വന്തം കഴിവുകളെ വളർത്താനും വ്യക്തിത്വം വികസിപ്പിക്കാനും എല്ലാ വ്യക്തികൾക്കും അവകാശവും കടമയുമുണ്ട്. സ്വാഭാവികമാണ് ഈ അവകാശവും കടമയും. അതു സ്വാഭാവികമായിരിക്കുന്നതുപോലെ അതിന്റെ നിർവ്വഹണത്തിനാവശ്യമായ വസ്തുക്കൾ ലഭിക്കുവാനുള്ള അവന്റെ അവകാശവും സ്വാഭാവികമാണ്. സ്വന്തമായി അവ സൂക്ഷിക്കുക എന്നതാണ് ഇതിനുള്ള ഏകമാർഗ്ഗം. വ്യക്തിപരമായി വളരാനുള്ള അവകാശവും കടമയും നിർവ്വഹിക്കുന്നതിന് സമൂഹത്തെ മാത്രം ആശ്രയിക്കുന്നത് വിഡ്ഢിത്തമാണ്.

3. ഭാവിയെ ഓർത്ത് ആകുലനാകുകയെന്നതും അതിനുവേണ്ടി സ്വരൂക്കൂട്ടുകയെന്നതും മനുഷ്യന്റെ മാത്രം സവിശേഷതയാണ്. വർത്തമാനകാലത്തെ ഭാവിയുമായി ബന്ധിപ്പിച്ചു ചിന്തിക്കുക എന്നർത്ഥം മനുഷ്യനു ഭാവിക്കാവശ്യമായവ സംഭരിക്കാനുള്ള അവകാശം അങ്ങനെ സ്വാഭാവികമായിത്തീരുന്നു.

4. തന്റെ മക്കളുടെ വളർച്ചയ്ക്കും ഭാവിസുരക്ഷിതത്വത്തിനും ആവശ്യമായവ സമാഹരിയ്ക്കുകയെന്നത് ഒരു പിതാവിന്റെ ദൈവദത്തമായ കടമയാണ്. ഈ രംഗത്ത് വ്യക്തിയെ സഹായിക്കാൻ സമൂഹത്തിനു സാധിക്കുമെങ്കിലും പ്രഥമവും പ്രധാനവുമായ കടമ പിതാവിന്റേതാണെന്നതു നിസ്തർക്കമാണ്. ഈ സവിശേഷത സ്വകാര്യസ്വത്തവകാശത്തിനു സ്വാഭാവികതയുടേതായ ഒരു മാനം നൽകുന്നു. കൂടാതെ, തൊഴിൽ ചെയ്യുന്നതിനും സമ്പത്തു കാത്തു സൂക്ഷിക്കുന്നതിനും സാമൂഹിക സാമ്പത്തികജീവിതത്തിൽ ആവശ്യമായ ക്രമവും ചിട്ടയും ഉറപ്പുവരുത്തുന്നതിനും സ്വകാര്യസ്വത്തിന്റെ അംഗീകാരം ഉപകരിക്കും. ഇവയെല്ലാം സ്വകാര്യസ്വത്തവകാശത്തിനു സാധുതയേകുന്നു.

## IV. മാർപാപ്പമാരുടെ പഠനം

സ്വത്തവകാശത്തെ സംബന്ധിച്ച, തോമസ് അക്വീനാസിന്റെ ചിന്താധാര, ആധുനിക മാർപാപ്പമാരുടെ പഠനങ്ങളേയും കാര്യമായി സ്വാധീനിച്ചിട്ടുണ്ട്. സ്വകാര്യസ്വത്തിന്റെ മൗലികതയും സാമൂഹികതയും സ്ഥാപിക്കാനുള്ള ശ്രമം ശക്തമായ രീതിയിൽ അവർ നടത്തുന്നുണ്ട്. സ്വകാര്യസ്വത്തവകാശത്തെ തള്ളിപ്പറയുന്ന മാർക്സിയൻ സമീപനം നിശിതമായി വിമർശിക്കപ്പെടുന്നു. സ്വകാര്യസ്വത്തവകാശലംഘനം എല്ലാ സ്വാതന്ത്ര്യങ്ങളുടേയും ലംഘനത്തിനു നാന്ദിയാണ് എന്ന മാർപാപ്പമാരുടെ പ്രസ്താവന ശരിയാണെന്ന് കമ്മ്യൂണിസ്റ്റു രാജ്യങ്ങളുടെ കഴിഞ്ഞകാല ചരിത്രം തെളിയിച്ചിരി

ക്കുന്നു. എല്ലാ കമ്മ്യൂണിസ്റ്റു രാജ്യങ്ങളുംതന്നെ നിഷേധിക്കപ്പെട്ട സ്വകാര്യസ്വത്തവകാശം പുനർസ്ഥാപിക്കാനുള്ള തിരക്കിലാണി പ്പോൾ. പ്രകൃതിവസ്തുക്കളെ അവശ്യാനുസരണം വിനിയോഗിക്കാനുള്ള അവകാശം ദൈവദത്തവും സാർവ്വത്രികവുമാണെന്ന് അവർ പഠിപ്പിക്കുന്നു. *റേരും നൊവാരു*മിന്റെ 50-ാം വാർഷികത്തോടനുബന്ധിച്ചു നൽകിയ സന്ദേശത്തിൽ പന്ത്രണ്ടാം പീയൂസ് പാപ്പാ ഇതിനെ പ്രഥമവും സാർവ്വത്രികവുമായ അവകാശമായി വിശേഷിപ്പിക്കുന്നു.

> ബുദ്ധിശക്തിയുള്ള ഒരു ജീവിയെന്ന നിലയ്ക്ക് ഓരോ മനുഷ്യനും അവശ്യാനുസൃതം ഭൗതികവസ്തുക്കൾ ഉപയോഗിക്കാനുള്ള മൗലികമായ അവകാശം പ്രകൃതിയിൽനിന്ന് ലഭിച്ചിട്ടുണ്ട്. എങ്കിലും ഈ അവകാശം സാക്ഷാൽകൃതമാകുന്നത് ഉചിതമായ സാമ്പത്തികാസൂത്രണത്തിലൂടെയും നിയമനിർമ്മാണത്തിലൂടെയുമാണ്. ഈ വ്യക്തിപരമായ അവകാശം ഒരു സാഹചര്യത്തിലും നിഷേധിക്കപ്പെടാൻ പാടില്ല *(PiusXII, 1941, Whiesum Message. cf. Jean Y Calvez, The Church and Social Justice,p.194).*

പ്രപഞ്ചവസ്തുക്കൾ ആവശ്യാനുസരണം ഉപയോഗിക്കാനുള്ള മനുഷ്യവ്യക്തിയുടെ അലംഘനീയവും ദൈവദത്തവുമായ ഈ അവകാശത്തെ രണ്ടാം വത്തിക്കാൻ സൂനഹദോസും ഊന്നൽ നൽകി പഠിപ്പിക്കുന്നുണ്ട്.

> ഭൂമിയും അതിലെ സകല വിഭവങ്ങളും എല്ലാ മനുഷ്യരുടെയും ജനപദങ്ങളുടെയും ഉപയോഗത്തിനുവേണ്ടിയായിരിക്കണമെന്നു ദൈവം നിശ്ചയിച്ചു. അതിനാൽ എല്ലാ മനുഷ്യരും നീതിയോടും സാഹോദര്യത്തോടുംകൂടി പ്രവർത്തിക്കുമെങ്കിൽ സൃഷ്ടിക്കപ്പെട്ട വസ്തുക്കൾ ഏവർക്കും ന്യായമായ തോതിൽ ലഭിക്കാനിടയാകും. മാറിക്കൊണ്ടിരിക്കുന്ന പരിത:സ്ഥിതികളും സ്ഥലത്തെ ന്യായമായ നടപ്പുമനുസരിച്ച് ഉടമസ്ഥാവകാശത്തിനു പല രൂപഭാവങ്ങളുമുണ്ടാകുമെന്നതു ശരിതന്നെ. പക്ഷേ, ഭൗമികവസ്തുക്കളുടെ സാർവ്വത്രികമായ ഉദ്ദേശ്യം എപ്പോഴും പരിഗണിക്കണം. അതുകൊണ്ട് ഉപയോഗത്തിന്റെ കാര്യത്തിൽ ഈ വസ്തുക്കളെ ന്യായമായി കൈവശംവച്ചുകൊണ്ടിരിക്കുന്ന മനുഷ്യൻ അവയെ തന്റേതായി മാത്രം കണക്കാക്കാതെ പൊതുസ്വത്തായികൂടി കരുതണം. തനിക്കു മാത്രമല്ല മറ്റുള്ളവർക്കും അതുകൊണ്ട് പ്രയോജനമുണ്ടാകാൻ ഇടവരണം. ഇതിനുംപുറമേ തനിക്കും തന്റെ കുടുംബത്തിനും ആവശ്യത്തിനു മതിയാകുന്നത്ര വസ്തുക്കൾ സ്വന്തമാക്കാൻ ഓരോരുത്തനും അവകാശമുണ്ട് (സഭ ആധുനികലോകത്തിൽ (No.69).

സ്വത്തുടമ ദൈവനിശ്ചയമനുസരിച്ച് സമ്പത്തിന്റെ കാര്യസ്ഥൻ മാത്രമാണെന്ന പഠനത്തെ ലെയോ മാർപാപ്പ ആവർത്തിച്ചുറപ്പിക്കുന്നു.

> ദൈവത്തിന്റെ ഔദാര്യത്താൽ ബാഹ്യമോ, ശാരീരികമോ ബൗദ്ധികമോ ആയ അനുഗ്രഹങ്ങൾ സുലഭമായി ലഭിച്ചിട്ടുള്ളവർ അവ സ്വന്തം പ്രകൃതിയുടെ പൂർണ്ണതയ്ക്കുവേണ്ടി ഉപയോഗിക്കാനും, അതേ സമയം ദൈവപരിപാലനയുടെ ശുശ്രൂഷകരെന്ന നിലയിൽ മറ്റുള്ളവരുടെ നന്മയ്ക്കായി ഉപയോഗിക്കാനും കടപ്പെട്ടിരിക്കുന്നു (*റേരും നൊവാരും* No.19).

ദരിദ്രരെ സഹായിക്കാനുള്ള സമ്പന്നന്റെ കടമയെ ഔദാര്യമായി കാണുന്ന പ്രവണത സഭയിൽ നിലനിന്നിരുന്നു. എന്നാൽ അടുത്ത കാലത്ത് ഈ മനോഭാവത്തെ സഭ നിശിതമായി ചോദ്യം ചെയ്യുന്നുണ്ട്. സഭാപിതാക്കന്മാരുടെ പഠനത്തെ അടിസ്ഥാനമാക്കി വത്തിക്കാൻ സൂനഹേദോസ് നല്കുന്ന സന്ദേശം ശക്തമാണ്.

> സാധുക്കളെ സഹായിക്കാൻ മനുഷ്യർക്ക് കടമയുണ്ട്. മിച്ചമുള്ളവയിൽനിന്ന് ദാനം ചെയ്യുന്നതുകൊണ്ടുമാത്രം മതിയാകുകയില്ല. അങ്ങേയറ്റം അവശ്യസ്ഥിതിയിലാകുന്നവന് മറ്റുള്ളവരുടെ സ്വത്തിൽനിന്ന് തനിക്കാവശ്യമുള്ളത് എടുക്കാൻ അവകാശമുണ്ട്. ദാരിദ്ര്യത്തിന്റെ കൊടുംയാതനകൾ സഹിക്കുന്ന അനേകം പേർ ഇന്നു ലോകത്തിലുണ്ട്. അതുകൊണ്ട്, പരിശുദ്ധ സൂനഹദോസു വ്യക്തികളോടും ഭരണാധികാരികളോടും ആവശ്യപ്പെടുകയാണ്. സഭാ പിതാക്കന്മാരുടെ ഈ പ്രസ്താവനയെ അനുസ്മരിക്കാൻ: "വിശന്നു മരിക്കാറായ മനുഷ്യനു നീ ഭക്ഷണം കൊടുക്കുക. അങ്ങനെ ചെയ്യാതിരുന്നാൽ നീ അവനെ കൊല്ലുകയാണു ചെയ്യുന്നത്" *(സഭ ആധുനികലോകത്തിൽ No.69).*

സ്വകാര്യസ്വത്തിന്റെ നീതിപൂർവ്വകമായ നിയന്ത്രണം ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. എല്ലാവർക്കും അവശ്യാനുസൃതം പ്രപഞ്ചവസ്തുക്കൾ ലഭ്യമാകത്തക്കവിധം ഉടമസ്ഥത ക്രമീകരിക്കുകയെന്നത് ധാർമ്മികയൊരു കടമയാണ്.

> പൊതുക്ഷേമത്തിനു വിഘാതമാകാവുന്ന വിധത്തിൽ സ്വകാര്യസ്വത്ത് ദുർവിനിയോഗിക്കുന്നവരെ തടയാനുള്ള അവകാശം രാഷ്ട്രീയാധികാരികൾക്കുണ്ട്. ഭൗതികവസ്തുക്കളുടെ പൊതുവായ ഭാഗധേയം സംബന്ധിച്ച നിയമത്തിലധിഷ്ഠിതമായൊരു സാമൂഹികസ്വഭാവം സ്വകാര്യസ്വത്തിന് സ്വതേയുണ്ട്. ഇതവഗണിക്കപ്പെട്ടാൽ ധനമോഹവും ഗൗരവമായ മറ്റ് അസ്വസ്ഥതകളും സൃഷ്ടിക്കും *(സഭ ആധുനികലോകത്തിൽ No.71).*

ഭൂപരിഷ്കരണനിയമനിർമ്മാണങ്ങൾ നടത്താനുള്ള ഗവൺമെന്റിന്റെ കടപ്പാടിനെ സംബന്ധിച്ചും സൂനഹദോസ് നിർദ്ദേശം നൽകുന്നുണ്ട്. "യഥാവിധി കൃഷി ചെയ്യപ്പെടാത്ത എസ്റ്റേറ്റുകൾ അവയിൽ കനകം വിളയിക്കാൻ കരുത്തുള്ള കരങ്ങൾക്കു വീതിച്ചു കൊടുക്കുക തന്നെ വേണം" (Ibid). ഇതിലും വ്യക്തമാണ് പോൾ ആറാമൻ മാർപാപ്പയുടെ പ്രസ്താവന:

> സ്വകാര്യ എസ്റ്റേറ്റുകൾ അധികം വിസ്തൃതമായതുകൊണ്ട് ഉപയോഗിക്കാതിരിക്കുകയും കാര്യമായി കൃഷി ചെയ്യാതിരിക്കുന്നതിനാൽ പൊതുക്ഷേമത്തിനും രാജ്യത്തിന്റെ പുരോഗതിക്കും അവ വിലങ്ങുതടിയാവുകയും ചെയ്യുന്ന സാഹചര്യത്തിൽ അവ ഉടമസ്ഥരിൽനിന്ന് തിരിച്ചെടുക്കേണ്ടതാണ് *(ജനതകളുടെ പുരോഗതി No.24).*

സമ്പത്തിന്റെ നിലവിലുള്ള വിഭജനം സ്വാഭാവിക - ദൈവികനിയമങ്ങൾക്കനുസൃതമല്ലെന്നുള്ള വസ്തുതയാണ് അതിന്റെ പുനർവിഭജനം അനിവാര്യമാക്കിത്തീർക്കുക. ആർക്കും തന്റെ സമ്പത്ത് തന്റേതുമാത്രമാണെന്നു പറയുവാൻ അവകാശമില്ല. ഒരു രാജ്യം അതിന്റെ സമ്പത്ത് ആ രാജ്യത്തിലെ പൗരന്മാരുടേതുമാത്രമാണെന്നു വാദിക്കുന്നതുപോലും യുക്തിസഹമല്ലെന്നാണ് ആധുനിക മാർപാപ്പമാർ പഠിപ്പിക്കുന്നത്.

> ഒരു രാജ്യത്തിലെ പൗരന്മാരുടെ അദ്ധ്വാനംവഴി ദൈവപരിപാലന നൽകുന്ന വിഭവങ്ങളുടെ ആദ്യത്തെ ഉപകർത്താക്കൾ അതതു രാജ്യത്തിലെ ജനങ്ങൾതന്നെയാണെങ്കിലും ഒരു രാജ്യത്തിനും അതിന്റെ സമ്പത്ത് അതിനുവേണ്ടി മാത്രമായി അവകാശപ്പെടാൻ പാടില്ലാത്തതാണ്. ഓരോ രാജ്യവും കൂടുതലും നല്ലതുമായ വിഭവങ്ങൾ ധാരാളം പുറപ്പെടുവിച്ചു രാജ്യത്തിലെ ജനങ്ങൾക്കു നല്ല ജീവിത നിലവാരം പുലർത്തുവാൻ പരിശ്രമിക്കുന്നതോടൊപ്പം മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പുരോഗതിക്കായും പരിശ്രമിക്കാൻ കടപ്പെട്ടിരിക്കുന്നു *(ജനതകളുടെ പുരോഗതി No.48.)*

## V. സ്വകാര്യസ്വത്തും ചില നൂതന പ്രവണകളും

പരമ്പരാഗതമായ സ്വകാര്യസ്വത്തുസമ്പ്രദായത്തിന്റെ ആവശ്യകതയെ ചോദ്യംചെയ്യുന്ന പല സാഹചര്യങ്ങളും ഇന്നു നിലവിലുണ്ട്. സാമൂഹികജീവിതത്തിൽ പണ്ടൊന്നുമില്ലാതിരുന്ന പല പുതിയ സംരംഭങ്ങളും പ്രസ്ഥാനങ്ങളും ആധുനിക കാലഘട്ടത്തിൽ ഉദയം ചെയ്തിട്ടുണ്ട്. വർദ്ധിച്ചുവരുന്ന സാമൂഹികബന്ധങ്ങളാണ് ഇവയുടെ പുറകിൽ പ്രവർത്തിക്കുക. സോഷ്യലൈസേഷൻ (Socialization) എന്നാണ് ഈ പ്രവണതയെ ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പ വിശേഷിപ്പിക്കുക. പരാമ്പരാഗതമായി സ്വകാര്യ

സ്വത്തിനു നൽകിവരുന്ന പ്രാധാന്യത്തെ ഈ പ്രതിഭാസം ചോദ്യം ചെയ്യുന്നു. സ്വകാര്യസ്വത്ത് വ്യക്തികൾക്കു നൽകിക്കൊണ്ടിരുന്ന സുരക്ഷിതത്വം ഇന്നു സാമൂഹിക സുരക്ഷിതത്വപദ്ധതികൾ, ഇൻഷുറൻസ് സംഘടനകൾ, വലിയ കോർപ്പറേഷനുകൾ മുതലായവ നൽകുന്നുണ്ട്. അതിനാൽ ഒരു വ്യക്തിയുടെ ശാരീരിക സുരക്ഷിതത്വത്തിനുള്ള ഏകമാർഗ്ഗമോ മുഖ്യോപാധിയോ ആയി സ്വകാര്യ സ്വത്തിനെ പരിഗണിക്കാനാവില്ലെന്നു പോപ്പ് ജോൺ വ്യക്തമാക്കുന്നു.

സാങ്കേതികവിജ്ഞാനത്തിനും തൊഴിൽ യോഗ്യതകൾക്കും ലഭിച്ചിട്ടുള്ള പ്രാധാന്യം സ്വകാര്യസ്വത്തിന്റെ ആവശ്യകത കുറയുന്നതിനു കാരണമായിട്ടുണ്ട്. മൂലധനം കൈവശമാക്കുന്നതിനെക്കാൾ തൊഴിൽ യോഗ്യത സമ്പാദിക്കാൻ മനുഷ്യൻ ആഗ്രഹിക്കുന്നുവെന്നത് ശ്രദ്ധാർഹമായ കാര്യമാണ്. മൂലധനത്തിൽനിന്നു ലഭിക്കുന്ന നേട്ടത്തെയും അതിലധിഷ്ഠിതമായിട്ടുള്ള അവകാശങ്ങളെയുമാണ് ഇന്ന് മനുഷ്യൻ കൂടുതൽ വിലമതിക്കുക. ഈ വികാസം നമ്മുടെ സാംസ്ക്കാരിക പുരോഗതിയുടെ ഉത്തമലക്ഷണമാണെന്ന് ജോൺ മാർപാപ്പ തറപ്പിച്ചു പറയുന്നു. കാരണം, മനുഷ്യവ്യക്തിത്വത്തിന്റെ ഏറ്റവും വ്യക്തമായ പ്രകാശനമാണ് തൊഴിൽ. അതിന് ഉപകരണങ്ങൾ മാത്രമായ ബാഹ്യവസ്തുക്കളെക്കാൾ പരിഗണന ലഭിക്കുന്നു.

സഭയുടെ സാമൂഹികപ്രബോധനങ്ങളുടെ വ്യാഖ്യാതാക്കളിൽ പ്രമുഖനായ ഷാങ്ങ് വൈ കാൽവസ് (Jean Y Calvez) സ്വകാര്യ സമ്പത്തിൽനിന്ന് ലഭിക്കുന്ന പൈതൃകാവകാശത്തിന്റെ സ്വാഭാവികതയെ സംബന്ധിച്ചു സംശയം പ്രകടിപ്പിക്കുന്നുണ്ട്. വിശേഷിച്ചും, ഇതിന്റെ മറപിടിച്ചു നടന്നിട്ടുള്ള അനീതിയുടെയും ചൂഷണത്തിന്റെയും പശ്ചാത്തലത്തിൽ. പ്രായോഗികമായി ഒരാൾ തന്റെ വ്യക്തിപരമായ യോഗ്യതവഴിയോ അദ്ധ്വാനം മുഖേനയോ ആർജ്ജിക്കുന്ന സമ്പത്തിനാണ് കൂടുതൽ നിതീകരണവും സ്വാഭാവികതയും ഉള്ളത്.

സ്വകാര്യസ്വത്തിന്റെ പ്രാധാന്യത്തെയും നിയമാനുസൃതത്വത്തെയും തരംതാഴ്ത്തുകയും ചോദ്യം ചെയ്യുകയും ചെയ്യുന്ന ആധുനിക വസ്തുതകളെ അവതരിപ്പിച്ചതിനുശേഷം ജോൺ മാർപാപ്പ അതിന്റെ ശാശ്വതപ്രാബല്യത്തെയും സ്വാഭാവികതയെയും സ്ഥിരീകരിക്കുന്നുണ്ട്. മനുഷ്യവ്യക്തിയുടെ സ്വതന്ത്രമായ വളർച്ചയെ അപകടപ്പെടുത്താതെ ഈ മനുഷ്യാവകാശത്തിനു പകരമായി ഏതെങ്കിലും ഒരു സംഘടനയോ വ്യവസ്ഥയോ പൂർണ്ണമായി പ്രതിഷ്ഠിക്കാൻ പറ്റില്ല.

**ഭരണകൂടത്തിന്റെ ധർമ്മം:** സമ്പത്തിന്റെ സാമൂഹികവും വ്യക്തിപരവുമായ സ്വഭാവങ്ങൾ അഭംഗുരം കാത്തുസൂക്ഷിക്കുകയെന്ന ധർമ്മം അത്യന്തികമായി സമൂഹത്തിന്റേതാണ്. ഇതിനാവശ്യമായ നിയമനിർമ്മാണം നടത്താൻ ഗവൺമെന്റിനു കടമയുണ്ട്. വ്യക്തികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം പൊതുക്ഷേമം സുരക്ഷിതമാക്കാനും ഇതുമൂലം ഭരണകൂടത്തിനു കഴിയണം.

ഭാരിച്ച ഈ ചുമതല നിർവ്വഹിക്കുന്നതിന് സമ്പദ്‌വ്യവസ്ഥയുടെ ചില മേഖലകളെ ദേശസാൽക്കരിക്കുന്നതിനും സമ്പത്തിന് ആനുപാതികമായി നികുതി പിരിക്കുന്നതിനും ഗവൺമെന്റിനു കടമയുണ്ട്. ആവശ്യം വന്നാൽ വലിയ ഭൂസ്വത്തു പങ്കിട്ടുകൊടുക്കുന്നതിന് അധികാരികളെ മാർപാപ്പമാർ ആഹ്വാനം ചെയ്യുന്നു. എങ്കിലും, ഭരണകൂടത്തിന്റെ സമ്പത്തുവ്യവസ്ഥയിലുള്ള ഇടപെടൽ കഴിയുന്നത്ര പരിമിതമായിരിക്കണമെന്നാണ് പിതാക്കന്മാർ അനുശാസിക്കുക. വ്യക്തിയുടെ അദ്ധ്വാനതാത്പര്യത്തെയും ഉത്തരവാദിത്വത്തെയും ദുർബ്ബലമാക്കാൻ ഇത്തരം ഇടപെടൽ കാരണമാകും. സ്വത്തവകാശത്തിൻമേലുള്ള അതിരുകടന്ന നിയന്ത്രണം വ്യക്തിയുടെ സ്വാതന്ത്ര്യങ്ങളുടെമേലുള്ള കടിഞ്ഞാടിലാകുമെന്ന മാർപാപ്പയുടെ വാദം ഇന്ന് ലോകം മുഴുവനും അംഗീകരിച്ചുകഴിഞ്ഞു. വിശേഷിച്ചും കമ്മ്യൂണിസ്റ്റു രാജ്യങ്ങളുടെ പതനത്തിന്റെ പശ്ചാത്തലത്തിൽ.

**ബിഷപ് മാർ തോമസ് ചക്യത്ത്**

# 07

## തൊഴിൽ :
## ഒരു ക്രിസ്തീയ വിശകലനം

മനുഷ്യവ്യക്തിയുടെ ആത്മപ്രകാശനമായ തൊഴിൽ അവന്റെയും സമൂഹത്തിന്റെയും പുരോഗതിക്കുള്ള മാർഗ്ഗമാണ്. അതു വ്യക്തിയുടെ കായികവും ബൗദ്ധികവും ആത്മീയവുമായ വളർച്ചയ്ക്കും പൂർണ്ണതയ്ക്കും സഹായമാകണം. മനുഷ്യബന്ധങ്ങളെ ഊട്ടിയുറപ്പിക്കാനും അതിനു കഴിയണം. തൊഴിൽ മനുഷ്യനെ വളർത്തുന്നതിനു പകരം ഒരു തരത്തിലും തളർത്താൻ പാടില്ല; മനുഷ്യ ബന്ധങ്ങളെ പോഷിപ്പിക്കുന്നതിനു പകരം ക്ഷയിപ്പിക്കുവാനും പാടില്ല. തൊഴിലിന്റെ അടിസ്ഥാനപരവും സ്വാഭാവികവുമായ ഈ ലക്ഷ്യങ്ങൾ കഴിഞ്ഞകാലചരിത്രത്തിൽ അപഹാസ്യമായവിധം ലംഘിക്കപ്പെട്ടു. പ്രത്യേകിച്ചും വ്യവസായ വിപ്ലവം മുതലുള്ള കാലഘട്ടത്തിൽ. കടുത്ത ചൂഷണത്തിന്റേതായ സാഹചര്യത്തിൽ കഠിനാദ്ധ്വാനംമൂലം തൊഴിലാളി തളർന്ന് അവശനാകുന്നതൊടൊപ്പം ബൗദ്ധികആത്മീയതലങ്ങളിൽ അവനു മുരടിപ്പു ബാധിക്കുന്നു. ഇതൊരു നഗ്നസത്യമാണ്. നിത്യവൃത്തിക്കുള്ളവ കണ്ടെത്തുന്നതിനുവേണ്ടി രാത്രി പക

ലാക്കുന്ന തൊഴിലാളിക്കു വ്യക്തിത്വവികസനത്തിനും ആദ്ധ്യാത്മി കവളർച്ചയ്ക്കുമുള്ള സാഹചര്യങ്ങൾ നിഷേധിക്കപ്പെടുന്നു. കൂട്ടായ അദ്ധ്വാനം പരസ്പരബന്ധങ്ങളെ വളർത്താൻ ഉപകരിക്കേണ്ടതാണെങ്കിലും സമീപകാലചരിത്രത്തിൽ അതു മനുഷ്യനെ വിഘടിപ്പിക്കാനും ഭിന്നചേരികൾ സൃഷ്ടിക്കുവാനുമാണ് സഹായിച്ചിട്ടുള്ളത്. മുതലാളി- തൊഴിലാളി വർഗ്ഗചേരികളും വിവിധ തൊഴിലാളി സംഘടനകൾ പരസ്പരം വിഘടിച്ചു നിൽക്കുന്ന അവസ്ഥയും ഇതിന്റെ സൂചനകളാണ്.

തൊഴിലിനെ സംബന്ധിച്ച കാഴ്ചപ്പാടുകളിൽ വന്ന തെറ്റാണ് ഈ ദുരവസ്ഥയ്ക്കു കാരണം. വ്യക്തിഗതവും സാമൂഹികവുമായ ജീവിതപുരോഗതിയുടെ സ്രോതസ്സും നിദാനവുമായ തൊഴിൽ എന്നും താത്ത്വികതലത്തിൽ തർക്കവിഷയമായിരുന്നിട്ടുണ്ട്. മനുഷ്യാദ്ധ്വാനത്തിന് അതർഹിക്കുന്ന പ്രാമുഖ്യവും അംഗീകാരവും ചരിത്രത്തിൽ ഒരു കാലത്തും ലഭിച്ചില്ല. തത്ഫലമായി തൊഴിലാളി എല്ലാത്തരത്തിലും അവഗണിക്കപ്പെട്ടു. കഠിനാദ്ധ്വാനംവഴി താൻ ഉദ്പാദിപ്പിച്ച സമ്പത്തിൽ അർഹമായ വിഹിതം അവനു നിഷേധിക്കപ്പെടുന്നു. തൊഴിലാളികളുടെ അവസ്ഥ ഇന്ന് മുൻകാലഘട്ടങ്ങളിലെക്കാൾ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും തൊഴിലും തൊഴിലാളിയും ഇന്നും കുറ്റകരമാംവിധം വ്യഭിചരിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ തൊഴിലിന്റെ ക്രിസ്തീയ കാഴ്ചപ്പാട് അവതരിപ്പിക്കുകയാണ് ഇവിടെ ലക്ഷ്യം വയ്ക്കുക.

## I. തെറ്റായ കാഴ്ചപ്പാടുകൾ

ക്രൈസ്തവദർശനം വിശദീകരിക്കുന്നതിനു മുമ്പ് നിലവിലുള്ള മറ്റു ചിന്താധാരകൾ വിലയിരുത്തുക അനിവാര്യമാണ്. ഗ്രീക്ക്, റോമൻ, ഭാരതീയ ദർശനങ്ങൾ തികച്ചും വികലങ്ങളായ സങ്കൽപങ്ങളാണ് തൊഴിലിനെ സംബന്ധിച്ചു പുലർത്തിയിട്ടുള്ളത്. മാന്യതയ്ക്കു നിരക്കാത്തതായിട്ടാണു ഗ്രീക്കുചിന്തകൻമാർ തൊഴിലിനെ വീക്ഷിക്കുന്നത്. അരിസ്റ്റോട്ടിൽ വിഭാവനം ചെയ്യുന്ന ഉത്തമ മനുഷ്യൻ അദ്ധ്വാനംകൊണ്ടു കൈകൾ മലിനമാക്കാത്തവനാണ്. റോമൻ സംസ്ക്കാരവും തൊഴിലിനും തൊഴിലാളികൾക്കും വളരെ അപ്രധാനമായ സ്ഥാനമാണു നൽകിയത്. അടിമകളുടേതു മാത്രമായിരുന്നു തൊഴിൽ; അവരും അവരുടെ അദ്ധ്വാനഫലവും ഉടമകളുടേതും. ഭാരതത്തിൽ നിലനിന്നിരുന്ന ജാതി-വർണ്ണവ്യവസ്ഥിതിയും തൊഴിലിനെ തെറ്റായി വ്യാഖ്യാനിച്ചു. കായികാദ്ധ്വാനം ചെയ്യുന്നവർ അധഃസ്ഥിതരായി പരിഗണിക്കപ്പെട്ടു. തൊഴിൽ തികച്ചും മാന്യതയില്ലാത്തതായി തരംതാഴ്ത്തപ്പെട്ടു.

ഗ്രീക്ക് റോമൻ ഭാരതീയ സംസ്ക്കാരങ്ങൾ വലിയ പരിവർത്തനങ്ങളിലൂടെ കടന്നുപോയി. പുതിയ സാമ്പത്തിക സങ്കൽപങ്ങളും പ്രത്യയശാസ്ത്രങ്ങളും ഉരുത്തിരിഞ്ഞു. തൊഴിലിനെ സംബന്ധിച്ച കാഴ്ചപ്പാടുകൾക്കും മാറ്റമുണ്ടായി. മനുഷ്യൻ എല്ലാ രംഗത്തും പുരോഗതി കൈവരിച്ചു. എങ്കിലും ഇന്നും തൊഴിലിന്റെ അന്തസത്ത മനസ്സിലാക്കപ്പെടാതെ പോകുന്നു. തൊഴിലാളിക്ക് അർഹിക്കുന്ന അംഗീകാരവും അവകാശങ്ങളും നിഷേധിക്കപ്പെടുന്നു.

മാർക്സിസവും മുതലാളിത്തസാമ്പത്തികചിന്തയും പുലർത്തുന്ന തൊഴിൽ സങ്കൽപങ്ങളാണ് ഇതിന്റെ പ്രധാന കാരണങ്ങൾ. മനുഷ്യപ്രയത്നത്തെ ഉത്പാദകക്ഷമമായ വെറും യാന്ത്രികപ്രവർത്തനമായി മാത്രമേ ഭൗതികതയും ഭൗതികതാത്പര്യങ്ങളും അടിസ്ഥാന സ്വഭാവമായുള്ള ഈ പ്രത്യയശാസ്ത്രങ്ങൾ മനസ്സിലാക്കുന്നുള്ളൂ. തത്ഫലമായി മറ്റ് ഉത്പാദനഘടകങ്ങളെപ്പോലെ തൊഴിലും ഒരു കച്ചവടച്ചരക്കായി അധഃപതിക്കുന്നു.

**മുതലാളിത്ത സാമ്പത്തികചിന്തയും തൊഴിലും:** മാർക്കറ്റിൽ വാങ്ങാനും വിൽക്കാനും ലഭിക്കുന്ന ഒന്നാണ് അദ്ധ്വാനം, മുതലാളിത്ത സാമ്പത്തിക വ്യവസ്ഥിതിയിൽ. തൊഴിലാളി ഉത്പാദനപ്രക്രിയയിലെ വെറുമൊരു ഉപകരണവും തന്റെ കായികവും മാനസികവുമായ കഴിവുകളെ അദ്ധ്വാനമാക്കി പരിവർത്തനംചെയ്ത് അതു വിറ്റ് അതിന്റെ വിലയായ കൂലി വാങ്ങാൻ മാത്രമേ തൊഴിലാളിക്ക് അവകാശമുള്ളൂ. മറ്റ് ഉത്പന്നങ്ങളെപ്പോലെ മാർക്കറ്റിൽ തൊഴിൽ വിലപേശപ്പെടുന്ന അവസ്ഥ. മാനുഷികവും ധാർമ്മികവുമായ യാതൊരുവിധ പരിഗണനകൾക്കും ഇവിടെ സ്ഥാനമില്ല. തൊഴിലിന്റെ ആവശ്യകതയും സംലഭ്യതയും (Principle of Supply and Demand) അടിസ്ഥാനമാക്കിയാണു കൂലി നിശ്ചയിക്കപ്പെടുക. ഇതിന്റെ പരിണതഫലമായി വ്യവസായവത്കരണത്തിന്റെ ആദ്യഘട്ടത്തിൽ പ്രത്യേകിച്ചും, തൊഴിലാളികൾ ക്രൂരമായവിധം ചൂഷണം ചെയ്യപ്പെട്ടു. തൊഴിലവസരങ്ങളെക്കാൾ തൊഴിലന്വേഷകരുടെ എണ്ണം വളരെയധികമായിരുന്നതുകൊണ്ട് ജീവിതം നിലനിർത്താനാവശ്യമായ വേതനംകൊണ്ട് തൊഴിലാളികൾ സംതൃപ്തരാകേണ്ടിവന്നു. ഉത്പാദിപ്പിക്കപ്പെട്ട സമ്പത്തിൽനിന്നും തങ്ങൾ തൊഴിൽ ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും തൊഴിലാളികൾ അന്യവൽകരിക്കപ്പെട്ടു.

ഒരു കാലത്ത് തൊഴിലാളികൾ അനുഭവിച്ചിരുന്ന ദയനീയാവസ്ഥയ്ക്ക് ഇന്നു വലിയ മാറ്റം സംഭവിച്ചിട്ടുണ്ട്. അവരുടെ നില ഇന്നു വളരെയേറെ മെച്ചപ്പെട്ടു. തൊഴിലാളികളുടെ അടിസ്ഥാനപ

രമായ പല അവകാശങ്ങളും അംഗീകരിക്കപ്പെട്ടുകഴിഞ്ഞു. ജീവന ക്കൂലി, കുടുംബവേതനം, വിശ്രമം, വിനോദം, വാർദ്ധക്യകാല പെൻഷൻ തുടങ്ങിയവ നിയമപരമായിത്തന്നെ സംരക്ഷിക്കാൻ ഇന്നു വ്യവസ്ഥകളുണ്ട്. എങ്കിലും ഇന്നും തൊഴിലാളികൾ തങ്ങ ളുടെ കായികവും മാനസികവുമായ ശക്തിവിൽപന നടത്തി ജീവി ക്കേണ്ടിവരുന്നു. തങ്ങളുംകൂടി അദ്ധ്വാനിച്ചുണ്ടാക്കിയ മൂലധനവും തൊഴിൽ സ്ഥാപനവും നിയന്ത്രിക്കുന്നതിൽ വ്യക്തികളെന്ന നിലയ്ക്ക് തൊഴിലാളിക്ക് അർഹമായ അവകാശം നിഷേധിക്കപ്പെ ടുന്നു. ആത്യന്തിക പരിശോധനയിൽ തൊഴിൽ വെറുമൊരു ഉത്പാ ദനോപകരണം മാത്രമായിത്തന്നെ നിൽക്കുന്നു. മൃഗവും യന്ത്രവും ഉത്പാദനോപകരണങ്ങളാകുന്നതുപോലെതന്നെ.

മൂലധനമാണോ തൊഴിലാണോ ഉത്പാദനപ്രക്രിയയിലെ പ്രഥ മനിമിത്തകാരണം (primary efficient cause) എന്ന ചോദ്യത്തിനു ക്യാപ്പിറ്റലിസ്റ്റു സാമ്പത്തികചിന്തകർ "മൂലധനം" എന്ന് അടിവര യിട്ട് ഉത്തരം പറയും. തൊഴിൽ വെറും രണ്ടാംനിമിത്തകാരണം (secondary efficient cause) മാത്രമാണ്. ഇതുകൊണ്ടുതന്നെ, മൂല ധനത്തിന്റെ അംഗീകരിക്കപ്പെട്ട ഉടമയായ "മുതലാളി"യാകണം എല്ലാം നിയന്ത്രിക്കേണ്ടത്. തൊഴിലാളി ജോലി ചെയ്ത് അടങ്ങി യൊതുങ്ങി കൂലി വാങ്ങിപോവുക. അതിൽകവിഞ്ഞൊരു കാര്യവും അവന് അവകാശമായില്ല. കൂലികഴിച്ചുള്ള സമ്പത്തിന്മേൽ പൂർണ്ണഅധികാരമുള്ളതു മുതലുടമയ്ക്കാണ്. ഈ സങ്കൽപം ലോക വ്യാപകമായി അംഗീകരിക്കപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിലാണ് ഇന്നത്തെ സാമ്പത്തികവ്യവസ്ഥിതി രൂപപ്പെട്ടിട്ടുള്ളത്. തൊഴിലാ ളിയുടെ വ്യക്തിത്വവും അന്തസ്സും ഈ സമീപനം മൂലം നിരാകരി ക്കപ്പെടുന്നുവെന്നതു നാം മനസ്സിലാക്കാതെ പോകുന്നു. ആത്യ ന്തികപരിശോധനയിൽ വെറും ഭൗതികവസ്തുക്കളായ പണത്തിനും ഭൂമിക്കും യന്ത്രോപകരണങ്ങൾക്കും മനുഷ്യവ്യക്തിയുടെ ആത്മ പ്രകാശനമായ തൊഴിലിനേക്കാൾ പ്രാധാന്യം നൽകുകയെന്ന ഭോഷത്തം നാം കാണിക്കുന്നു. കടുത്ത ഭൗതികചിന്തയുടെ സ്വാധീ നഫലമായാണ് യുക്തിസഹമല്ലാത്ത ഇക്കാര്യം നാം ചെയ്യുക.

ഭൗതികസംസ്ക്കാരത്തിന്റെ അതിപ്രസരംമൂലം തൊഴിലിന്റെ ആത്മീയതയെ മനസ്സിലാക്കുവാനും അതു തൊഴിലിനും തൊഴിലാ ളിക്കും നൽകുന്ന അന്തസ്സും അവകാശങ്ങളും അംഗീകരിക്കാനും വ്യവസായിക സംസ്ക്കാരത്തിനു കഴിയാതെ പോയത് ഗൗരവാവ ഹമായ തെറ്റാണ്. ഇതിന്റെ ഫലമായി ഉരുത്തിരിഞ്ഞതാണ് നില വിലുള്ളതും വ്യവസ്ഥാപിതവുമായ തൊഴിലാളി – മുതലാളി വർഗ്ഗ

വൈരാഗ്യം. തൊഴിലിനെ വെറും “കച്ചവടച്ചരക്കാ”യി കാണുന്ന ഭൗതികസംസ്ക്കാരം തങ്ങളുടെ വ്യക്തിത്വത്തെ അവമാനിച്ചതിലുള്ള ക്രോധമാണ് ഈ വർഗ്ഗാവബോധത്തിന്റെയും വർഗ്ഗശത്രുതയുടെയും ഉറവിടം. ഇതു സാമൂഹിക ജീവിതത്തിന്റെ ഭദ്രതയ്ക്കു കാര്യമായ ആഘാതമേൽപിച്ചിട്ടുണ്ട്. സാമൂഹികജീവിതത്തിന്റെ ഊടും പാവുമാകേണ്ട സഹകരണം എന്ന സങ്കൽപത്തിന്റെ സ്ഥാനത്ത്, പരസ്പര ചൂഷണത്തിന്റെയും കടുത്തമത്സരത്തിന്റെയും തത്ത്വശാസ്ത്രമാണ് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുക. എല്ലാ മേഖലയിലും തൊഴിലാളി - മുതലാളി വേർതിരിവ് ഇന്നു പ്രകടമാണ്. മുതലാളിത്ത - സോഷ്യലിസ്റ്റു രാജ്യങ്ങളുടെയിടയിൽ നിലവിലുള്ള ശീതസമരത്തിൽപോലും ഇതിന്റെ സ്വാധീനമുണ്ട്.

**കമ്മ്യൂണിസവും തൊഴിലും:** തൊഴിലാളികളുടെ ക്ഷേമവും വിമോചനവും ലക്ഷ്യംവച്ചുകൊണ്ടു രൂപം കൊടുക്കപ്പെട്ട പ്രത്യയശാസ്ത്രമാണ് മാർക്സിസം. സർവ്വലോക തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കി ആഗോളവ്യാപകമായ പരിശ്രമങ്ങൾ മാർക്സിസത്തിന്റെ കൊടിക്കീഴിൽ ലോകവ്യാപകമായി നടന്നു. തൊഴിലാളികളുടെ പറുദീസാസൃഷ്ടിക്കുവേണ്ടി ചിന്തപ്പെട്ട രക്തത്തിനു കണക്കില്ല. എങ്കിലും തൊഴിലാളികളുടെ വ്യക്തിത്വങ്ങളും അവകാശങ്ങളും കമ്മ്യൂണിസത്തിന്റെ ഈറ്റില്ലമായ റഷ്യയിൽപ്പോലും ലജ്ജാവഹമായ തരത്തിൽ ലംഘിക്കപ്പെട്ടു. സ്വേച്ഛാധിപതികളുടെ ക്രൂരമായ അടിച്ചമർത്തലിൽ തൊഴിലാളികൾ അടിമകളായി മാറി. തൊഴിലിനെ സംബന്ധിച്ച തെറ്റായ ചിന്തയാണ് ഇതിനു കാരണം.

മുതലാളിത്ത സാമ്പത്തിക ചിന്തപോലെതന്നെ മാർക്സിസവും തൊഴിലിനെ ഉത്പാദനമാർഗ്ഗമായി മാത്രമാണ് നോക്കികണ്ടത്. വ്യക്തിയുടെയല്ല സമൂഹത്തിന്റെ ക്ഷേമമാണ് സർവ്വപ്രധാനം. തൊഴിലാളികൾ കഠിനമായി പ്രയത്നിച്ചുണ്ടാക്കുന്ന സമ്പത്തിന്റെ മേൽ അവർക്കു നേരിട്ട് നിയന്ത്രണാവകാശമില്ല. സ്വകാര്യസ്വത്തവകാശം വർജ്ജ്യമായി കണക്കാക്കുന്നതുകൊണ്ടാണ് ഇതു സംഭവിക്കുക. മുതലാളിയുടെ സ്ഥാനത്തു സ്റ്റേറ്റിനെ പ്രതിഷ്ഠിച്ചുവെന്ന വ്യത്യാസം മാത്രമാണ് കമ്മ്യൂണിസത്തിലുള്ളത്. ഉത്പാദിപ്പിക്കപ്പെട്ട സമ്പത്തിന്റെ നിയന്ത്രണം സ്റ്റേറ്റ് ഏറ്റെടുത്തതുമൂലം കമ്മ്യൂണിറ്റു രാജ്യങ്ങളിൽ തൊഴിലാളി അദ്ധ്വാനം വിറ്റു കൂലിവാങ്ങുന്ന അടിമയായിത്തീരുന്നു.

സ്വകാര്യസ്വത്തു കർശനമായി നിയന്ത്രിക്കപ്പെട്ടതുകൊണ്ടു തൊഴിലാളിയുടെ സർവ്വവിധ സ്വാതന്ത്ര്യവും നിഷേധിക്കപ്പെട്ടു. പ്രതിക്ഷേധിക്കാതെ സംഘടിക്കാനുള്ള സ്വാതന്ത്ര്യംപോലും

അവർക്കു നഷ്ടമായി. ഇവിടെയും തൊഴിലാളി ഒരു ഉത്പാദനോപ കരണമായി തരം താഴ്ത്തപ്പെട്ടു. മൃഗത്തിൽനിന്നും യന്ത്രത്തിൽ നിന്നും അവർ ഒട്ടും വ്യത്യസ്തരല്ലാതാകുന്ന അവസ്ഥ.

## II. ക്രൈസ്തവസമീപനം

മനുഷ്യജീവിതത്തിനാവശ്യമായ സമ്പത്ത് ഉത്പാദിപ്പിക്കുന്നതി നുള്ള മാർഗ്ഗം മാത്രമായിട്ടല്ല മനുഷ്യപ്രയത്നത്തെ വി. ഗ്രന്ഥവും സഭാപഠനങ്ങളും വീക്ഷിക്കുക. അതിനു മാനുഷികവും ആത്മീയ വുമായ പല സവിശേഷതകളുണ്ട്. കമ്മ്യൂണിസ്റ്റു-ക്യാപ്പിറ്റലിസ്റ്റു പ്രത്യയശാസ്ത്രങ്ങൾക്ക് അപരിചിതമായ ഈ സവിശേഷതക ളാണു തൊഴിലിനെ സംബന്ധിച്ച ക്രൈസ്തവ കാഴ്ചപ്പാടിനു തനി മ പകരുന്നത്.

**തൊഴിൽ മേഖലയിൽ സമൂലപരിവർത്തനം:** തൊഴിലിനു മൂലധ നത്തേക്കാൾ പ്രധാന്യം നൽകണമെന്ന സഭയുടെ വാദം തൊഴിൽ മേഖലയിൽ സമൂലപരിവർത്തനം അനിവാര്യമാക്കിത്തീർക്കുന്നു. തൊഴിലാളിയുടെ വ്യക്തിത്വം അംഗീകരിക്കുപ്പെടുകയെന്നതാണ് ഇതിന്റെ ലക്ഷ്യം. "വ്യക്തിയുടെ അന്തസ്സിനെ തരം താഴ്ത്തുന്നതും അവന്റെ ഉത്തരവാദിത്വചിന്ത ലഘൂകരിക്കുന്നതുമായ ഏതു വ്യവ സ്ഥിതിയും, അത് എത്രതന്നെ സമ്പത്ത് ഉത്പാദിപ്പിക്കുകയും എത്ര തന്നെ നീതിപൂർവ്വകമായി സമ്പത്തു വിതരണം ചെയ്യുകയും ചെയ്താലും, പൂർണ്ണമായും അനീതി നിറഞ്ഞതാണ്" എന്ന ജോൺ 23-മൻ മാർപാപ്പയുടെ പ്രസ്താവന പ്രസക്തമാണിവിടെ. മുതലുട മയ്ക്ക് സർവ്വാധികാരം നൽകിക്കൊണ്ടുള്ള നിലവിലുള്ള വ്യവ സ്ഥിതി തൊഴിലാളിയുടെ വ്യക്തിത്വത്തെ ഗൗരവമായവിധം അവ ഗണിക്കുന്നുണ്ട്. തൊഴിൽ സ്ഥാപനത്തിന്റെ നടത്തിപ്പിൽ തൊഴിലാ ളിക്കുകൂടി കാര്യമായ പങ്കാളിത്തം നല്കത്തക്കവിധം തൊഴിൽമേ ഖല പുന:സംവിധാനം ചെയ്യപ്പെടണം. എങ്കിൽമാത്രമേ, വ്യക്തി യെന്ന നിലയ്ക്കുള്ള തൊഴിലാളിയുടെ അന്തസ്സും ഉത്തരവാദിത്വവും അംഗീകരിക്കപ്പെടുകയുള്ളൂ. മുതലുടമയും തൊഴിലാളിയും ഉത്പാ ദനപ്രക്രിയയിലെ പങ്കാളികളാണെന്ന അവബോധം വളർത്തുന്ന തിനും അവർ തമ്മിൽ നിലവിലുള്ള വർഗ്ഗസംഘർഷത്തിന്റെ സ്ഥാനത്തു സഹകരണം പുഷ്ടിപ്പെടുത്തുന്നതിനും ഇതല്ലാതെ വേറെ മാർഗ്ഗമില്ല.

പ്രായോഗികമായി എങ്ങനെ വ്യവസായമേഖല പുന:സംവി ധാനം ചെയ്യുമെന്നതാണ് പ്രശ്നം. ചെറുകിട കൃഷി, കച്ചവടം, വ്യവ സായം തുടങ്ങിയ മേഖലകളിൽ സഹകരണപ്രസ്ഥാനങ്ങൾ

പ്രോത്സാഹിപ്പിക്കുകയും വൻകിടവ്യവസായ സ്ഥാപനങ്ങളിൽ പരസ്പരപങ്കാളിത്തത്തിന് ഊന്നൽ നൽകികൊണ്ടുള്ള തൊഴിൽ ക്കരാറുകൾ ഉണ്ടാക്കുകയും ചെയ്യുകയാണ് 12-ാംപീയൂസ് മാർപാപ്പ നിർദ്ദേശിച്ച മാർഗ്ഗം ആധുനിക മാർപാപ്പമാരെല്ലാംതന്നെ സഹകരണസംഘത്തെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ഇതിന്റെ പ്രത്യേകത, എല്ലാ അംഗങ്ങളും മുതലുടമകളായതുകൊണ്ടു കൂടുതൽ പങ്കാളിത്തവും അംഗീകാരവും എല്ലാവർക്കുംതന്നെ ലഭിക്കുന്നുവെന്നതാണ്. വ്യവസായമേഖലയിൽ നിലവിലുള്ള വർഗ്ഗവിദ്വേഷവും ചേരിതിരിവും അവസാനിപ്പിക്കുവാനുള്ള നല്ലൊരു മാർഗ്ഗവുമാണിത്.

പല പാശ്ചാത്യസമൂഹങ്ങളിലും സഹകരണം എന്ന ആശയം പരക്കെ സ്വീകാര്യമായിക്കഴിഞ്ഞു. സ്പെയിനിലെ മോൺട്രഗൺ എന്ന ഗ്രാമത്തിൽ 1930 കളിൽ സ്ഥലത്തെ ഇടവകവികാരിയുടെ നേതൃത്വത്തിൽ രൂപം കൊടുക്കപ്പെട്ട തൊഴിലാളി സഹകരണസംഘം ഇന്ന് ആഗോളശ്രദ്ധ പിടിച്ചുപറ്റിയിരിക്കുകയാണ്. മുപ്പതിനായിരത്തിലധികം തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾ ഇന്ന് അവിടെയുണ്ട്. അവരെല്ലാവരും ഉടമകളുമാണ്. മുതലാളി - തൊഴിലാളി എന്ന വ്യത്യസ്തവർഗ്ഗങ്ങളാണ് അവിടെ ഇല്ലാതായത്. സാധാരണ തൊഴിലിന്റെ വ്യക്തിഗതവും സാമൂഹികവും ആത്മീയവുമായ മാനങ്ങളെ സമന്വയിപ്പിച്ചുകൊണ്ടുള്ള ക്രൈസ്തവദർശനത്തിന് ഒരു സമഗ്രസ്വഭാവമുണ്ട്. തൊഴിൽ മേഖലയിലും തത്ഫലമായി സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ മേഖലകളിലും നിലവിലുള്ള എല്ലാ അരക്ഷിതാവസ്ഥയും അസഹിഷ്ണതയും ഉന്മൂലനം ചെയ്ത ക്ഷേമസുന്ദരവും സമാധാനപൂർണ്ണവുമായ ഒരു സാമൂഹ്യവ്യവസ്ഥിതി പടുത്തുയർത്താനുള്ള താത്ത്വികാടിസ്ഥാനങ്ങളാണ് ഇതു നൽകുക. ഇവയെ സംബന്ധിച്ച ഹ്രസ്വമായൊരു ചർച്ച പ്രസക്തമാണിവിടെ.

**1. തൊഴിലിന്റെ സൃഷ്ടിപരത:** ദൈവത്തിന്റെ സൃഷ്ടികർമ്മത്തിലുള്ള മനുഷ്യവ്യക്തിയുടെ പങ്കുചേരലാണ് തൊഴിൽ. തന്റെ കായികവും മാനസികവുമായ അദ്ധ്വാനംവഴി മനുഷ്യൻ നേടിയിട്ടുള്ള ശാസ്ത്ര- സാങ്കേതിക അറിവുകളും നേട്ടങ്ങളും ഇതാണു വ്യക്തമാക്കുക. ബയോ ടെക്നോളജി, കൃഷിരംഗത്തു വരുത്തിയിട്ടുള്ള വിപ്ലവകരമായ പരിവർത്തനം മാത്രം മതി മനുഷ്യാദ്ധ്വാനത്തിന്റെ സൃഷ്ടിപരത തെളിയിക്കാൻ. നമ്മുടെ നാട്ടിൽ പ്രചാരം സിദ്ധിച്ചുകൊണ്ടിരിക്കുന്ന ടിഷ്യൂകൾച്ചർ ചെടികളും വാഴകളും മറ്റും മനുഷ്യൻ ദൈവത്തോടു സഹകരിച്ചുകൊണ്ടു സൃഷ്ടിച്ചിട്ടുള്ളതാണ്.

മുറ്റം അടിക്കുന്ന സ്ത്രീയും റോഡു നിർമ്മിക്കുന്ന തൊഴിലാളിയും ഗവേഷണം നടത്തുന്ന ശാസ്ത്രജ്ഞയും നിർവ്വഹിക്കുന്നത് മഹത്വപൂർണ്ണമായ സൃഷ്ടി കർമ്മമാണ്. താൻ ദൈവത്തോടൊരുമിച്ചു സൃഷ്ടി കർമ്മം നിർവ്വഹിക്കുന്നുവെന്ന അവബോധമാണ് തൊഴിലാളിക്ക് ഇന്നു കൈമോശം വന്നിരിക്കുന്നത്.

ഈ ചിന്ത അവനു നൽകേണ്ട ആത്മാഭിമാനവും സംതൃപ്തിയും തത്ഫലമായി നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. തൊഴിലിനു പകരമായി ലഭിക്കുന്ന വേതനം മാത്രമാണ് ഇന്ന് അവനു സംതൃപ്തി നൽകുക. അതുകൊണ്ടു തൊഴിൽ ചെയ്യുക മാനസികമായി കൂടുതൽ ക്ലേശകരമായിത്തീരുന്നു.

**2. തൊഴിൽ ദൈവദത്തമായ കടമ:** അദ്ധ്വാനം അഥവാ തൊഴിൽ മനുഷ്യന്റെ ദൈവദത്തമായ കടമയാണ്. പ്രപഞ്ചത്തിന്റെ അധിനായകനായിട്ടാണു മനുഷ്യനെ ദൈവം സൃഷ്ടിച്ചത്. കടലിലെ മത്സ്യങ്ങളുടെയും ആകാശത്തിലെ പറവകളുടെയും ഭൂമിയിൽ ചരിക്കുന്ന സകല ജീവികളുടെയുംമേൽ മനുഷ്യൻ ആധിപത്യം സ്ഥാപിക്കണം എന്ന ദൈവകൽപനയുടെ (ഉൽ.1:28) നിർവ്വഹണമാണു വിവിധങ്ങളായിട്ടുള്ള തൊഴിലുകൾവഴി മനുഷ്യർ ചെയ്യുന്നത്. ഈ അർത്ഥത്തിൽ "സൃഷ്ടി" പരമായ എല്ലാ ജോലികളിലും ദൈവികകൽപനയുടെ അനുസരണമായി ഭവിക്കുന്നു. തൊഴിൽവഴി മനുഷ്യൻ പ്രപഞ്ചശക്തികളെ കീഴ്പ്പെടുത്തുകയും തന്റെ സർവ്വവിധ നന്മയ്ക്കായും അവയെ ഉപയോഗിക്കുകയും ചെയ്യുമ്പോൾ ദൈവകൽപന പാലിക്കപ്പെടുന്നു. ഇവിടെയൊരു വിരോധാഭാസമുണ്ട്. തൊഴിലിനെ കടമയായി നോക്കിക്കണ്ട് ആത്മാർത്ഥതയൊടെ നിർവ്വഹിക്കാനുള്ള ഉദാത്തമായ മാനസികാവസ്ഥ ഇന്നത്തെ തൊഴിലാളിവർഗ്ഗത്തിനു നഷ്ടപ്പെട്ടിരിക്കുന്നു. തൊഴിലിന്റെ അന്തസത്തയിൽനിന്നു തൊഴിലാളി അന്യവൽക്കരിക്കപ്പെട്ടിരിക്കുന്ന ദയനീയാവസ്ഥ. വേതനത്തിനുവേണ്ടിയാണ് ബഹുഭൂരിപക്ഷം തൊഴിലാളികളും, പ്രത്യേകിച്ചു കേരളത്തിൽ, തൊഴിൽ ചെയ്യുന്നത്.

**3. തൊഴിൽ, ദൈവാരാധന:** തനിക്കു നിശ്ചയിക്കപ്പെട്ട ജോലി ആത്മാർത്ഥതയോടെ ചെയ്യുകവഴി ഒരു വ്യക്തി ദൈവത്തെ പ്രീതിപ്പെടുത്തുന്നു എന്നതു പരമ്പരാഗത വിശ്വാസമാണ്. എല്ലാ മതങ്ങളും ഇതു പഠിപ്പിക്കുന്നുണ്ട്. തൊഴിൽ ആരാധനയാണെന്ന ചിന്തയാണിത്. കർത്തൂസ്യൻ സന്യാസികൾ പ്രാർത്ഥനയും തൊഴിലും മുദ്രാവാക്യമായിട്ടെടുത്തിട്ടുള്ളത് ഇതുകൊണ്ടാണ്. അർപ്പണമനോഭാവത്തോടെ എന്തു നിസ്സാര ജോലി ചെയ്യുന്ന വ്യക്തിയും ദൈവികധ്യാനത്തിൽ ലയിച്ചിരിക്കുന്ന വ്യക്തിയും തമ്മിൽ വ്യത്യാസമി

ല്ലെന്ന റോബർട്ടു പ്രിർസിങ്ങി (Robert Prirsing) ന്റെ വാദം[5] ഇവിടെ പ്രസക്തമാണ്. ധ്യാനവും പ്രവർത്തനവും ഇവിടെ സമന്വയിക്കുന്നു വെന്നതാണ് ഇതിനു കാരണം. ഈ സമന്വയത്തിന്റെ അഭാവത്തിൽ അദ്ധ്വാനം വെറും യാന്ത്രിക പ്രവർത്തനമാകും; സഹോദരനെ ചൂഷണം ചെയ്യാനുള്ള മാർഗ്ഗം. കമ്മ്യൂണിസ്റ്റു - ക്യാപ്പിറ്റലിസ്റ്റു സമൂഹങ്ങളിൽ തൊഴിലിനു സംഭവിച്ച അധഃപതനം ഈ അർത്ഥത്തിലേ വിശദീകരിക്കാനാകൂ.

അദ്ധ്യാത്മിക മാനങ്ങൾ നഷ്ടപ്പെട്ട തൊഴിൽ ക്ലേശകരമായിത്തീരുന്നു. തൊഴിലിന്റെ പ്രതിഫലമായി ലഭിക്കുന്ന വേതനത്തെ ആശ്രയിച്ചാണ് തൊഴിൽ വ്യക്തിക്കു സന്തോഷം നൽകുക. തൊഴിലിന് അതിൽത്തന്നെ സന്തോഷം പ്രദാനം ചെയ്യാനുള്ള കഴിവു നഷ്ടപ്പെടുന്നു. തൊഴിലിന്റെ വ്യത്യാസമനുസരിച്ചു തൊഴിലാളികൾക്ക് അന്തസ്സും സ്ഥാനവും നിശ്ചയിക്കപ്പെടുന്നതും ഈ ആദ്ധ്യാത്മികമാനങ്ങളുടെ അഭാവത്തിലാണ്. ചില നിശ്ചിത ജോലി ചെയ്യുന്നവർ അധഃകൃതരും വേറേ ജോലി ചെയ്യുന്നവർ ഉന്നതരും ആകുന്നതിന്റെ താത്ത്വികാടിസ്ഥാനം ഈ തെറ്റായ കാഴ്ചപ്പാടാണ്.

**4. പൂർണ്ണതയിലേക്കുള്ള ചവിട്ടുപടി:** അദ്ധ്വാനത്തിലൂടെയാണ് വ്യക്തി തന്റെ കഴിവുകളെ വികസിപ്പിക്കുകയും പരിപൂർണ്ണത നേടുകയും ചെയ്യുക. കായികവും മാനസികവും ആദ്ധ്യാത്മികവുമായ വളർച്ച നേടാനുള്ള ഏക വഴി കഠിനാദ്ധ്വാനമാണ്. ഉത്സാഹിച്ചു പഠിക്കുന്ന വിദ്യാർത്ഥിയും അർപ്പണമനോഭാവത്തോടെ അദ്ധ്വാനിക്കുന്ന കർഷകനും വ്യവസായ തൊഴിലാളിയും മറ്റും ഇതിനുദാഹരണങ്ങളാണ്. അലസരായവർ സ്വാഭാവികമായും വളർച്ചയില്ലാത്തവരും ആകും.

ഇതിനൊരു മറുവശമുണ്ട്. അദ്ധ്വാനം ഒരുതരത്തിലും തൊഴിലാളിയെ തളർത്താൻ പാടില്ല. സർവ്വവിധ വളർച്ചയും അത് അവനു സ്വാഭാവികമായും പ്രദാനം ചെയ്യേണ്ടതാണ്. കായികവും മാനസികവും ആദ്ധ്യാത്മികവും സാമൂഹികവുമായ തലങ്ങളിൽ ക്ഷേമവും പൂർണ്ണതയും പ്രാപിക്കുവാനുള്ള മാർഗ്ഗമാകണം തൊഴിൽ. അതാണ് ആത്യന്തികലക്ഷ്യം. ഈ ലക്ഷ്യം പ്രാപിക്കുന്നതിന് ഒട്ടും അനുയോജ്യമല്ലാത്ത വ്യവസ്ഥിതികളാണ് വ്യവസായവത്കൃതസംസ്ക്കാരം കാഴ്ചവയ്ക്കുന്നത്. തൊഴിൽ ഇന്നു മനുഷ്യരെ പലവിധത്തിലും തളർത്തുകയാണ്, വളർത്തുന്നതിനു പകരം.

**5. തൊഴിലിന്റെ വ്യക്തിഗതസ്വഭാവം:** തൊഴിലിനെ സംബന്ധിച്ച ക്രൈസ്തവദർശനത്തിന്റെ കേന്ദ്രബിന്ദു, തൊഴിൽ വ്യക്തിയുടെ ആത്മപ്രകാശനമാണെന്ന സങ്കൽപമാണ്. ദൈവത്തിന്റെ പ്രതിച്ഛാ

യയിൽ സൃഷ്ടിക്കപ്പെട്ടവനായ വ്യക്തി നിർവ്വഹിക്കുന്ന പ്രവർത്തനമായതുകൊണ്ടു തൊഴിലിന് അതുല്യമായ സ്ഥാനമാണുള്ളത്. ഈ വസ്തുത "മനുഷ്യപ്രയത്നം" എന്ന ചാക്രികലേഖനത്തിൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ വളരെ ഭംഗിയായി വിശദീകരിക്കുന്നുണ്ട്.

"ആത്മനിഷ്ഠവും" (subjective) "വസ്തുനിഷ്ഠവും" (objective) ആയ രണ്ടു മാനങ്ങൾ തൊഴിലിൽ മാർപാപ്പ കണ്ടെത്തുന്നു.

ആത്മനിഷ്ഠ സ്വഭാവം എന്നതുകൊണ്ടു മനസ്സിലാക്കുക, വ്യക്തിയാണു തൊഴിൽ ചെയ്യുന്നത് എന്ന വസ്തുതയാണ്. മനുഷ്യനിൽ അന്തർലീനമായിട്ടുള്ള ആത്മീയഭാവം തൊഴിലിൽ ഉൾച്ചേരുന്നതുകൊണ്ടു മൃഗവും യന്ത്രവുംവഴി നടക്കുന്ന ഉത്പാദനപ്രക്രിയയിൽനിന്നും മനുഷ്യാദ്ധ്വാനം വ്യത്യസ്തമാണ്. സത്താപരമായി അതിനു കൂടുതൽ മൂല്യം ലഭിക്കുന്നു. മറ്റു വാക്കുകളിൽ, അതു വ്യക്തിയുടെ കർത്തൃത്വത്തിൽനിന്നു ലഭിക്കുന്ന മൂല്യമാണ്. യന്ത്രത്തിനും മൃഗത്തിനും കർത്തൃത്വം ഇല്ലാത്തതുകൊണ്ട് ഇതുപോലൊരു മൂല്യം ആരോപിക്കാനാകില്ലല്ലോ.

വസ്തുനിഷ്ഠതാഭാവം കൊണ്ടുദ്ദേശിക്കുന്നത്, എന്ത് ഉത്പാദിപ്പിക്കുന്നുവെന്നതാണ്. ഉത്പാദിപ്പിക്കപ്പെട്ട വസ്തുവിന്റെ ഗുണവും അളവും തൂക്കവുമാണ് തൊഴിലിന്റെ മൂല്യം നിശ്ചയിക്കാനുള്ള അളവുകോൽ. പ്രായോഗികതലത്തിലെ ഇതിന്റെ അനിവാര്യത മാർപാപ്പ അംഗീകരിക്കുന്നുണ്ട്. തൊഴിലിന്റെ പ്രതിഫലനിർണ്ണയത്തിൽ ന്യായമായും ഈ പരിഗണനകൾ ഒഴിച്ചുകൂടാനാകാത്തവയാണ്.

ഇവിടെ പ്രസക്തമായൊരു ചോദ്യമുണ്ട് ഭൗതികമായ ഈ അളവുകോലുകൾകൊണ്ടു മാത്രം വ്യക്തി നിർവ്വഹിക്കുന്ന തൊഴിലിനു മൂല്യം നിശ്ചയിക്കുന്നതു ശരിയാകുമോ? അങ്ങനെയെങ്കിൽ തൊഴിലാളി മൃഗത്തിന്റെയും യന്ത്രത്തിന്റെയും തലത്തിലേക്കു തരംതാഴ്ത്തപ്പെടില്ലേ? ഉത്പാദനക്ഷമത കുറഞ്ഞ വ്യക്തികൾ മൃഗത്തെയും യന്ത്രത്തെയുംപോലെ ഉന്മൂലനം ചെയ്യപ്പെടുകയില്ലേ? വ്യാവസായിക വിപ്ലവത്തിന്റെ ആരംഭത്തിൽ യഥാർത്ഥത്തിൽ സംഭവിച്ചത് ഇതാണ്. റഷ്യയിൽ സ്റ്റാലിന്റെ കാലത്തു തൊഴിലാളികൾ മൃഗങ്ങളെപ്പോലെ ജോലി ചെയ്യേണ്ടിവന്നു. ഉത്പാദനക്ഷമമായ യന്ത്രത്തിനു വഴിമാറിക്കൊടുക്കാൻ നിസ്സഹായരായ തൊഴിലാളികൾ നിർബന്ധിക്കപ്പെടുന്ന നിലവിലുള്ള അവസ്ഥയും തൊഴിലിന്റെ മൂല്യനിർണ്ണയത്തിൽ വരുന്ന തെറ്റിന്റെ പരിണതഫലമാണ്. ഭൗതികസംസ്ക്കാരം വളർത്തിയെടുത്ത കച്ചവടക്കണ്ണാണ് ഇതിന്റെ പുറകിലെ കാരണം.

തൊഴിലിന്റെ “ആത്മനിഷ്ഠ” സ്വഭാവത്തിന് അർഹമായ പരിഗണന നൽകുകയാണു തൊഴിൽ മേഖലയിലെ എല്ലാ പ്രശ്നപരിഹാരത്തിനും സഭ നിർദ്ദേശിക്കുന്ന അടിസ്ഥാനപരമായ ഉത്തരം. *റേരും നൊവാരും, ക്വാദ്രജേസ്സിമോ അന്നോ, മാതാവും ഗുരുനാഥയും,* മനുഷ്യപ്രയത്നം തുടങ്ങിയ എല്ലാ ചാക്രികലേഖനങ്ങളും മൗലികമായ ഈ സത്യം അടിവരയിട്ടു പ്രഖ്യാപിക്കുന്നുണ്ട്. വ്യക്തിയെന്ന നിലയ്ക്കുള്ള പരിഗണനകൾ തൊഴിൽ വ്യവസ്ഥകളുടെ അടിസ്ഥാനങ്ങളാകണമെന്നതാണ് ഈ പ്രമാണരേഖകളെല്ലാം വാദിക്കുക. മനുഷ്യരെ പണമുണ്ടാക്കാനുള്ള ഉപകരണങ്ങളോ വെറും കായികശക്തിയോ ആയി പരിഗണിച്ചു ദുരുപയോഗിക്കുന്നതു ലജ്ജാവഹവും മനുഷ്യത്വമില്ലായ്മയുമാണെന്നു” ള്ള ലെയോ പതിമൂന്നാമന്റെ പ്രസ്താവന പ്രസക്തമാണിവിടെ. തൊഴിലാളിയുടെ പ്രായം, ആരോഗ്യം, സ്ത്രീ-പുരുഷവ്യത്യാസം തുടങ്ങിയവ കണക്കിലെടുത്ത് അർഹമായ വിശ്രമം, ആരോഗ്യപാലനത്തിനുള്ള സാഹചര്യങ്ങൾ വിനോദാവസരങ്ങൾ, മതജീവിതത്തിനുള്ള സാഹചര്യങ്ങൾ തുടങ്ങിയവ ലഭ്യമാക്കാനുള്ള മുതലുടമകളുടെ കടമ തൊഴിലിന്റെ “ആത്മനിഷ്ഠ” ഭാവത്തിൽനിന്നും ഉരുത്തിരിയുന്നവയാണ്. ഈ അവകാശങ്ങൾ വലിയൊരളവുവരെ സാമൂഹികചിന്തകരുടെയും സഭാപിതാക്കന്മാരുടെയും സ്വാധീനഫലമായി എല്ലാ പരിഷ്കൃതരാജ്യങ്ങളിലും നടപ്പാക്കിയിട്ടുണ്ടെന്നത് ആശ്വാസകരമാണ്. സാധാരണ വ്യവസായസ്ഥാപനങ്ങളിൽ ദർശിക്കുന്ന സംഘർഷങ്ങളോ ചേരിതിരിവുകളോ ഇല്ലാത്ത അവസ്ഥ. ഭാവി വ്യാവസായിക മേഖലയുടെ മാതൃകയായിട്ടാണ് മോൺട്രഗൺ പരീക്ഷണം വിശേഷിപ്പിക്കപ്പെടുന്നത്.

### മൂലധനത്തിൽ ഓഹരി: ഒരു നൂതന സങ്കൽപം

തൊഴിലാളികൾക്കുകൂടി തൊഴിൽസ്ഥാപനത്തിന്റെ നടത്തിപ്പിൽ പങ്കാളിത്തം നൽകണമെന്ന ചിന്ത രൂപപ്പെടാൻ തുടങ്ങിയതു 1931-ൽ *ക്വാദ്രജേസ്സിമോ അന്നോ* എന്ന ചാക്രികലേഖനം പ്രസിദ്ധീകരിച്ചതോടെയാണ്. വേതനവ്യവസ്ഥകളിലധിഷ്ഠിതമായ തൊഴിൽ രീതി അതിൽതന്നെ തെറ്റല്ലെങ്കിലും സാധ്യമാകുന്ന സാഹചര്യങ്ങളിൽ പരസ്പരപങ്കാളിത്തത്തിന്റേതായ തൊഴിൽക്കരാറുകൾ രൂപീകരിക്കുക തൊഴിലാളികൾക്കെന്നപോലെ തൊഴിലുടമകൾക്കും ഉപകാരപ്രദമാകുമെന്ന വാദമാണ് ചാക്രികലേഖനത്തിന്റേത്. ഇതു മൂലധനത്തിലോ മാനേജ്മെന്റിലോ ലാഭത്തിലോ പങ്കാളിത്തം നൽകുന്ന രീതിയാകാം.

*മാതാവും ഗുരുനാഥയും* എന്ന ചാക്രികലേഖനം തൊഴിൽ സ്ഥാപനത്തിലും പൊതുസാമ്പത്തികമേഖലയിലും തൊഴിലാളികൾക്കു ലഭിക്കേണ്ട പങ്കാളിത്തത്തെ സംബന്ധിച്ചു ദീർഘമായി ചർച്ച ചെയ്യുന്നുണ്ട്. തൊഴിലാളിയുടെ അന്തസ്സും അവകാശങ്ങളും പൂർണ്ണമായും സംരക്ഷിക്കപ്പെടുന്നതിന് ഈ പങ്കാളിത്തം അനുപേക്ഷണീയമാണെന്നാണു മാർപാപ്പയുടെ വാദം. ഇതു കൃത്യമായി എങ്ങനെ പ്രാവർത്തികമാക്കാമെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നില്ലെങ്കിലും മൂലധനത്തിൽ ഓഹരി നൽകുക അഭികാമ്യമാകുമെന്നു നിർദ്ദേശിക്കുന്നുണ്ട്.

ജോൺ പോൾ രണ്ടാമൻ പാപ്പായും തൊഴിലാളിയുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുന്നുണ്ട്. മൂലധനത്തിൽ തൊഴിലാളിക്ക് ഓഹരി നൽകുന്നതിനാണ് അദ്ദേഹം ഊന്നൽ കൊടുത്തിരിക്കുന്നത്. ഇതിന്റെ താത്ത്വികാടിസ്ഥാനങ്ങളും അദ്ദേഹം വ്യക്തമാക്കുന്നുണ്ട്.

മൂലധനവും തൊഴിലും തമ്മിലുള്ള അഭേദ്യമായ ബന്ധമാണ് ഈ താത്ത്വികാടിസ്ഥാനങ്ങളിൽ പ്രധാനം. മൂലധനം ഉത്പാദിപ്പിക്കപ്പെടുന്നതു തൊഴിൽവഴിയാണ്. അതിന്റെ ആത്യന്തികലക്ഷ്യം അവരുടെ നന്മയാകണം എന്ന കാര്യത്തിൽ തർക്കമില്ല. ഒരുതരത്തിലും അത് അവരുടെ വ്യക്തിത്വത്തിനു ഹാനികരമാകരുത്. അത് അവരുടെ ശ്രേയസ്സിനും പൂർണ്ണവളർച്ചയ്ക്കും സഹായമാകണം. എന്നാൽ നിലവിലുള്ള വ്യവസ്ഥിതിയനുസരിച്ചു തൊഴിലാളികൾ തന്റെതന്നെ ഉത്പന്നമായ മൂലധനവുമായി കാര്യമായ യാതൊരു ബന്ധവുമില്ലെന്നു മാത്രമല്ല അത് അവനെ പലതരത്തിലും നിയന്ത്രിക്കുന്നതിനും വ്യക്തിത്വത്തെ തരംതാഴ്ത്തുന്നതിനും കാരണമാകുന്നു. മൂലധനത്തെക്കാൾ തൊഴിലിനു പ്രാധാന്യമുണ്ടെന്നു മുകളിൽ സൂചിപ്പിച്ച വാദം മറ്റൊരു താത്ത്വികാടിസ്ഥാനമാണ്. മൂലധനത്തിന്റെയും ഉത്പാദനപ്രക്രിയയുടെയും നിയന്ത്രണത്തിൽ ഗണ്യമായൊരു സ്ഥാനം തൊഴിലാളിക്കുകൂടി ലഭിക്കുവാൻ ഇതുമൂലം അവകാശമുണ്ട്. ഇതിനുള്ള ഏറ്റവും നല്ല മാർഗ്ഗം തൊഴിലാളിക്കുകൂടി മൂലധനത്തിൽ ഓഹരി നൽകുകയാണ്.

തന്റെതന്നെ സ്ഥാപനത്തിൽ ജോലിചെയ്യുന്നുവെന്ന അനുഭൂതി സർവ്വവിധേനയും തൊഴിലാളിയുടെ വ്യക്തിത്വവികാസത്തിനും സംതൃപ്തിക്കും സഹായകമാകും. അപരന്റെ സ്ഥാപനത്തിൽ തനിക്കു യാതൊരുവിധ നിയന്ത്രണാവകാശവുമില്ലാത്ത സാഹചര്യത്തിൽ, ജോലിചെയ്യുമ്പോൾ തൊഴിലാളിക്ക് ഇതു നഷ്ടമാകുന്നു. തൊഴിൽ സ്ഥാപനത്തിൽ, പ്രത്യേകിച്ചു വൻകിട വ്യവസായ സ്ഥാപനങ്ങളിൽ

തൊഴിലാളിക്കുകൂടി ഷെയറു നൽകിയാൽ തന്റെതന്നെ സ്ഥാപനത്തിൽ ജോലി ചെയ്യുന്നുവെന്ന അവബോധം യാഥാർത്ഥ്യമാകും. ചെറുകിട സ്ഥാപനങ്ങളിൽ ഇതില്ലാതെതന്നെ മെച്ചപ്പെട്ട ബന്ധങ്ങൾ പുലർത്താൻ താരതമ്യേന എളുപ്പമാണ്.

ഇതിന്റെയെല്ലാം വെളിച്ചത്തിൽ, സഭ ശക്തമായി വാദിക്കുന്നത്, കഴിയുന്നിടത്തോളം തൊഴിലാളിയും മൂലധനവും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്താൻ ശ്രമങ്ങൾ നടത്തണമെന്നാണ്. ഇതിനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ കണ്ടെത്താനുള്ള ഉത്തരവാദിത്വം സമൂഹത്തിന്റേതാണ്. പല പാശ്ചാത്യസമൂഹങ്ങളിലും ഈ ആശയങ്ങൾ പ്രയോഗത്തിലാക്കിത്തുടങ്ങിയിട്ടുണ്ടെന്നതു പുതിയ പ്രതീക്ഷകൾക്കു വക നൽകുന്നുണ്ട്.

**6. തൊഴിലിന്റെ അവശ്യസ്വഭാവം:** തൊഴിൽചെയ്തു മാത്രമേ മനുഷ്യനു തന്റെ ജീവിതത്തിനാവശ്യമായവ കണ്ടെത്താൻ കഴിയുകയുള്ളൂ. അദ്ധ്വാനിക്കാത്തവർ അപ്പം ഭക്ഷിക്കാതിരിക്കട്ടെയെന്ന പൗലോസ് ശ്ലീഹായുടെ ഉപദേശത്തിന്റെ അടിസ്ഥാനമിതാണ്. തൊഴിലിന്റെ ഈ അനിവാര്യത തൊഴിലാളിക്കു മൗലികങ്ങളായ ചില അവകാശങ്ങൾ നൽകുന്നുണ്ട്.

* തന്റെ കഴിവനുസരിച്ച് അദ്ധ്വാനിക്കുന്നവനു മാന്യമായി ജീവിക്കുന്നതിനാവശ്യമായവ ലഭിക്കാൻ ദൈവദത്തമായ അവകാശമുണ്ട്. ജീവനക്കൂലിക്കുള്ള അവകാശമായിട്ടാണ് ലെയോ മാർപാപ്പ ഇതിനെ വിശേഷിപ്പിച്ചത്. തൊഴിൽ വ്യവസ്ഥകൾ നീതിപൂർവ്വകമാകണമെങ്കിൽ ഈ അവകാശം സംരക്ഷിക്കപ്പെടണം (*റേരും നൊവാരും* No.34).
* കുടുംബനാഥനായ തൊഴിലാളിക്കു തന്നെ ആശ്രയിച്ചു ജീവിക്കുന്നവരെ സംരക്ഷിക്കുന്നതിനുള്ള കടമ നിർവ്വഹിക്കാനുള്ള മാർഗ്ഗവും തൊഴിലാണെന്ന നിലയ്ക്കു കുടുംബവേതനം ലഭിക്കുന്നതിനും അവകാശമുണ്ട്. പതിനൊന്നാം പീയൂസ് മാർപാപ്പയാണ് ഈ വസ്തുത ആദ്യമായി ഊന്നിപ്പറഞ്ഞ് (*ക്വാദ്രജേസിമോ അന്നോ* No.71).
* തൊഴിൽ ലഭിക്കുന്നതിനുള്ള അവകാശം തൊഴിലിന്റെ അവശ്യ സ്വഭാവത്തിൽനിന്ന് ഉരുത്തിരിയുന്നതാണ്. തൊഴിലില്ലായ്മാവേതനം നൽകുന്നതിന്റെ അടിസ്ഥാനമിതാണ്.

**7. തൊഴിലിന്റെ സാമൂഹികമാനം:** ഒരു വ്യക്തി ഒറ്റയ്ക്കും തനിക്കുവേണ്ടിയും മാത്രമല്ല, മറിച്ച് മറ്റുള്ളവരുമൊത്തും മറ്റുള്ളവർക്കുവേണ്ടിയുമാണ് അദ്ധ്വാനിക്കുക. തൊഴിലിന്റെ ഈ അടിസ്ഥാന സാമൂ

ഹികമാനത്തിന് ഇന്നത്തെ വ്യാവസായികയുഗത്തിൽ ഏറെ അർത്ഥ വ്യാപ്തിയുണ്ട്. നാമെല്ലാവരും ജീവിക്കുന്നത് എത്രയോ വ്യക്തികളുടെ അദ്ധ്വാനത്തിന്റെ ഫലമനുഭവിച്ചുകൊണ്ടാണ് ! നാം ഉപയോഗിക്കുന്ന സോപ്പും പഞ്ചസാരയും റൊട്ടിയും വസ്ത്രവും റേഡിയോയും എന്നുവേണ്ട എല്ലാംതന്നെ വളരെപ്പേരുടെ വിയർപ്പിന്റെ ഫലമാണല്ലോ.

ഈ വസ്തുതയെ അടിസ്ഥാനമാക്കി ദേശീയവും അന്തർദ്ദേശീയവുമായ തലങ്ങളിൽ ആവശ്യമായ വേതന-വ്യാപാര വ്യവസ്ഥകൾക്കു രൂപം കൊടുക്കേണ്ടതായി വരുന്നു. രാജ്യത്ത് ഉത്പാദിപ്പിക്കപ്പെടുന്ന സമ്പത്തിന്റെ ന്യായമായ വിഹിതം എല്ലാ പൗരന്മാർക്കും ലഭിക്കുവാൻ അവകാശമുണ്ടെന്ന നിലവിലുള്ള ചിന്തയുടെ വലിയൊരടിസ്ഥാനമിതാണ്. അവകാശത്തിന് ഇന്നൊരു അന്തർദേശീയമാനം കൈവന്നുകൊണ്ടിരിപ്പുണ്ട്. ആദായനികുതി, വിൽപനനികുതി തുടങ്ങിയവ പിരിക്കുന്നതിനും ദരിദ്രരായവർക്കു പ്രത്യേക പരിരക്ഷകളും സൗജന്യങ്ങളും നൽകുന്നതിനും നാം തയ്യാറാകുന്നതിന്റെ ഒരു കാരണം ഇതാണല്ലോ.

തൊഴിലിന്റെ ഈ സാമൂഹികസ്വഭാവത്തെ സംബന്ധിച്ച അവബോധം എല്ലാവരിലും ശക്തിപ്പെടുന്നതുവഴി മാത്രമേ യഥാർത്ഥ തൊഴിൽ സംസ്ക്കാരം രൂപപ്പെടുകയുള്ളൂ. തൊഴിൽ രംഗത്തു കൂടുതൽ ഉത്തരവാദിത്വചിന്തയും സഹകരണവും കൂട്ടായ്മയും വളരുന്നതിനും ഇതു വളരെയേറെ സഹായിക്കും.

## ഉപസംഹാരം

തൊഴിലിനെ സംബന്ധിച്ച ഈ ക്രൈസ്തവദർശനം പ്രായോഗികതലത്തിൽ കാര്യമായി തെളിഞ്ഞുകാണുന്നില്ല. ജീവസന്ധാരണത്തിനുള്ള വെറുമൊരു മാർഗ്ഗമായി തൊഴിൽ തരംതാണിരിക്കുന്നു. ആത്മപ്രകാശനം, സൃഷ്ടിപരത, ആരാധന തുടങ്ങിയ തൊഴിലിന്റെ മാനങ്ങൾക്ക് അർഹമായ പ്രാധാന്യം ലഭ്യമാകാതെ തൊഴിൽ അർത്ഥപൂർണ്ണമാകുകയില്ല. തൊഴിലിന്റെ വ്യക്തിഗതവും ആധ്യാത്മികവും സാമൂഹികവുമായ മാനങ്ങൾ പൂർണ്ണമായും അംഗീകരിക്കപ്പെടുകവഴി മാത്രമേ മനുഷ്യന്റെ വ്യക്തിപരവും സാമൂഹികവുമായ വളർച്ച സുഗമമാകുകയുള്ളൂ.

**ബിഷപ് മാർ തോമസ് ചക്യത്ത്**

08

# സാമൂഹിക നീതി : ഒരു വിശകലനം

സാമൂഹികനീതിസങ്കൽപത്തിനു മനുഷ്യകുലത്തോളംതന്നെ പഴക്കമുണ്ടെങ്കിലും ഈ അടുത്ത കാലങ്ങളിൽ അതിനു പുതിയ മാനങ്ങളും വ്യാപ്തിയും കൈവന്നുകൊണ്ടിരിക്കുകയാണ്. സാമ്പത്തിക പുരോഗതിയോടൊപ്പം ദേശീയവും അന്തർദ്ദേശീയവുമായ തലങ്ങളിൽ നീതിപൂർവ്വകമായ സാമ്പത്തികവിഭജനം നടത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയുള്ള ബോധ്യം സമൂഹത്തിൽ അടിക്കടി വളർന്നുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ സാമൂഹികനീതിസങ്കൽപത്തിന്റെ കാലഘട്ടങ്ങളിലൂടെയുള്ള വളർച്ചയെപ്പറ്റിയും ഇന്ന് അതിന് കൈവന്നിരിക്കുന്ന പുതിയ മാനങ്ങളെപ്പറ്റിയുമുള്ള ചർച്ചയ്ക്കു വലിയ പ്രസക്തിയുണ്ട്.

## I. സാമൂഹികസ്വഭാവവും നീതിധർമ്മങ്ങളുടെ അനിവാര്യതയും

സമൂഹജീവിയായ മനുഷ്യൻ സമൂഹത്തിൽ ജീവിച്ചുകൊണ്ടാണ് വളരുകയും ജീവിതസാഫല്യം നേടുകയും ചെയ്യുക. തന്റെ സഹജീവികളുമായി സഹകരിച്ച് ജീവിക്കുന്നതുവഴി മനുഷ്യൻ സ്വന്തം നന്മ നേടു

ന്നതോടൊപ്പം പൊതുനന്മയ്ക്കായി പ്രവർത്തിക്കാനും കടപ്പെട്ടിരിക്കുന്നു. ക്രമീകൃതമായ വ്യക്തിന്തരബന്ധങ്ങളിലൂടെ മാത്രമേ സാമൂഹികക്ഷേമം വളർത്തിയെടുക്കാൻ സാധിക്കുകയുള്ളു. ഒന്നിച്ചുള്ള ഈ ജീവിതത്തെ നിയന്ത്രിക്കുന്ന അടിസ്ഥാനതത്ത്വം എല്ലാവരുടെയും നന്മ അഥവാ ക്ഷേമമാണ്. സാമൂഹികജീവിതത്തിന്റെ ലക്ഷ്യവും ഇതിൽനിന്ന് വ്യത്യസ്തമല്ല. അസ്തിത്വം സഹാസ്തിത്വമാണെന്നും എല്ലാ മനുഷ്യരും മൗലികമായി തുല്യരാണെന്നും ബോധ്യമാകുമ്പോൾ പൊതുനന്മയ്ക്കായി പ്രയത്നിക്കുന്നതിനും അതുവഴി സ്വന്തം ശ്രേയസ്സ് നേടുന്നതിനും മനുഷ്യൻ പ്രേരിതനാകുന്നു. ഈ ലക്ഷ്യം നേടുന്നതിന് പരസ്പരബന്ധങ്ങളെ നിയന്ത്രിക്കുന്ന ചില ക്രമീകരണങ്ങളുണ്ടാകണം. അതായത്, ഓരോരുത്തർക്കും അർഹമായ അവകാശങ്ങളും സമൂഹത്തോടുള്ള കടപ്പാടുകളും നിശ്ചയിച്ച് നിയന്ത്രിക്കുന്ന തത്ത്വങ്ങളും സങ്കൽപങ്ങളും. ഈ തത്ത്വസംഹിതയാണ് പൊതുവേ നീതിസങ്കൽപമെന്നതുകൊണ്ട് നാം വിവക്ഷിക്കുക. മറ്റു വാക്കുകളിൽപ്പറഞ്ഞാൽ ഓരോരുത്തർക്കും അർഹമായത് ലഭിക്കാനുള്ള അവകാശവും മറ്റുള്ളവർക്ക് അർഹമായതു കൊടുക്കാനുള്ള കടമയും.

## II. നീതിസങ്കൽപത്തിന്റെ വൈവിധ്യം

നീതിയെന്ന സങ്കൽപം എല്ലാ മനുഷ്യബന്ധങ്ങളെയും നിയന്ത്രിക്കുന്ന അടിസ്ഥാനപരമായ മൂല്യമായതുകൊണ്ട് എല്ലാ ഗ്രൂപ്പുകളിലും സമൂഹങ്ങളിലും അവയുടെ വ്യത്യസ്ത സ്വഭാവമനുസരിച്ചുള്ള നീതിസങ്കൽപങ്ങളുണ്ടാകാം. കുടുംബബന്ധങ്ങളെ നിയന്ത്രിക്കുന്നതിന് കുടുംബത്തിന്റേതായ നീതി സങ്കൽപങ്ങളുണ്ട്. അതുപോലെതന്നെ വ്യവസായികസമൂഹം, ദേശീയസമൂഹം എന്നുവേണ്ട എല്ലാ സമൂഹങ്ങൾക്കും അതാതിന് അനുയോജ്യമായ നീതിനിഷ്ഠ കാണും.

നീതിന്യായം എല്ലാ സമൂഹങ്ങളിലും ഒരുപോലെയല്ല. മനുഷ്യചരിത്രം പരിശോധിക്കുമ്പോൾ വ്യക്തമാകുന്നത് ചരിത്രത്തിന്റെ ഓരോ കാലഘട്ടത്തിലും ഓരോ ദേശത്തും വ്യത്യസ്തങ്ങളായ നീതിബോധം നിലനിന്നിരുന്നുവെന്നതാണ്. ക്രിസ്തുവിന്റെ കാലഘട്ടത്തിൽ റോമൻ സമൂഹത്തിലും യഹൂദസമൂഹത്തിലും നിലനിന്നിരുന്ന നീതിസങ്കൽപങ്ങളിൽനിന്ന് വളരെ വ്യത്യസ്തമാണ് സമകാലീന സമൂഹത്തിന്റെ നീതിചിന്ത.

മാനവചരിത്രത്തിന്റെ ആരംഭഘട്ടത്തിൽ ഇന്നത്തേതുപോലെ വ്യവസ്ഥാപിതമായ നിയമങ്ങളും നീതിസംഹിതകളും ഉണ്ടായിരു

ന്നില്ല. മനുഷ്യൻ ചെറിയ ഗ്രൂപ്പുകളായി കാട്ടുമൃഗങ്ങളെ വേട്ടയാടിയും മറ്റും ഉപജീവനം നടത്തിയിരുന്ന കാലഘട്ടത്തിൽ അംഗങ്ങൾ തമ്മിലുള്ള പരസ്പരബന്ധങ്ങളെ നിയന്ത്രിക്കുന്നതിന് ഓരോ ഗ്രൂപ്പിനും അതിന്റേതായ പ്രാകൃതരീതികളുണ്ടായിരുന്നു. ശക്തനായ ഗ്രൂപ്പുനേതാവിന്റെ വിധിതീർപ്പുകളായിരുന്നു മിക്കവാറും നീതിധർമ്മങ്ങൾക്ക് ആധാരം.

കാലഘട്ടങ്ങൾ പിന്നിട്ടതോടൊപ്പം മനുഷ്യൻ പുതിയ സംസ്ക്കാരങ്ങൾ കെട്ടിപ്പടുത്തു; കൂട്ടത്തിൽ പുതിയ നീതിചിന്തയും വളർന്നുവന്നു. റോമൻ, ഗ്രീക്ക്, ഈജിപ്ഷ്യൻ, ഭാരതീയ സംസ്ക്കാരങ്ങൾ അതിൽ പ്രധാനപ്പട്ടവയാണ്. ക്രിസ്തുവിന്റെ കാലഘട്ടത്തിലെ റോമൻ സംസ്ക്കാരത്തിൽ നിലനിന്നിരുന്ന നീതിധർമ്മാനുശാസനങ്ങൾ വളരെ വളർന്നു വികസിച്ചതായിരുന്നു. എങ്കിലും ആധുനിക രാഷ്ട്രീയനിയമങ്ങളുടെ മാതൃകയായി പരിഗണിക്കപ്പെടുന്ന റോമൻ നിയമസംഹിത വിഭാവനം ചെയ്യുന്ന നീതി തികച്ചും ഇന്നത്തേതിൽനിന്നും അപൂർണ്ണമായിരുന്നുവെന്നത് വ്യക്തമാണ്.

സമൂഹാംഗങ്ങളെ സ്വതന്ത്രരും അടിമകളുമെന്ന് രണ്ട് ഗണമായി തിരിച്ച് വ്യത്യസ്തമായ രീതിയിൽ നീതി പുലർത്തിയിരുന്നു. ഇന്ന് നാം അംഗീകരിക്കുന്ന പല മനുഷ്യാവകാശങ്ങളും അന്ന് അടിമകൾക്ക് നിഷേധിക്കുകയും അവരിൽ നിരവധി കടപ്പാടുകൾ കെട്ടിവച്ചേൽപ്പിക്കുകയും ചെയ്തിരുന്നു.

ഈ അടിമത്തവ്യവസ്ഥിതി റോമിന്റെ മാത്രം പ്രത്യേകത ആയിരുന്നില്ല. വ്യത്യസ്ത രൂപങ്ങളിൽ ഇതു മറ്റു സംസ്ക്കാരങ്ങളിലും സ്ഥലം പിടിച്ചിരുന്നു. ഭാരതീയ സംസ്ക്കാരത്തിൽ ഈ അടുത്ത കാലംവരെ ഉണ്ടായിരുന്ന ജാതിവ്യവസ്ഥ ആത്യന്തികവിശകലനത്തിൽ ഒരുതരത്തിലുള്ള അടിമത്തവ്യവസ്ഥിതിതന്നെയായിരുന്നു. മതപരമായ പല വ്യാഖ്യാനങ്ങളും അതിന് ഉപോൽബലകമായിട്ട് കാണുന്നെങ്കിലും സമൂഹത്തിന്റെ താഴെക്കിടയിലുള്ള വ്യക്തികൾക്കും വിഭാഗങ്ങൾക്കും നീതിപൂർവ്വകമായ പല അവകാശങ്ങളും വ്യവസ്ഥാപിതമായ രീതിയിൽത്തന്നെ നിഷേധിക്കുന്നൊരു സാഹചര്യമായിരുന്നു അത്.

## സാമൂഹിക നീതിചിന്ത പഴയനിയമഗ്രന്ഥങ്ങളിൽ

പഴയനിയമം കാഴ്ചവയ്ക്കുന്ന നീതിസങ്കല്പം വളരെ ഉന്നതമാണ്. എല്ലാ പ്രവർത്തനങ്ങളിലും നീതിതന്നെയായ യാഹ്വേയെ പ്രീതിപ്പെടുത്താൻ ശ്രമിക്കണമെന്നാണ് വി. ഗ്രന്ഥം ഉപദേശിക്കുക (ഇസ.1, 17,26; ആമോ. 5,24; സങ്കീ. 146.8; എസ. 18:9). ദൈവേഷ്ടമ

നുസരിച്ച് ജീവിക്കുകയെന്നതാണ് നീതിനിർവ്വഹണംകൊണ്ട് ഇസ്രാ യേൽ ജനത വിവക്ഷിച്ചിരുന്നത്. യാഹ്വേ തന്നെയാണ് തിരഞ്ഞെ ടുത്ത ജനതയ്ക്കു മോസ്സസ് വഴി പത്തു കൽപനകൾ കൊടുത്തു കൊണ്ട് മനുഷ്യജീവിതത്തിനാവശ്യമായ സ്വാഭാവിക നീതിധർമ്മ ങ്ങൾ പ്രഖ്യാപിച്ചത്. ഈ കൽപനകളാണ് യഹൂദസമൂഹത്തിന്റെ എന്നല്ല എല്ലാ സമൂഹങ്ങളുടെയും നീതിധർമ്മങ്ങൾക്ക് അടിസ്ഥാ നമായി കാണുക.

എല്ലാവർക്കും അർഹമായ അവകാശങ്ങൾ അംഗീകരിച്ചുകൊണ്ട് ജീവിതത്തിലെ എല്ലാ പ്രവർത്തനങ്ങളെയും യാഹ്വേയുടെ നിർദ്ദേ ശപ്രകാരം ക്രമീകരിച്ചിരിക്കുന്ന വ്യക്തികളെ നീതിമാന്മാരെന്നാണ് പഴയനിയമഗ്രന്ഥങ്ങൾ വിശേഷിപ്പിച്ചിരുന്നത്. നീതിമാനായി വിശേ ഷിപ്പിക്കപ്പെടുന്ന ജോബിനെ സംബന്ധിച്ച പരാമർശങ്ങൾ പഴയ നിയമകാലത്തെ നീതിസങ്കൽപങ്ങളിലേക്കു വിരൽ ചൂണ്ടുന്നു. ജോബ് യാഹ്വേയുടെ മുമ്പിൽ തന്റെതന്നെ ജീവിതത്തെ അനു സ്മരിപ്പിച്ചുകൊണ്ട് നടത്തിയ ഏറ്റുപറച്ചിലിൽ താൻ ദരിദ്രരുടെയും അനാഥരുടെയും സഹായിയും വിധവകളുടെ സംരക്ഷക നുമായിരുന്നുവെന്നും, നിരാലംബരും നിസ്സഹായരുമായ കുരു ടർക്കും മുടന്തർക്കും താൻ അർഹമായ സഹായം കൊടുത്തു വെന്നും അവകാശപ്പെടുകയാണ്. തന്റെ ജീവിതത്തിൽ അങ്ങനെ നീതിമാത്രമേ പ്രവർത്തിച്ചിട്ടുള്ളുവെന്നാണ് ജോബ് അനുസ്മരി ക്കുന്നത് (ജോബ് 29:12-15) തന്റെ സ്വത്ത് നീതിക്കു ചേർന്നവിധ ത്തിൽ മാത്രമേ കൈകാര്യം ചെയ്തിട്ടുള്ളുവെന്നും തൊഴിലാളി കൾക്ക് അവകാശമായ നീതി നൽകിയിട്ടുണ്ടെന്നും തുടർന്ന് ജോബ് ഏറ്റുപറയുന്നുണ്ട് (ജോബ് 31,38-40;31,13) ഈ ജീവിതക്രമത്തിന്റെ പേരിലാണ് ജോബ് നീതിമാനായിട്ട് അംഗീകരിക്കപ്പെടുക. ഇതു സൂചിപ്പിക്കുന്നത് ഇസ്രായേൽ ജനതയുടെ ഇടയിൽ വളരെ വ്യക്ത മായ നീതിധർമ്മങ്ങൾ ഉണ്ടായിരുന്നുവെന്നതാണ്.

ഈ നീതിസങ്കൽപത്തെ സംബന്ധിച്ചു വിശദമായൊരു ചർച്ച യ്ക്കു സ്ഥലപരിമിതികൊണ്ട് ഇവിടെ തുനിയുന്നില്ല. നിയമാവർത്തനം, സുഭാഷിതങ്ങൾ, പുറപ്പാട്, ആമോസ്, ഐെസ യാസ്, ജെറമിയ മുതലായ ഗ്രന്ഥങ്ങളിലും സമൂഹജീവിതത്തെ നയി ക്കേണ്ട നീതിധർമ്മങ്ങളെപ്പറ്റിയുള്ള പരാമർശങ്ങളുണ്ട്. “നിങ്ങളുടെ ജീവിതത്തിൽ നീതി ജലംപോലെ ഒഴുകട്ടെ” എന്ന ആമോസ് പ്രവാ ചകന്റെ വാക്കുകളിൽനിന്നും ഇസ്രായേൽ ജനതയിൽ ഉണ്ടായി ക്കാണാൻ സമൂഹനേതാക്കൾ ആഗ്രഹിച്ച നീതിബോധം എത്ര ശക്തമായിരുന്നുവെന്ന് മനസ്സിലാക്കാം.

പഴയനിയമഗ്രന്ഥങ്ങളിൽക്കാണുന്ന സാമ്പത്തിക സാമൂഹിക വ്യവസ്ഥിതി ഒരുതരത്തിലുള്ള സോഷ്യലിസമാണ്. ഏവർക്കും തുല്യമായ സാമ്പത്തികസുരക്ഷിതത്വം ഉറപ്പു നൽകത്തക്കവിധത്തിലാണ് കൃഷിഭൂമിയും മറ്റു സ്വത്തുക്കളും വിഭജിക്കപ്പെട്ടിരുന്നത്. സ്വകാര്യസ്വത്തുടമയെ സ്വത്തിന്റെ കേവലം സൂക്ഷിപ്പുകാരനായിട്ട് മാത്രമാണ് വി. ഗ്രന്ഥം കണകാക്കുക (ഉൽപ. 2:8,15; ലേവ്യ. 25,23).

ഈ തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ സ്വത്ത് ഇഷ്ടംപോലെ കൈകാര്യം ചെയ്യാൻ വി. ഗ്രന്ഥ നീതിനിഷ്ഠ ഉടമയെ അനുവദിച്ചിരുന്നില്ല. അതായത്, ചില സാമൂഹിക കടമകൾ സ്വത്തവകാശത്തോടനുബന്ധമായിട്ട് ഉണ്ടെന്നർത്ഥം. ഈ പ്രപഞ്ചത്തിൽ ജീവിതത്തിനാവശ്യമായ വസ്തുവകകൾ കണ്ടെത്താനുള്ള മനുഷ്യന്റെ ദൈവദത്തമായ അവകാശത്തിന്റെ പൂരകമാണ് ഈ സാമൂഹിക കടപ്പാടുകൾ. വിളവെടുക്കുമ്പോൾ ദരിദ്രർക്കും വഴിയാത്രക്കാർക്കുംവേണ്ടി കുറേ വിളകൾ മാറ്റിവയ്ക്കാനുള്ള ബൈബിളിന്റെ നിർദ്ദേശം ഈ സാമൂഹികനീതിധർമ്മത്തിന്റെ തെളിവാണ് (ലേവ്യ.19,9,10;23,22; ആവർത്ത. 24, 19-21; 23, 25-62) അനാഥർ, വിധവകൾ മുതലായവർക്ക് ജീവിക്കാനാവശ്യമായവ കൊടുക്കേണ്ടതും യഹൂദനീതിനിഷ്ഠയനുസരിച്ച് സമൂഹത്തിന്റെ കടമയായിരുന്നു (പുറ. 22.21).

ഈ നീതിസങ്കൽപം ഇസ്രായേലിന്റെ സാമൂഹികദർശനത്തിലെ അവിഭാജ്യഘടകമായിരുന്നെങ്കിലും പ്രായോഗികജീവിതത്തിൽ സമുന്നതമായ ഈ ലക്ഷ്യം നേടാൻ അവർക്ക് കഴിഞ്ഞില്ല. കാലക്രമേണ സമ്പത്ത് കുറേപ്പേരുടെ കുത്തകാവകാശമായി. സ്വകാര്യസ്വത്ത് നഷ്ടപ്പെട്ട് പാപ്പരായിത്തീർന്നവരുടെ അംഗസംഖ്യ കൂടി (നിയമ.21,14). സമ്പന്നവർഗ്ഗം ദരിദ്രവർഗ്ഗത്തെ അതിദാരുണമായ വിധത്തിൽ ചൂഷണം ചെയ്തുകൊണ്ടിരുന്നതിനെപ്പറ്റി വി. ഗ്രന്ഥത്തിൽ സൂചനയുണ്ട്. "ഭൂമിയിൽ നിങ്ങൾക്കുമാത്രം താമസിച്ചാൽ മതിയോ? വയലോടു വയൽ കൂട്ടുകയും അങ്ങനെ നാടിന്റെ അതിർത്തിവരെ എത്തുകയും ചെയ്യുന്നവർക്ക് നാശം" (ഏശ. 5,8) എന്ന പ്രവാചകന്റെ വിമർശനമിതാണ് കാണിക്കുക. ജെറമിയ, ആമോസ്, എസക്കിയേൽ മുതലായ പ്രവാചകന്മാരും ഈ വിമർശനം നടത്തുന്നുണ്ട് (ആമോ. 5, 10-13; 21-24; ജറെ.5, 2-28).

ചുരുക്കം ചില വ്യക്തികളിൽ സമ്പത്ത് കുന്നുകൂടുന്നതിനെ തടയുന്നതിനാവശ്യമായ നിയമങ്ങളുണ്ടായിരുന്നു. സ്വത്ത് സ്വന്തം ഗോത്രത്തിന് പുറത്ത് വിൽക്കാൻ വ്യക്തികൾക്ക് അവകാശമുണ്ടായിരുന്നില്ല. എന്തെങ്കിലും കാരണത്താൽ സ്വത്തുടമയ്ക്ക് തന്റെ

സ്വത്ത് വിൽക്കേണ്ടിവന്നാൽതന്നെയും ജൂബിലി വർഷങ്ങളിൽ വിറ്റ സ്വത്ത് സ്വത്തുടമയ്ക്ക് തിരിച്ചു ലഭിക്കുന്നതിനുള്ള വ്യവസ്ഥയുമുണ്ടായിരുന്നു (പുറ. 23, 10–11; ആവ. 15,1–3; ലേവ്യ. 25,2–8,25, 8–17; 29–31). അങ്ങനെ എല്ലാവർക്കും തുല്യമായ സാമ്പത്തികാവകാശങ്ങളും അവസരങ്ങളും ലക്ഷ്യംവച്ചുകൊണ്ടുള്ള തെരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ പരിശ്രമം തികച്ചും സാമൂഹികനീതിചിന്തയ്ക്ക് വലിയൊരു മുതൽക്കൂട്ടാണ്.

**പുതിയനിയമചിന്തയും സാമൂഹികനീതിയും**

പുതിയനിയമഗ്രന്ഥങ്ങളിൽ സാമ്പത്തികരംഗത്തെ നിയന്ത്രിക്കേണ്ട നീതിയെ സംബന്ധിച്ച കാര്യമായ ചർച്ചയൊന്നും നാം കാണുന്നില്ല. പ്രവാചകന്മാർവഴി യാഹ്‌വേ ഇസ്രായേൽ ജനതയ്ക്കു കൊടുത്ത നീതിധർമ്മങ്ങളെപ്പറ്റിയുള്ള കൽപനകൾ പൂർത്തീകരിക്കാനാണ് ക്രിസ്തു ശ്രമിച്ചിട്ടുള്ളത് (മത്താ. 5,17). ഫരിസേയരും നിയമജ്ഞരും യഥാർത്ഥനീതിയുടെ അരൂപിയിൽനിന്ന് അകന്ന് ബാഹ്യമായ ആചാരാനുഷ്ഠാനങ്ങളിൽമാത്രം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നതായി ക്രിസ്തു വിമർശിക്കുന്നുണ്ട്. "നിങ്ങളുടെ നീതി നിയമജ്ഞരുടേയും ഫരിസേയരുടേയും നീതിയെ അതിശയിക്കുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല" (മത്താ. 5,20) എന്ന ക്രിസ്തുവിന്റെ പ്രഖ്യാപനം അവരുടെ ആധ്യാത്മിക ജീവിതത്തെപ്പറ്റിയാണ് കൂടുതലായി സ്പർശിക്കുന്നതെങ്കിലും സാമൂഹികസാമ്പത്തിക രംഗത്തുള്ള നീതിനിഷ്ഠയെ സംബന്ധിച്ച പരാമർശനംകൂടിയാണിതെന്നുള്ളത് തുടർന്നുള്ള ഭാഗങ്ങൾ വ്യക്തമാക്കുന്നു.

നിന്നെപ്പോലെതന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കണമെന്ന ഉപദേശത്തിലൂടെ ക്രിസ്തു മനുഷ്യബന്ധങ്ങളുടെ ക്രമീകരണത്തിനാവശ്യമായ സമഗ്രമായ നിയമമാണ് നൽകിയിരിക്കുന്നത്. സാധാരണ നീതിധർമ്മങ്ങളെ അതിലംഘിക്കുന്ന ഒരു ധാർമ്മികചിന്തയാണ് യേശുവിന്റേത്. ക്ഷേമസുന്ദരമായൊരു സമൂഹം ക്രിസ്തു സ്വപ്നം കാണുകയും അതു രൂപപ്പെടുത്തിയെടുക്കുവാൻ ശ്രമിയ്ക്കുകയുമുണ്ടായി. ദരിദ്രരോട് പ്രത്യേകസ്നേഹവും അനുകമ്പയും പ്രകടിപ്പിക്കുമ്പോൾ സമ്പന്നരോട് അവരുടെ അനീതിപരമായിട്ടുള്ള സമ്പത്തിന്റെ സമാഹാരത്തിൽ അവരെ കുറ്റപ്പെടുത്തുന്നത് ഇതിന്റെ വെളിച്ചത്തിലാണ്. മുതലാളിത്ത വ്യവസ്ഥിതിയിൽ കാണുന്നതുപോലെ ചൂഷണത്തിന്റെയും അനീതിയുടെയും ഫലമായി കുന്നുകൂടുന്ന സമ്പത്ത് നിർദ്ധനരായവർക്കു പങ്കിട്ടുകൊടുക്കുവാനുള്ള സമ്പന്നരുടെ കടപ്പാട് സക്കേ

വൂസിന്റെ തദനുസാരമുള്ള പ്രവൃത്തിയെ ശ്ലാഘിക്കുന്നതുവഴി ക്രിസ്തുനാഥൻ അരക്കിട്ടുറപ്പിക്കുന്നു (ലൂക്ക 18). ധനവാന്റെയും ദരിദ്രനായ ലാസറിന്റെയും ഉപമയിലൂടെയും മറ്റും സാമ്പത്തിക രംഗത്ത് എല്ലാവരുടെയും ക്ഷേമം മുമ്പിൽകണ്ടുകൊണ്ട് പ്രവർത്തിക്കാൻ യേശു ആഹ്വാനം ചെയ്യുന്നുണ്ട്.

## സഭാപിതാക്കന്മാരുടെ നീതിചിന്ത

സഭാചരിത്രത്തിലെ ആദിമനൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന പ്രസിദ്ധരായ സഭാപിതാക്കന്മാർ തങ്ങളുടേതായ രീതിയിൽ സമൂഹത്തിൽ നീതിപാലിക്കാൻ ശ്രമിക്കുകയുണ്ടായി. വിശുദ്ധ അന്ത്രയോസ്, ക്രിസോസ്റ്റോം, ബേസിൽ, ഗ്രിഗറി നസ്സിയാൻസൻ മുതലായ പിതാക്കന്മാർ തങ്ങളുടെ പ്രസംഗങ്ങളിലൂടെയും മറ്റുമാണ് ഇക്കാര്യം നിർവ്വഹിച്ചത്. പഴയനിയമകാലത്തെ ആമോസ്, ജെറമിയാസ് മുതലായ പ്രവാചകന്മാരുടെ രീതിയിൽ വളരെ നിശിതമായി തങ്ങളുടെ സമകാലീന സമൂഹത്തിലുണ്ടായിരുന്ന അനീതികളെ അവർ ചോദ്യം ചെയ്തു. സമൂഹത്തിന്റെ ക്ഷേമം മുൻനിർത്തിയായിരിക്കണം സാമ്പത്തികവ്യാപാരങ്ങൾ നടത്തേണ്ടതെന്ന് പൊതുവേ അവർ അഭിപ്രായപ്പെട്ടു. സമ്പന്നർ അവരുടെ സ്വത്ത് ദരിദ്രരായവരുടെ ക്ഷേമത്തിനുവേണ്ടികൂടി ചെലവഴിക്കാൻ നീതിധർമ്മം അനുശാസിക്കുന്നുവെന്നാണ് അവർ വാദിച്ചത്. ഇതു വെറും ദാനം കൊടുക്കാനുള്ള കടമയല്ലെന്നും മറിച്ച് നീതിയായിട്ട് ദരിദ്രർക്ക് അർഹതയുള്ളത് തിരികെ കൊടുക്കാനുള്ള ഉത്തരവാദിത്വമാണെന്നും അവർ തറപ്പിച്ചു പറഞ്ഞു.

> നിങ്ങളുടെ ഉൽപന്നങ്ങൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുക, കാരണം, ദരിദ്രന്റെ അനുദിന ഭക്ഷണമാണ് ധനികന്റെ അറപ്പുരകളിൽ സമാഹരിച്ചിരിക്കുന്നത്. ആദ്യമേ കൈവശമാക്കാൻ അവസരം ലഭിച്ചതുകൊണ്ടുമാത്രം തന്റെ അധീനതയിലുള്ള സ്വത്തെല്ലാം ഒരാൾ ഇഷ്ടംപോലെ വ്യയം ചെയ്യുക നീതിയല്ല. ഓരോരുത്തരും അവനവന്റെ ആവശ്യമനുസരിച്ചുമാത്രം സ്വന്തമാക്കിയിരുന്നെങ്കിൽ ദാരിദ്ര്യം തുടച്ചുനീക്കുക എളുപ്പമായിരുന്നു. നീ സൂക്ഷിച്ചുവച്ചിരിക്കുന്ന ഭക്ഷണം വിശക്കുന്നവന് ന്യായമായി ലഭിക്കേണ്ടതാണ്. ധനികനാണെന്നതല്ല മറ്റുള്ളവരുമായി നിന്റെ സ്വത്ത് പങ്കുവയ്ക്കാനുള്ള വൈമനസ്യമാണ് നിന്നെ അഭിശപ്തനാക്കുന്നത്.

എന്ന ബേസലിന്റെ പ്രഖ്യാപനം സാമ്പത്തികവ്യാപാരങ്ങളിൽ നിലനിർത്തേണ്ട നീതി എപ്രകാരമായിരിക്കുന്നുവെന്നത് വെളിവാക്കുന്നുണ്ട്.

**മദ്ധ്യശതക നീതിചിന്ത**

മദ്ധ്യശതക യൂറോപ്പിൽ ക്രിസ്തീയസ്വാധീനത്തിന്റെ പരിണിത ഫലമായി അഭികാമ്യമായ ചില നീതിധർമ്മങ്ങൾ നിലനിന്നിരുന്നു. സാമൂഹിക സാമ്പത്തിക ജീവിതത്തിനാവശ്യമായ സഭയുടെ ധാർമ്മിക പ്രബോധനങ്ങൾ പരക്കെ അംഗീകരിക്കപ്പെട്ടിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. സാമ്പത്തികപുരോഗതിയ്ക്കായി മാനുഷികമൂല്യങ്ങളെ ബലി കഴിക്കാൻ അറച്ചുനിൽക്കാത്ത ഇന്നത്തെ സമൂഹത്തിന്റെ മനോഭാവത്തിൽനിന്നും വ്യത്യസ്തമായിരുന്നു മധ്യശതകയൂറോപ്പിലെ നീതിവ്യവസ്ഥ. മനുഷ്യനും മൗലികമൂല്യങ്ങളുമായിരുന്നു സാമ്പത്തിക പുരോഗതിയെക്കാൾ അന്നത്തെ മനുഷ്യനു പ്രധാനം.

സാമ്പത്തികവ്യാപാരങ്ങളിൽ എല്ലാവർക്കും നീതി ലഭ്യമാക്കുക എന്നതിലായിരുന്നു അന്നു സമൂഹം പ്രധാനമായും ശ്രദ്ധിച്ചിരുന്നത്. ഇതായിരുന്നു വ്യാപാരമേഖലയിലും തൊഴിൽ രംഗങ്ങളിലും മനുഷ്യബന്ധങ്ങളെ നിയന്ത്രിച്ചിരുന്ന ഘടകം. ആരും ആരെയും ചൂഷണം ചെയ്യാൻ അനുവദിച്ചിരുന്നില്ല. ഉത്പന്നങ്ങളുടെ ആവശ്യകതയും സംലഭ്യതയും എന്ന തത്ത്വം (The Principle of Supply and Demand) അനുസരിച്ചു വിലകൾ നിയന്ത്രിക്കപ്പെടുന്ന മുതലാളിത്തവ്യവസ്ഥിതി അന്നു ചിന്തനീയമായിരുന്നില്ല. ഉത്പാദനചെലവും ന്യായമായ ആദായവും കണക്കാക്കിയിരുന്നു വിലകൾ നിശ്ചയിക്കപ്പെട്ടിരുന്നത്. തൊഴിലാളികൾക്കു അർഹമായ വേതനവും തൊഴിലുടമകൾക്കു ന്യായമായ ലാഭവും ലഭിക്കത്തക്കതായിരുന്നു അന്നത്തെ തൊഴിൽവ്യവസ്ഥകൾ. എല്ലാവിധ സാമ്പത്തികവ്യാപാരങ്ങളെയും ഈ വിധം നിയന്ത്രിച്ചിരുന്നത് അന്നു നിലവിലുണ്ടായിരുന്ന ക്രാഫ്റ്റ് ഗിൽഡുകളാണ്. ഇവയിൽ മുതലുടമകളും തൊഴിലാളികളും കച്ചവടക്കാരും അംഗങ്ങളായിരുന്നു.

**മദ്ധ്യശതകനീതിബോധത്തിന്റെ തിരോധാനം**

സ്നേഹത്തിലും നീതിയിലും അധിഷ്ഠിതമായ ഈ സാമൂഹികസാമ്പത്തിക സിദ്ധാന്തങ്ങൾക്കു കാലക്രമേണ പാശ്ചാത്യരാജ്യങ്ങളിൽ ഉലച്ചിൽ തട്ടുകയുണ്ടായി. സാമൂഹികശാസ്ത്രജ്ഞന്മാരും ചരിത്രകാരന്മാരും ഇതിനു പല കാരണങ്ങളും ചൂണ്ടിക്കാണിക്കുന്നുണ്ട്.

സമൂഹത്തിന്റെ പൊതുനന്മയെ ലക്ഷ്യംവച്ച് നീതിപൂർവ്വം പ്രവർത്തിക്കാനുണ്ടായിരുന്ന പ്രേരണ ക്രമേണ സ്വാർത്ഥതാത്പര്യങ്ങൾക്കു വഴിമാറിക്കൊടുത്തു. അതിനുള്ള പ്രധാന കാരണം

1347 മുതൽ 1350 വരെ യൂറോപ്പിൽ പടർന്നുപിടിച്ച 'കറുത്ത മരണം' (black death) എന്ന പകർച്ചവ്യാധിയാണ്. പാശ്ചാത്യ സമൂഹത്തിലെ വലിയൊരു ശതമാനം ജനങ്ങൾ ഈ പകർച്ചവ്യാധിക്കിരയായി മരണമടഞ്ഞു. പരോന്മുഖരായ വളരെയധികം നല്ല മനുഷ്യർ രോഗികളെ ശുശ്രൂഷിക്കുന്നതിനിടയിൽ അസുഖം പിടിപെട്ട് മരിച്ചുപോയി. സ്വാർത്ഥമതികളായ മനുഷ്യരാണ് പകർച്ചവ്യാധിയെ അതിജീവിച്ചവരിലധികവും. അതോടെ പൊതുക്ഷേമം ലക്ഷ്യംവച്ചുകൊണ്ട് പ്രവർത്തിച്ചിരുന്ന ഗിൽഡുകൾ അപ്രത്യക്ഷമായി. സാവധാനത്തിൽ സാമ്പത്തികവ്യാപാരങ്ങളെ നിയന്ത്രിച്ചിരുന്ന നീതി സങ്കൽപങ്ങളും ലോലമായിത്തീർന്നു. സഭയിൽ പിന്നീടുണ്ടായ പാഷണ്ഢതകൾ, മാർപാപ്പയുടെ അവിഞ്ഞോണിലെ അടിമത്തം (1305 – 1317), പ്രോട്ടസ്റ്റന്റ് വിപ്ലവം മുതലായ കാരണങ്ങൾക്കൊണ്ട് സാമൂഹിക സാമ്പത്തിക മണ്ഡലങ്ങളിൽ ശ്രദ്ധിക്കുവാൻ സഭയ്ക്കും കഴിഞ്ഞില്ല. സമൂഹമധ്യത്തിൽ നീതിധർമ്മങ്ങളുടെ ക്ഷയത്തിന് ഇതും സഹായിച്ചിട്ടുണ്ട്.

### മുതലാളിത്ത സാമ്പത്തികചിന്തയും നീതിസങ്കൽപങ്ങളും

ആഡംസ്മിത്ത് തന്റെ "വെൽത്ത് ഓഫ് നേഷൻസ്" എന്ന ഗ്രന്ഥത്തിലൂടെ രൂപം കൊടുത്ത മുതലാളിത്ത സാമ്പത്തികചിന്ത സാമ്പത്തികമേഖലയിൽ നീതിധർമ്മങ്ങളുടെ ആവശ്യകതയെ ചോദ്യം ചെയ്തു. സ്വാർത്ഥതാത്പര്യങ്ങളെ പ്രോത്സാഹിപ്പിക്കുകയും സാമ്പത്തികവ്യാപാരങ്ങളെ ധാർമ്മികതത്ത്വങ്ങളുടെയും ഗവൺമെന്റിന്റെയും നിയന്ത്രണത്തിൽനിന്നും പൂർണ്ണമായും സ്വതന്ത്രമാക്കുകയും കടുത്ത മത്സരം അംഗീകരിക്കുകയും ചെയ്യുകയാണ് സാമ്പത്തികപുരോഗതിക്കുള്ള മാർഗ്ഗമായി ലിബറൽ ക്യാപ്പിറ്റലിസം അംഗീകരിച്ചത്. പരമ്പരാഗത നീതിസങ്കൽപം ക്രമേണ സാമ്പത്തികമേഖലയിൽനിന്നു കാര്യമായവിധം അപ്രത്യക്ഷമായി. ന്യായമായ വില, ന്യായമായ കൂലി എന്ന സങ്കൽപങ്ങൾ ക്യാപ്പിറ്റലിസത്തിന് അന്യമാണ്.

### മാർക്സിയൻ നീതിചിന്ത

ലിബറൽ ക്യാപ്പിറ്റലിസം പടുത്തുയർത്തിയ അനീതി നിറഞ്ഞ സമൂഹത്തെ ഉടച്ചുവാർത്ത് നീതി നിറഞ്ഞൊരു സമൂഹത്തിനു രൂപം കൊടുക്കാൻ ആഗ്രഹിച്ച കാറൽമാക്സും ഏംഗൽസും ചെന്നെത്തിയതു തികച്ചും നീതിക്കു നിരക്കാത്ത അനുമാനങ്ങളിലാണ്. ക്യാപ്പിറ്റലിസം വ്യക്തിസ്വാതന്ത്ര്യത്തിനും സ്വാർത്ഥാഭിലാഷത്തിനും അമിതപ്രാധാന്യം കൊടുത്തപ്പോൾ മാർക്സിസം മനുഷ്യവ്യക്തിയുടെ

മൗലികമായ പല അവകാശങ്ങളും സമൂഹത്തിന്റെ സാമ്പത്തിക പുരോഗതിയുടെ പേരിൽ കുരുതി കഴിക്കാൻ നിർബന്ധിച്ചു. സ്വകാര്യസ്വത്തവകാശം നിഷേധിക്കപ്പെട്ടതോടെ വ്യക്തിസ്വാതന്ത്ര്യവും മതസ്വാതന്ത്ര്യവും മറ്റും തകരാറിലായി. ദൈവാസ്തിത്വം നിരാകരിക്കുന്ന മാർക്സിയൻ ചിന്താഗതിയിൽ ദൈവനിയമത്തിലധിഷ്ഠിതമായ നീതിക്കും ധാർമ്മികതയ്ക്കും സ്ഥാനമില്ലാതായി.

## III. സഭയും നീതി സങ്കൽപവും

ലിബറൽ ക്യാപ്പിറ്റലിസവും വ്യവസായ വിപ്ലവവും വരുത്തി വച്ച സാമൂഹികപ്രശ്നങ്ങൾക്കു പരിഹാരമന്വേഷിച്ചിറങ്ങിയ സഭ സാമ്പത്തിക വ്യാപാരങ്ങളിലുണ്ടായിരിക്കേണ്ട നീതിന്യായങ്ങളെക്കുറിച്ചും അവ ഓരോ സാഹചര്യങ്ങളിലും പ്രാവർത്തികമാക്കേണ്ട രീതിയെ സംബന്ധിച്ചും വ്യക്തമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. സഭയുടെ സാമൂഹിക പ്രബോധന സംഹിതകളിലാണു പ്രധാനമായും ഇവ കണ്ടെത്തുക. *റേരും നൊവാരും* പ്രസിദ്ധീകൃതമായതിനുശേഷം നീതി സങ്കൽപത്തെ സംബന്ധിച്ചു നടന്നിട്ടുള്ള ഗവേഷണങ്ങളുടെ ഫലമായി നീതിസങ്കൽപത്തിനു പുതിയ മാനങ്ങൾ കൈവന്നിട്ടുണ്ട്. സാമൂഹികനീതി, ലോകനീതി എന്നീ പദപ്രയോഗങ്ങൾതന്നെ അടുത്ത കാലത്തു രൂപപ്പെട്ടവയാണ്.

### വിവിധതരത്തിലുള്ള നീതി

അവകാശങ്ങളുടെയും അവ നടപ്പാക്കാൻ ബാദ്ധ്യസ്ഥരായവരുടെയും മറ്റും പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ വിനിമയനീതി ( commutative justice) നിയമാനുസൃതനീതി (legal justice) വിതരണനീതി (distributive justice) സാമൂഹികനീതി (social justice) എന്നിങ്ങനെ നാലായി നീതിസങ്കൽപത്തെ വിഭജിക്കാം.

#### 1. വിനിമയനീതി

കൊടുക്കൽവാങ്ങൽ പ്രക്രിയയിൽ തുല്യമൂല്യം കൈമാറാനുള്ള സാദ്ധ്യതയാണ് വിനിമയനീതിയെന്ന തത്ത്വംകൊണ്ട് നാം വിവക്ഷിക്കുന്നത്; തൊഴിലാളി ചെയ്യുന്ന ജോലിയുടെ മൂല്യത്തിനു തുല്യമായ പ്രതിഫലം കൊടുക്കുവാനുള്ള ഉത്തരവാദിത്വം ഉദാഹരണമായിട്ടെടുക്കാം. അതുപോലെതന്നെ വാങ്ങുന്ന വേതനമൂല്യത്തിനു തുല്യമായ ജോലി ചെയ്യാനുള്ള ബാദ്ധ്യതയും.

വ്യക്തികൾ തമ്മിലുള്ള സാമ്പത്തികവിനിമയങ്ങൾ സാധാരണ രീതിയിൽ കരാറിലധിഷ്ഠിതമായിട്ടാണ് നടത്തുക. കരാറിലെ വ്യവ

സ്ഥകൾ പാലിക്കുകയാണു നീതിയെന്ന ചിന്ത ഇതുമൂലം വ്യാപക മായി അംഗീകരിക്കപ്പെടുന്നുണ്ട്. എങ്കിലും ഈ വ്യവസ്ഥകൾ തുല്യ മൂല്യകൈമാറ്റമെന്ന തത്ത്വത്തെ തകിടം മറിച്ചെന്നുവരാം. ദരിദ്രനാ യ ഒരു വ്യക്തി സാഹചര്യങ്ങളുടെ സമ്മർദ്ദംകൊണ്ട് വളരെ തുച്ഛ മായ പ്രതിഫലത്തിന് ജോലി ചെയ്യാൻ കരാറു ചെയ്താലും താൻ ചെയ്യുന്ന ജോലിയുടെ മൂല്യം തനിക്കു ലഭിക്കുന്ന വേതന ത്തിൽനിന്നു കുറവാണെങ്കിൽ പ്രസ്തുത കരാർ വിനിമയനീതിയി ലധിഷ്ഠിതമാകുകയില്ലെന്നർത്ഥം. കാരണം, സാഹചര്യങ്ങളുടെ സമ്മർദ്ദംകൊണ്ടാണ് അങ്ങനെയൊരു കരാറിന് തൊഴിലാളി സമ്മ തിക്കുന്നത്. അവിടെ സ്വതന്ത്രമായ കരാറില്ല. സ്വാഭാവികനീതി അഥവാ ദൈവികനീതിയുടെ ലംഘനമാണിവിടെ നടക്കുക. "നിങ്ങ ളുടെ നിലങ്ങളിൽനിന്നു വിളവുശേഖരിച്ച വേലക്കാർക്കു കൊടു ക്കാതെ പിടിച്ചുവച്ച കൂലി ഇതാ നിലവിളിക്കുന്നു. കൊയ്ത്തുകാ രുടെ നിലവിളി സൈന്യങ്ങളുടെ കർത്താവിന്റെ കർണ്ണപുടങ്ങളിൽ എത്തിയിരിക്കുന്നു" (യാക്കോ. 5,4) എന്ന പ്രഖ്യാപനം ഇക്കാര്യം വ്യക്തമാക്കുന്നു.

### 2. നിയമാനുസൃതനീതി (Legal Justice)

പൊതുനന്മയെ ലക്ഷ്യം വച്ചുകൊണ്ട് പ്രവർത്തിക്കാനുള്ള സമൂ ഹാംഗങ്ങളുടെ കടപ്പാടാണ് നിയമാനുസൃതനീതിക്ക് ആധാരം. അംശദാനനീതി (contributive justice) എന്നും ചില ഗ്രന്ഥകാരന്മാർ ഇതിനെ വിശേഷിപ്പിക്കാറുണ്ട്. നിയമനിർമ്മാണത്തിലൂടെ രാഷ്ട്രമോ സഭയോ അതുപോലുള്ള മറ്റുസമൂഹങ്ങളോ അംഗങ്ങ ളോടാവശ്യപ്പെടുന്ന ന്യായമായ കാര്യങ്ങൾ നിർവ്വഹിക്കാനുള്ള കടമ എല്ലാ സമൂഹങ്ങളും അംഗീകരിക്കും. നികുതി നൽകുവാനുള്ള പൗരന്റെ കടപ്പാട് ഉദാഹരണമായിട്ടെടുക്കാം. പൊതുനന്മയ്ക്കായി പ്രവർത്തിക്കാനുള്ള കടപ്പാട് നികുതിദാനത്തിലൂടെ നിർവ്വഹിക്കു കയാണ് ഓരോ പൗരനും. ഇതു വിനിമയനികുതിയിലധിഷ്ഠിത മാണ്. രാഷ്ട്രം പൗരന്മാർക്കുവേണ്ടി ക്രമപരിപാലനം, വിദ്യാഭ്യാസം, ആരോഗ്യപരിപാലനം മുതലായ സേവനങ്ങൾ ചെയ്യുമ്പോൾ അതിനു പകരമായി പൗരന്മാർ നികുതി കൊടുക്കുവാനും നിയമാ നുസൃതമായിട്ടുള്ള മറ്റുകടമകൾ നിർവ്വഹിക്കുവാനും ബാദ്ധ്യസ്ഥ രാകുന്നു. താത്ത്വികമായിട്ട് ഇക്കാര്യം എല്ലാവരും അംഗീകരിക്കു ന്നുണ്ടെങ്കിലും പ്രായോഗികരംഗത്ത് ഇതു ഗൗരാവാവഹമായ ഒരു കടമയായിട്ടു കണക്കാക്കുന്നില്ലെന്നതു ഒരു ദു:ഖസത്യമാണ്. ഈ കടമയ്ക്കു ധാർമ്മികശാസ്ത്രജ്ഞന്മാർ ഇന്നു കാര്യമായ ഊന്നൽ നൽകുന്നുവെന്നതു ശ്രദ്ധേയമാണ്.

### 3. വിതരണനീതി (Distributive Justice)

വ്യക്തികൾക്ക് തങ്ങൾ അംഗങ്ങളായുള്ള സമൂഹത്തിൽനിന്ന് ന്യായമായി ലഭിക്കാനുള്ള അവകാശമാണ് ഈ നീതിയുടെ ലക്ഷ്യം. ഈ അവകാശങ്ങൾ ലഭ്യമാക്കാനുള്ള സമൂഹത്തിന്റെ ബാദ്ധ്യത നിർവ്വഹിക്കുന്നത് ഓരോ അംഗത്തിനും അർഹമായ ആനുകൂല്യങ്ങൾ, സഹായങ്ങൾ മുതലായവ നൽകിക്കൊണ്ടാണ്. ഓരോരുത്തരുടെയും കഴിവുകളും അർഹതയും അനുസരിച്ചായിരിക്കണം ഇവ നൽകാൻ. നിരാലംബരും ദരിദ്രരും ആയവർക്ക് അവരുടെ പ്രാഥമിക ആവശ്യങ്ങൾ പരിഗണിച്ച് കൂടുതൽ സാമ്പത്തികവും മറ്റുമായ സഹായങ്ങൾ ചെയ്യണം. സമ്പന്നരായ വ്യക്തികളിൽനിന്ന് അവരുടെ സമ്പത്തിന്റെ ആനുപാതികക്രമത്തിൽ നികുതി പിരിക്കാനുള്ള ഗവൺമെന്റിന്റെ അവകാശം ഈ വിതരണനീതിസങ്കൽപത്തിലധിഷ്ഠിതമാണ്. ഇങ്ങനെ നികുതി പിരിച്ചാണ് രാജ്യത്തെ സമ്പത്ത് പല മാർഗ്ഗങ്ങളിലൂടെ വിഭജിക്കപ്പെടുക.

### 4. സാമൂഹികനീതി (Social Justice)

പതിനൊന്നാം പീയൂസിന്റെ *ക്വാദ്രജേസിമോ അന്നോ* എന്ന ചാക്രികലേഖനം 1931-ൽ പ്രസിദ്ധീകൃതമായതതോടെയാണ് സാമൂഹികനീതിയെന്ന സാങ്കേതികപദം ധാർമ്മികശാസ്ത്രത്തിൽ സ്ഥാനം പിടിച്ചത്. മുകളിൽ കണ്ട വിനിമയവിതരണ നിയമാനുസൃതനീതിസങ്കൽപങ്ങളൊക്കെ ആത്യന്തികവിശകലനത്തിൽ സാമൂഹിക നീതിയുടെ വിവിധ ഭാഗങ്ങൾ മാത്രമാണ്. സമൂഹത്തിന്റെ പൊതുനന്മയാണ് ഇവയുടെ ലക്ഷ്യം.

പ്രസിദ്ധ ധാർമ്മിക ദൈവശാസ്ത്രജ്ഞനായ ബർണാർഡ് ഹേറിഗ് അതുകൊണ്ടാണ് സാമൂഹികനീതിസങ്കൽപത്തെ പൊതുക്ഷേമനീതിയെന്നു വിശേഷിപ്പിക്കുക.

മനുഷ്യനിർമ്മിത നിയമങ്ങൾ അനുശാസിക്കുന്ന നീതിധർമ്മങ്ങൾക്കും അവകാശപരിപാലനത്തിനും അതീതമായി സ്വാഭാവികനിയമാനുസൃതം സമൂഹത്തിന്റെയും വ്യക്തികളുടെയും ക്ഷേമത്തിനുള്ള അവകാശമാണ് ഈ നീതിയുടെ അടിസ്ഥാനം. ഓരോ വ്യക്തിക്കും മാന്യമായി ജീവിക്കാനും വളരാനും ആവശ്യമായ വസ്തുവകകളും സാഹചര്യങ്ങളും സ്വപ്രയ്തനത്തിലൂടെ കണ്ടെത്താനുള്ള അവകാശം ദൈവദത്തമാണ്. സമൂഹജീവിയായ മനുഷ്യൻ ജീവിതത്തിനാവശ്യമായ വസ്തുക്കൾ കണ്ടെത്തുന്നത് തനിച്ചല്ല, മറിച്ച് മറ്റു സഹജീവികളോടൊരുമിച്ചാണ്. അസ്തിത്വം സഹാ

സ്തിത്വമാണെന്നും ജീവിതം കൂട്ടുത്തരവാദിത്വമാണെന്നുമുള്ള തത്ത്വത്തിലധിഷ്ഠിതമാണിത്. പരസ്പരം സഹായിച്ചും സഹകരിച്ചും ജീവിക്കുക എന്നതാണ് മനുഷ്യനെ സംബന്ധിച്ച ദൈവനിശ്ചയം. വിനിമയ-നിയമാനുസൃതനീതിയനുഷ്ഠാനങ്ങൾവഴി ഇതു പാലിക്കപ്പെടില്ല. മനുഷ്യന്റെ ദൈവദത്തമായ പല അവകാശങ്ങളും ഇതിന്റെ പരിധിയിൽപെടില്ല. ഉദാഹരണത്തിന് ശാരീരിക വൈകല്യത്താലോ ബലഹീനതകൊണ്ടോ മറ്റോ നിസ്സഹായനായ വ്യക്തിക്ക് താൻ യാതൊന്നും സമൂഹത്തിനു കാഴ്ചവയ്ക്കുന്നില്ലെങ്കിൽത്തന്നെയും മാന്യമായി ജീവിക്കാനാവശ്യമായവയ്ക്കു സ്വാഭാവികാവകാശമുണ്ട്. അവ സഫലമാക്കാനുള്ള കടമ സമൂഹത്തിന്റേതും.

ഇന്നത്തെ മനുഷ്യബന്ധങ്ങൾ ഒരു ഫാക്ടറിക്കുള്ളിലോ രാജ്യത്തിനകത്തോ ഒതുക്കിനിർത്താനാവാത്തവിധം സങ്കീർണ്ണമായിട്ടുണ്ട്. ഒരു ഫാക്ടറിക്കകത്തു നടക്കുന്ന ഉത്പാദനപ്രക്രിയകൾ ലോകത്തിലെ മറ്റു പലയിടത്തുമുള്ള ഉത്പാദനപ്രക്രിയകളുമായിട്ട് ബന്ധപ്പെട്ടാണിരിക്കുക. അതുകൊണ്ടുതന്നെ ഏതെങ്കിലുമൊരു വ്യവസായരംഗത്ത് തൊഴിലുടമയും തൊഴിലാളിയും തമ്മിൽ നടത്തുന്ന കരാറനുസരിച്ച് അവിടെയുണ്ടാകുന്ന സമ്പത്ത് പങ്കിട്ടെടുക്കുന്നത് നീതിയാകില്ല. സാമൂഹികനീതിധർമ്മത്തിന്റെ അടിസ്ഥാനത്തിൽ മറ്റു പലർക്കും അതിലൊരോഹരിക്ക് അർഹതയുണ്ടാകും. അതുപോലെതന്നെ, സമൂഹത്തിന്റെ പൊതുനന്മയ്ക്കായി പ്രവർത്തിക്കാൻ ഓരോ വ്യക്തിയും ബാദ്ധ്യസ്ഥനായതുകൊണ്ട് സ്വാഭാവികമോ മനുഷ്യനിർമ്മിതമോ ആയ കാരണങ്ങൾകൊണ്ടും പരാധീനരായ വ്യക്തികളുടെയും ഗ്രൂപ്പുകളുടെയും വികസനം പ്രത്യേകം പരിഗണിച്ചിട്ടുവേണം സമ്പത്തു പങ്കിടാൻ.

സാമൂഹികനീതിയിലധിഷ്ഠിതമായ സാമ്പത്തികവിതരണം കൊണ്ടുദ്ദേശിക്കുക സമ്പത്ത് എല്ലാവർക്കും തുല്യമായി പങ്കുവയ്ക്കണമെന്നല്ല. അതു തികച്ചും നീതിക്കു നിരക്കാത്തതാകും. ഓരോരുത്തരുടെയും അദ്ധ്വാനത്തിന്റെ തോതനുസരിച്ച് സ്വത്തിൽ ഏറ്റക്കുറച്ചിൽ ഉണ്ടാകും. സമ്പത്തിന്റെ വിഭജനത്തിൽ ഓരോരുത്തരുടെയും സംഭാവന കണക്കിലെടുക്കുന്നതോടൊപ്പം വ്യക്തികളുടെ, മുകളിൽ സൂചിപ്പിച്ചതുപോലെയുള്ള ആവശ്യങ്ങൾ പരിഗണനാവിഷയമാകണമെന്നു മാത്രം. അങ്ങനെ ചിന്തിക്കുമ്പോൾ സമ്പദ്‌വ്യവസ്ഥയുടെ എല്ലാ രംഗങ്ങളെയും സാമൂഹികനീതിസങ്കൽപമനുസരിച്ചു നിയന്ത്രിക്കേണ്ടതായിട്ടുണ്ട്.

## തൊഴിൽരംഗവും സാമൂഹികനീതിയും

തനിക്കും തന്നെ ആശ്രയിച്ചു ജീവിക്കുന്നവർക്കും മാന്യമായി ജീവിക്കുന്നതിനാവശ്യമായ പ്രതിഫലം തൊഴിൽവഴി ലഭിക്കുവാനുള്ള തൊഴിലാളിയുടെ അവകാശം സാമൂഹികനീതി സങ്കൽപമനുസരിച്ചുള്ളതാണ്. ന്യായമായ കാരണങ്ങൾകൊണ്ട് ഈ വേതനം നൽകുവാനുള്ള സാധ്യത തൊഴിൽസ്ഥാപനത്തിലില്ലെങ്കിൽത്തന്നെയും സാമൂഹികനീതിസങ്കൽപമനുസരിച്ച് അതു ലഭിക്കുവാനുള്ള അവകാശം തൊഴിലാളിക്കുണ്ട്. ഇതു കൊടുക്കുവാനുള്ള വ്യവസ്ഥ സമൂഹമാണുണ്ടാക്കേണ്ടത്. ഉത്പന്നങ്ങളുടെ വില നിശ്ചയിക്കുന്നതിലുള്ള ക്രമക്കേട്, ചൂഷണം മുതലായ കാരണങ്ങൾകൊണ്ടാണ് മിക്കവാറും തൊഴിലാളികൾക്കു കുടുംബവേതനം കൊടുക്കുവാൻ തൊഴിൽസ്ഥാപനങ്ങൾക്കു സാധിക്കാതെ പോകുക. തെറ്റായ സാമ്പത്തികാസൂത്രണത്തിന്റെ പരിണിതഫലമായിട്ടാണിതു സംഭവിക്കുക. കാരണമെന്തുമാകട്ടെ. സ്വന്തം കുറ്റം കൊണ്ടല്ലാതെ, കുടുംബവേതനം നിഷേധിക്കപ്പെടുന്നവർക്ക് മറ്റു പരിഹാരമാർഗ്ഗങ്ങൾ സമൂഹം കാണിച്ചുകൊടുക്കണം. സമൂഹത്തിന്റെ ഈ കടമ പരിഷ്കൃതരാജ്യങ്ങളൊക്കെത്തന്നെ സ്വീകരിച്ചുകഴിഞ്ഞു. സൗജന്യവിദ്യാഭ്യാസം, സൗജന്യചികിത്സ, വാർദ്ധക്യകാല പെൻഷൻ മുതലായ പദ്ധതികളിലൂടെയാണ് ഇത് അവിടെയെല്ലാം നിർവ്വഹിക്കപ്പെടുക. സാമ്പത്തിക സാമൂഹികരംഗങ്ങളിൽ പിന്നോക്കം നിൽക്കുന്ന കാർഷിക ചെറുകിട വ്യവസായ തൊഴിലാളികൾക്ക് ഇത്തരത്തിലുള്ള പ്രത്യേക ക്ഷേമ സുരക്ഷിതത്വപ്രവർത്തനങ്ങൾ ചെയ്തുകൊടുക്കേണ്ടത് സാമൂഹിക നീതിയുടെ കടമയിൽപ്പെടുന്നതാണ്.

## പൊതുവേതന നയം

തൊഴിൽരംഗത്തെ സംബന്ധിച്ചിടത്തോളം സാമൂഹികനീതി സങ്കൽപം പ്രായോഗികമാക്കണമെങ്കിൽ ഒരു പൊതുവേതന നയം ഉണ്ടാകണം. വേതനനിരക്ക് നിശ്ചയിക്കുവാൻ സമൂഹാംഗങ്ങളെല്ലാവരുടെയും ക്ഷേമം പരിഗണനയിലെടുത്തിട്ടാകണമെന്നത് നീതിചിന്തയുടെ പുതിയൊരു വശമാണ്. ലോകം തന്റെ ഇടവകയായി വിശേഷിപ്പിച്ച ജോൺ 23-ാമൻ മാർപാപ്പ, *മാതാവും ഗുരുനാഥയും* എന്ന തന്റെ ചാക്രികലേഖനത്തിൽ അന്തർദ്ദേശീയ വേതനനയം രൂപീകരിക്കേണ്ടത് ഇന്നത്തെയൊരാവശ്യവും സാമൂഹികനീതിയുമാണെന്ന് എടുത്തു പറയുന്നുണ്ട്. ജോലിരഹിതർക്ക് ജോലിസാദ്ധ്യതകൾ ഉണ്ടാക്കുന്നതിനുള്ള മൂലധനസംഭരണം , അതതു രാഷ്ട്ര

ത്തിന്റെയും ലോകരാഷ്ട്രങ്ങളുടെയും വികസനം മുതലായ ആവശ്യങ്ങളായിരിക്കണം വേതനനയരൂപീകരണത്തിന് അടിസ്ഥാനം.

വിവിധ തൊഴിൽരംഗങ്ങളിലെ തൊഴിലാളികൾക്കു ലഭിക്കുന്ന വരുമാനത്തിന്റെ കാര്യത്തിൽ ദേശീയാടിസ്ഥാനത്തിലായാലും അന്തർദേശീയാടിസ്ഥാനത്തിലായാലും നിലവിലുള്ള വലിയ വ്യത്യാസങ്ങൾ സാമൂഹികനീതിസങ്കൽപ്പത്തിന് നിരക്കുന്നതല്ല. ഉദാഹരണത്തിന് കാർഷികതൊഴിലാളിക്കും ഫാക്ടറിത്തൊഴിലാളിക്കും വളരെ വ്യത്യസ്തമായ ഇന്നത്തെ ശമ്പളനിരക്ക് തികച്ചും അനീതിപരമാണ്. വ്യവസായതൊഴിലാളികൾ തങ്ങളുടെ സംഘടിതശക്തിയുപയോഗിച്ച് കൂടുതൽ ശമ്പളം വാങ്ങുന്നു. അസംഘടിതരായ കർഷകത്തൊഴിലാളികളാകട്ടെ തുച്ഛമായ വേതനംകൊണ്ടു തൃപ്തിപ്പെടാൻ നിർബന്ധിതരാകുന്നു. വ്യവസായരംഗവും കാർഷികരംഗവും ഒരേ സമ്പദ്വ്യവസ്ഥയുടെ രണ്ടു ഭാഗങ്ങളായതുകൊണ്ടാണ് ഇത് അനീതിയാവുക.

ഈ അനീതി ദേശീയമായ അതിർവരമ്പുകൾക്കുള്ളിൽ ഒതുങ്ങിനിൽക്കില്ല. എല്ലാ കർഷകരാജ്യങ്ങളെയും സംബന്ധിച്ചിടത്തോളം വ്യവസായരാജ്യങ്ങളുമായുള്ള തങ്ങളുടെ വ്യാപാരങ്ങളിൽ ഇതു കണ്ടെത്താം ആഫ്രിക്ക, ഏഷ്യ, ലാറ്റിനമേരിക്ക എന്നീ രാജ്യങ്ങളുടെ അവികസിതാവസ്ഥയ്ക്കു പ്രധാനകാരണം തുടരുന്ന ഈ അനീതിയാണ്.

**സാമ്പത്തിക പുനർവിഭജനം**

ദേശീയമായും അന്തർദ്ദേശീയമായും സമ്പത്ത് കുറേപ്പേരുടെ കുത്തകാവകാശമായിരിക്കുന്ന ഇന്നത്തെ സ്ഥിതിവിശേഷം നീതിയല്ലെന്ന ചിന്ത ഇന്നു ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണ്. സഭ ആധുനികലോകത്തിൽ എന്ന പ്രമാണരേഖയിലൂടെ സഭാപിതാക്കന്മാർ സമ്പത്തിന്റെ നീതിപൂർവ്വകമായ വിഭജനത്തിന് ആഹ്വാനം ചെയ്തുവെന്നത് പ്രത്യേകം എടുത്തുപറയേണ്ടതാണ്. പ്രപഞ്ചവസ്തുക്കൾ എല്ലാ മനുഷ്യർക്കുമായിട്ടാണ് ദൈവം സൃഷ്ടിച്ചതെന്നും അതുകൊണ്ട് സ്വത്തുടമകൾ മറ്റുള്ളവന്റെ ന്യായമായ ആവശ്യങ്ങളെക്കൂടി കണക്കിലെടുത്തിട്ടുവേണം അതു കൈകാര്യം ചെയ്യേണ്ടതെന്നും അവർ ഉപദേശിക്കുന്നുണ്ട്. വിശപ്പുകൊണ്ട് മരിക്കാറായ മനുഷ്യന് ഭക്ഷണം കൊടുക്കുക അല്ലെങ്കിൽ നീ അവന്റെ കൊലപാതകിയാകുമെന്ന ആദികാല സഭാപിതാക്കന്മാരുടെ അനുശാസനം അനുകരിച്ചുകൊണ്ട് വ്യക്തികളും ഗവൺമെന്റുകളും തങ്ങളുടെ വസ്തുവകകൾ മറ്റുള്ളവരുടെ വികസനത്തിനായി അവരുമായി പങ്കുവയ്ക്കുവാനുമാണ് സഭാപിതാക്കന്മാർ ഉപദേശിക്കുന്നത്.

സമ്പത്തിന്റെ പുനർവിഭജനബാദ്ധ്യത സാമൂഹികനീതി അനുശാസിക്കുന്ന ഉദാത്തമായ കടമയായി ആധുനികമാർപാപ്പമാർ ചിത്രീകരിക്കുന്നുണ്ട്. സാമൂഹികനീതിക്ക് നിരക്കാത്ത ഭൂവുടമാസമ്പ്രദായത്തെ പുനർവിചാരണയ്ക്കു വിധേയമാക്കണം. ഭൂമി കുറെപ്പേരുടെ മാത്രം കുത്തകയായിത്തീർന്നിരിക്കുന്ന പ്രദേശങ്ങളിൽ അടിയന്തിരമായിട്ട് ഭൂപരിഷ്കരണനിയമനിർമാണങ്ങൾ ഉണ്ടാകേണ്ടതുണ്ട്. വീടുവയ്ക്കാൻ സ്വന്തമായിട്ട് ഒരിഞ്ചുഭൂമിപോലുമില്ലാതെ മനുഷ്യോചിതമല്ലാത്ത രീതിയിൽ വഴിവക്കിൽ കഴിയുന്നവർക്ക് വ്യവസ്ഥാപിതമായ രീതിയിൽ ഭൂമി വിതരണം ചെയ്യുകയെന്നത് അവരുടെ മൗലികാവകാശലബ്ധിക്ക് അനിവാര്യമാണ്. താത്ത്വികമായിട്ടെങ്കിലും ഈ സത്യം എല്ലാവരുമിന്ന് അംഗീകരിച്ചു കഴിഞ്ഞു.

**ലോകനീതി**

ആദായനികുതി, സുഖഭോഗവസ്തുക്കൾക്കുള്ള കൂടിയ നികുതി മുതലായവയിലൂടെ ദേശീയതലത്തിൽ സമ്പത്തിന്റെ പുനർവിഭജനം പരിഷ്കൃതരാജ്യങ്ങൾ നടത്തുന്നതുപോലെതന്നെ അന്തർദ്ദേശീയാടിസ്ഥാനത്തിലും സമ്പന്നരാജ്യങ്ങളിലും ദരിദ്രരാജ്യങ്ങളെ സഹായിക്കാനായി പ്രത്യേകമായൊരു നികുതി ഈടാക്കുന്നത് വളർന്നുവികസിച്ചുകൊണ്ടിരിക്കുന്ന സാമൂഹികനീതി ചിന്ത അനുശാസിക്കുന്ന വേറൊരു ധർമ്മമാണ്. ഓരോരുത്തരുടെയും സമ്പത്തിന്റെ ആനുപാതികക്രമത്തിലുള്ള നികുതി പിരിക്കൽ അപ്രായോഗിക സിദ്ധാന്തമായി ഒരിക്കൽ കരുതിയിരുന്നതുപോലെ ലോകനികുതി ഇത്തരമൊരു ഉട്ടോപ്പിയൻ ആശയമായി പലരും കരുതിയേക്കാമെങ്കിലും സാമൂഹിക നീതിചിന്ത ആ വഴിക്കാണ് വളർന്നു വരുന്നത്.

സമൂഹത്തിലെ പരസ്പരബന്ധങ്ങളുടെയും കടപ്പാടുകളുടെയുമടിസ്ഥാനത്തിലാണ് ദേശീയമായൊരു നീതിസങ്കൽപം സ്വീകാര്യമായത്. ആധുനിക ലോകസമൂഹത്തിൽ ഈ ഘടകങ്ങളൊക്കെ പ്രകടമായി കാണാം. അതിന്റെ വെളിച്ചത്തിൽ അന്തർദ്ദേശീയനീതി നാം അംഗീകരിച്ചേ കഴിയൂ. "ദരിദ്രരാജ്യങ്ങൾക്കായി സമ്പന്ന രാജ്യങ്ങൾ തങ്ങളുടെ ആവശ്യത്തിൽക്കവിഞ്ഞ സമ്പത്ത് മാറ്റിവയ്ക്കണമെന്നു വീണ്ടും ആഹ്വാനം ചെയ്യുവാൻ നാം നിർബന്ധിതരായിരിക്കുകയാണ്. നമ്മുടെ ദേശക്കാരുടെ നന്മയ്ക്കായി നാം സ്വീകരിച്ചിരുന്ന നീതിനിയമങ്ങൾ ഇന്നത്തെ ലോകസമൂഹത്തിലെ എല്ലാ ദരിദ്രർക്കുമായി പ്രയോഗക്ഷമമാക്കണം" (ജനതകളുടെ പുരോഗതി No.49) എന്ന ആറാം പോൾ മാർപാപ്പയുടെ പ്രഖ്യാപനം ശ്രദ്ധാർഹമാണ്. 1964-ൽ പരിശുദ്ധപിതാവ് ബോംബെ സന്ദർശിച്ച അവസര

ത്തിൽ ഒരു ലോകഫണ്ട് ഈ അടിസ്ഥാനത്തിൽ ശേഖരിക്കാൻ ലോകനേതാക്കളോട് ആഹ്വാനം ചെയ്തകാര്യം പ്രസ്താവ്യമാണ്.

## സാമ്പത്തികാസൂത്രണവും സാമൂഹികനീതിയും

സാമൂഹികനീതി അതിന്റെ പൂർണ്ണഅർത്ഥത്തിൽ സുസ്ഥാപിത മാകണമെങ്കിൽ ഗവൺമെന്റ് ആവശ്യമായ സാമൂഹ്യനീതിപരമായ നിയമനിർമാണങ്ങൾ നടത്തുകയും സാമ്പത്തികമേഖലയെ ഈ ലക്ഷ്യപ്രാപ്തിക്കായി ആസൂത്രണത്തിനു വിധേയമാക്കുകയും ചെയ്യണം. സാമൂഹികനീതി സങ്കൽപം ആവശ്യപ്പെടുന്ന ഒരു കടമയാണിത്. അവശവിഭാഗങ്ങൾക്ക് നീതി ലഭ്യമാക്കുക സമ്പ ത്തിന്റെ ന്യായമായ വിതരണം ഉറപ്പുവരുത്തുക തുടങ്ങിയവയാ കണം ഇതിന്റെ ലക്ഷ്യം. കമ്പോളവ്യവസ്ഥിതിയിൽ ഈ പരിഗണ നകൾക്കു കാര്യമായ സ്വീകാര്യത ആസൂത്രണരംഗത്തു ലഭ്യമല്ല. കഴുത്തറപ്പൻ മത്സരമാണല്ലോ ഈ വ്യവസ്ഥിതിയുടെ അടിത്തറത ന്നെ. ദരിദ്ര വിഭാഗങ്ങളുടെ ന്യായമായ അവകാശങ്ങൾക്കു പരിഗ ണന നൽകുന്ന ആസൂത്രണവും നിയമനിർമ്മാണവും നടത്തേ ണ്ടതും ഇന്നത്തെ അടിയന്തിരാവശ്യമാണ്.

## ഉപസംഹാരം

പൊതുനന്മ അഥവാ എല്ലാവരുടെയും ക്ഷേമം അതിന്റെ പൂർണ്ണ അർത്ഥത്തിൽ കൈവരിക്കുകയെന്ന മനുഷ്യന്റെ സ്വപ്നത്തിന് ഈ അടുത്തകാലത്ത് ശക്തിയേറിയിട്ടുണ്ട്. ജാതി, മത, വർഗ്ഗദേശ വ്യത്യാസം കൂടാതെ നാമെല്ലാവരും മനുഷ്യകുലത്തിന്റെ അംഗങ്ങ ളാണെന്ന അവബോധം പ്രബലമായതാണ് ഇതിനു കാരണം. ലോക മെങ്ങുമുള്ള മനുഷ്യർ സാഹോദര്യത്തിന്റെ പേരിൽ എല്ലാവരുടെയും ക്ഷേമം കൈവരിക്കത്തക്കവിധം പ്രവർത്തിക്കാൻ കടപ്പെടുന്നു വെന്ന അവബോധത്തിന്റെ വളർച്ച സാമൂഹികനീതിയെപ്പറ്റി ചിന്തി ക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. മനുഷ്യകുലം ഒന്നാണെന്നും മനു ഷ്യർ പരസ്പരം കടപ്പെട്ടവരാണെന്നുമുള്ള സത്യത്തെ സംബ ന്ധിച്ച അവബോധം ആഴപ്പെടുത്തുകയാണ് സാമൂഹികനീതി പരി പാലനത്തിനുള്ള ഏക മാർഗ്ഗം. ഇതിനുള്ള കാര്യമായ ശ്രമങ്ങൾ നടക്കണം.

**ബിഷപ് മാർ തോമസ് ചക്യത്ത്**

# 09

## സഭയുടെ സാമൂഹിക പ്രബോധനങ്ങളിലെ പ്രധാനപ്പെട്ട അന്തർദർശനങ്ങൾ

കഴിഞ്ഞ നൂറ്റാണ്ടിൽ കത്തോലിക്കാസഭയും WCC യും സാമൂഹ്യ പ്രബോധനങ്ങളെ വിപുലപ്പെടുത്തിയിട്ടുണ്ട്. അടിസ്ഥാനപരമായ ആഭിമുഖ്യങ്ങളും ബോധ്യങ്ങളും മുളയെടുക്കുകയും, കേന്ദ്രീകരിക്കപ്പെടുകയും, ശാശ്വതമാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഭാവിയിൽ ആക്കങ്ങളുടെ സ്ഥാനചലനങ്ങളും പുതിയ വികസനങ്ങളും ഉണ്ടാകുമെന്നത് തീർച്ചയാണ്. ആവേശം നിറഞ്ഞ കണ്ടുപിടുത്തങ്ങളും, ഇടറാതെയുള്ള മുന്നേറ്റങ്ങളും, അന്തർദർശനത്തിനും ആദർശൈക്യത്തിനും, അന്വയത്തിനും ഉള്ള കാലഘട്ടങ്ങളും, ദോഷൈക ദൃഷ്ടിത്വത്തിനും, ശുഭാപ്തി വിശ്വാസത്തിനും, വാസ്തവികത്വത്തിനുമുള്ള (realism) നിമിഷങ്ങളും ഉണ്ടാകും. എന്നിരുന്നാലും ഈ വ്യതിയാനങ്ങളുടെയെല്ലാം ഇടയിൽതന്നെ, സുപ്രധാനങ്ങളായ പല ഘടകങ്ങളും (മാറ്റങ്ങൾക്കു വിധേയമാകാതെ) നിലകൊള്ളും. മറ്റു പല തരത്തിൽ വിഭജിക്കാവുന്നതും പ്രതിപാദിക്കാവുന്നതുമായ താഴെക്കാണിക്കാവുന്ന അന്തർദർശനങ്ങളെക്കൂടി ഉൾപ്പെടുത്തുന്നു:

1. ഈ ലോകത്തിലുള്ള ഉൾച്ചേരലും അതിനോടുള്ള ഉത്തരവാദിത്വവുമാണ് ക്രിസ്തീയവിധിയുടെ സത്താപരമായതും ശാശ്വതമായതുമായ മാനം. സുവിശേഷങ്ങളെ ആദ്ധ്യാത്മികമാക്കുകയും വ്യക്തിപരമാക്കുകയൊ ചെയ്യാൻ പാടില്ലാത്തതുപോലെ ക്രൈസ്തവ ജീവിതത്തെ അറകളായി തിരിക്കുകയോ ചെയ്യാൻ പാടില്ല. ക്രിസ്തുമതം വ്യക്തിഗതമായ ധാർമ്മികതയെപ്പറ്റിയും, ആദ്ധ്യാത്മിക സത്യങ്ങളെപ്പറ്റിയും, മരണാനാന്തര ജീവിതത്തെപ്പറ്റിയും മാത്രം ശ്രദ്ധ കൊടുത്താൽ പോരാ. ഈ ലോകത്തിൽ ജീവിക്കുന്ന ക്രൈസ്തവർക്ക് സാമുദായികമായ ഉത്തരവാദിത്വങ്ങളുണ്ടെന്നു മാത്രമല്ല, അവർ സാംസ്ക്കാരികവും, ആദർശപരവും, സാമൂഹിക സാമ്പത്തികപരവും രാഷ്ട്രീയവുമായ കർത്തവ്യങ്ങളെ അഭിമുഖീകരിക്കേണ്ടതുണ്ട്. സഭയുടെ കോട്ടങ്ങൾക്കും സമൂഹങ്ങൾക്കുമുള്ളിൽ സുരക്ഷിതരും ഒറ്റപ്പെട്ടവരും, വേർപെടുത്തപ്പെട്ടവരുമായി കഴിയാതെ അവർ ആധുനിക ലോകവുമായിട്ടുള്ള ചർച്ചയിലേർപ്പെടുകയും അതിനെ സേവിക്കുകയും വേണം. അതുകൊണ്ട് ഈ ലോകവും ഭാവിലോകവുമായിട്ടുള്ള ഉറ്റ ബന്ധത്തെയും, വിശ്വാസത്തെയും, സാമൂഹികനിമഗ്നതയേയും, പ്രവർത്തനത്തിനുള്ള ക്രിസ്തീയ പ്രചോദനത്തെയും, ക്രിസ്തീയ ഹ്യൂമനിസത്തെയും, പങ്കിനെയും, കർത്തവ്യത്തെയും അർപ്പണത്തെയും, പ്രവർത്തനത്തേയും സമഗ്രമായ സുവിശേഷവത്കരണത്തെയും, വിമോചനത്തെയും ദൈവ രാജ്യവും സുവിശേഷമൂല്യങ്ങളും സമൂഹത്തിൽ കൂടുതൽ സന്നിഹിതമാകുന്നതിനെപ്പറ്റിയും, പുതിയ മനുഷ്യരെയും, പുതിയ ലോകത്തെയും, പുതിയ മനുഷ്യത്വത്തെയും നിർമ്മിക്കുന്നതിനെയും മറ്റും പറ്റി സഭയുടെ സാമൂഹ്യ പ്രബോധനങ്ങൾ സംസാരിക്കുന്നു. ലോകത്തിലും ലോകത്തിനുവേണ്ടിയുള്ളതുമായ ക്രിസ്തീയ ഉത്തരവാദിത്വം ഭാവിയിൽ തീർച്ചയായും കൂടുതൽ പ്രാധാന്യം പ്രാപിച്ചു കൊണ്ടിരിക്കുന്നു.

ശ്രദ്ധേയമായ ചിലഭാഗങ്ങൾ ഇവിടെ അവസരോചിതമായിരിക്കും. "ഒരു പുതിയ ഭൂമിയ്ക്കുവേണ്ടിയുള്ള സ്വപ്നം ഇതിനെ സൃഷ്ടിക്കുവാനുള്ള നമ്മുടെ താത്പര്യത്തെ ക്ഷീണിപ്പിക്കാതെ, വർദ്ധിപ്പിക്കണം". ആധുനിക ലോകത്തിലെ മനുഷ്യർക്ക് കൂടുതൽ ഔദാര്യത്തോടും കാര്യക്ഷമതയോടുംകൂടി സേവനം ചെയ്യുക എന്നതിനേക്കാൾ ഉപരിയായി ക്രൈസ്തവർക്ക് മറ്റൊന്നിനേയും ഉത്ക്കടമായി ആഗ്രഹിക്കുവാനാകില്ല", ലോകത്തിന്റെ പരിവർത്തനത്തിനായി നീതിക്കും പങ്കാളിത്വത്തിനും വേണ്ടിയുള്ള പ്രവർത്തനമാണ് സുവിശേഷ പ്രഘോഷണത്തിന്റെ പ്രധാന ഘടകമായി ഞങ്ങൾക്ക് അനുഭവപ്പെടുന്നത്..." "ക്രിസ്തുവിനോട് ഞങ്ങളെന്തുമാത്രം അടു

ക്കുമോ, ലോകത്തെ സേവിക്കുന്നതിനായി അത്രയും ഞങ്ങൾ ക്ലേശിക്കുകയാണ്". "തങ്ങളുടെ പ്രവർത്തനങ്ങളിൽ മറ്റുള്ളവരിലുള്ള മനുഷ്യ മാഹാത്മ്യത്തെ നിഷേധിക്കുന്ന ക്രൈസ്തവർ യേശുക്രിസ്തുവിനെ നിഷേധിക്കുകയാണ്". "മനുഷ്യാവകാശങ്ങൾക്കുവേണ്ടിയുള്ള പോരാട്ടങ്ങളിലുള്ള പങ്കാളിത്വം തന്നെയാണ് സഭയുടെ സമഗ്ര പ്രവർത്തനത്തിനുള്ള കേന്ദ്രബിന്ദു". നമ്മുടെ ജനങ്ങളുടെ ജീവിതത്തിന്റെ ഓരോഭാഗത്തെയും ക്രൈസ്തവർ കടന്നുചൊല്ലണം........ അക്രൈസ്തവരുമായി പങ്കാളിത്വത്തോടുകൂടി പ്രവർത്തിക്കുന്നതിനും, എല്ലാത്തലങ്ങളിലും ക്രിസ്തുവിന് സാക്ഷികളായിത്തീരേണ്ടതിനും വേണ്ടി."

2.ലോകവുമായിട്ടുള്ള അവളുടെ സഹകരണത്തിലും, വിനിമയത്തിലും, സഭ പ്രത്യേകമായതും, നാനാമുഖമുള്ളതുമായ സാമൂഹ്യസേവനം നടത്തുന്നു. നമുക്ക് ഈ സേവനത്തിന്റെ പ്രധാനപ്പെട്ട ബാഹ്യരേഖകളെ വിവരിക്കുകയും ന്യൂതനകളെയും മനസ്സിലാക്കുകയും ചെയ്യാം.

ലൗകിക വിഷയങ്ങളുടെ-ശാസ്ത്രത്തിന്റെയും, സാങ്കേതിക വിദ്യയുടെയും, സംസ്ക്കാരത്തിന്റെയും, ആദർശങ്ങളുടെയും, സാമ്പത്തിക ശാസ്ത്രത്തിന്റെയും, രാഷ്ട്രമീമാംസയുടെയും വിസ്തൃതമായ മേഖലകളിൽ അവയ്ക്കുള്ള സ്വയം നിർണ്ണായവകാശങ്ങളെ സഭ അംഗീകരിക്കുന്നുണ്ടെങ്കിലും സാമ്പത്തികമൊ രാഷ്ട്രീയമൊ ആയ ശക്തികളെയും, പ്രശസ്തിയെയും ആനുകൂല്യങ്ങളെയും അവളന്വേഷിക്കുന്നില്ല. എന്നിരുന്നാലും സഭ അവളുടെ സാതന്ത്ര്യത്തെ പുനഃസ്ഥാപിക്കുകയും, വിവിധ പ്രത്യയശാസ്ത്രങ്ങളിൽനിന്നും സാമൂഹിക സാമ്പത്തിക രാഷ്ട്രീയ വ്യവസ്തിഥികളിൽനിന്നും അവളുടെ സന്ദേശത്തെ വേർതിരിച്ചു കാണിക്കുന്നതിന് ശ്രമിക്കുകയും അവളുടെ പ്രസ്താവനകൾക്കുള്ള സുവിശേഷോല്പത്തിയെ എടുത്തുകാട്ടുകയും ചെയ്യുന്നുണ്ടെങ്കിലും ലോകത്തിന്റെ പ്രശ്നങ്ങളെ പരിഹരിക്കുന്നതിനുള്ള സാങ്കേതികമായ വൈഭവവും മുൻനിർമ്മിത മാതൃകകളും ഉണ്ടെന്നവകാശപ്പെടുന്നില്ല. സഭ അവളുടെ ഏകത്വത്തെയും സാർവ്വത്രികത്വത്തെയും തുടരെ സമർത്ഥിച്ചുകൊണ്ട് അവളുടെ ഔദ്യോഗിക പ്രബോധനങ്ങളെ വ്യത്യസ്ത താത്പര്യങ്ങളുമായി-അവ ജാതികളുടെയോ ഭാഷയുടെയോ വർഗ്ഗത്തിന്റെയോ അടിസ്ഥാനത്തിലുള്ള ഗ്രൂപ്പുകളെപ്പറ്റിയോ, രാഷ്ട്രീയ പാർട്ടികളെയൊ, രാജ്യത്തെയൊ, സംസ്ക്കാരത്തെയൊ, മറ്റും പറ്റിയുള്ളതാണെങ്കിലും അവയുമായി താദാത്മ്യപ്പെടാൻ ശ്രമിക്കുന്നില്ല. ഈ വസ്തുതയാണ് ക്രിസ്തീയ രാഷ്ട്രീയ പാർട്ടികളുടെ

നേരേയും ആദർശപരമായ നിലപാടുകൾ കൈക്കൊള്ളുന്നതിനെപ്പറ്റിയും കക്ഷിരാഷ്ട്രീയത്തെപ്പറ്റിയും മൗനം ദീക്ഷിക്കുവാൻ സഭാനേതാക്കന്മാരെ പ്രരിപ്പിക്കുന്നത്. ഇങ്ങനെയുള്ള കാര്യങ്ങൾ പലപ്പോഴും പ്രധാനപ്പെട്ട വിഷയങ്ങളിൽനിന്നും, സംഘട്ടനങ്ങളിൽ നിന്നും ഒഴിഞ്ഞുമാറുന്നതിനും പരോക്ഷമായി മുൻ നില കൈക്കൊള്ളുന്നതിനും പ്രരിപ്പിക്കുന്നത്. വിശ്വാസവും പ്രത്യയശാസ്ത്രവും ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ട് ഇടതുപക്ഷങ്ങളുടെയും വലതുപക്ഷങ്ങളുടെയും നുഴഞ്ഞുകയറ്റങ്ങളെയും ആദർശവൽക്കരണങ്ങളെയും, ആസൂത്രണങ്ങളെയും തള്ളിനീക്കി സഭയുടെ യഥാർത്ഥത്തിലുള്ള ഐക്യവും, സാർവ്വത്രികതയും, സർവ്വാതിശയത്വവും സംരക്ഷിക്കുക സഭയ്ക്ക് എളുപ്പമല്ല.

സമീപകാലങ്ങളിലെ പ്രമാണരേഖകൾ – പ്രത്യേകിച്ചും പോൾ 6–ാമന്റെയും, ജോൺപോൾ 2–ാന്റെയും, പ്യൂബ്ലായിലെയും, നെയ്റോബിയിലെയും, ചിയാങ്ങ്മയിലെയും (Chiang Mai) – ഈ വിഷയങ്ങളിലെ വിവിധ വീക്ഷണകോണുകളിൽനിന്ന് പ്രതിപാദിച്ചിട്ടുണ്ട്. പ്രകാശം വീഴ്ത്തുന്ന ഏതാനും ഭാഗങ്ങളെ നമുക്കിവിടെ ഉദ്ധരിക്കാം: ‘സഭയുടെ കൈകടത്തൽ, രാഷ്ട്രീയ ജീവിതത്തിന് എപ്പോഴും ഒരു ഭീഷണിയാണ്’ എന്നുള്ളത് ക്രൈസ്തവർ സാമ്പത്തികവും, സാമൂഹികവും, സാംസ്ക്കാരികവും രാഷ്ട്രീയവുമായ വിവക്ഷകൾ ഇല്ലാത്ത ഒരു സുവിശേഷപ്രഘോഷണം നടത്തുമ്പോൾ സംഭവിക്കുന്നു’. ഇത് നിലവിലിരിക്കുന്ന വ്യവസ്ഥിതിയുമായുള്ള ഒരു തരം കൂട്ടുചേരലാണ്. മറ്റ് ഗ്രൂപ്പുകൾ എതിർഭാഗത്തേക്ക് അതായത് ക്രിസ്തീയസന്ദേശത്തെ ചില പ്രത്യയശാസ്ത്രവുമായി തുല്യപ്പെടുത്തുന്നതിനെയും ഇവയിൽ ആദ്യത്തേതിനെ രണ്ടാമത്തേതിന്റെ കീഴിലാക്കുന്നതിനുവേണ്ടിയും പ്രലോഭിപ്പിക്കപ്പെടുകയാണ്’. ‘മാർക്സിസത്തോടുള്ള ഭയം ഉദാരമായ കുത്തകമുതലാളിത്വത്തിന്റെ മർദ്ദകാത്മകമായ യാഥാർത്ഥ്യത്തെ നേരിടുന്നതിൽനിന്ന് പലപ്പോഴും പിന്തിരിപ്പിക്കുകയാണ്’. ‘സഭയുടെ ഐക്യം പ്രദർശിപ്പിക്കേണ്ടത് രാഷ്ട്രീയ പോരാട്ടത്തിലുള്ള പിരിമുറുക്കത്തിലാണ് സഭ. ഐക്യം സംരക്ഷിക്കേണ്ടതിനായി മൗനം ദീക്ഷിക്കുവാനും അല്ലെങ്കിൽ കുരിശുയുദ്ധത്തിന്റെ ചൈതന്യത്തിൽ ഒരു പ്രത്യേക ലക്ഷ്യത്തിനു വേണ്ടിയോ അല്ലെങ്കിൽ അതിനെതിരായോ വിഭജിക്കുവാൻ വേണ്ടി പ്രലോഭിപ്പിക്കപ്പെടുകയാണ്ദൈവസൃഷ്ടികളുടെ മാഹാത്മ്യം നിമിത്തം സഭ പറയുകയും പ്രവർത്തിക്കുകയും ചെയ്യേണ്ട രാഷ്ട്രീയ വിഷയങ്ങളുണ്ട്. ഇങ്ങനെ ചെയ്യുന്നത് സഭയെ രാഷ്ട്രീയമാക്കുന്നതിനുവേണ്ടിയല്ല’. ‘നീതിക്കുവേണ്ടിയുള്ള പോരാട്ടങ്ങളിൽ സഭകൾക്ക് നിഷ്പക്ഷമായി നിൽക്കാൻ

സാധിക്കുകയില്ല. ഇതുവഴി ആദർശപരമായി സഭകൾ കക്ഷിചേരണമെന്നില്ല'. സഭയുടെ ജീവിതത്തിലും, ചിന്തയിലും കാണുന്ന ആദർശസ്വാധീനങ്ങളുടെ മുൻ അനുമാനങ്ങളുടെ വ്യാപകത്വം ക്രൈസ്തവരുടെ ഭാഗത്തുനിന്നും ഉയർന്നതരത്തിലുള്ള ജാഗ്രതയും, ആത്മനിരൂപണവും ആവശ്യപ്പെടുന്നുണ്ട്. ക്രൈസ്തവസഭ സമൂഹത്തിലെ അനീതിക്കുള്ള ആശയബന്ധമായ ഒരുപകരണമായിത്തീരാനും ദുരുപയോഗിക്കപ്പെടാതിരിക്കാനുംവേണ്ടി ജാഗ്രത കാണിക്കേണ്ടതാവശ്യമാണ്'.

'വിവിധ മതങ്ങളിലും ലൗകിക പ്രവർത്തനങ്ങളിലും പ്രസ്ഥാനങ്ങളിലും ദൈവാരൂപി പ്രവർത്തിക്കുന്നുണ്ട്. മാത്രമല്ല മനുഷ്യ സമൂഹത്തിന്റെ വിവിധ മാർഗ്ഗങ്ങളിലൂടെ സുവിശേഷവത്ക്കരണം നടക്കുന്നുണ്ട്'. എങ്കിലും സഭയ്ക്ക് അവളുടെതായ കർത്തവ്യം ഉണ്ട്. ചരിത്രത്തിന്റെ ഓരോ ഘട്ടത്തിലും അവൾ സുവിശേഷവത്ക്കരണം നടത്തുകയും എല്ലാവിധ ജീവിതത്തിനും വേണ്ടിയുള്ള സുവിശേഷത്തിന്റെ വിവക്ഷകളെ വ്യക്തമായി പ്രകടിപ്പിക്കുകയും വേണം. പാപം, മാനസാന്തരം, ധാർമ്മികത, പ്രസാദവരം തുടങ്ങിയവയ്ക്ക് നിഷേധിക്കാനാവാത്ത സാമൂഹിക മാനങ്ങൾ ഉണ്ട്. ക്രിസ്തു എല്ലാവർഗ്ഗങ്ങൾക്കും, ജാതികൾക്കും, രാജ്യങ്ങൾക്കും, സംസ്ക്കാരങ്ങൾക്കും, മതങ്ങൾക്കും, പ്രത്യയശാസ്ത്രങ്ങൾക്കും, വ്യവസ്ഥിതികൾക്കുമുള്ള കർത്താവും വിമോചകനുമാണ്. അതുകൊണ്ട് സുവിശേഷത്തിന്റെ ഈ സാമൂഹ്യ മാനത്തിന് വിശ്വസ്തയായിരുന്നുകൊണ്ട് ക്രിസ്തുവിന്റെ ഈ ദൗത്യം എല്ലാ സമയത്തും, എല്ലാ സ്ഥലത്തും, എല്ലാ സാഹചര്യങ്ങളിലും സഭനിർവ്വഹിക്കണം. ജോൺ പോൾ 2-ാമൻ തന്നിമിത്തം ഉദ്ഘോഷിക്കുന്നു: 'ക്രിസ്തുവിന് വേണ്ടി കവാടങ്ങൾ തുറന്നിടുക. അവന്റെ രക്ഷണീയ ശക്തി പ്രവേശിക്കുന്നതിനുവേണ്ടി രാഷ്ട്രങ്ങളുടെയും, സാമ്പത്തിക രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും, സംസ്ക്കാരത്തിന്റെയും, നാഗരികതയുടെയും, വികസനത്തിന്റെയും വിശാല മേഖലകളുടെ സീമകളെ തുറന്നിടുക'. ദൈവത്തിന് ഭൂമിയിൽ സന്നിഹിതനാകുവാൻ പല മാർഗ്ഗങ്ങളുള്ളതുകൊണ്ട്, മനുഷ്യ ഗുണമുളവാക്കുകയും വിമോചിപ്പിക്കുകയും, സുവിശേഷവത്ക്കരിക്കുകയും ചെയ്യുന്ന ഈ സാമൂഹ്യസേവനം ചർച്ചയുടെയും, വിനീത ശുശ്രൂഷയുടെയും ചൈതന്യത്തിലായിരിക്കണം നിർവ്വഹിക്കേണ്ടത്.

സഭ അവളുടെ സാമൂഹ്യശുശ്രൂഷ പലവിധം നിർവ്വഹിക്കുന്നു: അനീതികളുടെയും മർദ്ദനാത്മകവും മനുഷ്യത്വഹീനവുമായ നയങ്ങളെയും, പരിപാടികളെയും ഘടനകളെയും, ഭരണസംവിധാന

ങ്ങളെയും പ്രവാചകതുല്യം ഭർത്സിച്ചുകൊണ്ടും ദരിദ്രരേയും മർദ്ദിതരേയും സംരക്ഷിച്ചുകൊണ്ടും വ്യക്തികൾക്കും, ഗ്രൂപ്പുകൾക്കും, പ്രസ്ഥാനങ്ങൾക്കും പ്രചോദനവും മാർഗ്ഗനിർദ്ദേശവും നൽകിക്കൊണ്ടും; എല്ലാ തലങ്ങളിലുമുള്ള പ്രോത്സാഹനവും പിന്തുണയും ക്രിയാത്മകമായ പ്രാരംഭകങ്ങളും കൊടുത്തുകൊണ്ടും – ട്രെയ്ഡ് യൂണിയനുകൾക്കും, ജനപോരാട്ടങ്ങൾക്കും ഗവൺമെന്റിനും, ഐക്യരാഷ്ട്രസംഘടനകൾക്കും മറ്റും – അർഹതയുള്ള കാര്യങ്ങൾക്ക് നയതന്ത്രപരമായ സേവനങ്ങൾകൊണ്ടും; വ്രണിതരായ വ്യക്തികൾക്കും വിഘടിച്ചു നിൽക്കുന്ന പ്രത്യയശാസ്ത്രങ്ങൾക്കും പ്രസ്ഥാനങ്ങൾക്കും തുറന്ന സംവാദത്തിനുള്ള ആഹ്വാനം നൽകുന്ന അനുരഞ്ജനശുശ്രൂഷ വഴിയായിട്ടും മൂല്യങ്ങൾകൊണ്ടും ഘടനകൾകൊണ്ടും സുവിശേഷത്തിന് യഥാർത്ഥ സാക്ഷികളാകുന്ന ക്രിസ്തീയ സമൂഹങ്ങളുടെ രൂപവൽക്കരണംകൊണ്ടും മറ്റും ഇത് സാധിക്കുന്നതാണ്. അതുകൊണ്ട് സാമൂഹികവും അജപാലനപരവുമായ ആസൂത്രണം അത്യാവശ്യമാണെന്ന് മാത്രമല്ല സാമൂഹ്യപ്രവർത്തനത്തിനുള്ള കമ്മീഷനുകൾക്ക് സഭയിൽ അനിവാര്യമായ ഒരു പങ്കു വഹിക്കുവാനുമുണ്ട്.

3. ഇതിനകം സഭ യാഥാർത്ഥ്യത്തെപ്പറ്റിയുള്ള ക്രിയാത്മകവും ഘടനാപരവുമായ ഒരു വീക്ഷണം സമ്പാദിക്കുകയും അവളുടെ സാമൂഹ്യസേവന ദൗത്യം ഈ കാഴ്ചപ്പാടിലൂടെ മനസ്സിലാക്കുകയും ചെയ്യുന്നുണ്ട്. ഈ അവബോധം എത്ര വിസ്തൃതവും ആഴവുമുള്ളതാണെന്ന് മനസ്സിലാക്കുവാനായിട്ട് വിഷയസൂചികയിൽ കൊടുത്തിരിക്കുന്ന ചില പദങ്ങളെ ഉദാഹരണത്തിന് – ' ഡൈനാമിസം,' ' പരിവർത്തനങ്ങൾ,' ' ഘടനകൾ' മുതലായ പദങ്ങളെ നോക്കിയാൽ മാത്രം മതി.  ഈ ലക്ഷ്യപ്രാപ്തിക്കായി ശതക്കണക്കിന് വാക്യങ്ങൾ ഉദ്ധരിക്കാനാകുന്നതാണ്. ലോകം പരിവർത്തനഘട്ടത്തിലൂടെ കടന്നുപോകുകയാണെന്ന് സഭ അംഗീകരിക്കുകയും, ഏറ്റവും പുരോഗമിച്ച സാങ്കേതിക വിദ്യയേയും ആധുനികാഭിലാഷങ്ങളുടേയും അവകാശങ്ങളേയും ആധുനിക മനുഷ്യരുടേയും രാഷ്ട്രങ്ങളുടേയും അവബോധത്തേയും അടിസ്ഥാനപരമായി സ്വാഗതം ചെയ്യുകയും ചെയ്യുന്നുണ്ട്. ഘടനകളുടെ പ്രാധാന്യത്തെ അവൾ മനസ്സിലാക്കുന്നതോടൊപ്പം വ്യതിയാനത്തെ പ്രതീക്ഷയുടെ ശ്രോതസ്സും അടിയന്തരാവശ്യവുമായി വീക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്.

ഉദാഹരണത്തിന് ജോൺ 23–ാമൻ ആഗോളാധികാര വ്യവസ്ഥിതിയുടെ പുനഃസംവിധാനത്തിന് വേണ്ടി അഭ്യർത്ഥിക്കുന്നു. പോൾ

ആറാമന്റെ വീക്ഷണത്തിൽ പുരോഗതി കരുത്തുറ്റ വ്യതിയാനങ്ങളുടെ പരിഷ്കാരങ്ങളും അടിയന്തരമായ പരിവർത്തനങ്ങളും ആവശ്യപ്പെടുന്നുണ്ട്. PCJP യുടെ അഭിപ്രായത്തിൽ സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ ഘടനകളുടെ പരിവർത്തനത്തിന്റെ ആവശ്യവുമായി മാനുഷികാവകാശങ്ങൾ ബന്ധപ്പെട്ടു കിടക്കുന്നതായി സഭ അംഗീകരിക്കുന്നുണ്ട്. ബോധവല്ക്കരണം അനീതി പൂണ്ട സാമൂഹ്യഘടനകളുടെ വ്യതിയാനത്തിനുള്ള നടപടിയായി ഏഷ്യൻമെത്രാന്മാർ കാണുന്നു. ഘടനകളുടെ വ്യതിയാനവും പുതിയ ബന്ധങ്ങളുടെയും മൂല്യങ്ങളുടേയും നിർമ്മാണവും ആധുനിക കാലത്തെ ഏറ്റവും അർത്ഥപൂർണ്ണവും അവസരോചിതവുമായ നടപടിയായി ഇന്ത്യൻ മെത്രാൻമാർ വീക്ഷിക്കുന്നു. WCC യുടേയും EACC യുടേയും CCA യുടേയും പ്രമാണരേഖകൾ അവസരോചിതമായ സാമ്പത്തികവും രാഷ്ട്രീയവുമായ സ്ഥാപനങ്ങളെ നിർമ്മിക്കേണ്ടതിന്റെ ആവശ്യത്തെപ്പറ്റി വീണ്ടും വീണ്ടും പ്രസ്താവിക്കുന്നുണ്ട്. 1952 ലെ ലക്നോവ് കോൺഫ്രൻസ് ഭൂനയ പരിഷ്കാരങ്ങളെപ്പറ്റിയും ഘടനകളുടെ വ്യതിയാനത്തിനു വേണ്ടുന്ന രാഷ്ട്രീയ പ്രവർത്തനത്തിന്റെ ആവശ്യത്തെപ്പറ്റിയും പ്രസ്താവിച്ചിട്ടുള്ളതാണ്. ജോൺ പോൾ രണ്ടാമൻ 1981 ൽ തൊഴിലിന്റേയും ഉല്പാദനത്തിന്റെയും മേഖലകളെ സ്വാധീനിക്കുന്ന ആസന്ന പുരോഗതികൾ കഴിഞ്ഞ നൂറ്റാണ്ടിലെ വ്യവസായ വിപ്ലവത്തെക്കാൾ ഏറെയായി ദരിദ്രരും മർദ്ദിതരുമായ ജനലക്ഷങ്ങൾക്ക് ആശ്വാസവും പ്രതീക്ഷയും നല്കുമെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

4. മനുഷ്യനെയും സമൂഹത്തെയുംപറ്റിയുള്ള വീക്ഷണവും അതിന്റെ മൗലിക തത്വങ്ങളും, പ്രേരകങ്ങളുമാണ് സഭയുടെ സാമൂഹ്യ പ്രബോധനങ്ങളുടെ അടിയിൽ കിടക്കുന്നത്. ഈ പ്രമാണരേഖകൾ ദൈവത്തിന്റെ സാർവ്വത്രിക പിതൃത്വവും, മനുഷ്യരുടെ ഭ്രാതൃത്വവും അതിൽ നിന്നുളവാകുന്നതും എല്ലാ വ്യക്തികളേയും, രാഷ്ട്രങ്ങളേയും ബന്ധിക്കുന്നതുമായ ആദർശ ഐക്യത്തിനും മാനവ കുടുംബത്തിന്റെയും രാഷ്ട്ര സമൂഹങ്ങളുടേയും നിർമ്മാണത്തിനുമാണ് പ്രാധാന്യം നല്കുന്നത്. ലോകത്തെപ്പറ്റിയുള്ള ധാർമ്മികമായ കാഴ്ച്ചപ്പാട് - ഇതാണ് മതസ്വാതന്ത്ര്യത്തിനുവേണ്ടി നിലകൊള്ളാൻ പ്രേരിപ്പിക്കുന്നതും നിരീശ്വരപരവും പദാർത്ഥപരവുമായ പ്രത്യയശാസ്ത്രങ്ങൾക്കും വ്യവസ്ഥിതികൾക്കും വിലങ്ങഴിച്ചുകൊണ്ട് മനുഷ്യരെയും സമൂഹങ്ങളേയും ദൈവത്തിന്റെ മുമ്പിൽ ബോധമുള്ളവരും സമാധാനം പറയേണ്ടവരുമാക്കിത്തീർക്കുന്നത് - ഇതിനെയാണ് പ്രമാണരേഖകൾ പ്രകാശിപ്പിക്കുന്നത്.

ഇതിനു പുറമേ മനുഷ്യവ്യക്തിമാഹാത്മ്യത്തിനും; 'അവൻ സ്വാതന്ത്ര്യവും ഉത്തരവാദിത്വമുള്ളവനുമായ ഒരു വ്യക്തിയാണെന്നും' - 'ദൈവത്തിന്റെ പുത്രനാണെന്നും' 'സാർവ്വത്രികവും അലംഘനീയവും അനിഷേധ്യവുമായ അവകാശങ്ങൾ ഉള്ളവനാണെന്നും' ഈ പ്രമാണരേഖകൾ എടുത്തുകാട്ടുന്നുണ്ട്. 'സഭയുടെ സാമൂഹ്യപ്രബോധനങ്ങളുടെ സർവ്വപ്രധാനമായ ആശയം മനുഷ്യർ എല്ലാ സാമൂഹ്യസ്ഥാപനങ്ങളുടെയും അടിസ്ഥാനവും, കാരണവും, അന്ത്യവുമാണെന്നുള്ളതാണ്'. വ്യവസ്ഥിതികൾ മനുഷ്യനു വേണ്ടിയുള്ളതായിരിക്കണം, അല്ലാതെ മനുഷ്യൻ വ്യവസ്ഥിതിക്കുവേണ്ടിയുള്ളവനാകരുത്. മനുഷ്യർ എന്തു ലക്ഷ്യത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവോ അവ സാധിക്കുന്നതിനുവേണ്ടിയുള്ള ഉപാധികളായിത്തീരണം ഈ വ്യവസ്ഥിതികൾ. മനുഷ്യൻ രാഷ്ട്രത്തിനുവേണ്ടി ഉണ്ടാക്കപ്പെട്ടവനല്ല, മറിച്ച് രാഷ്ട്രം മനുഷ്യനുവേണ്ടിയുള്ളതാണ്. മനുഷ്യൻ ഉല്പാദനത്തിനുവേണ്ടി നിർമ്മിക്കപ്പെട്ടവനല്ല, മറിച്ച് ഉല്പാദനം മനുഷ്യൻ വേണ്ടിയിട്ടാണ്. തൊഴിൽ മനുഷ്യനുവേണ്ടിയാണ്, എന്നാൽ മനുഷ്യൻ തൊഴിലിനുവേണ്ടിയല്ല. അതുകൊണ്ട് മനുഷ്യോചിതമായ ഒരു നഗരം, മനുഷ്യന്റെ സേവനത്തിനുവേണ്ടിയുള്ള ഒരു സമൂഹം നാം നിർമ്മിക്കണം. വ്യക്തികളും സമൂഹങ്ങളും തമ്മിലുള്ള പരസ്പരാശ്രയത്വത്തെയും, അധീനത്വാവകാശപ്രമാണത്തെയും, (principle of subsidiarity) പൊതുനന്മയേയും ഈ പ്രമാണരേഖകൾ വിശദമാക്കുന്നുണ്ട്. മനുഷ്യനെയും സമൂഹത്തെയുംപറ്റിയുള്ള വീക്ഷണം, ആധുനിക ലോകവുമായുള്ള സംഭാഷണത്തിലൂടെ കൂടുതൽ സമ്പൂർണ്ണമാക്കേണ്ടതാണെങ്കിലും അവയുടെ മുഖ്യ ചിന്താധാരകൾ വളരെ വ്യക്തമാണ്.

5. പ്രാദേശിക തലത്തിലും, ദേശീയ തലത്തിലും, അന്തർദ്ദേശീയ തലത്തിലുമുള്ള സാമൂഹ്യ സ്ഥാപനങ്ങളിലേയ്ക്കും ഘടനകളിലേയ്ക്കും മനുഷ്യരുടെ മൂല്യങ്ങളും സുവിശേഷ മൂല്യങ്ങളും കടന്നുചെല്ലണം. പണത്തോടുള്ള ദുരാഗ്രഹവും അധികാരത്തോടുള്ള അഭിവാഞ്ഛയും, ലാഭേച്ഛയും, മാത്സര്യവും, സ്വാർത്ഥതയും, അസൂസയും, അഹങ്കാരവും, അവിശ്വാസവും, വിദ്വേഷവുംകൊണ്ട് മനുഷ്യരും, രാഷ്ട്രങ്ങളും ഘടനകളും, ആനയിക്കപ്പെടാതെ താഴെപ്പറയുന്ന മൂല്യങ്ങൾ ഉൾക്കൊള്ളേണ്ടതാണ്: മനുഷ്യസാഹോദര്യം, ആദർശഐക്യം, യോജിപ്പ്, സഹകരണം, സ്നേഹം, ഉപവി, പങ്കുവയ്ക്കൽ, സത്യം, നീതി, സ്വാതന്ത്ര്യം, സമാധാനം, സമത്വം, ഭാഗഭാഗിത്വം, മനുഷ്യ മാഹാത്മ്യ അവബോധം, ഉത്തരവാദിത്വവും നേതൃത്വവും, ദരിദ്രരോടും മർദ്ദിതരോടുമുള്ള മുൻഗണനാപരമായ

ആദരവ് മുതലായവ. കൂടുതൽ മാനുഷികവും നീതിപൂർണ്ണവും സ്വാതന്ത്ര്യവും, സാഹോദര്യവും സമാധാനവും നിറഞ്ഞതും, പങ്കാളിത്തമുള്ളതും, നാനാത്വമുള്ളതുമായ ഒരു പുതിയ സമൂഹമോ അഥവാ പുതിയ ലോകമോ കെട്ടിപ്പടുക്കേണ്ടിയിരിക്കുന്നു. മിക്കപ്പോഴും പറഞ്ഞിട്ടുള്ള ഈ മൂല്യങ്ങൾ, വ്യക്തികളുടെ ജീവിതത്തിലും, ബന്ധങ്ങളിലും മാത്രമല്ല ഘടനകളുടെയും, വ്യവസ്ഥിതികളുടേയും, സ്ഥാപനങ്ങളുടേയും, കൂടെ ഇഴുകിച്ചേരേണ്ടിയിരിക്കുന്നു. പുതിയ സമൂഹങ്ങളും, പുതിയ സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ ഘടനകളും, പുതിയ മൂല്യ സഞ്ചയങ്ങളും, ബന്ധങ്ങളും നിർമ്മിക്കപ്പെടുകയെന്നതാണ് ലക്ഷ്യം. മനുഷ്യരോട് യഥാർത്ഥ ആദരവുള്ളതും, സ്വാതന്ത്ര്യവും സമാധാനവും എല്ലാവർക്കും നീതിയുള്ളതും അധികാരത്തിന്മേൽ വേണ്ടുന്ന നിയന്ത്രണമുള്ളതുമായ ഒരു ഉത്തരവാദിത്വം നിറഞ്ഞ സമൂഹത്തെയാണ് ക്രൈസ്തവൻ അന്വേഷിക്കുന്നത്. ഈ മൂല്യങ്ങളുടെയിടയിൽ നിലകൊള്ളുന്ന കണ്ണികളെ, ഉദാഹരണത്തിന് സ്നേഹത്തിനും നീതിയ്ക്കുമിടയ്ക്കുള്ളതിനെ അല്ലെങ്കിൽ സമാധാനത്തിനും നീതിയ്ക്കുമിടയ്ക്കുള്ളതിനെ – ഈ പ്രമാണ രേഖകൾ തിരക്കുകയും, നീതിക്കും, സ്വാതന്ത്ര്യത്തിനുമിടയ്ക്കും, കാര്യക്ഷമതയ്ക്കും പങ്കാളിത്വത്തിനുമിടയിലുള്ള ക്രിയാത്മകമായ സമീകരണാവസ്ഥയെ ഊന്നിപ്പറയുകയും ചെയ്യുന്നു.

6. എല്ലാ വ്യക്തികളുടെയും മാത്രമല്ല, ഗ്രൂപ്പുകളുടെയും ന്യൂനപക്ഷങ്ങളുടെയും, സംസ്കാരത്തിന്റെയും, രാഷ്ട്രത്തിന്റെയും, അവകാശങ്ങളെയും, അനന്യതയേയും, മാഹാത്മ്യത്തേയും – പൊതുഗുണത്തിനുവേണ്ടിയുള്ള മൊത്തത്തിലുള്ള ചട്ടക്കൂട്ടിൽ – ആദരിക്കപ്പെടണം. മാനവ ചരിത്രത്തിൽ ഈ അവകാശങ്ങൾ ക്രമഗതമായി അനാച്ഛാദനം ചെയ്യപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നുണ്ട്....മാനുഷികാവകാശങ്ങളെപ്പറ്റിയുള്ള നിരന്തരമായ വിചിന്തനങ്ങളിൽ സഭയുടെ പ്രമാണരേഖകൾ വിശാലമായ പട്ടിക തയ്യാറാക്കുകയും ഈ രംഗത്തുള്ള അവബോധത്തിന്റെ നൂതന വളർച്ചയെ സ്വാഗതം ചെയ്യുകയും, ഇതിനെ ഘടനാപരമായ വ്യതിയാനങ്ങളും, സമൂഹത്തിലെ സമാധാനവുമായി ബന്ധിക്കുകയും മാനുഷികാവകാശങ്ങളെ സംരക്ഷിക്കുവാനുള്ള സഭയുടെ ദൗത്യത്തെ എടുത്തുപറയുകയും ചെയ്യുന്നുണ്ട്. തനിക്ക് നല്കപ്പെട്ടിരിക്കുന്ന സുവിശേഷം കൊണ്ട് സഭ മനുഷ്യാവകാശങ്ങളെ പ്രഘോഷിക്കുന്നു. ഈ അവകാശങ്ങളെ വളർത്തുന്നതിനുള്ള ആധുനിക കാലത്തെ ക്രിയാത്മകങ്ങളായ പ്രസ്ഥാനങ്ങളെ സഭ അംഗീകരിക്കുകയും ഏറെ വിലമതിക്കുകയും ചെയ്യുന്നുണ്ട്. മനുഷ്യാവകാശങ്ങൾക്കുവേണ്ടി പ്രവർത്തിക്കുകയെന്നത്. ഏറ്റവും മൗലികമായ തലത്തിൽ അനീതി

നിറഞ്ഞ ഘടനകളില്ലാത്ത ഒരു സമൂഹത്തിനുവേണ്ടി പ്രവർത്തിക്കുകയാണെന്നുകൂടി അർത്ഥമാക്കേണ്ടിയിരിക്കുന്നു. നമ്മെപ്പോലെ തന്നെ നമ്മുടെ അയൽക്കാരനെ സ്നേഹിക്കുകയെന്ന കല്പന പോലെ മാനുഷികാവകാശങ്ങൾ സുവിശേഷങ്ങളിൽ അടിസ്ഥാനപരമാണ് എന്നു മാത്രമല്ല 'പുറപ്പാട്' പോലെ നമ്മുടെ ചരിത്രത്തോടും പാരമ്പര്യത്തോടും ഇഴുകിച്ചേർന്നിരിക്കുന്നതാണ്.സമാധാനത്തിനും നീതിക്കുംവേണ്ടിയുള്ള പോരാട്ടത്തിൽ സഭ സാക്ഷ്യം വഹിക്കണം. ആരും ധൈര്യപ്പെടാത്തിടത്ത് അവൾ സംസാരിക്കണം...അതുകൊണ്ട് ഏഷ്യയിലെ മെത്രാന്മാർ പ്രതിജ്ഞ ചെയ്യുന്നു: 'മാനുഷികാവകാശങ്ങളെയും അവയുടെ സാക്ഷാത്ക്കാരത്തെയും ഏതൊരു സമയത്തും, ഏതൊരു സാഹചര്യത്തിലും ഉയർത്തിപ്പിടിക്കുകയും പ്രോത്സാഹിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുമെന്ന് ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു'. എല്ലാ ക്രൈസ്തവരും, എല്ലാ സഭകളും മനുഷ്യാവകാശങ്ങളോടുള്ള ഈ അർപ്പണത്തെ സ്ഥിരീകരിക്കുകയും ജീവിക്കുകയും വേണം.

7. ആധുനികലോകം ദൈവത്തിന്റെ പദ്ധതികളെ അടിസ്ഥാനപരമായി എതിർക്കുന്നു. ഭക്ഷണവും, വെള്ളവും, വസ്ത്രവും, കിടപ്പാടവും, ആരോഗ്യസംരക്ഷണ മാർഗ്ഗങ്ങളും, വിദ്യാഭ്യാസവുമില്ലാതെ കഴിയുന്ന മനുഷ്യവംശത്തിന്റെ ബഹുഭൂരിപക്ഷം വരുന്ന ജനകോടികൾ ദൈവത്തിന്റെ സന്നിധിയിലേക്കുള്ള ഒരു കരച്ചിലാണ്. ദൈവമാകട്ടെ ഓരോ വ്യക്തിയും ജീവസന്ധാരണത്തിനുവേണ്ടിയുള്ള അവശ്യസാധനങ്ങൾ സമ്പാദിക്കണമെന്നും, ലോഭമെന്യേ അവ ആസ്വദിക്കണമെന്നുമാണ് ആഗ്രഹിക്കുന്നത്. ഈ പ്രമാണരേഖകൾ സമ്പൂർണ്ണവും സ്വതന്ത്രവുമായ മനുഷ്യജീവിതത്തെപ്പറ്റി സംസാരിക്കുക മാത്രമല്ല മനുഷ്യന്റെ കഴിവുകളെ വികസിപ്പിക്കണമെന്നുകൂടി നിർദ്ദേശിക്കുന്നുണ്ട്. പരിതസ്ഥിതികളും, ജാതികളും, മതങ്ങളും, പ്രദേശങ്ങളും, രാഷ്ട്രങ്ങളും തമ്മിലുള്ള അഗാധമായ അസമത്വങ്ങളും ദൈവത്തിനു സ്വീകാര്യമല്ല. പ്രായം, ലിംഗം, ഭാഷ, മതം, വർഗ്ഗം, നിറം, ജാതി മുതലായവയുടെ പേരിലുള്ള വിവേചനങ്ങളും തരംതിരിവുകളും; ശക്തിയുടെ ബൃഹത്തായ കേന്ദ്രീകരണങ്ങളും സാംസ്കാരികവും രാഷ്ട്രീയവുമായ ആശ്രിതത്വവും; മനുഷ്യാവകാശങ്ങളുടെ ലംഘനങ്ങളും, സ്വാതന്ത്ര്യത്തിന്റെ അടിച്ചമർത്തലുകളും, അധികാര ദുരുപയോഗങ്ങളും മറ്റും സ്വീകാര്യങ്ങളല്ല. മനുഷ്യരുടെയിടയിൽ പ്രകടമായി ജീവിക്കുന്ന സുവിശേഷ മൂല്യങ്ങൾ സമൂഹഘടനയിൽ സ്ഥാനം പിടിച്ചിട്ടില്ലെന്നുള്ളത് ഗൗരവാവഹമായ ഒരു വൈരുദ്ധ്യമാണ്.

മാനുഷികവും ക്രൈസ്തവവുമായ കാരണങ്ങളാൽ മേല്പറഞ്ഞ അനീതി പൂണ്ടതും മർദ്ദകമായതുമായ സ്ഥിതിവിശേഷങ്ങൾ-വ്യക്തികളും, ഘടനകളും, പ്രത്യയശാസ്ത്രങ്ങളും മൂല്യ വ്യവസ്ഥിതികളുമാണ് അവയെ സൃഷ്ടിക്കുന്നത്. അതുകൊണ്ട് അവ- എതിർക്കപ്പെടേണ്ടതും പരിവർത്തനം ചെയ്യപ്പെടേണ്ടതുമാണ്. 'സുവിശേഷങ്ങളും ദരിദ്രരുടെ ദുഃസ്ഥിതിയും സാമൂഹ്യ പരിവർത്തനത്തിനായിട്ട് പ്രവർത്തിക്കുവാൻ നമ്മെ വെല്ലുവിളിക്കുന്നുണ്ട്. സഭകളുടെ ദൗത്യം നീതിക്കും സ്വയം പര്യാപ്തതയ്ക്കും വേണ്ടിയുള്ള ദരിദ്രരുടെയും മർദ്ദിതരുടെയും പോരാട്ടങ്ങളിൽ പിന്തുണ നല്കുകയെന്നുള്ളതാണ്.' അനീതി നിറഞ്ഞ വ്യവസ്ഥിതികളും ഘടനകളും കൊണ്ട് മർദ്ദിതരും, ബലാല്ക്കാരത്തിന് വിധേയമായവരുടെ കരച്ചിൽ ശ്രവിച്ചിട്ട്, സ്വന്തം വൈകല്യങ്ങളും വൈകൃതങ്ങളും കൊണ്ട് ദൈവത്തിന്റെ പദ്ധതിയെ എതിർക്കുന്ന ഒരു ലോകത്തിന്റെ അഭ്യർത്ഥന ശ്രവിച്ചിട്ട്, ദരിദ്രർക്ക് സുവിശേഷവും മർദ്ദിതർക്ക് സ്വാതന്ത്ര്യവും, പീഡിതർക്ക് സന്തോഷവും പ്രഘോഷണം ചെയ്തുകൊണ്ട് സഭ ലോക ഹൃദയത്തിൽ സന്നിഹിതയാകണം.

8. നീതിക്കും, സ്വാതന്ത്ര്യത്തിനും, സമത്വത്തിനും, ഭാഗഭാഗിത്വത്തിനും, സാഹോദര്യത്തിനും, സമാധാനത്തിനും വേണ്ടിയുള്ള ആധുനിക മനുഷ്യന്റെ അഭിലാഷങ്ങളെ സഭ പ്രോത്സാഹിപ്പിക്കുന്നു. ന്യായാനുസൃതമായ ഈ അഭിലാഷങ്ങളെ സഭ പ്രോത്സാഹിപ്പിക്കുന്നു. ന്യായാനുസൃതമായ ഈ അഭിലാഷങ്ങളെ ഉൾക്കൊള്ളുന്ന നയങ്ങളെയും, പരിപാടികളെയും, പ്രസ്ഥാനങ്ങളെയും, പോരാട്ടങ്ങളെയും സഭ പിന്തുണയ്ക്കുന്നു. കാരണം അവകളിൽ ദൈവം സന്നിഹിതനായി പ്രവർത്തിക്കുന്നുണ്ടെന്ന് അവൾ വിശ്വസിക്കുന്നു. ഒരു മെച്ചപ്പെട്ട ലോകത്തെ കെട്ടിപ്പടുക്കുന്നതിനായി അഭിനിവേശിക്കുന്നത് ദൈവം തന്നെയാണ്. ഈ ഉൾക്കാഴ്ചകൾ PT, GS, OA, JW എന്നിവയിൽ നേരത്തെതന്നെ കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ട്. ഉദാഹരണത്തിന് സമത്വത്തിനും പങ്കാളിത്തത്തിനും വേണ്ടിയുള്ള അഭിലാഷങ്ങൾ മനുഷ്യ മഹത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും രണ്ട് രൂപങ്ങളാണെന്ന് പോൾ ആറാമൻ പ്രസ്താവിച്ചിട്ടുണ്ട്. തെക്കേ അമേരിക്കയിലെയും, ഏഷ്യയിലെയും, ഇന്ത്യയിലെയും മെത്രാന്മാർ ഈ ആശയങ്ങളെ വിശദീകരിച്ചിട്ടുണ്ട്. ന്യായയുക്തമായ അഭിലാഷങ്ങളുടെ ഭഞ്ജനത്തെപ്പറ്റി മെഡലിൻ പ്രമാണരേഖകളും, നീതിയും സ്വാതന്ത്ര്യവും മനുഷ്യരുടെ മൗലികാവകാശങ്ങളെപ്പറ്റിയുള്ള ആദരവും ആവശ്യപ്പെടുന്ന വേദനിക്കുന്ന ജനലക്ഷങ്ങളുടെ പൂർവ്വാധികമുച്ചത്തിലുള്ള കരച്ചിലിനെപ്പറ്റി പ്യൂബ്ലാ പ്രമാണരേഖയും പ്രസ്താവിക്കുന്നുണ്ട്. ഈ അഭിലാഷ

ങ്ങൾ പൊട്ടി വിടരുന്നത് ജനങ്ങളുടെ ആഴമാർന്ന ധാർമ്മിക ബോധത്തിൽ നിന്നും മനുഷ്യവ്യക്തികളാണെന്ന ഉദാത്തമായ ചിന്തയിൽ നിന്നുമാണ്. ജനഹൃദയങ്ങളിൽ കുടികൊള്ളുന്ന സുവിശേഷമൂല്യങ്ങൾ ഇങ്ങനെ പലപ്പോഴും വിമോചനത്തിനുവേണ്ടിയുള്ള ഒരു കരച്ചിലായിത്തീരുന്നുണ്ട്. നമ്മുടെ രാജ്യങ്ങൾക്കുള്ളിൽ നമ്മുടെ ജനങ്ങളുടെ ആഴമാർന്ന അഭിലാഷങ്ങൾക്കും സുവിശേഷങ്ങളുടെ കല്പനകൾക്കും പ്രത്യുത്തരം നല്കുന്ന സമൂഹങ്ങളെ കെട്ടിപ്പടുക്കുവാൻ ഏഷ്യയിലെ സഭ സഹായിക്കണം... നമ്മുടെ രാജ്യത്തെ ജനങ്ങളെ ഭൗതികവും, സാമൂഹികവും, ആദ്ധ്യാത്മികവുമായ അന്യാധീനപ്പെടുത്തലിൽനിന്ന് നമ്മുടെ ജനങ്ങളെ മോചിപ്പിക്കുന്നതിനായുള്ള പോരാട്ടങ്ങളിലും അഭിലാഷങ്ങളിലും ദൈവത്തിന്റെ പദ്ധതി പ്രവർത്തിക്കുന്നതുകൊണ്ട് ഇന്ത്യയിലെ സഭയും പൂർണ്ണമായി ഉൾച്ചേരണം.

ഈ ലോകത്തിലുള്ള ദൈവത്തിന്റെ ക്രിയാത്മകമായ സാന്നിദ്ധ്യത്തെപ്പറ്റിയും ഉൾച്ചേരുന്നതിനുള്ള അവിടുത്തെ ക്ഷണത്തെപ്പറ്റിയും സഭയുടെ പ്രമാണരേഖകൾ വീണ്ടും വീണ്ടും ഊന്നിപ്പറയുന്നുണ്ടെന്നുള്ള കാര്യം ഇവിടെ അനുസ്മരിക്കുന്നതു നല്ലതായിരിക്കും. ഏതാനും പ്രസക്ത ഭാഗങ്ങളെ നമുക്കിവിടെ ഉദ്ധരിക്കാം. ആധുനിക ലോകത്തിലുള്ള ദൈവത്തിന്റെ സാന്നിദ്ധ്യത്തെപ്പറ്റിയും, സംഭവങ്ങളിലും ആവശ്യങ്ങളിലും അഭിലാഷങ്ങളിലും കണ്ടെത്തേണ്ടുന്ന ലക്ഷ്യങ്ങളെപ്പറ്റിയും സഭയ്ക്ക് വിശദീകരിക്കേണ്ടതുണ്ട്. പ്യൂബ്ലാ പ്രമാണരേഖ മാനുഷികവും ദൈവികവുമായ വിശ്വാസത്തെ പ്രഖ്യാപിക്കുന്നുണ്ട്. 'ലാറ്റിനമേരിക്കയുടെ ഹൃദയത്തിൽ വിമോചകനായ യേശുക്രിസ്തുവിലൂടെ, ദൈവം സജീവനായി സന്നിഹിതനാണ്.' 'ദരിദ്രരിലൂടെ നമ്മെ വെല്ലുവിളിക്കുകയും ചോദ്യം ചെയ്യുകയും ചെയ്യുന്നത് ക്രിസ്തുവാണ്'. ജെനീവ കോൺഫ്രൻസ് സമർത്ഥിക്കുന്നു. 'സാമ്പത്തിക സാമൂഹ്യ ഘടനകളിലൂടെ കേന്ദ്രഭാഗത്ത് ക്രിസ്തു ഉണ്ട്. 'ദ്രാവകാവസ്ഥ, വാണിജ്യനിബന്ധനകൾ, നികുതികൾ, ആന്തരിക സംവിധാനങ്ങളുടെ വികസനം തുടങ്ങിയ സാങ്കേതിക വിഷയങ്ങളിലും ദൈവത്തിന് താല്പര്യമുണ്ട്. ക്വോലാലംപൂർ അസംബ്ലി പ്രസ്താവിക്കുന്നു: ആധുനിക ഏഷ്യയിലെ വിപ്ലവങ്ങളിൽ ക്രിസ്തു എപ്രകാരം പ്രവർത്തിക്കുന്നുവെന്ന് വിവേചിച്ചറിയുവാൻ സഭ പരിശ്രമിക്കണം... അവന് പ്രത്യുത്തരം നല്കിക്കൊണ്ട് അവന്റെ സാന്നിധ്യവും അധികാരവും മനസ്സിലാക്കിക്കൊടുത്തുകൊണ്ട്, സഭ അവിടെ സന്നിഹിതയാണ്.... വീണ്ടും ഇന്ത്യയിലെ ക്രിസ്ത്യൻ കൗൺസിൽപറയുന്നു. എല്ലാവർക്കും ജീവനു

ണ്ടാകുവാനും അതു സമൃദ്ധമായി ഉണ്ടാകുവാനുംവേണ്ടിയുള്ള ജനങ്ങളുടെ വിമോചന പോരാട്ടത്തിൽ പങ്കെടുക്കുവാൻ യേശുക്രിസ്തു നമ്മെ വിളിക്കുന്നു.

9. ഭാവിയിൽ പുതിയ പ്രതിപാദ്യവിഷയമുണ്ടാകാമെങ്കിലും താഴെപ്പറയുന്ന വിഷയങ്ങൾ സഭയുടെ സാമൂഹ്യ പഠനങ്ങളിൽ മുഖ്യമായവയായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. മനുഷ്യാവകാശങ്ങൾ, നീതിയും സമാധാനവും, വർഗ്ഗീയതയ്ക്കും പട്ടാളമേധാവിത്വത്തിനുമെതിരായുള്ള പോരാട്ടങ്ങൾ, സാമ്പത്തിക വികസനം, സ്ത്രീകളുടെ സ്വാതന്ത്ര്യം, ന്യായമായ വേതനവും ഉചിതമായ തൊഴിൽ സാഹചര്യങ്ങളും, അന്താരാഷ്ട്രബന്ധങ്ങൾ, വാണിജ്യബന്ധങ്ങളിലുള്ള നീതി, സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ രംഗങ്ങളിലുള്ള ഘടനാപരമായ വ്യതിയാനം.

10. ഭൗതിക കാര്യങ്ങളിൽ സ്വാതന്ത്ര്യവും, സാമൂഹ്യ സാമ്പത്തിക കാര്യങ്ങളിൽ ന്യായാനുസൃതമായുള്ള  വിവിധ ഐശ്ചികങ്ങളും പ്രഖ്യാപിച്ചുകൊണ്ട്, ദേശീയവും അന്തർദേശീയവുമായ തലങ്ങളിൽ സഭ ഒരു പുതിയ സാമ്പത്തിക വ്യവസ്ഥിതിക്കുവേണ്ടി വ്യക്തമായി നിലകൊള്ളുന്നു. ഈ സാമ്പത്തിക വ്യവസ്ഥിതിയാകട്ടെ പൊതുനന്മയ്ക്കും സാമൂഹ്യനീതിക്കും, സ്നേഹത്തിനും, പങ്കാളിത്വത്തിനും വ്യക്തിപരമായ മുന്നേറ്റത്തിലും, ഉത്തരവാദിത്വത്തിലും, ആദർശൈക്യത്തിലും, സഹകരണത്തിലുമുള്ള വ്യഗ്രതയാൽ നിർമ്മിക്കപ്പെട്ടതാണ്. സമ്പദ്‌വ്യവസ്ഥയാകട്ടെ ഓരോ വ്യക്തിയുടെയും സമ്പൂർണ്ണ വികസനത്തെ പ്രോത്സാഹിപ്പിക്കുന്നതും ഓരോ മനുഷ്യരും വലുതാകാൻവേണ്ടി കൂടുതൽ പ്രദാനം ചെയ്യുന്നതും എല്ലാ മനുഷ്യരുടെയും ഉപയോഗത്തിനുവേണ്ടിയുള്ള ഉപഭോക്തൃ സാധനങ്ങളെ കൂടുതൽ ഉല്പാദിപ്പിക്കുന്നതും നീതിപൂർണ്ണമായി വിതരണം ചെയ്യുന്നതുമായ മനുഷ്യസേവനത്തിനുവേണ്ടിയുള്ള ഒന്നായിരിക്കണം. പൊതുനന്മയ്ക്കും ദരിദ്രർക്കുംവേണ്ടി സംഘടിപ്പിക്കപ്പെട്ട ഒന്നായിരിക്കണമത്. സാധനങ്ങളുടെ പൊതു ഉപയോഗത്തിന്റെ തത്വമാണ് സമ്പൂർണ്ണ ധാർമ്മികവും സാമൂഹികവുമായ വ്യവസ്ഥിതിയുടെ ആദ്യത്തെ പ്രമാണം. തൊഴിലിന് മൂലധനത്തിന്മേൽ മുൻഗണനയുണ്ട്. അതുകൊണ്ട് മൂലധനം തൊഴിലിനുവേണ്ടിയായിരിക്കണം. അല്ലാതെ തൊഴിൽ മൂലധനത്തിനുവേണ്ടിയായിക്കൂടാ. മനുഷ്യരെ വെറുമൊരു വാണിജ്യവസ്തുവും ലാഭത്തിനുവേണ്ടിയുള്ള ഉപാധിയുമായി പരിഗണിക്കപ്പെടരുതെന്ന് മാത്രമല്ല തൊഴിലിലൂടെ സ്വയം വികസിക്കുവാനുള്ള സാധ്യത അവർക്ക് ലഭിക്കേണ്ടതാണെന്ന് അനുസ്മരിക്കണം. ഈ വീക്ഷണത്തിന്റെ

പ്രകാശത്തിൽ സഭ മുതലാളിത്തപരമായ ഉല്പതീക്ഷ്ണതയെയും ഉദ്യോഗമേധാവിത്തപരമായ കൂട്ടുവ്യവസ്ഥിതിയേയും, നീതിരഹിതമായ വേതനങ്ങളെയും, മനുഷ്യത്വത്തിനു ചേരാത്ത തൊഴിൽ സാഹചര്യങ്ങളെയും പ്രത്യേകിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും കാര്യത്തിലുള്ളവ, നീതിരഹിതമായ വാണിജ്യബന്ധങ്ങളെയും ദ്രവ്യത്തിന്റെ അധീശശക്തികളേയും ബഹുരാഷ്ട്ര കമ്പനികളുടെ ചൂഷണങ്ങളെയും രാജ്യങ്ങളും ദേശങ്ങളും വിഭാഗങ്ങളും തമ്മിലുള്ള വിപുലമായ അസമത്വങ്ങളെയും സംശയരഹിതമായി അധിക്ഷേപിച്ച് തള്ളുന്നുണ്ട്. മറ്റു പലകാര്യങ്ങളുടെയും കൂട്ടത്തിൽ മദ്ധ്യവർത്തികളായ ഘടനകളെയും ഉടമസ്ഥാവകാശത്തിലും നടത്തിപ്പിലുമുള്ള തൊഴിലാളികളുടെ പങ്കാളിത്വത്തെയും സഹകരണപ്രസ്ഥാനങ്ങളെയും തൊഴിൽ സംഘടനകളെയും അതുപോലുള്ള പൗരസംഘടനകളെയും പൊതുനന്മയ്ക്കുവേണ്ടിയുള്ള രാഷ്ട്രത്തിന്റെ ഇടപെടലിനെയും ഏറ്റവും ദരിദ്രരായവരുടെ സംരക്ഷണത്തെയും, ഭൂമിയുടെയും നഗരവസ്തുക്കളുടെയും നീതിപൂർണ്ണമായ വിതരണത്തേയും ചില അവസരങ്ങളിൽ ദേശവത്ക്കരണത്തേയും അന്താരാഷ്ട്രഘടനകളുടെ പരിവർത്തനത്തേയും സഭ പിൻതാങ്ങുന്നുണ്ട്.

11. ഇതിന് സമാനമായ ഒരു ശൈലിയിൽ പൊതു നന്മയെ അതായത് എല്ലാ പൗരന്മാരുടെയും, ഗണങ്ങളുടെയും പ്രത്യേകിച്ച് ഏറ്റവും ബലഹീനരും ശക്തിരഹിതരുമായവരുടെ നന്മയെ, കാര്യക്ഷമമായി വളർത്തുന്നതും സ്വാതന്ത്ര്യം, പങ്കാളിത്തം, നീതി, ക്രമം എന്നീ സുവിശേഷ മൂല്യങ്ങളെ ഉൾകൊള്ളുന്നതുമായ രാഷ്ട്രീയ ഘടനകൾക്കും അധികാരങ്ങൾക്കുംവേണ്ടി സഭ നിലകൊള്ളുന്നു. സമ്പദ്‌വ്യവസ്ഥ പോലെ രാഷ്ട്രമീമാംസയും മനുഷ്യന്റെ സേവനത്തിനുവേണ്ടിയുള്ളതും മനുഷ്യനോട് സചേതനമായതും അവന്റെ പൂർണ്ണനന്മയെ സംരക്ഷിക്കുന്നതുമായിരിക്കണം. രാഷ്ട്രം വ്യക്തികളെ സേവിക്കണം; വ്യക്തികൾ രാഷ്ട്രത്തെയല്ല. ഈ രംഗത്തും രണ്ട് പരമകാഷ്ഠകളാകുന്ന കൂട്ടസ്ഥിതിസമത്വ സാമ്പത്തിക ശാസ്ത്രത്തെയും ഉത്പതിക്ഷ്ണതയേയും സഭ ശക്തമായി തിരസ്കരിക്കുന്നുണ്ട് - വേറെ വാക്കുകളിൽ പറഞ്ഞാൽ അമിതമായി ഇടപെടുന്ന രാഷ്ട്രങ്ങളെയും അല്ലെങ്കിൽ ആവശ്യത്തിനുപോലും ഇടപെടാത്ത രാഷ്ട്രങ്ങളെയും - അതുപോലെതന്നെ ഇടതുപക്ഷ ഭരണത്തിന്റെയും വലതുപക്ഷ ഭരണത്തിന്റെയും അധികാര ദുരുപയോഗങ്ങളെയും തിരസ്കരിക്കുന്നുണ്ട്. സഭ സഭായോ ശാസനയേയും വ്യക്തികളുടെ അവകാശങ്ങളെയും മധ്യവർത്തികളായ സംഘടനകളെയും പ്രാതിനിദ്ധ്യത്തെ അനുഭവിക്കുന്ന ഘടനകളെയും പങ്കാളിത്വ

ത്തെയും മറ്റും പറ്റി സംസാരിക്കുന്നുണ്ട്. അനീതിപൂണ്ട നിയമങ്ങളും നയങ്ങളും ചെറുക്കപ്പെടേണ്ടതാണ്. അങ്ങനെതന്നെ അയോഗ്യരായ പ്രതിനിധികൾ പുറംതളളപ്പെടേണ്ടതും, യോഗ്യരായവർ പ്രതിഷ്ഠിക്കപ്പെടേണ്ടതുമാണ്. നിയമത്താൽതന്നെ പൗരന്മാർക്ക് സംരക്ഷണം കിട്ടേണ്ടതും മനസ്സാക്ഷി അനുസൃതമായ തടസ്സം ഉന്നയിക്കുവാനുള്ള അവകാശം ഉണ്ടാകേണ്ടതുമാണ്. എന്നിരുന്നാലും മർദ്ദകവും ഉദ്യോഗമോധാവിത്വവും അധികാരാധിപത്യവും കൈവെടിഞ്ഞ ഒരു പുതിയ സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനും രാഷ്ട്രം ശക്തമായിരിക്കണം. ഘടനകളെ മാറ്റികൊണ്ട്, ഉത്പാദനത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ടും, വർദ്ധിപ്പിച്ചുകൊണ്ടും, അസമത്വങ്ങളെ ലഘൂകരിച്ചുകൊണ്ടും എല്ലാവർക്കും നീതി വാഗ്ദാനം ചെയ്തുകൊണ്ടും മർദ്ദിതരേയും ദരിദ്രരേയും ചൂഷണത്തിനെതിരെ സംരക്ഷിച്ചുകൊണ്ടും രാഷ്ട്രം നിലകൊള്ളണം. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെ സംരക്ഷിക്കുന്നതിനും സംഘടിത ശക്തിദുർഗ്ഗങ്ങളുടെ ദുഷ്പ്രവണതകളെ എതിർക്കുന്നതിനും, സാംസ്കാരികവും ധാർമ്മികവുമായ സ്വാതന്ത്ര്യത്തെ സംരക്ഷിക്കുന്നതിനും യഥാർത്ഥ ക്രമസമാധാനത്തെ പുലർത്തുന്നതിനും രാഷ്ട്രത്തിനു കഴിയണം. അന്താരാഷ്ട്രതലങ്ങളിൽ രാഷ്ട്രങ്ങളുടെ ഇടുങ്ങിയ താല്പര്യങ്ങൾക്കതീതമായി ലോകനന്മയെ സംരക്ഷിക്കുന്നതിനുവേണ്ടി യുക്തമായ ഘടനകളും സംഘടനകളും നിലവിൽ വരേണ്ടതാണ്. ഇപ്രകാരം സഭ, ദൈവത്തോടും മനുഷ്യരോടും കടപ്പാടുള്ള ഒരു നേതൃത്വത്തെയും രാഷ്ട്രീയ സംവിധാനത്തെയും വ്യക്തമായി ദർശിക്കുന്നുണ്ട്.

12. സഭയ്ക്ക് എല്ലാ നാഗരികതകളും സംസ്കാരങ്ങളും പ്രത്യയശാസ്ത്രങ്ങളും മതങ്ങളുമായി സംവാദം നടത്തുകയും സുവിശേഷവല്ക്കരിക്കുകയും മാനവീകരിക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്. ഈ മാനുഷിക യാഥാർത്ഥ്യങ്ങളുമായുള്ള സമ്പർക്കങ്ങൾ വഴി സഭ സ്വയം നവീകരിക്കുകയും പരിവർത്തനം ചെയ്യുകയും ചെയ്യുന്നതിനോടൊപ്പം അവൾ നിരന്തരം സുവിശേഷങ്ങളെ മനനം ചെയ്ത് അതിന്റെ മൂല്യങ്ങളെ ജനങ്ങളുടെ ആചാരങ്ങളിന്മേലും, പാരമ്പര്യങ്ങളിന്മേലും, പെരുമാറ്റ രീതികളിന്മേലും ആശയങ്ങളുടെയും മനോഭാവങ്ങളുടെയും മേലും ഭക്തിയുടെയും മതാനുഷ്ഠാനങ്ങളുടെ മേലും മറ്റും പ്രസരിപ്പിക്കേണ്ടതായിട്ടുണ്ട്. കത്തോലിക്കാസഭയും, WCC യും പലപ്പോഴും സംസ്ക്കാരങ്ങളെയും പ്രത്യയശാസ്ത്രങ്ങളെയും മൂല്യങ്ങളെയും പറ്റി പ്രതിപാദിച്ചിട്ടുണ്ട്. പ്രൂബ്ലാ പ്രമാണരേഖയും ജോൺ പോൾ രണ്ടാമനും മനുഷ്യരുടെ മതവിശ്വാസാഭാസത്തെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട. ഈ പ്രതിപാദ്യവിഷയങ്ങൾ

സുവിധിതമായതുകൊണ്ട് ചിന്തോദ്ദീപകമായ ചില ഭാഗങ്ങൾ മാത്രമേ ഞാനിവിടെ ചേർക്കുന്നുള്ളൂ. 'വിധി നിർണ്ണയത്തിനുള്ള മാനങ്ങളെയും, മുൻഗണന അർഹിക്കുന്ന മൂല്യങ്ങളെയും, പ്രത്യേക താൽപര്യങ്ങളുടെ കേന്ദ്രങ്ങളെയും, ചിന്താധാരകളെയും, അഭിനിവേശങ്ങളുടെ ഉറവിടങ്ങളെയും, ജീവിത മാതൃകകളെയും, - അവ ദൈവത്തിന്റെ പദ്ധതികളുമായി വിഘടിക്കുന്നെങ്കിൽ അവയെ മാറ്റുവാൻ സഭ ജനങ്ങളെ പ്രേരിപ്പിക്കണം.' ആധുനിക ലോകം 'മനോഭാവങ്ങളുടെയും, ആശയങ്ങളുടെയും സാർവ്വത്രിക പരിവർത്തനവും' 'ഒരു നൂതന മൂല്യവ്യവസ്ഥിതിയും' 'ചിന്തയിലും പ്രവർത്തനത്തിലുമുള്ള ഒരു വിപ്ലവവും' ആവശ്യപ്പെടുന്നുണ്ട്. എല്ലാ കാര്യങ്ങളിലും സുവിശേഷാധിഷ്ഠിദമായി 'ചിന്തിക്കുന്നതിനെയും, നിർണ്ണയിക്കുന്നതിനെയും, പ്രവർത്തിക്കുന്നതിനെയും' പ്രേരിപ്പിക്കേണ്ട ദൗത്യം സഭയ്ക്കുള്ളതാണ്.

വർഗ്ഗങ്ങളുടെ പക്ഷപാതം കൊണ്ടും ഗോത്രപരവും സാംസ്ക്കാരികവുമായ മുൻവിധി കൊണ്ടും ആശയപരമായ മുൻവിഭാവനകൾകൊണ്ടും - അവ പലപ്പോഴും അചേതനമാണെന്നിരുന്നാൽ തന്നെയും - ക്രൈസ്തവ വിശ്വാസവുമായിട്ട് ഇട കലർന്നിരിക്കുന്നതുകൊണ്ട് ഈ ദൗത്യം ദുഷ്ക്കരവും അന്ത്യം കാണാത്തതുമാണ്. ക്രൈസ്തവന്റെ ചിന്താരൂപങ്ങൾ സുവിശേഷാനുസൃതമായിരിക്കണമെന്നില്ല. കാരണം മിക്കവരും 'അവരുടെ ചിന്താശീലങ്ങൾകൊണ്ടും, പ്രവർത്തനങ്ങൽ കൊണ്ടും നിർണ്ണീതരാണ്''. വർഗ്ഗങ്ങളുടെയും സംസ്ക്കാരങ്ങളുടെയും ഐക്യം കാരണം മറ്റുള്ളവർ അവരുടെ ചുറ്റുപാടുകളെ ഐശ്വര്യങ്ങളും വിധി നിർണ്ണയങ്ങളും സംവരണമെന്യെ പങ്കു വയ്ക്കുന്നു. 'ആരും ഒരിടത്തും ഏതെങ്കിലുമൊരു തരത്തിലുള്ള ആശയാധിഷ്ഠിതമായ വീക്ഷണത്തിൽ നിന്ന് മോചിതനല്ല' എന്നാൽ ക്രിസ്തുവാകട്ടെ 'എല്ലാറ്റിനേയും പുനർ നവീകരിക്കുന്നു. നമ്മുടെ ചിന്തയുടെയും പ്രവർത്തനങ്ങളുടെയും മാനങ്ങളെ അവിടുന്ന് വിധിക്കുകയും ഉപയോഗരഹിതമാക്കിത്തീർക്കുകയും ചോയ്യുന്നു. അദ്ദേഹം നമുക്ക് 'യഥാർത്ഥ സ്വാതന്ത്ര്യം' നല്കുന്നു. അങ്ങനെ സഭ നിരന്തരം സുവിശേഷവൽക്കരിക്കപ്പെടുകയും സുവിശേഷവൽക്കരിക്കുകയും, വിമോചിക്കപ്പെടുകയും ചെയ്യേണ്ടതായിട്ടുണ്ട്....

13. സമൂഹത്തിൽ മൗലികമായ പരിവർത്തനം സാധിക്കാൻ വേണ്ടി സഭ പലതരം മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നുണ്ട്. ഇവയെ മൊത്തത്തിൽ രണ്ടായി തരംതിരിക്കാം. ഒരു വശത്ത് മുകളിൽ നിന്നുള്ള പരിവർത്തനത്തെ, അതായത് ഗവൺമെന്റുകളും, അന്താ

രാഷ്ട്ര സംഘടനകളും, ഉത്തരവാദപൂരിതരായ നേതാക്കന്മാരും, ധനികരുടെയും ശക്തരുടെയും വിദ്യാസമ്പന്നരുടെയും മാനസാന്തരവും വഴി ഉണ്ടാകുന്നതിന് സഭ മുൻ അംഗീകാരം നൽകുന്നുണ്ട്. മറുവശത്ത് അടിയിൽ നിന്നുള്ള പരിവർത്തനത്തിന് അതായത് തൊഴിലാളി സംഘടനകളും പൊതുജനാഭിപ്രായ രൂപവൽക്കരണവും, ബോധവൽക്കരണവും, വിവിധകരത്തിലുള്ള ജനസംഘടനകളും, മനുഷ്യാവകാഷങ്ങളും സാമൂഹ്യനീതിയും, ഘടനാപരമായ വ്യതിയാനങ്ങളും സമഗ്രവിമോചനവും ജനശക്തിയും വളർത്തുന്നതിനുള്ള നീക്കങ്ങളും പോരാട്ടങ്ങളും ഏകകാലത്ത് സഭ അംഗീകരിക്കുന്നുണ്ട്. നമുക്ക് ഗ്രഹിക്കാൻ പാടുള്ളതുപോലെ, ഈ രണ്ട് സമീപനങ്ങളും സഭയുടെ നിലപാടിന്റെ അവശ്യ ഘടകങ്ങളായിത്തീർന്നിട്ടുണ്ട്. രണ്ടാമത്തെ സമീപനത്തിന് ആധുനികകാലത്ത് ലഭിച്ച പ്രചാരണത്തിന് സഭയുടെ പ്രമാണരേഖകൾ ശക്തി നൽകുകയും സാമാന്യവൽക്കരിക്കുകയും ചെയ്യുന്നതോടൊപ്പം സാമൂഹ്യ പരിപർത്തനപ്രക്രിയയിൽ സംഘട്ടനത്തിനുള്ള പങ്കിനെപറ്റി പറയുകയും ചെയ്യുന്നുണ്ട്. 'ഭർസിക്കൽ', 'ഏറ്റുമുട്ടൽ', 'ജനങ്ങളുടെ പോരാട്ടങ്ങൾ', 'ജനപോരാട്ടങ്ങളിലുള്ള സഭയുടെ പങ്കാളിത്തം' തുടങ്ങിയ വിഷയങ്ങൾ മുഖ്യമായിത്തീർന്നിട്ടുണ്ട്. WCC യുടെയും EACC/CCA യുടെയും ചില പ്രധാന പ്രമാണ രേഖകൾ മാറ്റനുള്ള വിപ്ലവാത്മകയ മാർഗ്ഗത്തെ അംഗീകരിക്കുകപോലും ചോയ്തിച്ചുണ്ട്.... നീതിക്കും സമാധാനത്തിനും സ്ഥാപനവൽക്കരിക്കപ്പെട്ടതും, വിപ്ലവാത്മകമായതും മർദ്ദനപരമായതുമായ ബലാൽക്കാരത്തിനും സഭയടെപ്രമാണരേഖകൾ ഉചിതമായ പല ഉൾക്കാഴ്ചകളും നൽകുന്നുണ്ട്. ചില പ്രത്യേകാവസരങ്ങളിൽ വിപ്ലവപരമായ ബലാൽക്കാരത്തിന് സഭ നൈയാമികത നൽകുന്നുണ്ടെങ്കിലും അക്രമരഹിതമായ പ്രവർത്തനങ്ങൾക്കാണ് അവൾ മുൻഗണന നൽകുന്നത്. എന്നാൽ ബലാൽക്കാരത്തിന്റെ ഉപയോഗത്തെപ്പറ്റി കൂടുതൽ വിശാലമനോഭാവം കാണിക്കുന്നു...

സഭയുടെ പ്രമാണരേഖകൾ ഈ വിഷയങ്ങളിൽ വിഭിന്നഭാവങ്ങൾ കാണിക്കുന്നതുകൊണ്ട് കൂടുതൽ സൂക്ഷ്മത കാണിക്കുന്നത് നന്നായിരിക്കും. മുകളിൽ നിന്നുള്ള പരിവർത്തനത്തെ പിൻതാങ്ങുന്നതോടൊപ്പം മാർപ്പാപ്പമാരുടെ ചാക്രികലേഖനങ്ങളും, വത്തിക്കാൻ കൗൺസിലിന്റെ പ്രഖ്യാപനങ്ങളും, മെത്രാന്മാരുടെ സിനഡും, PCJ യും ആധുനിക ലോകത്തിലെ സാമൂഹ്യാവബോധത്തിന്റെ വളർച്ചയേയും, തൊഴിലാളി സംഘടനകളുടെ രൂപവൽക്കരണത്തെയും, ജനങ്ങളുടെ നീക്കങ്ങളെയും സ്വാഗതം ചെയ്തിട്ടുണ്ട്. ചിലയവസരങ്ങളിൽ സംഘട്ടനത്തിന്റെ ക്രിയാത്മകമായ

പങ്കിനെ അവർ അംഗീകരിച്ചിട്ടുണ്ട്. അനിടന്ത്രിതമായ ചൂഷണാവസരങ്ങളിൽ ബലാൽക്കാരത്തിനുള്ള ഗൗരവമായ പ്രലോഭനത്തെയുംഅതിന്റെ നൈയാമികതയെപ്പറ്റിയും പോൾ ആറാമൻ പ്രസ്താവിച്ചിട്ടുണ്ട്.... ലാറ്റിൻ അമേരിക്കയിലെ കത്തോലിക്കാമെത്രാന്മാരും – പിന്നീട്, ഒരു പരിധിവരെ ഏഷ്യയിലെ മെത്രാന്മാരും സാമൂഹ്യ പരിവർത്തനത്തിൽ, അടിയിൽ നിന്നുള്ള പരിവർത്തനത്തിന് ദരിദ്രരുടെയും, മർദ്ദിതരുടെയും പങ്കിനെ അംഗീകരിച്ചുകൊണ്ട് അവരുടെ ബോധവൽക്കരണത്തിനും പ്രവർത്തനസംഘടനയ്ക്കും കൂടുതൽ പ്രാധാന്യം നൽകിയിട്ടുണ്ട്. ഭർത്സിക്കൽ പോരാട്ടം എന്നീ വിഷയങ്ങൾ മുൻനിരയിൽ വന്നു. ജനീവ കോൺഫ്രൻസിന് ശേഷം WCC യുടെയും EACC/CCA യുടെയും ചില പ്രമാണ രേഖകൾ ഒരു പടി കൂടി മുന്നോട്ടു പോയി: അവ ക്രൈസ്തവരുടെ വിപ്ളവാത്മകമായ സമീപനത്തിന്റെ നൈയാമികതയെ അംഗീകരിക്കുകയും, സമൂഹത്തിലുള്ള അധികാരശക്തിയുടെ പ്രശ്നത്തെ വിശകലനം ചെയ്യുകയും, മറ്റു പലതിന്റെയും കൂട്ടത്തിൽ ശക്തി നേടുന്നതിനായി ജനപോരാട്ടങ്ങൾക്കും, ഇത്തരം പോരാട്ടങ്ങളിലുള്ള സഭയുടെ പങ്കാളിത്വത്തിനും പ്രാധാന്യം നൽകുകയും ചെയ്തു.

സുപ്രധാനമായ ചില ഭാഗങ്ങളെ ഒരിക്കൽ കൂടി നമുക്ക് പരിചിന്തന വിഷയമാക്കാം. മനുഷ്യാവകാശങ്ങൾക്കുവേണ്ടിയുള്ള ക്രിയാത്മകമായ നീക്കങ്ങളിലുള്ള സഭയുടെ വലിയ ആദരവിനെപ്പറ്റി രണ്ടാം വത്തിക്കാൻ കൗൺസിലും തൊഴിലാളികളും തൊഴിലാളി വർഗ്ഗങ്ങളുടെയിടയിലുമുള്ള ആദർശഐക്യങ്ങളിലുള്ള അർപ്പണത്തെപ്പറ്റി ജോൺ പോൾ രണ്ടാമനും പ്രസ്താവിച്ചിട്ടുണ്ട്. തൊഴിലിനും മൂലധനത്തിനുമിടയിലുള്ള വസ്തുനിഷ്ഠവും വിശാലവുമായ സംഘട്ടനത്തെ LE അംഗീകരിച്ചിട്ടുണ്ട്. അതോടൊപ്പം തൊഴിലാളി സംഘടനകൾ സാമൂഹ്യനീതിക്കുവേണ്ടിയുള്ള പോരാട്ടത്തിന്റെ ജിഹ്വകളെയെന്നവണ്ണം അല്ലാതെ വർഗ്ഗസമരത്തിന്റെ ഭാഗമായിട്ട് വീക്ഷിക്കരുതെന്ന് പറയുന്നുണ്ട്. വർഗ്ഗസമരം ഉപേക്ഷിക്കുകയെന്നാൽ... സാമൂഹ്യനീതിക്കുവേണ്ടിയുള്ള അഭിമാനകരമായ പോരാട്ടത്തെ സുദൃഢമായി തെരെഞ്ഞടുക്കുകയെന്നതാണ്. പ്രബുദ്ധവും സംഘടിതവുമായ സമൂഹത്തിന്റെ ക്രിയാത്മകതയിൽ പ്രതീക്ഷവെച്ചു കൊണ്ട് തോക്കേ അമേരിക്കയിലെ മെത്രാന്മാർ, അവരുടെ ജനങ്ങൾ തദ്ദേശനിവാസികൾക്കുവേണ്ടിയുള്ള സംഘടനകൾ നിർമ്മിച്ച് വികസിപ്പിച്ച് അവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനും നീതിക്കുവേണ്ടി പോരാടുന്നതിനും പ്രേരണ നല്കി. ദരിദ്രരുടെ പോരാട്ടങ്ങളും പ്രശ്നങ്ങളും സ്വന്തം കാര്യങ്ങളായി അവർ പരിഗണിക്കുകയും വിമോചനത്തിനും വികസനത്തിനും ഉള്ള

പ്രധാന വക്താക്കളായി അവരെ വീക്ഷിക്കുകയും ചെയ്തു. ഏഷ്യയിലെ മെത്രാന്മാരും തൊഴിലാളികളെയും കൃഷിവലന്മാരെയും അവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനുള്ള പ്രചോദനങ്ങളിലും സംഘടനകളിലും അവരെ സഹായിക്കുന്നതിനും തീരുമാനിച്ചു. ചിലരിങ്ങനെ പ്രസ്താവിച്ചു. വിഘടിച്ചു നില്ക്കുന്ന താല്പര്യങ്ങളുള്ളിടത്ത് പോരാട്ടം സാധാരണമാണ്. സാമൂഹ്യ പ്രവർത്തനം മിക്കപ്പോഴും ജനങ്ങളും അധികാരികളും തമ്മിലുള്ള യഥാർത്ഥ സംഭാഷണത്തിനുള്ള അവശ്യമായ ഉപാധിയാണ്... ഈ കാര്യത്തിൽ നമ്മുടെ ദൗത്യം പിൻതുണ നല്ക്കുകയെന്നതാണ്. പോരാട്ടം വളർച്ചയുടെ അടയാളമാണ്. ഇന്ത്യയിലെ മെത്രാന്മാർ ചൂണ്ടിക്കാണിക്കുന്നതുപോലെ, ജനങ്ങളുടെ പോരാട്ടങ്ങളിലും നീക്കങ്ങളിലും ദൈവത്തിന്റെ പദ്ധതി യാഥാർത്ഥീകരിക്കപ്പെടുന്നു.

WCCയുടെ പ്രമാണരേഖകൾ നിലവിലിരിക്കുന്ന ശക്തി ദുർഗ്ഗങ്ങളുടെ പക്ഷഭേദങ്ങളെ എടുത്തുകാട്ടുകയും ജനശക്തിയുടെ ആവശ്യത്തെ വിളിച്ചറിയിക്കുകയും ചെയ്യുന്നുണ്ട്. അവികസിത രാജ്യങ്ങളിൽ ഏറെപ്പേർ പട്ടിണിയിലാണ്. കാരണം ഭൂസ്വത്ത് കൈവശം വെയ്ക്കുകയും വ്യവസായം നിയന്ത്രിക്കുകയും മുഖ്യ നയങ്ങൾ തീരുമാനിക്കുകയും ചെയ്യുന്നത് ചെറിയ ഒരു വിഭാഗമാണ്...... ഗവൺമെന്റുകൾ തല്പരകക്ഷികളുടെയും പൊതുനയങ്ങളുടെയും..... പ്രതിനിധികളുടേതായതുകൊണ്ട്.... ധനികരേയും ശക്തരേയും അനുകൂലിക്കുന്നതിനും സഹായിക്കുന്നതിനും പ്രേരിതമാകുന്നു. ഇപ്രകാരമുള്ള അനീതികൾ രാജ്യത്തിനുള്ളിലും രാജ്യങ്ങൾ തമ്മിലുമുള്ള അധീശാധികാരത്തിനും വിധേയത്വത്തിനും കാരണമായ ഘടനകളെയും സ്ഥിതിവിശേഷങ്ങളെയും അതിജീവിക്കുന്നതിനുള്ള ജനങ്ങളുടെ നീക്കങ്ങളെ ജനിപ്പിക്കുന്നു. 'അനീതിക്കും മർദ്ദനത്തിനുമെതിരായിട്ടുള്ള പോരാട്ടം, അധികാര ശക്തികളും അവ കൈകാര്യം ചെയ്യുന്നതിനുമായുള്ള ഏറ്റുമുട്ടലുകളെ അനിവാര്യമാക്കിത്തീർക്കുന്നു.' സ്വന്തം അവകാശ സംരക്ഷണത്തിനുവേണ്ടിയുള്ള ജനങ്ങളുടെ പോരാട്ടമാണ് മൗലികമായ പ്രാധാന്യം അർഹിക്കുന്നത്.' മർദ്ദനത്തെ അവസാനിപ്പിക്കുന്നതിനുള്ള മനസ്സും ശക്തിയും ഉത്ഭൂതമാകുന്നത് സ്വന്തം ജീവിതത്തിൽ അത് സഹിച്ചവരിൽനിന്നാണ്. അല്ലാതെ വിശേഷാനുകൂല്യങ്ങളനുഭവിക്കുന്ന വ്യക്തികളിൽ നിന്നോ ഗ്രൂപ്പുകളിൽനിന്നോ രാഷ്ട്രങ്ങളിൽ നിന്നോ അല്ല.' 'ശക്തികൂടാതെ പങ്കാളിത്തം അസാധ്യമാണ്.' 'അതുകൊണ്ട് രാഷ്ട്രീയവും സാമ്പത്തികവുമായ ശക്തിയുടെ വിതരണം പങ്കാളിത്വത്തിന്റെ ഒരാവശ്യ ഘടകമാണ്.' ആധുനിക കാലഘട്ടം 'രണ്ടാമത്തെ വിമോചനത്തിനു' വേണ്ടിയുള്ള, അതായത്, 'സ്വന്തം സമൂ

ഹങ്ങളിൽ നടക്കുന്ന കാര്യങ്ങളെ നിശ്ചയിക്കുന്നതിനുള്ള ശക്തി സംഭരിക്കുന്നതിനുള്ള പോരാട്ടത്തിന്റെ കാലഘട്ടമാണ്.' 'ജനസംഘടനകളുടെ നിർമ്മാണവും ജനപോരാട്ടങ്ങളിലുള്ള മനുഷ്യരുടെ ഉൾച്ചേരലും, ശക്തിയിലും അധികാരത്തിലും അവർക്കുള്ള ന്യായമായ വിഹിതം ലഭിക്കുന്നതിന് ആവശ്യമാണ്.' 'സമാധാനവും, വിമോചനവും, നീതിയും പ്രാപിക്കുന്നതിന് പോരാട്ടങ്ങൾ മിക്കപ്പോഴും ആവശ്യമായിവരും.' 'എല്ലാ ഐശ്ചികവും ത്യാഗം ആവശ്യപ്പെടുന്നുണ്ട്. എല്ലാ വ്യതിയാനവും അതുപോലെതന്നെ പോരാട്ടവും ആവശ്യപ്പെടുന്നുണ്ട്. ചരിത്രത്തിന്റെയും സുവിശേഷങ്ങളുടെയും സന്ദേശമിതാണ്.'

നീതിക്കും, വിമോചനത്തിനും, അധികാരത്തിനും വേണ്ടിയുള്ള ജനപോരാട്ടങ്ങൾ ദൈവതിരുമനസ്സസിനോട് അനുരൂപമായിരിക്കുന്നതുകൊണ്ട് സഭയുടെ സമ്പൂർണ്ണമായ പിന്തുണ അവർക്കു ലഭിക്കേണ്ടതാണ്. 'മനുഷ്യാവകാശങ്ങൾക്കു വേണ്ടിയുള്ള ക്രൈസ്തവരുടെ പോരാട്ടം യേശുക്രിസ്തുവിനോടുള്ള മൗലികമായ ഒരു പ്രത്യുത്തരമാണ്.' ദരിദ്രരോടും, മർദ്ദിതരോടും, തിരസ്കൃതരോടും ഉള്ള അർപ്പണത്തിൽ ക്രിസ്തുവിനെ പിൻചെല്ലുവാനും, കുരിശെടുക്കുവാനും ദൈവം തന്റെ സഭയം ആഹ്വാനം ചെയ്യുന്നു. 'നൈയാമികമായ അവകാശലബ്ദിക്കു വേണ്ടിയുള്ള വ്യക്തികളുടെയും ഗ്രൂപ്പുകളുടെയും ജനങ്ങളുടെയും പോരാട്ടങ്ങളിൽ അവർക്കു പിന്തുണ നല്കുവാനുള്ള മാർഗ്ഗങ്ങൾ സഭ കണ്ടെത്തേണ്ടതാണ്. 'എല്ലാ മനുഷ്യർക്കും തീരുമാനങ്ങളെടുക്കുവാനുള്ള അവകാശവും അധികാരവും ദൈവം നല്കിയിട്ടുണ്ട്.' ദൈവരാജ്യത്തിന്റെ സുവിശേഷം ഈ ലോകത്തിലെ പോരാട്ടങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നതുകൊണ്ട്, നിലവിലിരിക്കുന്ന മനുഷ്യപോരാട്ടങ്ങളിൽ സഭ മുഴുവനായി ഉൾച്ചേരുകയും, അവയിലുള്ള ദൈവത്തിന്റെ വിമോചനത്തിന്റെയും അനുരഞ്ജനത്തിന്റെയും സന്ദേശം വ്യക്തമാക്കുകയും ചെയ്യേണ്ടതാണ്. 'ജനപോരാട്ടങ്ങളുടെ പങ്കാളിത്തം സഭയുടെ സഭയുടെ സമ്പൂർണ്ണ ദൗത്യത്തിലെ കേന്ദ്രബന്ദുവാണ്.' അതുകൊണ്ട് സഭകൾ 'ദരിദ്രരുടെ പോരാട്ടങ്ങളിൽ ആദർശൈക്യമുള്ള സഭകളായിത്തീരുകയും ദാരിദ്ര്യത്തിനും ചൂഷണത്തിനും എതിരായുള്ള പോരാട്ടങ്ങളിൽ - അവ സഭകളുടെയൊ, ഗവൺമെന്റുകളുടെയൊ, രാജ്യാന്തര കോർപ്പറേഷനുകളുടെയോ ആയാലും - ചേരുകയും വേണം.' 'ദാരിദ്ര്യത്തിനും, അനീതിക്കും, മർദ്ദനത്തിനുമെതിരായിട്ടുള്ള ഏഷ്യയിലെ പോരാട്ടങ്ങളിൽ സഭ പങ്കുകൊള്ളണമെന്ന് ആഗ്രഹിക്കുന്നത് ദൈവം തന്നെയാണ്.' ഏഷ്യയിലെ സഭ അതുകൊണ്ട് മാനവീകരണത്തിനു പോരാടുന്ന ജനങ്ങളോട് ചേരു

ന്നതിന് ആവശ്യമായ ധൈര്യവും, മഹാമനസ്കതയും കണ്ടെത്തേണ്ടതാണ്. 'ബലഹീനരായവർക്ക് ബലം പ്രദാനം ചെയ്തുകൊണ്ട് ശക്തികളുടെ അസന്തുലിതാവസ്ഥയെ ഉന്മൂലനം ചെയ്ത് കൂടുതൽ നീതിയും മാനുഷികതയും നിറഞ്ഞ ഒരു സമൂഹത്തെ കെട്ടിപ്പടുക്കുന്നതിനായിരിക്കണം ഊന്നൽ നല്കേണ്ടത്.' ദരിദ്രരുമായിട്ടുള്ള ദൈവത്തിന്റെ ആദർശൈക്യമാണ് നമ്മുടെ പ്രത്യാശയുടെ ഉറവിടം. സമ്പൂർണ്ണ വിമോചനത്തിനായുള്ള പോരാട്ടത്തിൽ പങ്കെടുക്കുവാൻ അത് നമ്മെ പ്രേരിപ്പിക്കുന്നു. 'മനുഷ്യ പോരാട്ടങ്ങളിലുള്ള ഭാഗഭാഗിത്തംവഴി ക്രൈസ്തവർ ദൈവത്തെപ്പറ്റിയുള്ള നവമായ അവബോധവും, ഈ ലോകത്തെപ്പറ്റിയുള്ള നിരൂപണാത്മകമായ ധാരണയും പ്രാപിച്ച് ദൈവശാസ്ത്രപരമായി വിചിന്തനം ചെയ്യാൻ പ്രാപ്തരായിത്തീരുന്നു.

WCC യുടെ ചില പ്രമാണരേഖകൾ, അതുകൊണ്ട് മാറ്റത്തിനുവേണ്ടിയുള്ള വിപ്ലവപരവും ചിലപ്പോൾ അക്രമാസക്തവുമായ സമീപനത്തെ ന്യായീകരിക്കുന്നു. മൗലീകവും വിപ്ലവാത്മകവുമായ ഈ നിലപാടിനു സഭയുടെ പാരമ്പര്യത്തിൽ ഈടുറ്റ ആലംബം ഉള്ളതുകൊണ്ട് അതിന് സഭയുടെ ജീവിതത്തിൽ യഥാർത്ഥമായ സ്ഥാനവും സാമൂഹ്യ ദൗത്യങ്ങളെപ്പറ്റി നടന്നുകൊണ്ടിരിക്കുന്ന ചർച്ചകളിൽ പ്രാമാണ്യതയും ലഭിക്കേണ്ടതാണ്. 'ക്രൈസ്തവന് സ്വീകരിക്കാവുന്ന ഏക നിലപാട് സമ്പൂർണ്ണ അക്രമരാഹിത്യത്തിന്റേതാണെന്നു പറയാവുന്നതല്ല. ക്രൈസ്തവർ അന്ത്യമോപാധിയായി ബലാൽക്കാരത്തിൽ ഉൾപ്പെടേണ്ട അവസരങ്ങൾ ഉണ്ടാകാം.' ആധുനിക ലോകത്തിലെ പല സാഹചര്യങ്ങളും മനുഷ്യരെ അനീതിപൂണ്ട വ്യവസ്ഥിതിക്കെതിരായിട്ടുള്ള പ്രക്ഷോഭണത്തിന് നിർബന്ധിക്കുന്നുണ്ട്. പ്രതിഷേധിക്കുവാനുള്ള അവകാശത്തെ ക്രൈസ്തവർ അംഗീകരിച്ചിട്ടുണ്ട്.... മൊത്തത്തിൽ, ബലപ്രയോഗത്തെ സഭകൾ അപലപിച്ചിട്ടില്ല. 'വിപ്ലവത്തെ അക്രമവുമായിട്ടു താദാത്മ്യപ്പെടുത്താനാവുന്നതല്ല.... ഭരണവിഭാഗം മർദ്ദകരൊ, ജനാഭിലാഷങ്ങളെ മാനിക്കാത്തവരൊ ആയ രാജ്യങ്ങളിൽ വൈദേശിക ഘടകങ്ങളാൽ പിൻതാങ്ങപ്പെട്ടു ബലത്തിന്റെയും, ഭീഷണിയുടെയും മാർഗ്ഗങ്ങളിലൂടെ എല്ലാ വ്യതിയാനങ്ങളെയും എതിർക്കുന്ന അവസരങ്ങളിൽ വിപ്ലവാത്മകമായ പരിണാമങ്ങൾ അക്രമാസക്തമാകാനിടയുണ്ട്.....'

അതുകൊണ്ട് WCC ക്രമാഗതമായി ബലത്തിന്റെയും, സംഘട്ടനത്തിന്റെയും, വിപ്ലവത്തിന്റെയും, അക്രമത്തിന്റെയും, ഒരു വിശകലനത്തെയും, ദൈവവിജ്ഞാനീയത്തെയും വികസിപ്പിച്ചെടുക്കുകയാണെന്ന് നമുക്ക് കാണാവുന്നതാണ്. മനുഷ്യപ്പോരാട്ടങ്ങൾക്കും

വിപ്ലവങ്ങൾക്കും ഉള്ള പിന്തുണയും സുവിശേഷവത്കരണവും സഭയുടെ ദൗത്യത്തിന്റെ സുപ്രധാനമായ ഒരു മാനമാണ്.

14. സുവിശേഷവും ആധുനിക കാലത്തെ നാടകീയമായ സ്ഥിതി വിശേഷവും ദരിദ്രരോടും മർദ്ദിതരോടുമായിട്ടുള്ള നിർണ്ണായകവും സ്ഥൂലവുമായ ഐച്ഛികം സ്വീകരിക്കുവാൻ സഭയെ പ്രേരിപ്പിക്കുന്നുണ്ട്. ഈ നിശ്ചയത്തിന്റെയും മുൻഗണനയുടേയും പ്രകാശത്തിൽ സഭ താഴെ കൊടുക്കുന്ന ഉപാധികൾ സ്വീകരിക്കേണ്ടതാണ്: സാംസ്കാരികവും, സാമ്പത്തികവും, രാഷ്ട്രീയവുമായ ശക്തികളിൽനിന്ന് സ്വയം സ്വതന്ത്രയാകുക; സ്വന്തം ജീവിതരീതി ലളതമാക്കി ദരിദ്രരുമായിട്ടുള്ള അടുത്ത സമ്പർക്കത്തിൽ കഴിയുക, - അവരുടെ (ദരിദ്രരുടെ) ജീവിതശൈലിയിലും തൊഴിലിലും ഇടയ്ക്കിടെ പങ്കു കൊള്ളുക- അവർക്ക് ലഭ്യമാക്കിക്കൊണ്ട്, മർദ്ദിതർക്കുവേണ്ടി സേവനം ചെയ്യുന്നതിനായി അവരുടെ പ്രശ്നങ്ങളുടെ അടിസ്ഥാനകാരണങ്ങളെ ദുരീകരിക്കുന്നതിനായി സ്വന്തം ആളുകളേയും അർത്ഥത്തേയും വിനിയോഗിക്കുക; സാമൂഹ്യപരിവർത്തനത്തിനും ഘടനാപരമായ വ്യതിയാനത്തിനും ഉള്ള ഉപാധികളായിത്തീരുന്നതിനുവേണ്ടി നിലവിലിരിക്കുന്ന സ്ഥാപനങ്ങളെയെല്ലാം പുർനിർണ്ണയം ചെയ്യുകയും പുനപരിശോധന നടത്തുകയും ചെയ്യുക, ഈ ലക്ഷ്യങ്ങൾക്കു വേണ്ടിയുള്ള പുതിയ ഘടനകളെയും സ്ഥാപനങ്ങളെയും നിർമ്മിക്കുക, നീതിക്കുവേണ്ടി സാക്ഷ്യം നല്കുകയും ബോധനം നല്കുകയും ചെയ്യുക, അവസാനമായി ദരിദ്രരുടേയും മർദ്ദിതരുടേയും നീതിയുക്തമായ പോരാട്ടങ്ങളിൽ അവരോടൊത്ത് പങ്കുചേരുകയും ചെയ്യുക, എന്നിവയാണവ. നീതിക്കും സ്വാതന്ത്ര്യവും, പങ്കാളിത്തവും സംശയരഹിതമായി സഭയിൽ അഭ്യസിക്കപ്പെടണം. ദരിദ്രർക്കും, തൊഴിലാളികൾക്കും, കൃഷീവലന്മാർക്കും, സ്ത്രീകൾക്കും, ചെറുപ്പക്കാർക്കും ന്യൂനപക്ഷങ്ങൾക്കും -അല്മേനികൾക്കും-സഭയിൽ ശബ്ദമുണ്ടാവുകയും അവ കേൾപ്പപ്പെടുകയും വേണം. ചുരുക്കത്തിൽ, സഭ ദരിദ്രമായിത്തീരുകയും, ദരിദ്രരുടേതായിത്തീരുകയും ചെയ്തുകൊണ്ട് ദരിദ്രരോടും മർദ്ദിതരോടുമുള്ള ദൈവത്തിന്റെ മുൻഗണനാപരമായ താല്പര്യത്തിനും പ്രവർത്തനത്തിനുമുള്ള യഥാർത്ഥസാക്ഷിയും ഉപകരണവുമായിത്തീരണം.

സഭയുടെ ആധുനിക കാലത്തെ പ്രമാണ രേഖകളിൽ ഈ ഉൾക്കാഴ്ചകളെല്ലാം സർവ്വ സാധാരണമാണ്. മെഡെലിനിലും, പ്യൂബ്ളായിലും, തെക്കെ അമേരിക്കയിലെ മെത്രന്മാർ ദരിദ്രരോടുള്ള ആദർശ ഐക്യവും മുൻഗണനയും പ്രകടിപ്പിക്കുന്ന പ്രവാചക തുല്യമായ ഐച്ഛികം സ്വീകരിച്ചിട്ടുണ്ട്. ദരിദ്രരുടെ സമ്പൂർണ്ണ

വിമോചനത്തെ ലക്ഷ്യമാക്കുന്ന ദരിദ്രരോടുള്ള മുൻഗണനാപരമായ ഐ്ശ്ചികത്തിലേയ്ക്ക് സഭ മുഴുവനും പരിവർത്തനം ചെയ്യപ്പെടേണ്ടിയിരിക്കുന്നു. ദരിദ്രരോടുള്ള സുവിശേഷ പ്രഘോഷണമാണ് യേശുവിന്റെ ദൗത്യത്തിന്റെ മഹത്തരമായ അടയാളവും തെളിവുമെന്നു മാത്രമല്ല നമ്മുടെ ക്രിസ്തു അനുകരണത്തിന്റെ സവിശേഷമായ അളവുകോലും. ജോൺപോൾ രണ്ടാമന്റെ വാക്കുകളിൽ ലോകമെങ്ങുമുള്ള സഭ ദരിദ്രരുടെ സഭയായിത്തീരുവാൻ ആഗ്രഹിക്കുന്നു. മാനുഷീകവും ക്രൈസ്തവവുമായ ഈ ഐശ്ചികം സഭയുടെ ഏറ്റവും വലിയ ആഗ്രഹത്തെ പ്രകടിപ്പിക്കുന്നു. ഏഷ്യയിലെ മെത്രാന്മാരും ദരിദ്രരുടെ സഭയെയാണ് സ്വാഗതം ചെയ്തിരിക്കുന്നത്. കാരണം, ബോധപൂർവ്വം എടുത്ത ഒരു ഐശ്ചികത്തിലൂടെ മാത്രമെ ഇത് യഥാർത്ഥവല്ക്കരിക്കപ്പെടുകയുള്ളൂ. ക്രിസ്തു ദരിദ്രരുടെയും മർദ്ദിതരുടെയും പക്ഷം ചേരുന്നതു കൊണ്ട്, സഭ മറ്റാരും ധൈര്യപ്പെടാത്ത സ്ഥലങ്ങളിൽ സംസാരിക്കണമെന്ന് ഉപ്പ്സാലാ അസ്സംബ്ളി എടുത്തു പറയുന്നുണ്ട്. ദരിദ്രർക്കും മർദ്ധിതർക്കും മുൻഗണന നല്കുന്നതുവഴി ദൈവനീതി പ്രഥമത അഭ്യസിക്കപ്പെടുന്നെന്ന് WCC ചില റിപ്പോർട്ടുകൾ പറയുന്നു. ദരിദ്രരുമായുള്ള ഐക്യ ബന്ധത്തെ തിരഞ്ഞെടുത്തു കൊണ്ട് വസ്തുനിഷ്ഠമായ പ്രവർത്തനങ്ങളിലൂടെ അവരുടെ പോരാട്ടങ്ങളിൽ ചേരുവാൻ സഭകൾ ക്ഷണിക്കപ്പെടുന്നുണ്ട്. ക്രിസ്തുവിനെപ്പോലെ നമ്മളും ദരിദ്രരുടെയും മർദ്ധിതരുടെയും ഭാഗത്തായിരിക്കണം. കാരണം, അവിടുത്തെ മുൻഗണനകൾ വ്യക്തമായിരുന്നു. ഏഷ്യയിലെയും ഇന്ത്യയിലെയും, പ്രമാണരേഖകൾ തത്തുല്യമായ രീതിയിൽ സംസാരിക്കുന്നുണ്ട്. മർദ്ദിതരുടെ ഭാഗത്തായിരിക്കുകയെന്നതാണ് സഭയുടെ ആധുനിക കാലഘട്ടത്തിലെ പ്രധാനമായ വിളി. 'ജനങ്ങളോടൊന്നിച്ച് ക്രിസ്തുവിൽ ജീവിക്കുകയെന്നു വെച്ചാൽ മർദ്ദനത്തിന് വിധേയരായവരുടെ കൂടെ നില്ക്കുക എന്നതാണ്.'

ഈ നിലപാടിന്റെ പ്രായോഗിക വിവക്ഷകളെപ്പറ്റി എടുത്തുകാട്ടുന്നത് നന്നായിരിക്കും. 'സമ്പത്തിന്റെയും ചങ്ങലകളിൽ നിന്ന് അരൂപിയിലും ചൈതന്യത്തിലും സ്വതന്ത്രമായിരിക്കുവാൻ ഞങ്ങൾ (സഭ) ആഗ്രഹിക്കുന്നു.' 'ഭൗതിക ശക്തികളിൽനിന്ന് കൂടുതൽ കൂടുതൽ സഭ സ്വതന്ത്രമാകേണ്ടതുണ്ട്.' ദരിദ്രരോടുള്ള ഐശ്ചിക സ്ഥാപിത താത്പര്യങ്ങളോടും അല്ലെങ്കിൽ സ്ഥാപനങ്ങളോടും, അവ മതപരവും, സാമ്പത്തികവും, സാമൂഹികവും, രാഷ്ട്രീയവുമാകാം, എതിരിടേണ്ട സാഹസം ഉൾക്കൊള്ളുന്നുണ്ട്. എന്നിരിന്നാലും നമ്മുടെ കർത്താവു ചെയ്തതുപോലെ ദൈവരാജ്യത്തിന്റെ വളർച്ചയ്ക്കുവേണ്ടി എല്ലാം നഷ്ടമാക്കാൻ നാം ഒരുങ്ങിയിരിക്ക

ണം. പറയുവാനോ പ്രവർത്തിക്കുവാനോ സാധിക്കാത്തവിധം ഏതെങ്കിലും പാർട്ടി, ഗവൺമെന്റ്, വർഗ്ഗം അഥവാ പ്രത്യയശാസ്ത്രം എന്നിവയോട് ബന്ധപ്പെട്ട് കിടക്കുമ്പോൾ സഭ രാഷ്ട്രീയമായിത്തീരുകയാണ്. സഭകൾ ബലം അഥവാ ശക്തി ഉപയോഗിക്കുന്നതിനുള്ള അടിസ്ഥാനപരമായ മാനം ദരിദ്രരുടെയും മർദ്ദിതരുടെയും നന്മയും അവരുടെ വിമോചനവുമായിരക്കണം. നമ്മെത്തന്നെ ലഭ്യരാക്കിക്കൊണ്ട് ദരിദ്രരോട് കൂടുതൽ ചേർന്നിരിക്കുവാൻ നാം ആഗ്രഹിക്കുന്നു. ഏറ്റവും ദരിദ്രരായവർക്കും, ഏറ്റവും ആവശ്യം അർഹതയുള്ള വിഭാഗത്തിനും മുൻഗണന നല്കിക്കൊണ്ടു വിഭവങ്ങളെയും ശ്ലൈഹിക പ്രവർത്തനത്തിനുള്ള വ്യക്തികളെയും വിതരണം ചെയ്യുന്നതിന് സഭ തയ്യാറാണ്... സന്യാസികൾ അവരുടെ സമ്പത്തിനെ മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും അവരുടെ കെട്ടിടങ്ങളെയും ഉപകരണങ്ങളെയും മനുഷ്യ സമൂഹത്തിന്റെ സേവനത്തിനായി നീക്കിവയ്ക്കുകയും ചെയ്യേണ്ടതാണ്. എല്ലാ പ്രാദേശിക സന്യാസ സമൂഹവും അവരുടെ കെട്ടിടങ്ങളെയും ഉപകരണങ്ങളെയും മനുഷ്യ സമൂഹത്തിന്റെ സേവനത്തിനായി നീക്കിവയ്ക്കുകയും ചെയ്യേണ്ടതാണ്. എല്ലാ പ്രാദേശിക സന്യാസ സമൂഹവും അവരുടെ കെട്ടിടങ്ങളുടെയും ഭൂമിയുടെയും ഉപയോഗത്തെപ്പറ്റിയും അവിടെയുള്ള തൊഴിലാളികളുടെ വേതന പട്ടികയെപ്പറ്റിയും നിരൂപണ ബുദ്ധ്യാ തങ്ങളോടുതന്നെ ചോദ്യങ്ങൾ ചോദിക്കേണ്ടതാണ്. 'സഭയുടെ സ്ഥാപനങ്ങൾ സാമൂഹ്യ നീതിയുടെ മാതൃകകളായിത്തീരണം.' നമ്മുടെ പൗരാണിക സ്ഥാപനങ്ങൾ നീതി നിറഞ്ഞ ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിനുള്ള യഥാർത്ഥ സാക്ഷികളായിത്തീരുന്നതിനു വേണ്ടിയും, സാമൂഹ്യ പരിവർത്തനത്തിനുള്ള ഫലപ്രദമായ ഉപകരണങ്ങളായിത്തീരുന്നതിനു വേണ്ടിയും അവയെ നാം തുടരെ വിലയിരുത്തണം. സാമൂഹ്യ നീതിക്കു വേണ്ടിയുള്ള പര്യാന്വേഷണത്തിൽ പഴയ ശ്ലൈഹിക വേലകൾ ഉപേക്ഷിച്ച് പുതിയ തരം പ്രവർത്തനങ്ങൾ സ്വീകരിക്കുവാൻ പോലും നാം തയ്യാറാകണം. ശുശ്രൂഷകളുടെ ഉരക്കല്ല് ക്രിസ്തുവിനോടുള്ള വിശ്വസ്തതയും മനുഷ്യരുടെ ആവശ്യങ്ങളും ആയിരിക്കണം.

15. സഭ, ഇന്നത്തെ ലോകത്തെ അവളുടെ സാമൂഹ്യ സേവനങ്ങളോട് വിശ്വസ്തതയായിരിക്കുന്നതിനുവേണ്ടി, എല്ലാ ക്രൈസ്തവരും, ദൈവവിശ്വാസികളും, സന്മനസ്സുള്ള എല്ലാ മനുഷ്യരും തമ്മിലുള്ള സംവാദവും, സഹകരണവും പരിപോഷിപ്പിക്കണം. അവൾ യാഥാർത്ഥ്യ ബോധത്തോടെ, എന്നാൽ മുഴുഹൃദയത്തോടും കൂടെ വിവിധ സംസ്കാരങ്ങളിലും, ഭാഷകളിലും, ജാതിയിലും, പ്രത്യയശാസ്ത്രങ്ങളിലും, ഘടനകളിലും പെട്ട മനുഷ്യർ തമ്മിലുള്ള അനു

രഞ്ജനത്തെയും, ഐക്യത്തെയും, സൗഹാർദ്ദത്തെയും ഊട്ടിവ ളർത്തുകയും, മതേതരശക്തികളോടും, സംഘടനകളോടും, പ്രസ്ഥാ നങ്ങളോടും ചേർന്ന് സഹിഷ്ണതയോടെ പ്രവർത്തിക്കുകയും വേണം. ക്രൈസ്തവമതം ഉൾപ്പെടെയുള്ള എല്ലാമതങ്ങളെയും പ്രത്യയശാസ്ത്രങ്ങളെയും, മാനുഷിക യാഥാർത്ഥ്യങ്ങളെയും, അവ യുടെ വിഗ്രഹാരാധനപരവും, വിഘടനാത്മകവുമായ ചായ്വുക ളിൽ നിന്നും മോചിപ്പിക്കുന്നതിന് സഭ സഹായിക്കണം. വളരെ എളുപ്പത്തിലുള്ള ഒത്തുതീർപ്പുകൾ കൊണ്ടും, ഉപരിപ്ലവമായ ഐക്യംകൊണ്ടും, തൃപ്തിപ്പെടുത്തുന്നതിന് പക്ഷം അടിസ്ഥാന പരമായ പ്രശ്നങ്ങളെ ശരിയായ വിധത്തിൽ അഭിമുഖീകരിക്കുന്ന തിൽ വിജയിക്കുകയും അതേ സമയം തന്നെ സഭയ്ക്കുള്ളിൽത്ത ന്നെയുള്ള അഭിപ്രായ വ്യത്യാസങ്ങളെയും, സംഘർഷങ്ങളെയും (Tension) പരിഹരിച്ച് ശരിയായ സാർവ്വത്രികത കൈവരിക്കുകയും ചെയ്യുകയാണെങ്കിൽ സഭയ്ക്ക് ഇന്നത്തെ ലോകത്ത് വളരെ പ്രധാ നപ്പെട്ട ഒരു പങ്കു വഹിക്കുവാൻ സാധിക്കൂ. ഒരു പുതിയ സമൂഹ ത്തിനുവേണ്ടി നിലകൊള്ളുന്ന എല്ലാവരെയും ഒന്നിച്ചു ചേർത്തുള്ള ഒരു ആഗോള പ്രസ്ഥാനത്തിനു മാത്രമേ ഇന്നിന്റെ വലിയ വെല്ലു വിളികൾക്ക് ഉത്തരം നൽകുവാൻ സാധിക്കുകയുള്ളൂ.

സംവാദത്തിനായുള്ള ആഹ്വാനം വളരെ പ്രശസ്തമായതു കൊണ്ട് തെരഞ്ഞെടുത്തിരിക്കുന്ന ഭാഗം പ്രധാനമായും അതിലു ണ്ടാകാവുന്ന ബുദ്ധിമുട്ടുകളെയും വളച്ചൊടിക്കലുകളെയും കുറി ച്ചാണ് പ്രതിപാദിക്കുന്നത്. 'കൂടുതൽ നീതിപൂർണ്ണവും, സാഹോ ദര്യ പൂർണ്ണവുമായ ഒരു പുതിയ ലോകത്തെ കെട്ടിപ്പടുക്കുന്നതിൽ ഞങ്ങളോടൊത്ത് പ്രവർത്തിക്കുവാൻ ഞങ്ങൾ എല്ലാ മനുഷ്യരോ ടും, താഴ്മയോടെ, വളരെ തീക്ഷ്ണമായി അഭ്യർത്ഥിക്കുന്നു.' 'രാഷ്ട്രങ്ങളും ചേരികളും പ്രത്യയശാസ്ത്രങ്ങളും തമ്മിലുള്ള സംവാദവും തുറന്ന മനസ്ഥിതിയും, സുരക്ഷിതത്വത്തിനും സഹ വർത്തിത്വത്തിനും വേണ്ട അത്യന്താപേക്ഷിതമായ ഒരു ഘടകമാ ണ്.' 'രാഷ്ട്രീയ പ്രശ്നങ്ങൾ തിരിച്ചറിയാൻ വയ്യാത്ത വിധം അവ്യ ക്തമായതുകൊണ്ട്' പലപ്പോഴും തീരുമാനമെടുക്കലിൽ വളരെ ആഴ മായ ധാർമ്മിക പ്രശ്നങ്ങളും, മൂല്യങ്ങൾ തമ്മിലും, വിധേയത്വ ങ്ങൾ തമ്മിലുള്ള ശക്തമായ സംഘട്ടനങ്ങൾ' ഉണ്ടാകാറുണ്ട്. നമ്മുടെ ക്രിസ്തീയ വിശ്വാസം സമൂഹസേവനത്തിനുവേണ്ടി ഒരു പൊതുവായ അടിത്തറയും, കാതലായ മനോഭാവങ്ങളും, പൊതു വായ ലക്ഷ്യങ്ങളും നമുക്കു നൽകുന്നു. 'എന്നാൽ പ്രത്യേകമായ സാമൂഹിക പ്രശ്നങ്ങളിൽ അത് നമുക്കൊരെളുപ്പമായ നിർദ്ദേശം തരുന്നില്ല. പ്രത്യേകമായ സാഹചര്യങ്ങളിൽ സ്വീകരിക്കാവുന്ന

ധാരാളം വഴികൾ അതിനുണ്ട്.' എല്ലാ മതങ്ങളും തത്വശാസ്ത്രങ്ങളും, വിഭാഗീയമായ ചിന്താഗതികൾ രൂപപ്പെടുത്തുന്നതിന് ഇടയായേക്കാം. തത്വശാസ്ത്രങ്ങളുമായുള്ള സംഭാഷണം സഭയ്ക്ക് അതിൽ തന്നെയുള്ള സ്വഭാവമാണ്. 'സഭ രാഷ്ട്രീയമായും, ആശയപരമായുള്ള മതിലുകൾക്കതീതമാണെങ്കിലും, രാഷ്ട്രങ്ങളുടെ രാഷ്ട്രീയവും, ആദർശപരവുമായ സംഘട്ടനങ്ങളിൽ ആഴമായി ബന്ധപ്പെട്ടുകൊണ്ടാണിരിക്കുന്നത്.' ക്രിസ്ത്യാനികൾ, തങ്ങൾ വസിക്കുന്ന സമൂഹങ്ങളുടെ തത്വശാസ്ത്രപരമായ കാഴ്ചപ്പാടുകളിൽ നിന്നും ഒരു പുതിയ രീതിയിൽ ഉയർന്നിരിക്കണം.' സഭയിലുള്ള സമാധാനം യഥാർത്ഥ പ്രശ്നങ്ങളെ മറന്നുകൊണ്ടുള്ള ഒരു ഒത്തുതീർപ്പല്ല. സത്യമായിരിക്കണം സമാധാനം... ശക്തിയേറിയ പരസ്പര വിമർശനത്തിനും, വിവാദങ്ങളുടെ ബുദ്ധിമുട്ടുകൾ വഹിച്ചുകൊണ്ട്, വിവാദത്തിനും, ക്രിസ്തുവിന്റെ സത്യത്തിൽ അടിയുറച്ച ധാർമ്മിക തീരുമാനങ്ങളുടെ (രാഷ്ട്രീയമായവയും) പരീക്ഷണത്തിനുമാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്... അവിശ്വാസികളുമായി യാതൊരു വിധത്തിലും ബന്ധപ്പെടാതിരിക്കത്തക്കവിധത്തിൽ സുവിശേഷത്തെ വളച്ചൊടിക്കുവാൻ ക്രിസ്ത്യാനികൾ തയ്യാറാവരുത്. 'എന്നാൽ നമ്മുടെ അനുരഞ്ജന ദൗത്യം നീതിയെ ബലി കഴിച്ചുകൊണ്ടുള്ള ഒന്നാകരുത്. 'സമരങ്ങൾക്ക് അർത്ഥം നൽകുന്നതും, പ്രശ്നങ്ങളുട നടുവിലും അനുരഞ്ജനത്തിനുള്ള സാധ്യത നൽകുന്നതുമായ ഒരു ദൗത്യം സഭകൾക്കുണ്ട്. വളരെ വേദനാജനകമായ പരിപാടിയാണെങ്കിലും, സഭകൾക്കുള്ളിലും പുറത്തുമുള്ള ചർച്ച സാധ്യവും അത്യാവശ്യവുമാണ്... 'മുൻ അദ്ധ്യായങ്ങൾ സഭയുടെ സാമൂഹിക പഠനങ്ങൾക്ക് ക്രിയാത്മകമായ ഒരു പൊതു കാഴ്ചപ്പാടാണ് നൽകിയിരിക്കുന്നത്.' സംക്ഷിപ്തതയ്ക്കുവേണ്ടി വളരെ ആശയങ്ങൾ; സാങ്കേതികത, യന്ത്രവൽക്കരണം, സാമൂഹിക പുരോഗതി, സാമ്പത്തിക പുരോഗതി, നീതിയും സമാധാനവും, അക്രമത്തിന്റെ കാരണവും രീതിയും, അക്രമരാഹിത്യപരമായ പ്രവർത്തനങ്ങൾ, നിയമത്തിന്റെ പങ്ക്, രാജ്യ സുരക്ഷിതത്വാവസ്ഥ, അന്താരാഷ്ട്രീയ ബന്ധങ്ങൾ, ദൈവരാജ്യം, വിമോചനം, പുതിയ ദൈവശാസ്ത്ര സമീപനം, പരിതസ്ഥിതിയും വിഭവങ്ങളും മുതലായവ നൽകിയിട്ടുണ്ട്. പൂർണ്ണമല്ലെങ്കിലും, ഈ വിചിന്തനം വ്യക്തമായി കാണിച്ചുതരുന്നത് സഭ ഇന്ന് ആശയപരമായിട്ടെങ്കിലും അവളുടെ വിശ്വാസം ഇന്നത്തെ ലോകത്തിനനുരൂപമാക്കാൻ തയ്യാറാണ് എന്നാണ്. സമകാലീന ലോകത്തിലുള്ള സുവിശേഷത്തിന്റെ അർത്ഥം കണ്ടുപിടിച്ച് അതിനനുസരിച്ച് അവളുടെ ജീവിതവും, ഘടകങ്ങളും, പ്രവർത്തനവും ക്രമീകരിക്കുവാൻ സഭ യഥാർത്ഥത്തിൽ

ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. മതങ്ങളും, നാഗരികതയും, ആദർശസംഹിതകളും, മൂല്യബോധവും, സാമൂഹികവും രാഷ്ട്രീയവുമായ സംവിധാനങ്ങളും, വ്യക്തികളും സമൂഹങ്ങളും രാഷ്ട്രങ്ങളും തമ്മിലുള്ള ബന്ധങ്ങളും മറ്റു മനുഷ്യസാഹചര്യങ്ങളും യാഥാർത്ഥ്യങ്ങളുമെല്ലാം സ്വതന്ത്രമാക്കപ്പെടുകയും, സുവിശേഷവൽക്കരിക്കപ്പെടുകയും, പൂർണ്ണമാക്കപ്പെടുകയും ചെയ്യണമെന്ന് അവൾ പ്രഘോഷിക്കുന്നു. ചില വ്യക്തമാക്കപ്പെട്ട പ്രശ്നങ്ങൾക്ക് നിത്യമായ പരിഹാരം നൽകി അവയെ നിത്യമായി സുവിശേഷവൽക്കരിക്കുക മാത്രമല്ല, മറിച്ച് എന്നും വളരുന്നതും, കൂടുതൽ നീതിയുക്തവും, സ്വതന്ത്രവും, സാഹോദര്യ പൂർണ്ണവുമായ ഒരു സമൂഹം കെട്ടിപ്പടുക്കുകയാണ് അവളുടെ ലക്ഷ്യം. ഈ ഉദ്യമത്തിൽ കൂടുതൽ അഭികാമ്യമായ ജീവിതവും, ഗ്രഹണവും ക്രൈസ്തവ വിശ്വാസത്തിന്റെ പങ്കുവെയ്ക്കലും ആഘോഷവുമാണ് സഭ നിരന്തരം നവീകരിക്കുന്നത്. അങ്ങനെ സഭ, തുടർന്നുകൊണ്ടിരിക്കുന്ന ലോകത്തിന്റെയും സഭയുടെ തന്നെയും രൂപീകരണത്തിൽ പങ്കാളിയാകാൻ വിളിക്കപ്പെട്ടവളാണ്...

സഭയുടെ, ലോകത്തോടും, ഭാവി സഭയോടുമുള്ള അടിസ്ഥാനപരമായ ഈ തുറവി പ്രത്യേക പഠനങ്ങളെക്കാൾ വളരെ പ്രധാനപ്പെട്ടതാണ്. എന്നാൽ ഇപ്പോൾ വിശദീകരിച്ച 'മുഖ്യമായ ഉൾക്കാഴ്ചകളും,' യഥാർത്ഥത്തിൽ പ്രസക്തമാണെന്ന് ഒരുവനു കാണാവുന്നതാണ്. കൂടാതെ സഭയുടെ സാമൂഹിക പഠനങ്ങൾ പരസ്പര ആശയ വിനിമയത്തിലൂടെ രൂപപ്പെടുകയും, രൂപപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നുവെന്ന് ഈ അദ്ധ്യായങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്നു. ശൈശവ ദിശയിൽ നിന്ന് ആരംഭിച്ച് വളരെ പ്രധാനപ്പെട്ട സംഭാവനകൾ സഭകളുടെ പ്രസ്താവനകളിൽ പൂർണ്ണമായി കൂട്ടിച്ചേർക്കപ്പെട്ടിട്ടുണ്ട്. നമ്മൾ കണ്ടതുപോലെ മറ്റ് ഉൾക്കാഴ്ചകളും രൂപപ്പെട്ടു വരുന്നുണ്ട്. ഔദ്യോഗിക രേഖകൾ സാധാരണ ക്രിസ്ത്യാനകളെക്കാൾ പുരോഗമനപരവും തീവ്രവാദികളുടെ ആശയങ്ങളെക്കാൾ പുരോഗമനം കുറഞ്ഞവയുമാണ്. അവ രണ്ടും ആദ്യത്തെ വിഭാഗത്തിൽപ്പെട്ടവരെ പ്രോത്സാഹിപ്പിക്കുകയും രണ്ടാമത്തെ വിഭാഗത്തിൽപ്പെട്ടവരെ മന്ദീഭവിപ്പിക്കുകയും ചെയ്യുന്നു. സഭ ചരിത്രത്തിൽ ജീവിക്കുന്നതുകൊണ്ടു ഡയലറ്റിക്കൽ പ്രോസസ് തുടരുകയും സഭയുടെ പഠനങ്ങൾ തുടർന്നും രൂപപ്പെടുകയും ചെയ്യും.

**(*സഭയുടെ സാമൂഹിക പ്രബോധനങ്ങൾ*, ധർമ്മാരാം കോളേജ് ബാംഗളൂർ)**